
മലയാറ്റൂർ
S.K.V. BOOK DEPOT
ALLEPPEY
ഗൃഹദാഹം

PC Library & Research Center

# ഗൃഹദാഹം

S.K.V. BOOK DEPOT
ALLEPPEY

(Malayalam)

# Grihadaham

NOVEL

*by*

**Saratchandra Chatterji**

*Translated by*

**Valsala Ramachandran**

First Impression 1000 Copies
August 1972

Published by
SUDHA PUBLICATIONS, ALLEPPEY.

Rights Reserved by the Publishers

Distributors:
S. K. V. BOOK DEPOT, ALLEPPEY.

Printed at: Teediyar Printers, Cochin-1.
6-50

# ഗൃഹദാഹം

(നോവൽ)

ശരശ്ചന്ദ്ര ചാററർജി

൨൪൫൪

വിവർത്തനം:

വത്സലാ രാമചന്ദ്രൻ


വിതരണം:

ശ്രീകൃഷ്ണവിലാസം ബുക്കുഡിപ്പോ,

ആലപ്പുഴ, കേരളം

വില: 6-50

## വത്സലാ രാമചന്ദ്രന്റെ പരിഭാഷകൾ

1. കിശ്രു (നോവൽ)
2. ഗൃഹദാഹം ,,

894.8133 SAR

൪൭൪൨

# ഒന്നു്.

മഹിമിന്റെ ഒരാത്മമിത്രമാണു് സുരേശ്. ഇരുവരും ഒന്നിച്ചുതന്നെയാണു് എഫ്. ഏ. പരീക്ഷ പാസ്സായതു്. ഉപരിപഠനാൎത്ഥം സുരേശ് മെഡിക്കൽ കോളേജിൽ ചേൎന്നു. എന്നാൽ മഹിമാകട്ടെ തന്റെ പഴയ സിററി കോളേജിൽതന്നെ ചേൎന്നു പഠിത്തം തുടരുവാനാണു് തീരുമാനിച്ചതു്.

മഹിമിന്റെ ഈ തീരുമാനം സുരേശിന്നു് ഒരു പോരായ്മയായിത്തോന്നി. അയാൾ മഹിമിനോടു പറഞ്ഞു: 'മഹിം, ഈ ബി. ഏ., എം. എ. ഒക്കെ പാസ്സായതുകൊണ്ടു് ഇക്കാലത്തു് യാതൊരു പ്രയോജനവുമില്ല. എത്ര പ്രാവശ്യം നിന്നോടു ഞാനിതു പറഞ്ഞുകഴിഞ്ഞിരിക്കുന്നു. സമയം കഴിഞ്ഞിട്ടില്ല. വേണമെങ്കിൽ നാളെത്തന്നെ മെഡിക്കൽ കോളേജിൽ ചേരാം.''

മഹിം ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു:— ''കാൎയ്യമെല്ലാം കൊള്ളാം സുരേശ്! പക്ഷേ മെഡിക്കൽ കോളേജിലെ പഠിപ്പിനു വേണ്ടിവരുന്ന ചിലവുകളെപ്പററി ഒന്നുംതന്നെ ആലോചിക്കേണ്ടതില്ലേ?''

സുരേശ്: 'ഓ, ചിലവിന്റെ കാൎയ്യമാണോ? അതു നമുക്കു പിന്നെ ആലോചിക്കാം. നീ ഒരു കാൎയ്യം

ചെയ്യൂ! നാളെ നീ എനിക്കുവേണ്ടി നിൻെറ താമസ സ്ഥലത്തു കാത്തുനില്ക്കുക. ഞാൻ രാവിലെതന്നെ അവിടെ വരാം. ബാക്കി വേണ്ടതെല്ലാം അപ്പോൾ നിശ്ചയിക്കാം.' സുരേശ് കോളേജിലേയ്ക്കു തിരിച്ചു.

ഇതിനുശേഷം പതിനഞ്ചു ദിവസങ്ങൾതന്നെ കടന്നുപോയി. മഹിം മെഡിക്കൽ കോളേജിൽ ചേർന്നില്ലെന്ന കാര്യം പോകട്ടെ, അയാളെപ്പററി എന്തെങ്കിലും വിവരം കിട്ടുക എന്നതുപോലും ഇല്ലാതായി. വളരെയേറെ അന്വേഷണങ്ങൾ നടത്തിയതിനുശേഷം ഒരു ഞായറാഴ്ച ഉച്ചയ്ക്ക് സുരേശ് മഹിമിൻെറ പുതിയ താമസസ്ഥലം കണ്ടുപിടിച്ചെത്തി. ചീഞ്ഞതഴുകിയ വസ്തുക്കളുടെ ദുർഗ്ഗന്ധം വമിക്കുന്ന ഒരു സ്ഥലമായിരുന്നു അതു്. സുരേശ് വളരെ വിസ്മിഷ്ടപ്പെട്ടാണു് മുകളിൽ കയറിച്ചെന്നതു്. അവിടെ ഇരുട്ടറപോലെ തോന്നിക്കുന്ന ഒരു മുറിയിലെ ഈറപ്പും നിറഞ്ഞ തറയിൽ ഒരു കീറിയ തുണി വിരിച്ചു് അതിൽ ആറേഴുപേർ ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കുന്ന കാഴ്ചയാണു്. സുരേശ് കണ്ടതു്. മഹിമും അക്കൂട്ടത്തിൽ കാണപ്പെട്ടു. സുരേശിനെ കണ്ടയുടനെ മഹിം പറഞ്ഞു: 'പെട്ടെന്നു താമസസ്ഥലം മാറേണ്ടിവന്നതാണു് സ്നേഹിതാ, വിവരം അറിയിക്കാൻ സാധിക്കാതെ വന്നതിൽ ക്ഷമിക്കുമല്ലോ.'

സുരേശ് ഒന്നും മിണ്ടാതെ അവിടെ കട്ടിളപ്പടിയിൽ കയറി ഇരുന്നു് അവർ ഭക്ഷണം കഴിക്കുന്നതു് നോക്കിക്കൊണ്ടിരുന്നു. വളരെ മുഴത്തതും ഉണങ്ങിവര

ണ്ടതുപോലെയുമിരിക്കുന്ന ചോറു്! വെള്ളംപോലെ നേർത്തതായ അല്പം പരിപ്പാണു് ഒഴിച്ചുകൂട്ടാൻ. പേരിനു് എന്തോ ഒന്നുകൂടിയുണ്ടു് തൊട്ടുകൂട്ടാൻ. പാലോ, തൈരോ, മധുരമോ ഒന്നുംതന്നെയില്ലാതെ ഇങ്ങനെ അല്പം ചില കൂട്ടാൻമാത്രംകൊണ്ടു് ഊണുകഴിക്കുന്നതു കണ്ടു് സുരേശിനു് അത്ഭുതം തോന്നി. മഹിമാകട്ടെ അല്പംപോലും കൂസൽ കൂടാതെ സുഖമായി ഇരുന്നു് ഊണു കഴിക്കുകയാണു്. സുരേശിനു് സങ്കടം തോന്നി. അയാളുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞു. നിറഞ്ഞ കണ്ണുകളോടെ അയാൾ മഹിമിൻെറ മുഖത്തുതന്നെ നോക്കിയിരുന്നു. എന്തൊരു തൃപ്തിയാണു് ആ മുഖത്തു്! സുരേശ് അതിശയപ്പെട്ടു.

ഊണുകഴിഞ്ഞു് മഹിം വെളിയിൽ വന്നു. സുരേശിനു തൻെറ സഹതാപം പ്രകടിപ്പിക്കാതിരിക്കുവാൻ കഴിഞ്ഞില്ല. ഇടറിയ ശബ്ദത്തിൽ അയാൾ പറഞ്ഞു: 'ഇത്രയും അഴുക്കുനിറഞ്ഞ കെട്ടിടവും ഇത്തരം വൃത്തികെട്ട ഭക്ഷണരീതിയും ലോകത്തിലുണ്ടെന്നു് എനിക്കു വിശ്വസിക്കാൻ കഴിഞ്ഞതു് ഇവിടെ വന്നു് ഇതു കണ്ടതിൽപ്പിന്നെയാണു്. എങ്കിലും മഹിം, നിൻെറ പഴയ താമസസ്ഥലം ഉപേക്ഷിച്ചു് ഇവിടെ വന്നതു് വളരെ കഷ്ടമായിപ്പോയി. അതും ഇതും തമ്മിൽ താരതമ്യപ്പെടുത്തിയാൽ ഇതിനേക്കാൾ എത്രയോ മെച്ചപ്പെട്ടതായിരുന്നു അതെന്നു് എനിക്കു തോന്നിപ്പോകുന്നു. നീതന്നെ ഒന്നോർത്തുനോക്കൂ. ഇതു് എത്രമാത്രം മോശപ്പെട്ടിരിക്കുന്നു എന്നു്.'

പ്രിയ സ്നേഹിതൻെറ ആത്മാർത്ഥമായ ഈ സ്നേഹവായ്പിനെ തീരെ അവഗണിച്ചുകളയുവാൻ മഹിമിനു് കഴിഞ്ഞില്ല. വളരെ സൗമ്യതയോടെ അയാൾ സുരേശിനെ സമാശ്വസിപ്പിക്കുവാൻ ശ്രമിച്ചു:

'സുരേശ്! നീ എൻെറ ഗ്രാമത്തിലെ വീടുകളൊന്നും കണ്ടിട്ടില്ലല്ലോ! എന്നെങ്കിലും നീ അതൊന്നു കണ്ടിരുന്നെങ്കിൽ നിനക്കു് മനസ്സിലാകുമായിരുന്നു ഇവിടെ എനിക്കു് യാതൊരു ബുദ്ധിമുട്ടുമില്ലെന്നു്. എൻെറ കാര്യം കളയൂ. ഈ ഇരിക്കുന്നവരെല്ലാം ഈ ഭക്ഷണംതന്നെയല്ലേ കഴിക്കുന്നതു്? അതുകൊണ്ടു് അവർ തൃപ്തിപ്പെടുന്നില്ലേ? പിന്നെ എനിക്കുമാത്രം എന്തു പ്രത്യേകതയാണുള്ളതു്?'

സുരേശ്: 'മതി, മതി. അധികം പറയേണ്ട. ഞാൻ പോയി ഒരു വണ്ടി വിളിച്ചുകൊണ്ടുവരട്ടെ. നിൻ്റെ സാധനങ്ങളെല്ലാം ഇപ്പോൾതന്നെ അതിൽ കയററണം. നീ ഇവിടംവിട്ടു വരികയും വേണം. നിന്നെ ഈ അഴുക്കുചാലിൽനിന്നു് മോചിപ്പിച്ചില്ലെങ്കിൽ എനിക്കിന്നു് ഉറക്കം വരികയില്ല.

സുരേശ് മഹിമിൻെറ സാമാനങ്ങളെല്ലാം എടുത്തു് ഒരുക്കിവയ്ക്കുവാൻ തുടങ്ങി. മഹിം ശാന്തസ്വരത്തിൽ പറഞ്ഞു:

'വെറുതെ ഭ്രാന്തു കാണിക്കാതിരിക്കു സുരേശ്.'

സുരേശ്: 'എന്താ? നീ വരികയില്ലെന്നാണോ പറയുന്നതു്?'

മഹിം: 'ഇല്ല; ഞാൻ വരില്ല.'

സുരേശ്: 'ഞാൻ നിന്റെ ആരുമല്ലെന്നാണോ നിന്റെ ഭാവം. ഞാൻ വിളിച്ചാൽ നീ വരികയില്ല, അല്ലേ? ഓ, ഒരുപക്ഷേ, എന്റെ വീട്ടിൽ വരുന്നതു് പോരായ്മയായി നിനക്ക് തോന്നിയേക്കാം.'

'അതല്ല; സുരേശ്...'

'പിന്നെ?'

മഹിം സുരേശിനെ ശാന്തനാക്കുവാൻ ശ്രമിച്ചു.

'സുരേശ്, നീ എന്റെ സുഹൃത്തുതന്നെ. മാത്രമല്ല നിന്നെപ്പോലെ ഇത്ര ആത്മാർത്ഥ സ്നേഹമുള്ള മറ്റൊരു സുഹൃത്ത് എനിക്ക് ഈ ലോകത്തിൽ വേറെ ഇല്ലതാനും. നിന്റെ സ്നേഹത്തെ ഞാൻ അങ്ങേ അററം വിലമതിക്കുന്നുണ്ട്. പക്ഷേ, ഒരു വിശ്രമത്തിനുവേണ്ടി അഥവാ തെല്ലൊരു മനസ്സുഖത്തിനുവേണ്ടി തല്ക്കാലം ഞാനതു് ഉപേക്ഷിച്ചുകൊള്ളട്ടെ. മററുതരത്തിൽ എന്നെ തെററിദ്ധരിക്കാതിരിക്കു.'

സുരേശ് ചൊടിച്ചു: 'സ്നേഹിതാ! എന്താണിതു്? ഈ സ്നേഹം എന്നു പറയുന്നതു് നിനക്കു മാത്രമുള്ള ഒന്നെന്നായിരിക്കും നിന്റെ ഭാവം. നമ്മൾതമ്മിലുള്ള മൈത്രിയിൽ എനിക്കും നിന്നെപ്പോലെതന്നെ സ്ഥാനമില്ലേ? അതു് അവഗണിച്ചാൽ എത്ര വലിയ നഷ്ടമാണുണ്ടാകുക എന്നതു് എനിക്കറിഞ്ഞുകൂടെന്നോ? ശരി; തല്ക്കാലം നിനക്കു് ആ സ്നേഹം ആവശ്യമില്ലെന്നാണെങ്കിൽ അങ്ങനെയാകട്ടെ. എനിക്കൊരു വിരോധവുമില്ല.'

'അങ്ങനെയൊന്നും വിചാരിക്കാതിരിക്കു സുരേശ്! എന്തെങ്കിലും സഹായം എനിക്ക് ആവശ്യമായി വരുന്നപക്ഷം ഞാൻ തീച്ച്യായും നിന്നെ വിവരം അറിയിക്കാം.'

മഹിമിനെ അവൻെറ നിശ്ചയത്തിൽനിന്നും ഇളക്കുവാൻ സാദ്ധ്യമല്ലെന്നു് സുരേശിനു് മനസ്സിലായി. ഇനിയും നിർബ്ബന്ധിക്കേണ്ടതില്ലെന്നുറച്ചുകൊണ്ടു് അയാൾ പരിഭവത്തോടെ നടന്നകന്നു. എങ്കിലും തൻെറ സ്നേഹിതൻെറ അവസ്ഥയെപ്പററി ചിന്തിച്ചപ്പോൾ സുരേശിനു് തൻെറ ഹൃദയത്തിൽ മുള്ളുകൾ തറയ്ക്കുന്നതുപോലെയുള്ള വേദന അനുഭവപ്പെട്ടു.

ധനികരായ മാതാപിതാക്കന്മാരുടെ ഏക സന്താനമാണു് സുരേശ്. മഹിമിനെ നിഷ്കളങ്ക ഹൃദയത്തോടെ സഹോദരനിർവ്വിശേഷമായി അയാൾ സ്നേഹിക്കുന്നു. തൻെറ മിത്രത്തിനുവേണ്ടി എന്തു ത്യാഗം സഹിക്കുവാനും സുരേശ് തയ്യാറാണു്. മഹിമിനുവേണ്ടി മാത്രമാണു് അയാൾ ജീവിക്കുന്നതു് എന്നുപോലും തോന്നിപ്പോകും, പലപ്പോഴും. പക്ഷേ, മഹിം ഇതു വല്ലതുമുണ്ടോ അറിയുന്നു? ഒരിക്കലെങ്കിലും സുരേശിൻെറ സഹായം മഹിം സ്വീകരിച്ചിരുന്നുവെങ്കിൽ സുരേശ് എത്രമാത്രം കൃതാർത്ഥനാകുമായിരുന്നു. ഇന്നേവരെ അങ്ങനെയൊന്നുണ്ടായിട്ടില്ല. തൻ്റെ കൂട്ടത്തിൽ താമസിക്കുവാൻ ക്ഷണിച്ചിട്ടു് ഇപ്പോഴും മഹിം ആ അഭ്യർത്ഥനയെ നിരസിക്കുകയാണല്ലോ ചെയ്തതു്! സുരേശ് ദീർഘശ്വാസം ഉതിർത്തു.

## രണ്ടു്.

അഞ്ചു വൎഷങ്ങൾ പിന്നെയും കടന്നുപോയി. ഒരു ദിവസം യാദൃച്ഛികമായി രണ്ടു സ്നേഹിതന്മാരും പരസ്പരം കണ്ടുമുട്ടി. മഹിമിനെക്കുറിച്ചു് ഏതാനും ചില വിവരങ്ങൾ സുരേശ് മനസ്സിലാക്കിയിരുന്നു. മഹിമിനെ കണ്ട ഉടനെ സുരേശ് അഭിവാദനം ചെയ്തു കൊണ്ടു പറഞ്ഞു:

'മഹിം! നിന്റെ പേരിൽ ഞാൻ എത്രമാത്രം അഭിമാനം കൊള്ളുകയാണെന്നു് പറഞ്ഞറിയിക്കുവാൻ പ്രയാസം.'

മഹിം: 'അതിനുമാത്രം ഞാൻ എന്തുചെയ്തു എന്നാണു് നീ പറയുന്നതു്?'

സുരേശ്: 'എന്താണെന്നോ? ഈശ്വരാ! നീ ബ്രഹ്മസമാജത്തിലെ ആ പെൺകുട്ടിയുമായി ലോഹ്യത്തിലാണെന്നു് ഞാൻ അറിഞ്ഞല്ലോ! നീ ഒന്നും അറിയാത്ത ഭാവത്തിലിരിക്കണ്ട. എല്ലാം എനിക്കറിയാൻ കഴിഞ്ഞു. അതിൽ ഞാൻ അഭിമാനിക്കണ്ട എന്നാണോ നീ പറയുന്നതു്? പക്ഷേ, ഒരു കാര്യം. നീ ബ്രഹ്മസമാജവുമായി സമ്പൎക്കത്തിൽപ്പെടണ്ടായിരുന്നു. അതിൽ എനിക്കു വളരെ പരിഭവമുണ്ടു്. മാത്രമോ? ആ പെൺ

കുട്ടിക്കു് എന്താണിത്രമാത്രം വിശേഷത? ഉണങ്ങിവരണ്ടതുപോലെയും ചുളിവുകൾ വീണതുമായ മുഖം! പുസ്തകങ്ങൾ ചുമന്നു ചുമന്നു് രക്തമെല്ലാം വററിപ്പോയതാണോ എന്നു തോന്നുമാറുള്ള ശോഷിച്ച ശരീരപ്രകൃതി. പതുക്കെ ഒരു ഉന്തുകൊടുത്താൽ മറിഞ്ഞുവീഴുവാനേ ഉള്ളു. ഇതിനെല്ലാം പുറമേ അവളുടെ ശബ്ദമോ? വെറുപ്പു തോന്നുകയില്ലേ അതു കേട്ടാൽ?'

മഹിം: 'ഇതെല്ലാം ശരിയായിരിക്കാം സുരേശ്! പക്ഷേ...'

സുരേശ്: 'നോക്കൂ, മഹിം! ഞാൻ പറയുന്നതു് നീ ഒന്നു മനസ്സിലാക്കൂ. ബ്രഹ്മസമാജത്തിലെ ആ സ്ത്രീയെ നീ വിവാഹം കഴിച്ചാൽ നിന്റെ ഗ്രാമത്തിലെ ആളുകൾ നിന്നെ അവഹേളിക്കുകയില്ലേ? ബ്രഹ്മസമാജത്തെ വെറുപ്പോടെ വീക്ഷിക്കുന്നവരാണല്ലോ അവർ. അഭ്യസ്തവിദ്യരായ സ്ത്രീകളെ അവക്കു പുച്ഛമല്ലേ? ബ്രഹ്മസമാജത്തെ അവർ ഭ്രഷ്ടുകല്പിക്കുന്നു. ഇങ്ങനെയൊക്കെയിരിക്കെ ഞങ്ങളെപ്പോലെയുള്ള മാന്യന്മാക്കു് ഇതു് ഉചിതമാണോ? അതല്ല, ഞങ്ങളുടെ മുഖത്തു് മഷി തേയ്ക്കണം എന്നാണോ നിന്റെ ഭാവം?'

മഹിം: 'സുരേശ്! ഞാൻ നിന്റെ മേൽ ആണയിട്ടുകൊണ്ടു പറയുകയാണു്. പട്ടണവാസികളായ നിങ്ങളെപ്പോലെയുള്ളവരെ ഞാൻ ഒരിക്കലും വിഷമിപ്പിക്കുകയില്ല എന്നു്. ഞാൻ ആ സ്ത്രീയെ വിവാഹം കഴിക്കുകയാണെങ്കിൽ നിങ്ങൾക്കു് അപമാനമാണു് എന്നു നീ പറയുന്നു. അതിന്നു് ഞാൻ ഒരു കാര്യം ചെയ്യേക്കാം.

ഭാര്യയെ പട്ടണത്തിൽ താമസിപ്പിക്കാതെ ഞാൻ എന്റെ ഗ്രാമത്തിൽ കൊണ്ടുപോയി താമസിപ്പിക്കാം. അപ്പോൾ നിങ്ങൾക്കു വിഷമമുണ്ടാവുകയില്ലല്ലോ.'

സുരേശ്: 'എങ്കിലും ഹിന്ദുവിന്റെ ഒരു ഉത്തമ സന്താനമായി ജനിച്ച നീ വെറും ബ്രഹ്മസമാജത്തിൽ പ്പെട്ട ഒരു സ്ത്രീയെ മോഹിച്ച് സ്വജാതിയെത്തന്നെ കളങ്കപ്പെടുത്തുവാൻ പോകുന്നുവല്ലോ എന്നോർത്ത് വിഷമം തോന്നിയതുകൊണ്ടാണ് ഞാൻ പറഞ്ഞത്. നിനക്ക് ഇതു നിസ്സാരമായി തോന്നുന്നുണ്ടാവും. അതിരിക്കട്ടെ, അവൾക്ക് എന്തു കഴിവുണ്ടെന്നാണ് നിന്റെ വിചാരം? അവളെക്കൊണ്ട് നിനക്ക് എന്തു പ്രയോജനമാണുണ്ടാകാൻ പോകുന്നത്? ഓ, തുണികൾ തുന്നുവാനും വസ്ത്രങ്ങൾ നെയ്തെടുക്കുവാനും അവൾക്കറിയാമെന്നായിരിക്കും. അതിനിപ്പോൾ അവൾതന്നെ വേണമെന്നുണ്ടോ? കൽക്കട്ടയിൽ നീ നോക്കിയാൽ അതിനു പററിയ തുന്നൽക്കാരെ നിനക്കു കിട്ടുകയില്ലേ? അവൾ നിനക്കു ഭക്ഷണം പാകംചെയ്തു തരുമെന്നു നീ വിശ്വസിക്കുന്നുണ്ടോ! നീ അസുഖമായി കിടന്നാൽ അവൾ വേണ്ടവണ്ണം നിന്നെ ശുശ്രൂഷിക്കുമെന്നു നീ വിചാരിക്കുന്നുണ്ടോ? നിനക്ക് അത്തരം ദൗർഭാഗ്യമൊന്നും ഉണ്ടാകാതിരിക്കാൻ ദൈവം അനുഗ്രഹിക്കട്ടെ. എങ്കിലും പറയുകയാണ്. നിന്റെ വിഷമങ്ങളിൽ ആത്മാർത്ഥതയോടെ അവൾ പങ്കുചേരുമെന്ന് എനിക്കു വിശ്വാസമില്ല. അങ്ങനെ അവൾ ചെയ്യുന്നുണ്ടെങ്കിൽ പിന്നെ നീ എന്നെ സുരേശ് എന്നു വിളിക്കണ്ട. ഞാൻ ഈ ജാതി

യിൽപ്പെട്ട എത്രയോ സ്ത്രീകളെ കണ്ടിട്ടുണ്ട്. പക്ഷേ, ഹിന്ദുസ്ത്രീകളുമായി അവരെ താരതമ്യപ്പെടുത്തുവാൻ പ്രയാസമാണു്. ഞാൻ ചുരുക്കിപ്പറയാമല്ലോ. ഇനിയെങ്കിലും നീ അവളുടെ വീട്ടിൽ പോകാതിരിക്കണം. ഒരു മാസത്തിനകം നിനക്കു പററിയ ഒരു പെൺകുട്ടിയെ ഞാൻ അന്വേഷിച്ചു കണ്ടുപിടിച്ചുതരാം. പോരേ? അങ്ങനെ ചെയ്യാൻ എനിക്കു കഴിവില്ല എന്നു നീ വിചാരിക്കുന്നുണ്ടോ? എങ്കിൽ അവളുടെ കൂട്ടത്തിൽ തന്നെ കഴിഞ്ഞുകൂടിക്കൊള്ളു. അക്കൂട്ടരുടെ ദേവാലയത്തിൽ നീ പോയിത്തുടങ്ങിയപ്പോൾതന്നെ എനിക്കു സംശയം തോന്നിത്തുടങ്ങിയതാണു്. ഈ നഗരത്തിൽ ഒരു ഹിന്ദുക്ഷേത്രവും നിന്റെ നോട്ടത്തിൽ എത്തപ്പെട്ടന്നില്ല അല്ലേ?'

മഹിം നിശ്ശബ്ദനായി ക്ഷമയോടെ ഇതെല്ലാം കേട്ടുകൊണ്ടിരുന്നു. സുരേശ് പറഞ്ഞുതീന്നപ്പോൾ മഹിം തുടന്നു: 'സുരേശ്! നീ ഈശ്വരനെ മാനിക്കാത്തവനല്ലേ? പിന്നെന്തിനു് ഹിന്ദുക്കളുടെ ദൈവത്തെപ്പററിയും ദേവാലയത്തെപ്പററിയും മററും പ്രസംഗിക്കുന്നു? ഇക്കാര്യത്തിൽ എന്റെ ഇഷ്ടംപോലെ ചെയ്യാൻ എന്നെ അനുവദിക്കു.'

സുരേശ്: 'കാണപ്പെടാത്ത യാതൊന്നിനേയും ഞാൻ മാനിക്കുകയില്ലതന്നെ. ഈശ്വരൻ, ദേവി, ദേവത എന്നൊക്കെപ്പറയുന്നതു് എൻെറ അഭിപ്രായത്തിൽ മിഥ്യയായ ധാരണയാണു്. ഉണ്ടെന്നു് ബോദ്ധ്യമാകുന്ന എന്തിനെയും ഞാൻ മാനിക്കുകതന്നെ ചെയ്യും.

സമുദായത്തെ ഞാൻ ബഹുമാനിക്കുന്നില്ലേ? മാത്രമോ, മനുഷ്യനെ ഞാൻ പൂജിക്കുന്നു. മനുഷ്യനുവേണ്ടി സേവനം ചെയ്യുക എന്നതു് ഏതൊരു മനുഷ്യൻേറയും കത്തവ്യമാണെന്നു ഞാൻ വിശ്വസിക്കുന്നു. ഞാൻ ഒരു ഹിന്ദുവിൻെറ സന്താനമാണു്. അതുകൊണ്ടുതന്നെ ഹിന്ദുസമുദായത്തെ ഞാൻ കൂടുതലായി സ്നേഹിക്കുന്നു. ആ സമുദായത്തെ രക്ഷിക്കുകയാണു് എൻെറ ലക്ഷ്യം. ബ്രഹ്മസമുദായത്തിലെ ഒരു സ്ത്രീയെ ഹിന്ദുവായ നീ വിവാഹം കഴിക്കുന്നതു് എനിക്കു് തീരെ ഇഷ്ടമില്ല. എൻെറ ജീവനുള്ളിടത്തോളം കാലം ഞാൻ അതിനനുവദിക്കുകയുമില്ല. നീ ആ പെൺകുട്ടിയെ വിവാഹം ചെയ്യാമെന്നു് കരാർ വല്ലതും ചെയ്തുകഴിഞ്ഞോ?'

മഹിം:— അങ്ങനെയൊന്നും ചെയ്തിട്ടില്ല.

സുരേശ്:— എന്നാൽ ശരി; ഒരുമാസത്തിനകം ഞാൻ നിനക്കു പററിയ ഒരു പെൺകുട്ടിയെ അന്വേഷിച്ചു കണ്ടെത്താം. ഈ ബന്ധം നിനക്കു വേണ്ട.

മഹിം:— അതൊന്നും വേണ്ട സുരേശ്. വേറെ എവിടെനിന്നും എനിക്കു് വിവാഹം ആവശ്യമില്ല. അതിനു ഞാൻ ഒരുക്കവുമില്ല.

സുരേശ്:— അവളുമായി നീ അത്രമാത്രം കടുത്ത പ്രേമബന്ധത്തിലായി എന്നു ചുരുക്കം, അല്ലേ?

മഹിം:— 'ആയെങ്കിൽ'ത്തന്നെ അതിലെന്താണു് ഇത്ര അത്ഭുതപ്പെടുവാൻ?'

സുരേശ്:— 'ശരി. അവൾക്കെന്തു പ്രായമുണ്ടു്? നിന്നെക്കാൾ ഇളപ്പമാണോ? അതോ പ്രായക്കൂട്ടതലാണോ? ഒരുപക്ഷേ, ഇതുപോലും നീ മനസ്സിലാക്കിയിരുന്നില്ലായിരിക്കണം.'

മഹിം:— 'ശരിയാണു് സുരേശ്! ഞാൻ അതൊന്നും ചോദിച്ചറിഞ്ഞിട്ടില്ല.'

സംഭാഷണം ഇങ്ങനെ തുടൎന്നുകൊണ്ടിരുന്നു. രണ്ടുപേരും നടന്നു റോഡിലെത്തി. ഒടുവിൽ സുരേശ് ഇങ്ങനെ പറഞ്ഞവസാനിപ്പിച്ചു.

'ഞാൻ നിന്നെ വളരെ വേദനിപ്പിച്ചു. സ്നേഹിതാ, ക്ഷമിക്കണം. പക്ഷേ, ഒരു കാൎയ്യമുണ്ടു്. ലോകത്തിലുള്ളവർ ആരുതന്നെയും എന്നെ തെറ്റിദ്ധരിച്ചാലും നീ മാത്രം എന്നെ തെറ്റിദ്ധരിക്കരുതു്. ഞാൻ നിന്നെ എത്രയധികം സ്നേഹിക്കുന്നുവോ അതിൻെറ ഒരംശംപോലും നീ എന്നെ സ്നേഹിക്കുന്നില്ല. നിനക്കുണ്ടാകുന്ന ഒരു ചെറിയ വിഷമംപോലും എനിക്കു സഹിക്കുവാൻ സാധിക്കുന്നില്ല എന്നു നീ മനസ്സിലാക്കണം. കഴിഞ്ഞകാലത്തെ കാൎയ്യങ്ങളെല്ലാം മറന്നു് ഇന്നു നീ പുതിയൊരു കൂട്ടമായിക്കഴിയുകയാണു്. അതുകൊണ്ടു് നിനക്കു് ജീവിതം മുഴുവൻ സുഖം കിട്ടുമെങ്കിൽ അതുകണ്ടെങ്കിലും ഞാൻ സന്തോഷിച്ചുകൊള്ളാം.'

മഹിം:— 'സുരേശിനെ ഞാൻ ഉപേക്ഷിക്കുകയാണെന്നാണോ ഇപ്പറഞ്ഞതിൻെറ സാരം?'

സുരേശ്:- 'നീ എന്നെ ഉപേക്ഷിക്കുകയില്ലെന്നിരുന്നാലും എനിക്കു നിന്നെ ഉപേക്ഷിക്കേണ്ടിവരില്ലേ? ബ്രഹ്മസമാജക്കാരെ ഞാൻ വെറുക്കുന്നു. അവർ ഹിന്ദുസമുദായത്തിൽ കളങ്കം ചേർക്കുന്നവരാണ്. നിനക്കു വേണ്ടിയാണെങ്കിൽപോലും അവരെ അംഗീകരിക്കുവാൻ ഞാൻ തയ്യാറില്ല. അവർ എന്നും നമ്മുടെ ശത്രുക്കളാണ്. മഹിം, എനിക്കു നിന്നോടൊരപേക്ഷയെ ഉള്ളു. നീ ആ സ്ത്രീയെ ഉപേക്ഷിക്കുകതന്നെ വേണം.

മഹിം:- 'അതിനു ഞാൻ തയ്യാറായില്ലെങ്കിലോ? പ്രേമത്തെക്കാൾ വലുതാണോ നീ ഇപ്പറഞ്ഞ വസ്തുതകളെല്ലാം?'

സുരേശ്:- 'അതൊന്നും എനിക്കറിഞ്ഞുകൂടാ മഹിം. നിന്നെ ഞാൻ അതിരററു സ്നേഹിക്കുന്നു. അതിലേറെ സ്നേഹം എനിക്കെൻെറ സമുദായത്തിനോടുണ്ട്. നീ ഒന്നു ആലോചിച്ചുനോക്കു, കഴിഞ്ഞ കാലങ്ങളിലെ ഓരോ സംഭവവും. അന്നൊരിക്കൽ നാം ഗംഗയിൽ വള്ളത്തിൽ പൊയ്ക്കൊണ്ടിരുന്നപ്പോൾ വള്ളം മറിഞ്ഞു് നമ്മൾ രണ്ടുപേരും മുങ്ങിമരിച്ചുകൊണ്ടിരുന്നതായ രംഗങ്ങൾ! ഞാൻ എൻെറ പ്രാണനെത്തന്നെ അവഗണിച്ചു നിന്നെ രക്ഷിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നതും മററും നീ ഇപ്പോൾ മറന്നിരിക്കാം. ഇതിലധികം എനിക്കു നിന്നോടു പറയുവാനൊന്നുമില്ല. ഞാനിതാ പോകുകയാണു്.

സുരേശ് വേഗത്തിൽ നടന്നകന്നു.

## മൂന്നു്.

സുരേശ് അരോഗദൃഢഗാത്രനും ബലവാനുമായിരുന്നു. പക്ഷേ, അയാളുടെ മനസ്സാകട്ടെ തീരെ ദുർബ്ബലവും. സ്നേഹസമ്പൂർണ്ണമായ മൃദുലഹൃദയമാണയാൾക്കുള്ളതു്. പരിചിതനോ അപരിചിതനോ എന്ന ഭാവഭേദം കൂടാതെ ആരുടേയും ദുഃഖവും കഷ്ടപ്പാടുകളും കാണുകയോ കേൾക്കുകയോ ചെയ്താൽ അയാൾ കരഞ്ഞുപോകും. ഒരു ചെറുജീവിയെയെങ്കിലും ഉപദ്രവിക്കുക എന്നതു് ബാല്യകാലത്തിൽപ്പോലും സുരേശ് ചെയ്യുകയുണ്ടായിട്ടില്ല. നിരാശ്രയരേയും നിരപരാധികളേയും സ്നേഹിക്കുക അവരെ കഴിയുംവിധമെല്ലാം സഹായിക്കുക എന്നതു് ചെറുപ്പംമുതല്ക്കുതന്നെ സുരേശ് ശീലിച്ചുപോന്നു. മത്സ്യമാംസാദികൾ അയാൾ വെറുത്തിരുന്നു. താൻ സ്നേഹിക്കുന്നവർക്കുവേണ്ടി എന്തെല്ലാം ചെയ്യാം എന്നതിനെപ്പററി അയാൾക്കു് ഒരു നിശ്ചയവുമില്ലായിരുന്നു. തന്റെ ക്ലാസ്സിൽത്തന്നെ പഠിക്കുന്ന ഏററവും നല്ല കുട്ടി എന്ന നിലയിലാണു് സുരേശ് മഹിമിനെ പരിചയപ്പെട്ടതു്. മഹിമിൻെറ സാമ്പത്തികസ്ഥിതി വളരെ മോശപ്പെട്ടതായിരുന്നു. അയാളുടെ വസ്ത്രങ്ങൾ ജീർണ്ണിച്ചവയും അവിടവിടെ കീറിയവയുമായിരുന്നു. തീരെ ശോഷിച്ച ശരീരവും വാടിയ മുഖവുമായിരുന്നു മഹിമിനുണ്ടായി

രുന്നതു്. അതിലൊക്കെ സുരേശിനു് മഹിമിനോടു് അങ്ങേഅററം അനുകമ്പ തോന്നി. അതിന്റെ ഫലമായിരുന്നു അവർതമ്മിലുള്ള അടുപ്പം. ട്യൂഷൻ നടത്തുന്ന സ്ഥലത്തുനിന്നും കിട്ടുന്ന വെറും നാല്പതു രൂപയായിരുന്നു മഹിമിൻെറ പ്രതിമാസവരുമാനം. ആ വരുമാനത്തിൻെറ സഹായത്തോടെയാണു് മഹിം കൽക്കട്ടയിൽ വന്നുചേന്നതു്. അതിനുശേഷം ഒരു കച്ചവടക്കാരന്റെ ശമ്പളക്കാരനായി ജോലി ചെയ്തുതുടങ്ങി. പിന്നീടു് സ്കൂളിൽ ചേരുകയും ചെയ്തു. ഇതെല്ലാം സുരേശ് മനസ്സിലാക്കിയിരുന്നു. മഹിമിനെ തൻെറ വീട്ടിൽ കൊണ്ടുപോയി താമസിപ്പിക്കുവാൻ സുരേശ് പലപ്പോഴും ശ്രമിച്ചു. പക്ഷെ മഹിം അതിനു വഴങ്ങിയില്ല. മിക്കവാറും പട്ടിണികിടന്നു എന്നുതന്നെ പറയാം മഹിം എഫ്. എ. പരീക്ഷയിൽ ചേന്നു പാസ്സായതു്.

അന്നു് നീണ്ട അഞ്ചുവഷങ്ങൾക്കുശേഷമാണു് അവർ പരസ്പരം കാണുവാനിടയായതു്. അതിൽപ്പിന്നെ ഒരാഴ്ച കഴിഞ്ഞു് ഒരു ഒഴിവുദിവസം സുരേശ് മഹിമിനെ കാണുവാനായി അയാളുടെ താമസസ്ഥലത്തു ചെന്നു. മഹിം അവിടെ ഉണ്ടായിരുന്നില്ല. രാവിലെ തന്നെ എങ്ങോട്ടേക്കോ പോയിരിക്കുകയാണെന്നു അറിയുവാൻ കഴിഞ്ഞു. 'കേദാരമുക്കർജി'യുടെ വീട്ടിൽ തന്നെ പോയിരിക്കും എന്നു് സുരേശ് വിചാരിച്ചു. പെട്ടെന്നു് ഒരു വണ്ടി ഏപ്പാടുചെയ്തു. അയാൾ അവിടേക്കു തിരിച്ചു. യാത്രാമദ്ധ്യേ സുരേശ് പലതും ചിന്തിച്ചുതുടങ്ങി—എന്തൊരു നിർല്ലജ്ജനാണു് മഹിം! പാ

വം! ആ പെൺകുട്ടിയെ വശപ്പെടുത്തികിട്ടിയതിൽ അവൻ അഭിമാനിക്കുകയായിരിക്കും. മനസ്സു നിറഞ്ഞു് അവൾ ഇരിക്കുമ്പോൾ എങ്ങനെയാണു് ഈ സ്നേഹിതനെ ഓക്കാൻ കഴിയുക? സ്വന്തം ജീവൻ അപകടത്തിലാക്കിയിട്ടുപോലും തൻെറ മിത്രത്തെ രക്ഷിക്കുവാൻ തുനിഞ്ഞ ഈയുള്ളവന്റെ വാക്കുകളെപ്പോലും അവനുണ്ടോ വകവയ്ക്കുന്നു?

സുരേശ് കേദാരമുക്കർജിയുടെ വീട്ടിൽ എത്തി. അയാൾ മുകളിൽ കയറിച്ചെന്നു് ചുററും നോക്കി. അവിടെ നിലത്തു വിരിച്ച ഒരു വിരിപ്പിൽ തലയിണയുടെ സഹായത്തോടെ ചാരി ഇരിക്കുന്ന വൃദ്ധനെ അഭിവാദനം ചെയ്തുകൊണ്ടു് സൗമ്യമായി സുരേശ് തന്നെ പരിചയപ്പെടുത്തി—'ഞാൻ മഹിമിൻെറ മിത്രമാണു്. പേർ സുരേശ്. മഹിമിനെ കാണുവാനായി താമസസ്ഥലത്തു ചെന്നപ്പോൾ ഇങ്ങോട്ടേയ്ക്കു പോന്നു എന്നു് അറിയാൻ കഴിഞ്ഞു. എന്നെ മനസ്സിലായി എന്നു വിചാരിക്കുന്നു.'

കേദാരമുക്കർജി: 'ഓ, ഓ! ഇപ്പോൾ ആൾ മനസ്സിലായി. അങ്ങു് ഇവിടെ വന്നതിൽ വളരെ സന്തോഷം. മഹിംബാബു ഇവിടെ വന്നിട്ടു് പത്തുപന്ത്രണ്ടു ദിവസങ്ങളായി. ഞങ്ങളും ഇവിടെ അദ്ദേഹത്തെപ്പററി ചിന്തിക്കുയായിരുന്നു. നിങ്ങൾ പറഞ്ഞതിൽനിന്നും അയാൾ ഒരു നല്ല മനുഷ്യനാണെന്നുള്ള ഞങ്ങളുടെ വിശ്വാസം ശരിതന്നെ എന്നു കരുതുന്നു. ഇരിക്കൂ.'

വൃദ്ധൻ സുരേശിനെ സ്നേഹപൂർവ്വം സ്വാഗതം ചെയ്തു. വൃദ്ധൻെറ ഈ പെരുമാററം ആ യുവാവിനെ വല്ലാതെ ആകർഷിച്ചു. സുരേശ് സംഭാഷണം തുടങ്ങി:

'മഹിം എൻെറ ബാല്യകാലസുഹൃത്താണു്. അങ്ങ് അനുവദിക്കുമെങ്കിൽ ഞാൻ ചില കാര്യങ്ങൾ പറയാം.' സുരേശ് ആദരപൂർവ്വം അറിയിച്ചു.

കേദാ:- 'ഓ! അതിനെന്താ? ഇഷ്ടംപോലെ എന്തു വേണമെങ്കിലും പറഞ്ഞുകൊള്ളൂ. ഞാൻ കേൾക്കുവാൻ ആഗ്രഹിക്കുന്നുമുണ്ടു്. മഹിമും താങ്കളെപ്പററി പലതും ഇവിടെ പറഞ്ഞിട്ടുണ്ടു്.'

സുരേശ്:- 'താങ്കളുടെ പെൺകുട്ടിയെ മഹിമിനു് വിവാഹംകഴിച്ചു കൊടുക്കാമെന്നു സമ്മതിച്ചിട്ടുണ്ടോ?'

കേദാര:- 'ങ്ഹാ! അങ്ങനെയൊക്കെ നിശ്ചയിച്ചിരിക്കുകയാണെന്നു് ഒരുതരത്തിൽ പറയാം.'

സുരേശ്:- 'പക്ഷേ, മഹിം താങ്കളുടെ സമുദായത്തിൽ ഉൾപ്പെട്ട ആളല്ലല്ലോ. അപ്പോൾ വിവാഹം എങ്ങനെ നടക്കും? പിന്നെ അയാളുടെ സാമ്പത്തിക സ്ഥിതിയെപ്പററി എന്തെങ്കിലും നിങ്ങൾക്കറിവുണ്ടോ? ഒരു കുടുംബം പരിപാലിക്കുവാനുള്ള കഴിവു് അയാൾക്കിന്നുണ്ടോ? പ്രതിപക്ഷ ഹിന്ദുസമുദായത്തിനിടയിൽ താങ്കളുടെ പെൺകുട്ടിക്കു് ജീവിക്കുവാൻ സാധിക്കുമോ? ഇതേപ്പററിയെല്ലാം വേണ്ടവണ്ണം ആലോചിച്ചിട്ടാണോ താങ്കൾ വിവാഹത്തിനു സമ്മതിച്ചതു്?'

സുരേശിൻെറ സംഭാഷണം കേട്ട് വൃദ്ധനായ കേദാരമുക്കർജി ഒന്നു നിവന്നിരുന്നു. അത്ഭുതം ആ വൃദ്ധനെ തെല്ലൊന്നു കീഴടക്കി—'ഇക്കാര്യങ്ങളെപ്പററി മഹിം ഇവിടെ ഒന്നും സംസാരിച്ചിട്ടേ ഇല്ലല്ലോ?' അയാൾ പറഞ്ഞു.

സുരേശ്:— 'നിങ്ങൾക്കു ഹിതകരമാവാനിടയില്ലാത്ത ഇത്തരം കാര്യങ്ങളെപ്പററി ചർച്ചചെയ്യുവാനൊന്നുമല്ല ഞാൻ ഇപ്പോൾ ഇവിടെ വന്നിരിക്കുന്നതു്. പക്ഷേ, എൻെറ ആത്മസുഹൃത്തു് ഇത്രയും ഭാരമേറിയ പ്രശ്നങ്ങളെ അതിജീവിക്കുവാൻ സാധിക്കാനാവാതെ ജീവിതം മുഴുവൻ ദുഃഖമനുഭവിച്ചു കഴിയുന്നതു കാണാൻ എനിക്കു ശക്തിയില്ല എന്നതുകൊണ്ടു മാത്രമാണു് ഞാൻ ഇവിടെ ഇതു പറഞ്ഞതു്.'

കേദാരബാബുവിൻെറ മുഖം വിളറി. 'താങ്കൾ എന്തൊക്കെയാണിപ്പറയുന്നതു് സുരേശ്ബാബു?' അയാൾ വിവശനായി ചോദിച്ചു.

ഇതിനിടയിൽ 'ബാബാ' എന്നു വിളിച്ചുകൊണ്ടു് പത്തുപതിനേഴ വയസ്സു പ്രായമുള്ള തരുണിയായ ഒരു പെൺകുട്ടി മുറിയിൽ വന്നു. അപരിചിതനായ ഒരു യുവാവിനെ അപ്രതീക്ഷിതമായി അവിടെ കണ്ടപ്പോൾ അവൾ ലജ്ജിച്ചു തലകുനിച്ചു.

'വരൂ മകളെ അചലാ, നീ എന്തിനാ നാണിക്കുന്നതു്? ഇദ്ദേഹമാരെന്നറിയാമോ? മഹിമിൻെറ സ്നേഹിതൻ സുരേശ്ബാബു.' കേദാരബാബു സസന്തോഷം മകളെ അറിയിച്ചു. അവൾ അടുത്തുചെന്നു്

സുരേശിനെ വന്ദിച്ചു. സുരേശിന്ന് ഈ പെൺകുട്ടിയെ കണ്ടപ്പോൾ ആശ്ചര്യം തോന്നി. നല്ല സൗകുമാര്യം തികഞ്ഞ ഒരു മധുരപ്പതിനേഴകാരി! അയാൾ നിന്നിമേഷനായി അവളെത്തന്നെ നോക്കിനിന്നുപോയി. നല്ല വെളുത്ത നിറം, ഇരുണ്ട ശരീരം, അരുണിമ കലൎന്ന കവിൾത്തടങ്ങൾ, ഭംഗിയുള്ള നെററി. എന്നിങ്ങനെ എല്ലാ അവയവങ്ങളും അത്യധികം ആകൎഷണീയങ്ങൾ തന്നെ. കണ്ണുകളുടെ തിളക്കം സ്ഥിരചിത്തതയുടെ പ്രകാശമാണോ എന്നു തോന്നും. ഇതിനു പുറമെ അവളുടെ വിനയഭാവം സുരേശിനെ വല്ലാതെ വശീകരിച്ചു. ഇത്രമാത്രം ഹൃദയത്തെ ആകൎഷിപ്പിക്കുമാറു് ഇവൾക്കു് കഴിവുണ്ടെന്നു് താൻ അല്പംപോലും വിചാരിച്ചിരുന്നില്ലല്ലോ. കഷ്ടം! തന്റെ ധാരണകൾ എത്രയും തെററായിരുന്നു. മഹിമിനെ താൻ വെറുതെ വിഷമിപ്പിച്ചുവല്ലോ. ഇത്തരം ചിന്തകൾ സുരേശിനെ അലട്ടി. എങ്കിലും കൗതുകത്തോടെ അചലയെ നോക്കിയിരിക്കുവാൻ അയാൾക്കു തെല്ലുപോലും മടിതോന്നിയില്ല.

വൃദ്ധൻ മകളോടു പറഞ്ഞു: 'മഹിമിന്റെ കാര്യങ്ങൾ നീ വല്ലതുമറിഞ്ഞോ മകളേ? അവന്റെ നാട്ടിൽ അവനുള്ളതു് ഒരു കൊച്ചുവീടു് മാത്രമാണെന്നും മററു സാമ്പത്തിക കഴിവുകളൊന്നും അവനില്ലെന്നും മററും ഈ സുരേശ് പറയുന്നു. ഒരു കുടുംബം പരിപാലിക്കുവാനുള്ള യാതൊരു വഴിയും അവനില്ലത്രേ! ഈ സ്ഥിതിക്കു് അവനുമായുള്ള ബന്ധം നമുക്കു നല്ലതാണോ? അവൻ എന്തുകൊണ്ടു് നിന്നോടിതൊന്നും പറഞ്ഞില്ല?

എങ്ങനെയും വഞ്ചിച്ച് വശത്താക്കാമെന്നു കരുതിയതായിരിക്കും. ഇങ്ങനെയുമുണ്ടോ മനുഷ്യർ!'

അച്ഛൻെറ സംഭാഷണം കേട്ട് അചലയുടെ മുഖം വിളറി. സുരേശിനോ തൻെറ മുഖം ആരോ മഷികുടഞ്ഞു് വികൃതമാക്കിയതുപോലെയുള്ള അനുഭവമുണ്ടായി. അയാൾ ഒരു മരപ്പാവയെപ്പോലെ നിർജ്ജീവനായി നോക്കി ഇരുന്നു.

കേദാരബാബുവിനോട്ട് മഹിമിനെക്കുറിച്ച് താൻ പറഞ്ഞതെല്ലാം തികഞ്ഞ സത്യം മാത്രമായിരുന്നുവെങ്കിലും ഒരുതരത്തിൽ തൻെറ സുഹൃത്തിനെ വഞ്ചിക്കുകയല്ലേ താൻ ചെയ്തിരിക്കുന്നതു് എന്ന കുററബോധം സുരേശിനു് ഉണ്ടാകാതിരുന്നില്ല. മാത്രമല്ല മഹിമിനെ ആത്മാർത്ഥമായി സ്നേഹിക്കുന്ന അചലയുടെ ഹൃദയത്തിൽ ഉണങ്ങാത്ത മുറിവുകൾ ഉണ്ടാക്കുവാൻ മാത്രമേ അതു പര്യാപ്തമായുള്ളു എന്നോർത്തു് സുരേശ് വേദനിച്ചു. എന്നാൽ കേദാരബാബുവിനെ സംബന്ധിച്ചിടത്തോളമാകട്ടെ ഈ വാർത്തകൾ തികച്ചും സന്തോഷമാണുളവാക്കിയതു്. അയാൾ സുരേശിനെ വളരെ അഭിനന്ദിച്ചു—
'സുരേശ്ബാബു! ഞാൻ അങ്ങയോട്ട വളരെ കടപ്പെട്ടിരിക്കുന്നു. താങ്കളുടെ കർത്തവ്യത്തെ താങ്കൾ വേണ്ടവണ്ണം പരിപാലിച്ചിരിക്കുന്നു. എന്തെന്നാൽ താങ്കളുടെ മിത്രത്തെപ്പററി ഇവിടെ പറയുവാനിടയായ കാര്യങ്ങൾ ഞങ്ങൾക്കു എത്രതന്നെ അപ്രിയമുണ്ടാക്കുന്നവയാണെങ്കിലും അതു ഞങ്ങളിൽനിന്നും മറച്ചുവയ്ക്കാതെ തുറന്നു പറയുവാൻ താങ്കൾ ധൈര്യപ്പെട്ടു. യഥാർത്ഥപ്രേമം

ഇവിടെയാണുള്ളതു്. ഇരുകൂട്ടർക്കും ഇതുകൊണ്ടു് ദോഷത്തേക്കാൾ ഗുണമാണു് ഉണ്ടായിരിക്കുന്നതു്. പക്ഷേ, മഹിം ഇതു ചെയ്തതു് തെററായിപ്പോയി. അയാൾക്കു് തൻെറ സ്ഥിതിയെപ്പററി അചലയോടു് പറയാമായിരുന്നു. തനിക്കു് അതിനു യോഗ്യത ഇല്ലാത്തപക്ഷം അയാൾ എന്തിനു എൻെറ മകളെ കബളിപ്പിക്കാമെന്നു കരുതി? അവളുടെ ജീവിതംതന്നെ നഷ്ടപ്പെട്ടുപോയേനേ! വല്ലാത്ത മനുഷ്യനാണു് അയാൾ. ഇപ്പോഴെങ്കിലും അറിഞ്ഞതു നന്നായി. മകളേ, അചലേ, ഇനി അയാളുടെ ഈ കളിപ്പൊന്നും ഇവിടെ നടപ്പില്ല. ഈ സുരേശ്ബാബുവിനെ നോക്കു. എത്ര നല്ല മനുഷ്യൻ! തൻെറ സ്നേഹിതനുവേണ്ടി ഇത്രയും സേവനം ചെയ്യാൻ ഒരുമ്പെടുന്നു. ഇതിൽ കൂടുതൽ അദ്ദേഹം എന്താണു ചെയ്യുക? അപ്പോൾ നാം ഇതിൽ മുൻകൈ എടുത്തു് പ്രവൎത്തിക്കണം. ഞാൻ അതിനു തയ്യാറായിരിക്കുന്നു. പക്ഷേ, ഒരു കാര്യമുണ്ടു് സുരേശ് ബാബു...മഹിമും അചലയുമായുള്ള സമ്പർക്കം ഇത്രയധികം പ്രബലപ്പെട്ടിരിക്കുന്ന സ്ഥിതിക്കു് തക്കതായ എന്തെങ്കിലും ഒരു കാരണം (തെളിവു്) കിട്ടാതെ എങ്ങനെയാണു് അയാളെ അകററുക? ആ ഭാരം സുരേശ്ബാബുവിനെത്തന്നെ ഞാൻ ഏല്പിക്കുകയാണു്.'

ഇതേ സമയം കേദാരബാബുവിനെ അന്വേഷിച്ചു് ഒരാൾ വെളിയിൽ വന്നിരിക്കുന്നതായി ഭൃത്യൻ വന്നറിയിച്ചു. 'ദാ വരുന്നു' എന്നു പറഞ്ഞു് കേദാരബാബു താഴെ ഇറങ്ങാൻ ഭാവിച്ചു. തിരിഞ്ഞു നോക്കി

കൊണ്ടു സുരേശിനോടായി പറഞ്ഞു: 'അഞ്ച്യമിനിട്ടു നേരത്തേയ്ക്കു ക്ഷമിക്കു സുരേശ്ബാബു. ഞാനിതാ എത്തിക്കഴിഞ്ഞു. മകളേ അചലാ, സുരേശ്ബാബുവിനോട്ട് നിനക്ക് എന്തെങ്കിലും ചോദിച്ചറിയാനുണ്ടെങ്കിൽ അറിഞ്ഞുകൊള്ളു. മടിക്കേണ്ട.' മകളെ വിളിച്ച് പറഞ്ഞയച്ചിട്ട് അയാൾ താഴെ ഇറങ്ങി. അചല മടിച്ചു മടിച്ച് സുരേശിന്നഭിമുഖമായി വന്നിരുന്നു. ഇരുവരും തമ്മിൽ നോക്കി. രണ്ടുപേരുടേയും കണ്ണുകൾ ഇടഞ്ഞു. ഒരേസമയം രണ്ടുപേരുടേയും ശിരസ്സുകൾ സ്വയം കുനിഞ്ഞുപോയി. ലജ്ജയോടുകൂടിയാണെങ്കിലും സുരേശ്തന്നെ സംഭാഷണം തുടങ്ങുന്നതിൽ മുൻകൈ എടുത്തു.

'ഞാനും മഹിമും ബാല്യകാലമിത്രങ്ങളാണ്. എങ്കിലും നിങ്ങളോടുള്ള അയാളുടെ പെരുമാററംകണ്ട് എനിക്കു ലജ്ജതോന്നുന്നു. നിങ്ങളുമായുള്ള സമ്പക്കത്തെപ്പററി എന്തെങ്കിലുമൊരു സൂചന എനിക്കു നൽകുവാൻ മഹിം മടിച്ചപ്പോൾതന്നെ എനിക്കു മനസ്സിലായി ഇതിലെന്തോ ഗുല്യമാല്യുണ്ടെന്ന്.'

അചല:- 'താങ്കൾ ബ്രഹ്മസമാജത്തിലെ ആളുകളുമായി സമ്പക്ത്തിൽ കഴിയുവാൻ ഇഷ്ടപ്പെടാത്ത ആളാണെന്നാണ് ഞാൻ പറഞ്ഞുകേട്ടിട്ടുള്ളത്. മഹിംബാബു ഞങ്ങളുടെ ബന്ധത്തെപ്പററി ഇതേവരെ താങ്കളോട്ട് ഒന്നും പറയാത്തതിൻെറ കാരണവും ഇതാണെന്നു ഞാൻ വിശ്വസിക്കുന്നു.'

അചലയുടെ ഈ അഭിപ്രായം സുരേശിനു് അത്ര പിടിച്ചില്ല. മഹിമിൻെറ കുററങ്ങളെ ന്യായീകരിക്കുവാൻ അചല സ്വയം ശ്രമിച്ചേക്കും എന്നു് സുരേശ് തീരെ പ്രതീക്ഷിച്ചിട്ടില്ലായിരുന്നു. അല്പമൊരു നീരസത്തോടുകൂടിയാണു് സുരേശ് സംഭാഷണം തുടൎന്നതു്.

'അപ്പോൾ എന്റെ പല കുററങ്ങളും മഹിം നിങ്ങളോടു പറഞ്ഞിരിക്കുമല്ലോ!'

അചല ചിരിച്ചുകൊണ്ടു മറുപടി നൽകി—

'താങ്കളുടെ മനോഭാവത്തെപ്പററി ചിലതെല്ലാം അദ്ദേഹം എന്നോടു പറഞ്ഞിട്ടുണ്ടെന്നേ ഉള്ളു. ഇതാണോ കുററം? ഒരിക്കലും താങ്കളെ കുററപ്പെടുത്തി അഥവാ അവഹേളിച്ചു് അദ്ദേഹം ഒരു വാക്കുപോലും പറഞ്ഞിട്ടില്ല. താങ്കളോടു് അദ്ദേഹത്തിനു് അതിരററ സ്നേഹവും ബഹുമാനവുമാണുള്ളതു്. പിന്നെ താങ്കൾക്കിഷ്ടമില്ലാത്ത ഒരു കാര്യമാണു് എന്നോടുള്ള അദ്ദേഹത്തിന്റെ അടുപ്പം. ഇതിൽ താങ്കൾക്കു് വിഷമമുണ്ടെന്ന വിവരം അദ്ദേഹം എന്നെ അറിയിച്ചു. ഇതിൽക്കവിഞ്ഞു് യാതൊരു ദോഷവും ഞാൻ അദ്ദേഹത്തിൽ കാണുന്നില്ല.'

ബ്രഹ്മസമാജത്തിന്റെ നേൎക്കു തനിക്കുള്ള പ്രതികൂലമനോഭാവത്തെ സ്വയം ചൂണ്ടിക്കൊണ്ടുള്ള അചലയുടെ ഈ സംഭാഷണരീതി സുരേശിനു് ഒട്ടും ഇഷ്ടപ്പെട്ടില്ല. അചലക്കു പകരം മററാരെങ്കിലുമായിരുന്നുവെങ്കിൽ സുരേശ് തട്ടിക്കയറുമായിരുന്നു. പക്ഷെ, ഒരു മാന്യയുവതിയോടു് പരുഷമായി സംസാരിക്കുന്നതു്

ഉചിതമല്ല എന്നു കരുതി ശാന്തതയോടെ സുരേശ് പറഞ്ഞു:—

'മഹിം അക്കാലത്തുതന്നെ ഈ പരമാത്ഥം എന്നോടു തുറന്നുപറഞ്ഞിരുന്നുവെങ്കിൽ ഞാൻ ഇന്നിവിടെ വന്നു് നിങ്ങളെ വിഷമിപ്പിക്കാൻ ഇടയാകുമായിരുന്നില്ല.'

പെട്ടെന്നു് അചലയുടെ ഭാവം മാറി. സുരേശിനെ തുറിച്ചുനോക്കിക്കൊണ്ടു് ഒട്ടും സങ്കോചംകൂടാതെ അവൾ മറുപടി പറഞ്ഞു:– 'മഹിം നിങ്ങളിൽനിന്നും എന്തു പരമാത്ഥം മറച്ചുവെച്ചു എന്നാണീപ്പറയുന്നതു്? അദ്ദേഹം നിങ്ങളോടു് കള്ളം പറഞ്ഞുവെന്നോ? അതൊരിക്കലുമില്ല.'

സുരേശ് ഞെട്ടിപ്പോയി. എന്താണീക്കേട്ടതു്? എന്തൊരു ദൃഢസ്വരത്തോടുകൂടിയാണു് അവൾ സംസാരിക്കുന്നതു്! ഒരു മാന്യപുരുഷനോടു് ഇത്രയും ഉചിതവും ശാന്തവുമായ തരത്തിൽ സംസാരിക്കുവാനുള്ള കഴിവു് ഇവൾക്കു് എവിടെനിന്നു് കിട്ടി? ഇത്രയേറെ അഭിപ്രായദാർഢ്യത്തോടെ പ്രതിവാദങ്ങൾ നടത്തുന്നതിനു് സ്ത്രീകൾക്കു കഴിയുമെന്നാണോ അവൾ തെളിയിക്കുന്നതു്! സുരേശ് മൂകനായിപ്പോയി. എന്നാൽ അല്പസമയം മാത്രമേ അങ്ങനെ നില്ക്കുവാൻ കഴിഞ്ഞുള്ളു. അയാൾ വാദങ്ങൾ തുടന്നു:—

'സ്വന്തം രക്ഷയ്ക്കുവേണ്ടി മറെറാരാളെ കുടുക്കിലാക്കുകയും യാഥാത്ഥ്യങ്ങളെ മറച്ചുവയ്ക്കുകയും ചെയ്യുന്നതു്

അത്ര വലിയ സത്യസന്ധതയാണെന്നു് ഞാൻ കരുതുന്നില്ല. മഹിമിനെപ്പോലെ യാഥാർത്ഥ്യങ്ങൾ മറച്ചുവയ്ക്കുക എനിക്ക ശീലമില്ല.'

അചല മൃദുസ്വരത്തിൽത്തന്നെ പറഞ്ഞു:—

'താങ്കളെ മഹിംബാബു ഇവിടെ ഇതേവരെ വിളിച്ചുവരുത്തുകയുണ്ടായിട്ടില്ലല്ലോ. അതിനായി നിർബ്ബന്ധിപ്പിച്ചതായിട്ടും എനിക്കറിവില്ല.'

സുരേശ്:— പക്ഷേ, എന്നോടും പലതും തുറന്നു സമ്മതിച്ച കൂട്ടത്തിൽ ഇതും അവൻ പറയുകയുണ്ടായിട്ടുണ്ട്. അതായതു് നിങ്ങളുമൊന്നിച്ചു കൽക്കട്ടാ നഗരത്തിൽ ജീവിക്കുവാൻ നിർവ്വാഹമില്ലെന്നും അതിനാൽ വിവാഹം കഴിച്ചാൽ ഗ്രാമത്തിൽക്കൊണ്ടുപോയി താമസിപ്പിക്കുമെന്നും മററും. ഈ വിവരങ്ങൾ നിങ്ങളിൽനിന്നും അവൻ മനഃപ്പൂർവ്വം മറച്ചുവയ്ക്കുമെന്നും അതു് ഇരുകൂട്ടർക്കും ദോഷത്തെ ഉളവാക്കുമെന്നും മനസ്സിലാക്കി എന്റെ ആത്മസുഹൃത്തിനെ രക്ഷിക്കുവാനുള്ള പ്രേരണ ഒന്നുകൊണ്ടു മാത്രമാണു് ഞാനിവിടെ വന്നതു്. വിശദവിവരങ്ങൾ നിങ്ങളേയും ഞാൻ അറിയിക്കുകയാണു്. മഹിമിനു് ഗ്രാമത്തിൽ പേരിനു് ഒരു വീടു് മാത്രമെയുള്ളു. ഗ്രാമനിവാസികൾ ബ്രഹ്മസമാജക്കാരോടു് വൈരുദ്ധ്യത്തിൽ കഴിയുന്നവരാണു്. ഇതിനിടയിൽ വേറെ ആരുടേയും ആശ്രയമില്ലാതെ നിങ്ങൾക്കെങ്ങനെ സസന്തോഷം ജീവിക്കുവാനൊക്കും? ഈ വിവരങ്ങളൊന്നും നിങ്ങളോടു് തുറന്നുപറയാതെ നിങ്ങളുമായി മഹിം എന്തുദ്ദേശത്തിൽ അടുക്കുന്നു എന്നു് എനിക്കറിഞ്ഞു

കൂടാ. തന്റെ കഷ്ടപ്പാടുകളെപ്പററി വിവരിച്ചു പറയുകയും തന്നോടൊപ്പം കഷ്ടതകൾ അനുഭവിക്കുവാൻ നിങ്ങളും തയ്യാറാണോ എന്നു് ആരായുകയും ചെയ്യേണ്ടതു മഹിമിൻെറ കർത്തവ്യമായിരുന്നുവെന്നു ഞാൻ വിശ്വസിക്കുന്നു.'

അചല കുറെ സമയം ഒന്നും സംസാരിച്ചില്ല. ഇതു കണ്ടു തന്റെ സംഭാഷണരീതി ഫലപ്പെട്ടുകയാണെന്നു സുരേശ് കരുതുകയും ചെയ്തു.

സുരേശ്:— 'മഹിമിനെ ഇത്തരം ആപത്തുകളിൽനിന്നും അഥവാ കഷ്ടതകളിൽനിന്നും എങ്ങനെയും രക്ഷിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി മാത്രമായിരുന്നു ഞാനിവിടെ വന്നതു്. പക്ഷേ, ഇവിടെ വന്നു് നിങ്ങളെക്കണ്ടപ്പോൾ എനിക്കു തോന്നിപ്പോകുന്നു മഹിമിനെയല്ല നിങ്ങളെയാണു് രക്ഷിക്കേണ്ടിയിരിക്കുന്നതെന്നു്. എന്തെന്നാൽ മഹിമിനു് സംഭവിക്കാവുന്ന വിപത്തിൻെറ ദുഷ്ഫലം അവനെമാത്രമെ ബാധിക്കുകയുള്ളു. പക്ഷേ, നിങ്ങളാവട്ടെ സ്വയം അന്ധകാരത്തിലേക്കു് നീങ്ങുകയാണു്. ഏതായാലും മഹിമിൻെറ ഗ്രാമത്തിൽച്ചെന്നു് ഏതെങ്കിലും ഒരു തെളിവു കൊണ്ടുവരുവാൻ നിങ്ങളുടെ അച്ഛൻ എന്നോടാവശ്യപ്പെട്ടിട്ടുണ്ടു്. അതു നേടിയെടുക്കേണ്ടതു് എൻെറ ഒരു പ്രധാന കർത്തവ്യമായിരിക്കുകയും ചെയ്യുന്നു. പക്ഷേ, അതിനു് എനിക്കൊരു വലിയ വിഷമമുണ്ടു്. എന്താണെന്നോ? മഹിമിന്റെ ഗ്രാമം ഏതാണെന്നുപോലും എനിക്കറിവില്ല.'

അചല:— 'താങ്കൾ എന്തിന്ന് ഇക്കാര്യത്തിൽ ഇത്രയധികം പ്രയാസപ്പെടുന്നു? അച്ഛനോട്ട് നിങ്ങൾക്കു നേരിട്ടു പറയാമായിരുന്നല്ലോ നിങ്ങളെക്കൊണ്ടാവില്ലെന്നു്. അദ്ദേഹം വേണമെങ്കിൽ വിശ്വസ്തരായ ആരെയെങ്കിലുംകൊണ്ടു് ഇക്കാര്യം സാധിപ്പിച്ചുകൊള്ളട്ടെ. രാജപുരം ഗ്രാമം അത്ര ദൂരത്തിലൊന്നുമല്ലതാനും.'

സുരേശ്:— 'രാജപുരമോ? അപ്പോൾ നിങ്ങൾക്കു എല്ലാ വിവരങ്ങളും അറിയാമായിരിക്കുമല്ലോ!'

അചല:— 'ഓ! അത്ര അധികമൊന്നും അറിഞ്ഞുകൂടാ. രാജപുരം ഗ്രാമത്തിൽ തനിക്കു ഒരു ചെറിയ വീടുണ്ടെന്നും അതിന്നു മൂന്നു മുറികളാണുള്ളതെന്നും വീട്ടിന്നു വെളിയിൽ ഗ്രാമത്തിലെ വിദ്യാൎത്ഥികളെ പഠിപ്പിക്കുന്നതിന്നുള്ള ഒരു ചെറിയ പാഠശാലയുണ്ടെന്നും മററുമുള്ള അല്പമായ അറിവെ എനിക്കുള്ളു. ചുരുങ്ങിയ സാമ്പത്തികശേഷികൊണ്ടു് എങ്ങനെയൊക്കെയോ കഴിഞ്ഞുകൂടുന്നു എന്നും അറിയാം. ഇതിൽ കൂടുതലായി എനിക്കൊന്നും അറിയുവാൻ കഴിഞ്ഞിട്ടില്ല. ഇത്രയും വിവരങ്ങൾതന്നെയും ഞാൻ ഒരുവിധത്തിൽ അദ്ദേഹത്തിനോട്ട് ചോദിച്ചു മനസ്സിലാക്കിയിട്ടുള്ളതാണു്. ഏതായാലും അദ്ദേഹം കളവൊന്നും പറയാറില്ല എന്നതാണു് എന്റെ വിശ്വാസം. താങ്കൾക്കും അതു് നല്ലതുപോലെ അറിയാമായിരിക്കുമല്ലോ.'

സുരേശിന്റെ മുഖം വല്ലാതെ ഇരുണ്ടു. അല്പസമയം കഴിഞ്ഞു നിൎവ്വികാരനായി അയാൾ പറഞ്ഞു:—

'അപ്പോൾ മഹിം യഥാൎത്ഥത്തിൽ നിങ്ങളെ വഞ്ചിച്ചി ട്ടില്ല. ആ സ്ഥിതിക്ക ഞാൻ ഇതെല്ലാം നിങ്ങളെ ധരി പ്പിക്കുവാൻ വ്യൎത്ഥശ്രമം നടത്തിയതു് കഷ്ടമായി പ്പോയി.'

അചല:– 'പക്ഷേ, എന്നെ എന്തെങ്കിലും പറ ഞ്ഞു ധരിപ്പിക്കുവാനല്ലല്ലോ താങ്കൾ വന്നതു്? എൻെറ അച്ഛനോടു് സംസാരിക്കുവാനല്ലേ! അദ്ദേഹത്തിനു് ഈ വിവരങ്ങളൊന്നും അറിഞ്ഞുകൂടാ. ഞാൻ ഇതേ വരെ അദ്ദേഹത്തിനോടൊന്നും പറഞ്ഞിട്ടില്ല. ഇനി ഞാൻതന്നെ അച്ഛനോടു് നേരിട്ടു പറയുവാൻ ശ്ര മിക്കാം.'

സുരേശ് ഉദാസീനഭാവത്തിലാണു് സംഭാഷണം തുടന്നതു്.

'നിങ്ങളുടെ ഇഷ്ടംപോലെ ചെയ്യും. മഹിമിനെ കുറിച്ചു് ഇത്രയും ദോഷാരോപണം നിങ്ങളോടു് ചെ യ്യുവാനിടയായതിൽ ഞാൻ അത്യധികം ഖേദിക്കുന്നു. ഇനി അവനോടു് മാപ്പുചോദിക്കാതെ എനിക്കു മനഃ സമാധാനം കിട്ടുകയില്ല.'

അചല:– അതിൻെറ ആവശ്യമുണ്ടെന്നു തോന്നു ന്നില്ല. സ്വന്തം മനഃസാക്ഷിയോടുതന്നെ മാപ്പു് ചോദി ക്കുന്നതു് ഒരുപക്ഷേ, പ്രകടമായ ക്ഷമായാചനത്തേക്കാ ളേറെ മഹത്തരമായിരിക്കുമെന്നാണു് ഞാൻ കരുതുന്ന തു്. അതു താങ്കൾ നിവ്വഹിച്ചുകഴിഞ്ഞു. മഹിംബാബു വിനാകട്ടെ ഇതെല്ലാം കേട്ടാൽ വളരെ വിഷമംതോന്നു

കയും ചെയ്യും. അച്ഛനോടുപോലും പറയണമെന്നു ഞാൻ വിചാരിക്കുകയാണു്; താങ്കൾ പറഞ്ഞ കാര്യങ്ങൾ അദ്ദേഹത്തെ അറിയിക്കരുതേ എന്നു്.'

സുരേശ്:– ഇതിൽനിന്നു് ഒരു കാര്യം എനിക്കു മനസ്സിലാകുന്നു. അതായതു് മഹിമിനു് ഒരുതരത്തിലും വിഷമത ഉണ്ടാവാതിരിക്കുവാൻ നിങ്ങൾ അങ്ങേയററം പരിശ്രമിക്കുന്നുണ്ടു് എന്നും മഹിമിനോടു മാപ്പുചോദിക്കണ്ട എന്നും നിങ്ങൾ പറഞ്ഞതനുസരിച്ചു ഞാനിതാ നിങ്ങളോടുതന്നെ മാപ്പുചോദിച്ചുകൊള്ളുന്നു.'

സുരേശ് തൊഴുതു.

'ഛേ, ഛേ! നിങ്ങൾ എന്താണീ ചെയ്യുന്നതു്.' എന്നു പറഞ്ഞു് അചല സുരേശിൻെറ രണ്ടു കൈകളും പിടിച്ചുമാററി. ലജ്ജകൊണ്ടു അവളുടെ മുഖം ചുവന്നു.

സുരേശിനാകട്ടെ ശരീരമാകെ കോരിത്തരിപ്പു് അനുഭവപ്പെട്ടു. അചലയുടെ യാദൃശ്ചികമായ ഈ സ്പർശനവും ലജ്ജാസമന്വിതമായ അവളുടെ മുഖകാന്തിയും അയാളെ മുഗ്ദ്ധനാക്കി. പ്രേമപരവശതയോടെ അചലയുടെ മുഖത്തുതന്നെ നോക്കിനില്ക്കുവാനും സുരേശിനു് മടിതോന്നിയില്ല. മന്ദസ്മിതത്തോടെ അയാൾ പറഞ്ഞു: 'ഞാൻ അന്യായം ഒന്നും ചെയ്തില്ല. അചലയോടു് മാപ്പു് ചോദിച്ചാൽ മാത്രമേ എൻെറ മനോവേദന മാറുകയുള്ളു എന്നു് എനിക്കു തോന്നിയതിൽ എന്താണു് തെററു്?'

അചലക്ക സഹതാപം തോന്നി. അവൾ സുരേശിനെ സമാശ്വസിപ്പിച്ചു.

'ഞങ്ങൾ യഥാത്ഥത്തിൽ താങ്കളോട്ട് കടപ്പെട്ടവരാണു്. മഹിംബാബുവിനെ മരണത്തിൻെറ വായിൽ നിന്നും രണ്ടപ്രാവശ്യം രക്ഷിച്ചതു താങ്കളാണല്ലോ. ആ സ്ഥിതിക്ക മാപ്പു് ചോദിക്കേണ്ടതു ഞങ്ങളാണു്. താങ്കളല്ല.'

സുരേശ് തൃപ്തിയടഞ്ഞു—

'ഇതെല്ലാം നിങ്ങൾ എങ്ങനെ അറിഞ്ഞു?'

അചല:– 'എല്ലാം അദ്ദേഹം എന്നോട്ട പറഞ്ഞു. അങ്ങയെപ്പോലെ ആത്മാത്ഥസ്നേഹമുള്ള ഒരു സ്നേഹിതൻ മററാരുണ്ടു് അദ്ദേഹത്തിനു്?'

സുരേശ്:– യഥാത്ഥത്തിൽ മഹിം അല്ലാതെ മറ്റൊരു ആത്മസുഹൃത്തും എനിക്കില്ല '

അചല:– 'അദ്ദേഹത്തിൻെറ ജീവനെ രക്ഷിച്ച ആളാണു് അങ്ങു്. ആ സ്ഥിതിക്കു് അങ്ങയുടെ ഈ പ്രവൃത്തി ദോഷകരമാണെന്നു് ആക്ക പറയുവാൻ കഴിയും? ദയവുചെയ്തു ഒന്നും ഓത്തു വിഷമിക്കരുതു്.'

സുരേശ്:– 'അചലയുടെ അച്ഛനു് വിഷമം തോന്നിയിരിക്കണം. ചിലപ്പോൾ മഹിമിനെ വിളിച്ചുകൊണ്ടായിരിക്കും മടങ്ങിപ്പോരുക. അക്കാര്യത്തിൽ ഞാൻ ഭയപ്പെട്ടുകയാണു്.'

അചല:– 'അച്ഛൻ അദ്ദേഹത്തെ വിളിച്ചുകൊണ്ടു വരും എന്നു് എനിക്കു വിശ്വാസമില്ല.'

സുരേശ്:– 'അതു സത്യമായെങ്കിൽ.'

അചല:– 'സമാധാനമായിരിക്കു.'

സുരേശ്:– 'എങ്കിൽ ഞാൻ ഭാഗ്യവാനായി. ഇനി ഞാൻ പോകട്ടെ? പിന്നെക്കാണാം.'

വളരെ വിനയത്തോടെ യാത്ര പറഞ്ഞു സുരേശ് അവിടെനിന്നും ഇറങ്ങി. അചല നിന്നിമേഷയായി നോക്കിനിന്നു.

# നാലു്.

കേദാരബാബുവിൻെറ ഗൃഹംവിട്ടു് വെളിയിൽ വന്നപ്പോൾ സുരേശിനു് തൻെറ ശരീരത്തിനും മനസ്സിനും ഒരുപോലെ ഉശിർപ്പു് അനുഭവപ്പെട്ടു. വണ്ടിയിൽ യാത്ര വേണ്ടെന്നുവച്ചു് കാൽനടയായിത്തന്നെ അയാൾ സഞ്ചരിച്ചു. അചലയുടെ മനോഹരവദനം, അഴകെഴുന്ന അവളുടെ അവയവങ്ങൾ, ചെവിക്കു് ഇമ്പംനൽകുന്ന സ്വരം, ഹൃദ്യമായ പെരുമാററം ഇങ്ങനെ ഓരോന്നിനെപ്പററിയും ആലോചിച്ചും സ്വയം തൃപ്തിയടഞ്ഞും അയാൾ മടങ്ങി. അചലയിൽ ഒരു കുറവും ഉള്ളതായി സുരേശിനു തോന്നിയില്ല. അയാൾ ചിന്തിച്ചു: അറിവു്, വിദ്യാഭ്യാസം, പ്രായം, എന്നിവ വച്ചു നോക്കിയാൽ എന്നെക്കാൾ എത്രയോ താഴ്ന്ന പടിയിലാണു് അവൾ. പക്ഷേ അവളുടെ ആ വിനയഭാവം! ആ സംയമനശക്തി! എന്നെ തോല്പിക്കുകതന്നെ ചെയ്യുന്നു. എന്തൊരു ശാന്തഗംഭീര പ്രകൃതമാണവൾക്കുള്ളതു്! അവളുടെ സംഭാഷണരീതിയോ? എത്രയും ഹൃദ്യം! വാക്കുകൾക്കെന്തൊരു ശക്തി! ഈ വാക്ചാതുര്യം അവൾക്കെവിടെനിന്നു കിട്ടി? മഹിമിനെക്കുറിച്ചു് നിർദ്ദയമായി ഞാൻ അവളോടു് പലതും സംസാരിച്ചു. അപ്പോഴെല്ലാം അവളുടെ മുഖത്തിനു് ഒരു ഭാവ

ഭേദവും കണ്ടില്ല. എത്രയും വിനീതയായി, എതിർത്ത് ഒരക്ഷരമെങ്കിലും പറയാതെ, ക്ഷമയോടെ അവൾ കേട്ടു കൊണ്ടുനിന്നു. ഒരിക്കലെങ്കിലും അവളുടെ മനസ്സിനു് ചഞ്ചലിപ്പുണ്ടായില്ല. എന്നോടുള്ള ബഹുമാനം ഒന്നു കൊണ്ടു മാത്രമല്ലേ അവൾ ഒന്നും എതിർത്തു പറയാതിരുന്നതു്. അതുപോലെ എന്നോടു സംസാരിക്കുമ്പോഴെല്ലാം എത്രമാത്രം സ്നേഹവും ആദരവുമാണു് അവൾ പ്രകടിപ്പിച്ചതെന്നോ! വാക്കുകൾ ഏറുകയോ കുറയുകയോ ചെയ്യാതിരിക്കാൻ അവൾ മനഃപ്പൂർവ്വം ശ്രദ്ധിച്ചു. അവളുടെ മനസ്സിലുള്ളതെല്ലാം മറച്ചുവയ്ക്കാതെ മുഴുവനായിത്തന്നെ അവൾ പറഞ്ഞു. മഹിമിനെ എന്തിനെക്കാളുമധികം സ്നേഹിക്കുന്നു എന്നു് എന്നെ മനസ്സിലാക്കുവാൻ അവൾ ബദ്ധപ്പെട്ടില്ല. എങ്കിലും അവളുടെ സംഭാഷണത്തിൽ അതു വ്യക്തമായിരുന്നു. ഈ വാഗ്‌വൈഭവം അവൾക്കു് എങ്ങനെ ലഭ്യമായി? ഒരു പക്ഷെ മഹിമിൽ നിന്നായിരിക്കുമോ?'

ഇങ്ങനെ ഓരോന്നും ആലോചിക്കുന്തോറും സുരേശിനു് തന്നോടുതന്നെ അവജ്ഞയും അതേസമയം അചലയോടു് അങ്ങേയററം മതിപ്പും തോന്നി. അവളുടെ ചരണങ്ങളിൽ അയാളുടെ ശിരസ്സു് താനെ കുനിയുകയും ചെയ്തു.

നടന്നുനടന്നു് ക്ഷീണിച്ചവശനായി സുരേശ് വീട്ടിലെത്തി. സമയം സന്ധ്യയാകാറായിരുന്നു. അകത്തു പ്രവേശിച്ചപ്പോൾ മഹിം കട്ടിലിൽ കിടക്കുന്നതു കണ്ടു.

സുരേശിനെ കണ്ടയുടനെ മഹിം ചാടി എഴുന്നേററു.

'വരൂ സുരേശ്.'

സുരേശ്:- എത്ര ദിവസങ്ങളായി സ്നേഹിതാ നാംതമ്മിൽ കണ്ടിട്ട്. വല്ലതും ഓമ്മയുണ്ടോ?'

മഹിം:— എന്തുചെയ്യാനാണ് സുരേശ്? യഥാത്ഥത്തിൽ എനിക്കു തീരെ സമയം കിട്ടാഞ്ഞതിനാലാണ് ഞാൻ ഇങ്ങോട്ടൊന്നും പോരാതിരുന്നതു്. എഴുതുവാനും പഠിക്കുവാനും ധാരാളമുണ്ട്. പോരെങ്കിൽ ഈയിടെയായി രണ്ടുമൂന്നു ട്യൂഷൻകൂടി എത്തിയിട്ടുണ്ട്. നീ എന്നെ തിരക്കി കേദാരമുക്കർജിയുടെ വീട്ടിൽ പോയതായി ഞാനറിഞ്ഞു. എന്തു കാര്യമാണു് സുരേശ് നീ അവിടെ പോയിട്ട്.'

സുരേശ്:— എങ്കിലും മഹിം നീ അവിടെ ഇത്രയും ദിവസം പോകാതിരുന്നതു് വളരെ കഷ്ടമായിപ്പോയി. ഞാൻ നിന്നോടു കഴിഞ്ഞ ദിവസം പറഞ്ഞ കാര്യങ്ങൾകൊണ്ടായിരിക്കുമോ നീ അങ്ങനെ ചെയ്തതു്? എങ്കിൽ എൻെറ വാക്കുകളെ ഞാനിതാ പിൻവലിക്കുന്നു.'

'എന്താണതിനു കാരണം?'

'മാനസാന്തരം.'

മഹിം:— 'മാനസാന്തരം! എപ്പോഴും ഇങ്ങനെ ഓരോന്നും സ്വയം കല്പിക്കുന്ന പ്രകൃതമായിപ്പോയല്ലോ നിൻേറതു്! ഒരിക്കൽ കൊള്ളാമെന്നു നീ പറയുന്ന

കാര്യം അട്ടത്ത നിമിത്തം കൊള്ളരുതാത്തതാകും നിന്റെ ദൃഷ്ടിയിൽ. ഒരിക്കൽ പാടില്ലാത്തതാണെന്നു നീ വിചാരിക്കുന്നതു് ഉടനെ കൊള്ളാവുന്നതായിത്തീരുന്നു. നിന്റെ സ്വഭാവം വളരെ വിചിത്രംതന്നെ! ഒരു മാസത്തിനകം എനിക്കു വേറൊരു പെൺകുട്ടിയെ അന്വേഷിച്ചു കൊണ്ടുവരാം എന്നു നീതന്നെയല്ലേ പറഞ്ഞതു്? അതനുസരിച്ചു ഞാൻ പോകുകയും ചെയ്തു. പിന്നെന്തിനു നീ എന്നെ അന്വേഷിച്ചു് കേദാരമുക്കർജിയുടെ വീട്ടിൽ പോയി എന്നു് എനിക്കു മനസ്സിലാകുന്നില്ല.'

മഹിം തന്നെ പരിഹസിക്കുകയാണെന്നാണു് സുരേശ് ധരിച്ചതു്.

'പരിഹാസമൊക്കെ കളയൂ മഹിം. നാളെ നീ അവിടെ പോകുമോ ഇല്ലയോ എന്നുമാത്രം പറയൂ.'

'ഇല്ല. ഞാൻ നാളെ രാവിലെ നാട്ടിലേക്കു തിരിക്കുകയാണു്.'

'അവിടെനിന്നു് എന്നു തിരിച്ചുവരും?'

'കുറഞ്ഞതു് പത്തുപതിനഞ്ചു ദിവസങ്ങൾ എങ്കിലും കഴിയും. ഒരുപക്ഷേ, ഒരു മാസംതന്നെ കഴിഞ്ഞിട്ടായിരിക്കും പോരുക.'

'ഒരു മാസമോ!' സുരേശ് അമ്പരന്നു. 'എന്താണു നീ പറയുന്നതു്? അതു പാടില്ല മഹിം, നീ അത്രയും താമസിക്കരുതു്. എത്രയും വേഗം അവിടെ പോയി അവരെ കാണുകതന്നെ വേണം.'

സുരേശ് മഹിമിൻെറ കൈ തന്റെ കൈകളുള്ളിൽ പിടിച്ചുകൊണ്ടു് അപേക്ഷാസ്വരത്തിൽ പറഞ്ഞു:— 'നീ എൻെറ അപരാധം പൊറുക്കു സ്നേഹിതാ, ഞാൻ നിന്നോടു പലതും പറഞ്ഞുപോയി. പക്ഷേ, നാളെ രാവിലെ നീ അവിടെ പോയേ തീരൂ. ഒരു പ്രാവശ്യം മാത്രമെങ്കിലും, അവർ നിന്നെ പ്രതീക്ഷിച്ചിരിക്കുകയാണെന്നു നീ മനസ്സിലാക്കണം.' സുരേശിൻെറ മുഖഭാവം മാറി—വാക്കുകൾ ഇടറി. മഹിമിനു് അത്യധികം ആശ്ചര്യമുണ്ടായി. ആരുടേയും പ്രേരണകൂടാതെ ഒരു ബ്രഹ്മസമാജക്കാരൻെറ വീട്ടിൽചെന്നു് സ്വയം പരിചയം സമ്പാദിക്കുക! സുരേശ് അതെങ്ങനെ നിർവ്വഹിച്ചു? അയാൾക്കങ്ങനെ തോന്നാൻ എന്തു കാരണം? മഹിം ആലോചിച്ചു. സുരേശിൽനിന്നും ഇങ്ങനെ സംഭവിക്കുക എന്നതു് സ്വപ്നത്തിൽപോലും മഹിം വിചാരിച്ചിരുന്നതല്ല.

'സുരേശ്! നിൻെറ ഇന്നത്തെ പ്രകൃതം എന്നെ അത്യധികം വിസ്മയപ്പെടുത്തുന്നു.' മഹിം പറഞ്ഞു.

സുരേശ്:— 'അതിനെപ്പററി ഞാൻ ഇനി ഒരിക്കൽ പറയാം. ഇപ്പോൾ നീ ഞാൻ ചോദിച്ചതിനുത്തരം പറയൂ. നാളെ കാലത്തു് നീ അവിടെ പോകുമോ ഇല്ലയോ?'

'ഇല്ല. നാളെ കാലത്തു പോകുന്ന കാര്യം വളരെ സംശയത്തിലാണു്. രാവിലത്തെ വണ്ടിയിൽത്തന്നെ എനിക്കു് നാട്ടിലേക്കു മടങ്ങേണ്ടിയിരിക്കുന്നു. വളരെ അത്യാവശ്യമാണതു്.'

'പോകുന്നതിനുമുമ്പായി കുറച്ചു നിമിഷത്തേക്കെങ്കിലും...'

'നിനക്കെന്തുപററി സുരേശ്? നീ നിന്നെത്തന്നെ മറന്നു സംസാരിക്കുകയാണെന്നു തോന്നുന്നു.'

'അതെ. ഞാൻ എല്ലാം മറക്കേണ്ടിവന്നിരിക്കുകയാണു്. അതൊക്കെ പിന്നെ പറയാം. നിനക്കവിടെ പോകാൻ കഴിയുകയില്ല എന്നു തീർച്ചയാണോ? എങ്കിൽ ഞാൻതന്നെ അവിടെ പോയി വിവരം അവരെ ധരിപ്പിക്കാം. അല്ലെങ്കിൽ എനിക്കു സമാധാനം കിട്ടുകയില്ല.'

മഹിം അതിശയിച്ചു. അയാൾ ഉറക്കെപ്പറഞ്ഞു:

'സുരേശ് പെണ്ണുകൊള്ളു. പക്ഷേ, എന്നെ സംബന്ധിച്ചുള്ള വിവരങ്ങളൊന്നും അവിടെ പറയേണ്ട ആവശ്യമില്ല.'

സുരേശ്:– 'എന്താണു നിന്നെപ്പററി അവരോടു പറഞ്ഞാൽ? നീ അവക്കു അപരിചിതനൊന്നുമല്ലല്ലോ.'

മഹിം:–' 'ങ്ഹാ, ഇന്നുമുതൽ അപരിചിതനാകുവാനാണു് ഭാവം,'

സുരേശ്:– 'മഹിം, ഞാൻ നിന്നോടു തോററു. എനിക്കു് ഇന്നു നേരത്തെ ഉറക്കം വരുന്നു. ഞാൻ അല്പം ഉറങ്ങട്ടെ.' എന്നു പറഞ്ഞു് സുരേശ് അതിവേഗം അവിടെനിന്നും മറഞ്ഞു.

## അഞ്ചു്.

സുരേശിനു അന്നുരാത്രി ഉറക്കം വന്നതേയില്ല. ചിന്ത അയാളെ വല്ലാതെ അലട്ടിക്കൊണ്ടിരുന്നു. തന്റെ ആത്മമിത്രത്തിന്റെ പ്രേയസിയുടെ മുന്നിൽ താൻ അപഹാസ്യനായിത്തീരുകയാണല്ലോ ചെയ്തതു്. കഷ്ടം! അവളോട്ട് മഹിമിൻെറ പോരായ്മകളെക്കുറിച്ചു് സംസാരിച്ചു് മഹിമിനോടുള്ള അവളുടെ സ്നേഹത്തെ തികച്ചും അവഗണിക്കുകയും താൻ സ്വയം ശ്രേഷ്ഠനാകുവാൻ ശ്രമിക്കുകയും ചെയ്തതു് തീരെ അനുചിതമായിപ്പോയി. അവൾ എന്താണു് തന്നെപ്പററി വിചാരിക്കുക? അവളുടെ പ്രിയതമൻെറ ഉററമിത്രമാണെന്നു് പറഞ്ഞു് ഇത്തരത്തിൽ പെരുമാറിയ തന്നോട്ട് അവൾക്കിനി അല്പമെങ്കിലും ബഹുമാനം തോന്നുമോ?

രാവിലെ ഉണ്ണന്നതിനുശേഷവും സുരേശിനു് ഒന്നും ചെയ്യുവാൻ തോന്നിയില്ല. ഉച്ചയായപ്പോൾ വണ്ടി ഏർപ്പാടുചെയ്തു് സുരേശ് കേദാരബാബുവിന്റെ വീട്ടിലേക്കു തിരിച്ചു. കേദാരബാബു സ്ഥലത്തില്ലെന്നും അളിപുരിയിലുള്ള കച്ചേരിയിൽ പോയിരിക്കുകയാണെന്നും രണ്ടുമൂന്നു മണിക്കൂർ കഴിഞ്ഞിട്ടേ മടങ്ങിയെത്തുകയുള്ളു എന്നും ഭൃത്യനിൽനിന്നും അറിഞ്ഞു. അയാൾ

സുരേശിനെ അകത്തേക്കു വിളിച്ചുകൊണ്ടുപോയി വിവരം അചലയെ അറിയിക്കുകയും ചെയ്തു.

കുറച്ചു സമയം കഴിഞ്ഞപ്പോൾ അചല വന്നു. സുരേശ് പെട്ടെന്നെഴുന്നേററു.

'മഹിം ഇന്നു കാലത്തു് വീട്ടിലേക്കു തിരിച്ചു. ഇവിടംവരെ വന്നിട്ട് പൊയ്ക്കൊള്ളു എന്നു ഞാൻ എത്രയോ തവണ അയാളോടു നിർബ്ബന്ധിച്ചു പറഞ്ഞു. പക്ഷേ, കേൾക്കേണ്ടേ?'

അല്പസമയത്തേക്ക് അചലയുടെ മുഖം വിളറിപ്പോയി. എങ്കിലും സുരേശിനെ വന്ദിച്ചിട്ട് അവൾ അടുത്ത കസേരയിൽ ഇരുന്നു് മൃദുസ്വരത്തിൽ സംഭാഷണം തുടങ്ങി.

'വീട്ടിൽ പോകേണ്ടതു് അദ്ദേഹത്തിനു് വളരെ അത്യാവശ്യമായിരുന്നിരിക്കണം. ബന്ധുക്കളിൽ ആർക്കെങ്കിലും വല്ല അസുഖവും മററുമായിരിക്കുമോ?'

തന്നോടു് സംഭാഷണം ചെയ്യുന്നതിൽ ഒട്ടും വൈമനസ്യം പ്രകടിപ്പിക്കാതെ അചല സ്വയം ധൈര്യമവലംബിക്കുന്നതു കണ്ടപ്പോൾ സുരേശിനു് അല്പം സങ്കോചമുണ്ടായി.

സുരേശ്:— 'എന്തുതന്നെ അത്യാവശ്യമുണ്ടാകട്ടെ, എങ്കിലും രണ്ടുമിനിററു നേരത്തേക്കു് ഇവിടെ വന്നു് വിവരം പറഞ്ഞിട്ടു പോകരുതോ? ഞാനായിരുന്നുവെങ്കിൽ പ്രാണൻ പോകുന്ന കാര്യമായാലും വന്നു പറഞ്ഞിട്ടേ പോകുകയുള്ളു.'

അചലയുടെ മുഖം ലജ്ജാവിവശമായി.

അചല പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു:—

'ഇതുവരെ താങ്കൾക്കു് അങ്ങനെ ഒരു സ്ഥാനം ഉണ്ടായിട്ടില്ലല്ലോ. അതുകൊണ്ടായിരിക്കും ഇങ്ങനെ പറയുവാൻ കഴിയുന്നതു്. അങ്ങനെയൊന്നു് ഉണ്ടായിരുന്നുവെങ്കിൽ അദ്ദേഹത്തെപ്പോലെ താങ്കളും ഉപേക്ഷ വിചാരിച്ചു പൊയ്ക്കളയുമായിരുന്നു. ഇതിലെന്താണിത്ര സംശയം?'

ഇതുകേട്ടു് സുരേശ് തന്റെ കസേരയിൽ കൈയടിച്ചു് ശബ്ദമുണ്ടാക്കിക്കൊണ്ടു പറഞ്ഞു:— 'ഇല്ല. ഞാൻ ഒരിക്കലും അങ്ങനെ ചെയ്യുകയില്ല. എന്നെ നിങ്ങൾ നല്ലതുപോലെ മനസ്സിലാക്കിയിട്ടില്ലെന്നു തോന്നുന്നു. അതുകൊണ്ടാണു് ഇങ്ങനെ പറയുന്നതു്.'

അചല:— 'ശരി. അങ്ങനെയുണ്ടാകുന്ന കാലത്തു് ഞാൻ ഇതു് ഓർമ്മിപ്പിച്ചുകൊള്ളാം. എന്താ?'

സുരേശ്:— 'അങ്ങനെയാവട്ടെ. പക്ഷേ, നിങ്ങളെ അറിയിക്കാതെ, നിങ്ങളോടു പറയാതെ ഞാൻ അത്തരം കാര്യങ്ങളിൽ ഇടപെടുകയില്ലെന്നു് ഇപ്പോഴേ പറഞ്ഞു കൊള്ളുന്നു. മഹിമിൽനിന്നും നിങ്ങളെ വേർപെടുത്തിക്കാണുവാനോ ചിന്തിക്കുവാനോപോലും എനിക്കു സാദ്ധ്യമല്ലാതായിരിക്കുകയാണു്. ഇന്നുമുതൽ നിങ്ങൾ രണ്ടു പേരും എന്നിൽ ലയിച്ചിരിക്കുന്നു. ഇതെല്ലാം പോകട്ടെ. ഇന്നലെ രാത്രി ഞാൻ ഉറങ്ങിയതേയില്ല. ഇന്നു് ഇവിടെ വന്നില്ലായിരുന്നുവെങ്കിൽ ഇന്നും ഉറങ്ങാൻ

കഴിയുകയില്ലായിരുന്നു. ഞാൻ അനേകം അപരാധങ്ങൾ ചെയ്തുപോയി. അവയൊക്കെ നിങ്ങളോടേററു പറഞ്ഞു് മാപ്പു ചോദിക്കുവാനാണു് ഞാൻ ഇന്നു വന്നിരിക്കുന്നതു്. ബ്രഹ്മസമാജക്കാരെ ഞാൻ ഇഷ്ടപ്പെടുന്നില്ല എന്നുള്ളതു് ശരിതന്നെ. പക്ഷേ, അന്നു് എനിക്കു് നിങ്ങളുമായി പരിചയം ഉണ്ടായിരുന്നില്ലല്ലോ. അതുകൊണ്ടാണു് മഹിമിനോടു പലതും പറയുവാനിടയായതു്. ബ്രഹ്മസമാജക്കാരുമായി അടുക്കുന്നതു് എനിക്കു് തീരെ ഇഷ്ടമില്ലാത്തതുകൊണ്ടാണു് ഞാൻ മഹിമിനോടു നിർബ്ബന്ധിച്ചു പറഞ്ഞതു് ഒരു മാസത്തേക്കു് ഇങ്ങോട്ടു പോരരുതെന്നു്.'

അചല:— 'ചിലപ്പോൾ താങ്കൾ കരുതിയിരിക്കണം, പുരുഷന്മാർക്കു സ്ത്രീകളെക്കാൾ പെട്ടെന്നു് മറവി സാദ്ധ്യമാണെന്നും പ്രേമബന്ധത്തെ തല്ലി ഉടയ്ക്കുവാൻ വെറും ഒരു മാസം മാത്രം മതി എന്നും.'

സുരേശ്:— 'അതൊന്നുമല്ല, ഒരു ഗൂഢതന്ത്രം നിങ്ങൾക്കു വിരുദ്ധമായി സംഘടിപ്പിക്കുവാനായിരുന്നു ഉദ്ദേശ്യം. ഈ ഒരു മാസത്തിനുള്ളിൽ അനുയോജ്യയായ വേറൊരു പെൺകുട്ടിയെ അന്വേഷിച്ചു കണ്ടുപിടിച്ചു മഹിമിനെക്കൊണ്ടു വിവാഹം ചെയ്യിക്കാം എന്നുപോലും വിചാരിച്ചുപോയി. എൻെറ ഒരു സ്നേഹിതൻ അന്യസമുദായത്തിലെ ഒരു സ്ത്രീയിൽ മോഹംപൂണ്ടു സ്വന്ത സമുദായത്തെ ഉപേക്ഷിക്കുന്നതു കാണുവാൻ ഞാൻ ഒരിക്കലും തയ്യാറില്ലായിരുന്നു. പക്ഷേ, ഇന്നു ഞാൻ ആ പാപസങ്കല്പങ്ങളെ എല്ലാം ഉപേക്ഷിച്ചിരി

ക്കയാണു്. ഇവിടെ വന്നു് നിങ്ങളെ ഒന്നു കാണണമെന്നു് ഇന്നലെ രാത്രി മഹിമിനോടു് ഞാൻ വളരെ പറഞ്ഞുനോക്കി. അതൊന്നും വകവെയ്ക്കാതെ, നിങ്ങളോടു യാത്രപോലും പറയുക വേണ്ടെന്നുവച്ചു് അയാൾ കൽക്കത്തവിട്ടു് വെളിയിൽ പോകാമെന്നു കരുതി.'

അചല:– 'അത്ര ധൃതിയിൽ പോകുന്നതിനു് എന്തെങ്കിലും കാരണം പറഞ്ഞുവോ?'

സുരേശ്:– 'അത്യാവശ്യമായി പോകേണ്ടതുണ്ടു് എന്നുമാത്രം പറഞ്ഞു.'

അചല:– 'ആവശ്യം! അത്യാവശ്യം! എന്നും അദ്ദേഹത്തിൻെറ വായിൽനിന്നും എനിക്കു് ഇതുമാത്രമെ കേൾക്കുവാൻ കഴിഞ്ഞിട്ടുള്ളു. അദ്ദേഹത്തിൻെറ എല്ലാ പ്രവൃത്തിയും ആവശ്യത്തിന്മേൽ മാത്രമാണെന്നു് ഞാൻ കരുതുകയും ചെയ്യുന്നു. ആവശ്യം! അതാണു് അദ്ദേഹത്തിന്റെ സ്വഭാവം.'

സുരേശ്:– 'ഒരു കത്തെങ്കിലും എഴുതി കാര്യം നിങ്ങളെ ധരിപ്പിക്കരുതോ?'

അചല:– 'എഴുത്തുകൾ ഒന്നുംതന്നെ അദ്ദേഹം അയക്കാറില്ലല്ലൊ.'

സുരേശ്:– എന്താവശ്യമാണു് പോയിട്ടു് എന്നു പറഞ്ഞുമില്ല. അറിയിച്ചുമില്ല. ഇങ്ങനെയുമുണ്ടോ ഒരാൾ! അവന്റെ സുഖദുഃഖങ്ങൾ അവന്റേതുമാത്രമായിരിക്കുവാനാണു് അവന്റെ ഉദ്ദേശം. മററാരേയും അതിൽ പങ്കുചേരുവാൻ അവൻ അനുവദിക്കുകയില്ല. എന്തൊരു

സ്വാത്മതയാണിതു്? എത്രയെത്ര ദിവസങ്ങളാണെന്നോ അവൻ നിരാഹാരനായി കഴിഞ്ഞുകൂടിയിട്ടുള്ളതു്! എന്നാൽ ഏതെങ്കിലുമൊരവസരത്തിൽ അറിയാതെപോലും അവൻെറ നാക്കിൽനിന്നും ആ സത്യം പുറത്തുവരില്ല. ഞാൻ നിർബ്ബന്ധിച്ചാൽപോലും ഒരിക്കൽപോലും അവൻ എൻെറ സഹായം സ്വീകരിക്കുകയില്ല. ഇങ്ങനെത്തെ ഒരാളിൽനിന്നു് ഇത്രയും ആത്മാർത്ഥതയുള്ള എനിക്കു് ഇന്നുവരെ മനഃസമാധാനം കിട്ടിയിട്ടില്ല. ആ സ്ഥിതിക്കു് ഞാൻ വിചാരിക്കുകയാണു് നിങ്ങൾക്കു് അവനിൽനിന്നും എങ്ങനെ സുഖംകിട്ടുവാൻ കഴിയും? അഥവാ എങ്ങനെ നിങ്ങൾ അയാളുമായി ആത്മാർത്ഥതയിൽ കഴിയും?'

ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോൾ സുരേശിൻെറ കണ്ണുകളിൽ വെള്ളം നിറഞ്ഞു ഒഴുകിത്തുടങ്ങി. കണ്ണുനീർ തുടസ്സുവാനായി അയാൾ ശ്രമിച്ചു.

'പുറമെ നോക്കിയാൽ ഞാൻ വളരെ കഠോരനും ദയാഹീനനുമായി നിങ്ങൾക്കു തോന്നിയേക്കാം. അങ്ങനെ തോന്നത്തക്കവിധത്തിൽ ഞാൻ പ്രവത്തിച്ചുപോകുകയും ചെയ്യും. പക്ഷേ, എൻെറ മനസ്സു് തീരെ ദുർബ്ബലവും സ്നേഹസമ്പൂർണ്ണവുമാണെന്നു നിങ്ങൾക്കു മനസ്സിലായിക്കൊള്ളും. മഹിം ഇതിനു് നേരെ വിപരീതക്കാരനാണു്. അയാളുടെ ഹൃദയം ഉറപ്പുള്ളതാണു്. അതു് പെട്ടെന്നു് ഇളകുകയും മററുമില്ല. പക്ഷേ, അവൻ സ്നേഹഹീനനാണെന്നു് ധരിക്കരുതു്. ഞങ്ങൾ ഉററമിത്രങ്ങളാണെന്നുകൂടി മനസ്സിലാക്കണം. ഞാൻ നിങ്ങ

ളോട്ട് ഇത്രയുമേ ഇപ്പോൾ യാചിക്കുന്നുള്ളൂ. അറിഞ്ഞോ അറിയാതെയോ ഞാൻ നിങ്ങളോടു പല തെററുകളും ചെയ്തുപോയിരിക്കും. അവ എന്റെ ഹൃദയത്തെ ഇനി ഒരിക്കലും മുറിപ്പെടുത്താതിരിക്കുവാൻ നിങ്ങൾ ശ്രദ്ധിക്കണം.'

സുരേശിന്റെ തൊണ്ട ഇടറി. അയാളുടെ ഭാവഭേദം അചലയുടെ ഹൃദയത്തേയും ദ്രവിപ്പിച്ചു. ഇത്രയുമായപ്പോൾ കേദാരബാബു അവിടെ വന്നുചേന്നു. സുരേശിനെ കണ്ട ഉടൻ അയാൾ സന്തോഷം പ്രകടിപ്പിച്ചു.

'എന്താ! സുരേശ്ബാബുവാണോ? മഹിമിൻെറ വിവരങ്ങൾ എന്തെല്ലാമാണു്?'

സുരേശ്:— 'മഹിം ഇന്നു രാവിലെ എന്തോ അത്യാവശ്യത്തിനായി അവൻെറ വീടുവരെ പോയിരിക്കുകയാണു്. അതു പറയുവാനാണു ഞാനിങ്ങോട്ടു പോന്നതു്.'

കേദാരബാബു:— 'ങ്ഹാ! വീട്ടിൽ പോയോ? പോകട്ടെ, പോകട്ടെ. എവിടെ വേണമെങ്കിലും പൊയ്ക്കൊള്ളട്ടെ. പക്ഷേ, നീ നിൻെറ ആരോഗ്യം അനുവദിക്കുന്നിടത്തോളംകാലം ഇവിടെ വരികതന്നെ വേണം മകനെ! നിൻെറ മിത്രമെന്നു പറയപ്പെടുന്ന ആ രത്നമുണ്ടല്ലോ അതിൻെറ നിഴൽപോലും ഇവിടെ കാണുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. സുരേശ് ഇവിടെ ഇരിക്കൂ. ഞാൻ പോയി വസ്ത്രം മാറട്ടെ.'

തനിക്കും പോയിട്ട വളരെയധികം ജോലികൾ ഉണ്ടെന്നുപറഞ്ഞു് സുരേശ് യാത്രചോദിച്ചു പിരിഞ്ഞു. പക്ഷേ, അടുത്ത രണ്ടുമൂന്നു ദിവസങ്ങളിൽ കേദാരബാബുവിൻെറ വീട്ടിൽ പോകുവാൻ സുരേശ് തയ്യാറായില്ല. നാലാമത്തെ ദിവസം, അചല പിതാവിനു് ആഹാരം വിളമ്പിക്കൊണ്ടിരുന്ന സമയം സുരേശ് എത്തി. അയാളുടെ ചിന്നിച്ചിതറിക്കിടന്നിരുന്ന തലമുടിയും ആകപ്പാടെയുള്ള പരുക്കൻവേഷവും കണ്ടപ്പോൾ കേദാരബാബു ചോദിച്ചു—'എന്താ സുരേശ്, നീ ഇതുവരെ ഇന്നു് കുളിക്കുകയും ആഹാരം കഴിക്കുകയും ഒന്നും ചെയ്തില്ലേ? കണ്ടിട്ടു് അങ്ങനെ തോന്നുന്നുവല്ലോ! ഇതുകൊള്ളാം! ഇനി ഇവിടെത്തന്നെ കുളിച്ചു പെട്ടെന്നു ആഹാരം കഴിക്കു.'

അചല അവിടെത്തന്നെ നിന്നു. അച്ഛൻ മറുവശത്തു പോയിക്കഴിഞ്ഞപ്പോൾ അവൾ സുരേശിനോടു് പതുക്കെ ചോദിച്ചു:—

'അങ്ങേയ്ക്കു് ഇവിടെ ആഹാരം കഴിക്കുവാൻ പറ്റുമോ? ബ്രഹ്മസമാജക്കാരുടെ വീട്ടിൽനിന്നു് അങ്ങു് ഒന്നും കഴിക്കാറില്ലല്ലോ!'

സുരേശ്:- കഴിക്കാറില്ലെന്നുള്ളതു സത്യമാണു്. പക്ഷേ, നിങ്ങൾ ആഹാരം കൊണ്ടുവന്നു തരികയാണെങ്കിൽ ഞാൻ അതു കഴിക്കും. തമാശ പറഞ്ഞതല്ല സത്യമായിട്ടും കഴിക്കുക തന്നെ ചെയ്യും.

അചല:- ഇതേവരെ അങ്ങു് കളിയാക്കുകയാണെന്നാണു് ഞാൻ വിചാരിച്ചതു്. ഇന്നലെവരെ ഏതൊ

രാളിൻെറ വീട്ടിൽനിന്നും ആഹാരം കഴിക്കുവാൻ അങ്ങ് അത്യധികം വെറുപ്പുകാട്ടിയിരുന്നുവോ ആ ആളിൻെറ വീട്ടിൽനിന്നു് ഇന്നു് ആഹാരം കഴിക്കാമെന്നു സമ്മതിക്കുമ്പോൾ ഞാൻ എങ്ങനെ അതിശയിക്കാതിരിക്കും? എത്രയും സത്യവാനും ദൃഢവ്രതനുമാണല്ലോ അങ്ങ്!

സുരേശ്:— 'അങ്ങനെയാണു പറയപ്പെടുന്നതു്. നിങ്ങൾ ഇപ്പോൾ ഒരുദിവസത്തെക്കാര്യമാണല്ലോ പറയുന്നതു്. ഒരൊററ ദിവസംകൊണ്ടു് എന്തൊക്കെത്തന്നെ സംഭവിച്ചുകൂടാ? വലിയൊരു ഭൂകമ്പം ഉണ്ടായി ഭൂമി മുഴുവനും പാതാളത്തിൽ എത്തിച്ചേരുവാൻ ഒരൊററ ദിവസംപോലും തികച്ചും വേണ്ടല്ലോ.'

ഇതു പറഞ്ഞുകൊണ്ടിരുന്നപ്പോൾ സുരേശിൻെറ നെററിത്തടത്തിലെ ഓരോ ഞരമ്പും ചലിക്കുന്നതുപോലെ കാണപ്പെട്ടു. കണ്ണുകൾ തിളങ്ങിത്തുടങ്ങി. കുറേ ദിവസമായി ഉറക്കം ഇല്ലാത്തതുകൊണ്ടു് കണ്ണുകൾ തീരെ മങ്ങിയും ചുവന്നും ഇരിക്കുകയായിരുന്നു എങ്കിലും അചലയുടെ നേക്കു ദൃഷ്ടികൾ ഉറപ്പിച്ചുകൊണ്ടു സുരേശ് പറഞ്ഞു.

'ബ്രഹ്മസമാജക്കാരെ ഞാൻ വെറുക്കുന്നുവോ ഇല്ലയോ എന്നതു് അവരോടു ഞാൻ തെളിച്ചു പറയുകതന്നെ ചെയ്യും. എന്നാൽ നിങ്ങളാകട്ടെ അവരെക്കാളൊക്കെ എത്രയോ ഉയരത്തിലാണെന്നു ഞാൻ മനസ്സിലാക്കുന്നു.'

സുരേശിൻെറ ഉന്മാദപൂൎണ്ണമായ ചേഷ്ടകളും ഈ ദൃശ്യസംഭാഷണങ്ങളും കണ്ടും കേട്ടും അചല നാണിച്ചുപോയി.

സുരേശ് തുടൎന്നു:— 'വെറും രണ്ടുദിവസത്തെ പരിചയം! പക്ഷേ അചലേ, ദിവസം, മണിക്കൂർ, എന്നിവകൊണ്ട് നിങ്ങൾക്ക് ഒരുപക്ഷേ, മഹിമിനെ അളക്കുവാൻ കഴിയുമായിരിക്കും. സുരേശിനെ അളക്കാൻ അത്ര എളുപ്പത്തിൽ സാധിക്കുകയില്ല. അയാൾ സമയത്തിനും കാലത്തിനും അതീതനാണ്. ഭൂകമ്പത്തെപ്പററി നീ എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ?'

അചല പേടിച്ചുവിറയ്ക്കുന്ന മാൻപേടയെപ്പോലെ ഞെട്ടിവിറച്ചുപോയി. അവൾ പെട്ടെന്ന് എഴുന്നേററു മാറി. പക്ഷേ, സുരേശ് ഓടിയടുത്ത് അവളുടെ ഇടതുകൈ പിടിച്ചുവലിച്ചു. ഉന്മാദപൂൎണ്ണമായ ആ പ്രവൃത്തിയുടെ ഫലമായി അചല സുരേശിൻെറ ശരീരത്തിൽ ചെന്നുവീണു. ഭയവും വിസ്മയവുംകൊണ്ട് അവളുടെ ചുണ്ടുകളിൽനിന്നും 'എൻെറ അമ്മേ' എന്നുള്ള അസ്ഫുടശബ്ദം ഉത്ഭവിച്ചതുപോലും ശരിക്കു പുറത്തുവന്നില്ല. അതിനുമുമ്പുതന്നെ സുരേശ് അവളുടെ രണ്ടു കൈകളും കൂട്ടിപ്പിടിച്ചു തൻെറ ഹൃദയത്തിൽ അമൎത്തി. 'അചലേ' എന്ന് ആവേശത്തോടെ വിളിച്ചു. അചല ലജ്ജകൊണ്ട് മൂർഛിച്ചുപോയി. അവൾ നിശ്ചലം നോക്കിനിന്നതേയുള്ളു. സുരേശിനും ഒന്നും മിണ്ടാൻ കഴിഞ്ഞില്ല. ദാഹാൎത്തങ്ങളായ അയാളുടെ ചുണ്ടുകളിൽനിന്നും ഉഷ്ണശ്വാസം പുറത്തുവന്നു. അചലയുടെ ഇരുകരങ്ങളും

തൻെറ ഹൃദയത്തിൽ അമത്തിപ്പിടിച്ചുകൊണ്ടു് സുരേശ് വീണ്ടും പറഞ്ഞു:— 'അചലേ, ഭൂകമ്പംപോലെ ഇളകിമറിയുന്ന എൻെറ ഈ ഹൃദയത്തുടിപ്പിനെ ഒരു പ്രാവശ്യമെങ്കിലും നീ അനുഭവിക്കൂ. എന്തൊരു ഭയങ്കര താണ്ഡവമാണു് ഇതിലുണ്ടായിക്കൊണ്ടിരിക്കുന്നതെന്നു് മനസ്സിലാക്കൂ. അചലേ, നിനക്കു പറയാമോ, ഈ ഭൂമിയിൽ ഏതൊരു ജാതി, ധമ്മം അഥവാ മതം ഉണ്ടു്. ഇങ്ങനെയുള്ള ഹൃദയ-ഭൂകമ്പത്തിലും വിപ്ലവത്തിലും നിന്നു് ഒഴിഞ്ഞുനില്ക്കുന്നതായി?' സുരേശ് അചലയെ തന്നോടു ചേത്തുപിടിച്ചു. അചല ലജ്ജിച്ചു.

'അയ്യോ എൻെറ കൈ വിടൂ. അതാ അച്ഛൻ വരുന്നു' എന്നു പറഞ്ഞു് അവൾ വേഗം തന്റെ കൈ വിട്ടുവിച്ചുകൊണ്ടു് കസേരയിൽ ചെന്നിരുന്നു. അവിടെ എത്തിച്ചേന്ന കേദാരബാബു തന്റെ മകളുടെ മുഖത്തു സൂക്ഷിച്ചുനോക്കി.

'എന്താ മകളേ, ഇന്നു് നിനക്കു് വല്ല അസുഖവുമുണ്ടോ?'

'ഇല്ലച്ഛാ, എനിക്കു് ഒന്നും ഇല്ല'. അചല പ്രതിവചിച്ചു.

'എന്താ സുരേശ്! നിൻെറ മുഖം ഇന്നു് വല്ലാതിരിക്കുന്നതു്. എഴുന്നേല്ക്കൂ; കൈകാലുകൾ കഴുകി വല്ലതും കഴിക്കൂ.' കേദാരബാബു സുരേശിനെ നിബ്ബന്ധപൂവ്വം അവിടെനിന്നു് എഴുന്നേല്പിച്ചു കൊണ്ടുപോയി.

## ആറു്.

ആഹാരം കഴിച്ചതിനുശേഷം പോകാൻ ഒരുമ്പെട്ട സുരേശിനെ കേദാരബാബു തടഞ്ഞു—'ഇപ്പോൾ ഈ വെയിലത്തു് എങ്ങും പോകണ്ട സുരേശ്ബാബു! വെയിലാറിയിട്ട പോകാം.'

അവിടെത്തന്നെ ഒരു മുറിയിൽ ഒരു കിടക്കയിന്മേൽ സുരേശ് കുറെ നേരം കിടന്നു. പക്ഷെ സുരേശിനു് ഉറങ്ങാൻ സാധിച്ചില്ല. അസഹ്യമായ ചൂടുണ്ടായിരുന്നു അന്നത്തെ സായാഹ്നത്തിനു്. വിശിഷ്യാ മനസ്സിനെ നിയന്ത്രിക്കാൻ കഴിയാത്തതുനിമിത്തം സുരേശിൻെറ ആത്മാവിനു് അനുഭവപ്പെട്ടുകൊണ്ടിരുന്ന ദുഃഖാഗ്നിയാകട്ടെ സൂര്യതാപത്തെക്കാളധികം ശക്തിയായി അയാൾക്കു അനുഭവപ്പെട്ടുകൊണ്ടിരുന്നു. അതു് തന്നെത്തന്നെ ദഹിപ്പിക്കുകയായിരുന്നു. സുരേശ് ജനൽകതകു് തുറന്നു് വെളിയിലേയ്ക്കു നോക്കി. ഉടനെ കേദാരബാബു മുറിയിൽ പ്രവേശിച്ചിട്ട പറഞ്ഞു:—

'ഹെ എന്തൊരുഷ്ണം! ഇങ്ങനത്തെ ചൂടു് എൻെറ ജീവിതത്തിലൊരിക്കലും ഇതിനുമുമ്പു് കൽക്കത്തയിൽ ഉണ്ടായിട്ടുള്ളതായി ഞാൻ ഓക്കുന്നില്ല.'

എല്ലാ കതകുകളും തുറന്നിട്ടു് കേദാരബാബു സുരേശിൻെറ അടുത്തുവന്നു് ഒരു കസേരയിൽ ഇരുന്നു. എ

ന്നിട്ട് പറഞ്ഞു:— 'കേട്ടോ സുരേശ്, അധികം അന്വേഷണങ്ങളും മററും ഇക്കാര്യത്തിൽ ഇനി ആവശ്യമില്ല. നേരിട്ട് മഹിമിന് എഴുതുകയേ വേണ്ടൂ. എന്താണ് സുരേശിൻെറ അഭിപ്രായം?'

ഈ ചോദ്യം തൻെറ മുതുകത്തേല്ക്കുന്ന ഒരു ചാട്ടയടിപോലെ സുരേശിനു തോന്നി.

'ഇക്കാര്യത്തിൽ താങ്കൾ താങ്കളുടെ മകളുടെ അഭിപ്രായമാണ് പ്രധാനമായും അറിയേണ്ടതു്. മഹിമിനു എഴുതയയ്ക്കുന്നതിന് അവൾക്കു സമ്മതമുണ്ടോ?' സുരേശ് ചോദിച്ചു.

കേദാര:- 'ഇന്നു രാത്രിതന്നെ ഞാൻ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാം. അയാളുടെ കയ്യിൽ എൻെറ മകളെ ഏല്പിക്കുവാൻ എനിക്കു സമ്മതമില്ല. എത്രയും വേഗം ഈ പ്രശ്നമൊന്നു തീൻകിട്ടിയാൽ മതിയായിരുന്നു.'

സുരേശ്:—ഇതിൽ എനിക്ക് വല്ല കുഴപ്പവും...

കേദാരബൊബു:- 'കഷ്ടം! അത്ര മഠയനാണോ ഞാൻ. നിങ്ങളുടെ പേരു് ആരു പറയാൻ പോകുന്നു. ഞങ്ങൾക്കു് വളരെ വലിയ ഉപകാരം ചെയ്തുതന്ന ആളല്ലേ താങ്കൾ? ഇതിലും വലിയൊരു ഉപകാരം താങ്കളിൽ നിന്നും ഞങ്ങൾ ഇനിയും പ്രതീക്ഷിക്കുകയും ചെയ്യുന്നു. ഞങ്ങൾ ബ്രഹ്മസമാജക്കാർതന്നെയെങ്കിലും അന്തരത്തിലുള്ളവരൊന്നുമല്ല. എൻെറ മകൾ അവളുടെ അമ്മയെപ്പോലെതന്നെ ഹിന്ദുമതത്തിൽപ്പെട്ടതാണ്. അവളും ബ്രഹ്മസമാജത്തെ ഇഷ്ടപ്പെടാത്ത കൂട്ടത്തിലെന്ന

താണു് വാസ്തവം. സമാജത്തിൽ ഇതിനെപ്പററി ഇനി എന്തെങ്കിലും ആലോചന ഉണ്ടാകുന്നതിനുമുമ്പു് അചലയുടെ വിവാഹം കഴിയണം. പക്ഷെ അവളുടെ പരിപൂർണ്ണമായ അഭിപ്രായത്തോടുകൂടി അല്ലാതെ എനിക്കു് ഒന്നും സാധ്യമല്ല. നാം എന്തുപറഞ്ഞാലും അവൾ അതുപോലെ സമ്മതിക്കുമെന്നു പറയുവാൻ തരമില്ല. എന്തുകൊണ്ടെന്നാൽ അവളും മഹിമും തമ്മിൽ...മനസ്സിലായോ?'

സുരേശ് ഒരു പത്രം എടുത്തു് എന്തോ വായിക്കുവാനെന്നമട്ടിൽ തുറന്നുപിടിച്ചു. അന്നു് ഉച്ചക്കു് അചലയോടുള്ള തന്റെ പ്രണയനിവേദനത്തിന്റെ ഓർമ്മ അയാളെ ആകപ്പാടെ വിവശനാക്കി. പക്ഷേ, സുരേശിന്റെ ഈ നിലകണ്ടു് കേദാരബാബു മറെറാന്നാണു് വിചാരിച്ചതു്. അതിൽ അയാൾക്കു സന്തോഷം തോന്നി തുടന്നു പറഞ്ഞു:— 'എന്താണെന്നു് അറിഞ്ഞുകൂടാ സുരേശ്! നാലഞ്ചു മണിക്കൂർ സമയം മാത്രമേ ഞാൻ നിങ്ങളുമായി പരിചയപ്പെട്ടിട്ടുള്ളു. എങ്കിലും ജന്മജന്മാന്തരമായി നാം പരിചയമുള്ളവരാണു് എന്നതുപോലെ എനിക്കു് തോന്നിപ്പോകുന്നു. മററു പലരോടും പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾപോലും നിങ്ങളിൽനിന്നും മറച്ചുവക്കുവാൻ എനിക്കു സാധിക്കുന്നില്ല.'

ഇതിനുശേഷം കേദാരബാബു സുരേശിനോടു് തന്റെ പൂർവ്വകാലചരിത്രത്തെപ്പററി വിസ്തരിച്ചു പറഞ്ഞു. എത്രമാത്രം വിപുലമായ തോതിലാണു് താൻ വ്യാപാരം നടത്തിക്കൊണ്ടിരുന്നതു് എന്നും അതെത്ര

മാത്രം അഭിവൃദ്ധിയെ പ്രാപിച്ചു എന്നും പിന്നീട്ട് വിശ്വാസഘാതകന്മാരുടെ പിടിയിൽ ഒതുങ്ങി ചതിവിൽപ്പെട്ടു് എങ്ങനെ അതു് നാമാവശേഷമായിത്തീൎന്നു എന്നും മററുമുള്ള കാൎയ്യങ്ങൾ കേദാരബാബു വിശദീകരിച്ചു. ഒട്ടേറെ കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടിവന്നതും ദ്രണബാദ്ധ്യതമൂലം മകളുടെ പഠിത്തം പൂൎത്തിയാക്കുവാൻപോലും കഴിയാതെ പോയതുമായ കാൎയ്യങ്ങൾ പറഞ്ഞതിനുശേഷം കേദാരബാബു ഇങ്ങനെ തുടൎന്നു:— 'ഈ കഷ്ടപ്പാടുകൾ അനുഭവിച്ചുതുടങ്ങിയിട്ടു് അഞ്ചാറു കൊല്ലംതന്നെ കഴിഞ്ഞിട്ടുണ്ടു്. എങ്കിലും ഇന്നേവരെ ഈ വിവരങ്ങൾ ഞാൻ ആരോടും പറഞ്ഞിട്ടില്ല. എന്റെ ഈ കടം വീട്ടി എന്നെ രക്ഷിക്കുവാൻ കഴിവുള്ള അനേകം കൂട്ടുകാർ ഈ കൽക്കത്താ നഗരത്തിൽ തന്നെ എനിക്കുണ്ടെങ്കിലും ഞാൻ ആരോടും അതിന്നായി ആവശ്യപ്പെട്ടിട്ടില്ല. ഇന്നു് ഈ വിവരം നിങ്ങളെ അറിയിക്കുവാൻ എന്തോ എനിക്കു യാതൊരു മടിയും തോന്നുന്നില്ല എന്നതിൽ ഞാൻതന്നെ അത്ഭുതപ്പെടുന്നു.' ഇത്രയും പറഞ്ഞു് കേദാരബാബു ഈശ്വരനെ വന്ദിച്ചു.

സുരേശിനു ഈശ്വരനിൽ അത്രയധികം വിശ്വാസമൊന്നുമില്ല എങ്കിലും അയാൾ ചോദിച്ചു. 'താങ്കൾക്കു ഇപ്പോഴുള്ള കടം ഏകദേശം എത്രവരും?'

'കുറഞ്ഞപക്ഷം നാലായിരം വരും.' വേറെ എന്തോകൂടി പറയുവാൻ കേദാരബാബു ഭാവിക്കുമ്പോഴാണു് കുടിക്കുവാനുള്ള ചായയും മററും കൊണ്ടു് അചല

പ്രവേശിച്ചതു്. കോപ്പകളിലായി പകർത്തി അവൾ രണ്ടുപേക്കും ചായ നല്കി.

സുരേശ് തന്റെ കയ്യിൽ കിട്ടിയ ചായക്കോപ്പയിൽ നോക്കിക്കൊണ്ടുതന്നെ ചോദിച്ചു: 'കൃപാ നിങ്ങൾക്കു എന്നാണു് വേണ്ടതു്?'

കേദാരബാബു:— 'ഓ! അത്ര ധൃതിയൊന്നുമെനിക്കില്ല. നിങ്ങൾക്കൊരുപക്ഷേ, ഉണ്ടായിരുന്നാൽതന്നേയും. ഈ കെട്ടിടവും മററും ഞാൻ എവിടെ കൊണ്ടുപോകുവാനാണു്? ഇതിവിടെത്തന്നെ ഉണ്ടാകും. അങ്ങനെ ഉണ്ടായാൽ നിങ്ങൾക്കുതന്നെ ആയിരിക്കും അതിന്റെ ഗുണം. ഇതു നഷ്ടപ്പെട്ടുപോകുകയാണെങ്കിൽ നഷ്ടവും നിങ്ങൾക്കുതന്നെ.'

കേദാരബാബു പതുക്കെപ്പതുക്കെ ചായ മുഴുവൻ കുടിച്ചുതീർത്തിട്ടു് പറഞ്ഞു:—

'ഇന്നു നിങ്ങൾക്കു് ചായയും ആഹാരവും മററും ഇഷ്ടപ്പെട്ടുകാണുകയില്ല അല്ലേ സുരേശ്? നാളെ ഉച്ചയ്ക്കും താങ്കൾക്കു് ഇവിടെത്തന്നെ ആഹാരം കഴിക്കാം. ഇന്നത്തെ കേടു തീക്കണമല്ലോ. തീച്ചയായും പോരണം.' കേദാരബാബു തന്റെ മുറിയിലേക്കുപോയി. സുരേശ് തിരിഞ്ഞുനോക്കി. അചല നിന്നിമേഷയായി തന്നെത്തന്നെ നോക്കിനില്ക്കുകയാണു്. അയാളുടെ തല സ്വയം കുനിഞ്ഞുപോയി. കുറച്ചുസമയത്തേക്കു് അവിടെ ശൂന്യത തളംകെട്ടിനിന്നു.

## ഏഴ്.

നിശ്ശബ്ദതയ്ക്കു ഭംഗം വരുത്തിയതും സംഭാഷണം തുടങ്ങിയതും സുരേശ്തന്നെ ആയിരുന്നു. 'ഞാൻ ഒരു അബദ്ധം കാണിച്ചുപോയി. അറിയാതെ പററിയതാണതു്.'

അചല ഒന്നും മിണ്ടിയില്ല. അയാൾ തുടന്നു:-

'ഞാൻ ഒരു രാക്ഷസനാണെന്നു് നിങ്ങൾക്കു തോന്നുണ്ടാവും. പക്ഷേ, സംഭവിക്കേണ്ടതെല്ലാം സംഭവിച്ചുപോയി. ഇനി നാം രണ്ടുപേരും അതിൽ ലജ്ജിച്ചിട്ടു് എന്താണു് കാര്യം. ഇവിടെനിന്നു് മടങ്ങിപ്പോകുന്നതിനുമുമ്പു് എനിക്കു ഒന്നുരണ്ടു കാര്യങ്ങൾ നിങ്ങളോടു് ചോദിക്കണമെന്നുണ്ടായിരുന്നു. ചോദിച്ചാൽ നിങ്ങൾ ശരിക്കുത്തരം പറയുമോ?'

അചല കുനിഞ്ഞുനിന്ന ശിരസ്സു് അല്പമൊന്നുയർത്തി സുരേശിന്റെ മുഖത്തേയ്ക്കു നോക്കി. അവളുടെ കണ്ണുകളിൽ ദുഃഖം ഓളംവെട്ടുന്നുണ്ടായിരുന്നു. നിർവ്വികാരയായിത്തന്നെയാണു് അവൾ ഉത്തരം പറഞ്ഞതു്.

'ചോദിക്കു.'

സുരേശ്:- 'നിങ്ങളുടെ പിതാവിന്റെ കടംവീട്ടുന്ന ആവശ്യത്തിനായി നാളെയോ മററന്നാളോ ഒരുപ്രാവശ്യംകൂടി ഞാൻ ഇവിടെ വരും. പക്ഷേ, ആ അവ

സരത്തിൽ നിങ്ങളുമായി എന്തെങ്കിലും സംസാരിക്കേണ്ട ആവശ്യം എനിക്കില്ല. നിങ്ങൾക്കറിയാമോ നമ്മൾ രണ്ടുപേരേയും സംബന്ധിച്ചു നിങ്ങളുടെ അച്ഛൻെറ അഭിപ്രായം എന്താണെന്നു്?'

അചല:— 'അറിഞ്ഞുകൂടാ. വ്യക്തമായി യാതൊന്നുംതന്നെ അദ്ദേഹം എന്നോടു പറഞ്ഞിട്ടുമില്ല.'

സുരേശ്:- 'എന്നോടും അദ്ദേഹം യാതൊന്നും പറഞ്ഞിട്ടില്ല. എങ്കിലും അദ്ദേഹം എന്നെത്തന്നെയാണു് ഭാവി...ഓ! നിങ്ങൾക്കതു് സമ്മതമാവുകയില്ലല്ലോ! അല്ലേ?'

അചല:— 'ഇല്ല'.

'ഒരിക്കലും ഇല്ലേ?'

അചല മുഖം കുനിച്ചുകൊണ്ടുതന്നെ പറഞ്ഞു. 'ഇല്ല'.

'ഒരുപക്ഷേ, മഹിമിനു് ഇക്കാര്യത്തിൽ ആശയില്ലെങ്കിലോ? അപ്പോൾ...'

'എങ്കിൽതന്നേയും ഇതു ഞാൻ ആശിക്കുന്നില്ല.'

'അങ്ങനെ ആയാലും ഇല്ല അല്ലേ?'

'ഇല്ല'.

ദീർഘമായി നിശ്വസിച്ചുകൊണ്ടു് സുരേശ് പറഞ്ഞു: 'ഏതായാലും ഇപ്പോൾതന്നെ കാര്യം വ്യക്തമായി അറിയാൻ കഴിഞ്ഞതു് നന്നായി. ഞാൻ ഒരു കാര്യം ചോദിക്കട്ടെ; അങ്ങനെയായാൽ നിങ്ങളുടെ പിതാവിൻെറ കടം എങ്ങനെ വീട്ടുവാൻ കഴിയും?'

'അപ്പോൾ ഞാൻ വഴങ്ങിയാൽ മാത്രമേ താങ്കൾ അച്ഛനെ സഹായിക്കൂ. അല്ലെങ്കിൽ ഇല്ല. എന്നല്ലേ?'

സുരേശ് ചിരിച്ചുകൊണ്ടു പറഞ്ഞു:- 'എന്നോട്ട് പരിചയപ്പെട്ടുകഴിഞ്ഞതിനുശേഷം എന്റെ പെരുമാററത്തെ സംബന്ധിച്ചിടത്തോളം ദൂഷ്യം പറയുന്നതു് കഷ്ടമാണു്. നിങ്ങൾ കരുതുന്നതുപോലെ ഞാൻ അത്ര നീചനൊന്നുമല്ല. നിങ്ങളുടെ അച്ഛനു് കടംവീട്ടുന്നതിനാവശ്യമായ പണം ഞാൻ കൊടുക്കാം എന്നു സമ്മതിച്ചതു് എന്തെങ്കിലും പ്രതിഫലേച്ഛയോടുകൂടിയല്ല. ഒരു സഹായം എന്നേ ഞാൻ അതേപ്പററി കരുതീട്ടുള്ളു. അതിൽക്കവിഞ്ഞു് യാതൊന്നുമില്ല. സമ്മതമോ അഭിപ്രായമോ അക്കാര്യത്തിൽ ആവശ്യമില്ലതാനും. എന്നാൽ വെറും സഹായം എന്നതരത്തിൽ അതു സ്വീകരിക്കുവാനുള്ള മനഃസ്ഥിതി നിങ്ങളുടെ അച്ഛനു് ഉണ്ടായെങ്കിൽ മാത്രമേ എന്റെ താല്പര്യം വിജയിക്കുകയുള്ളു. ദൈവം അനുഗ്രഹിച്ചു ഇന്നു് എന്റെ കൈവശം ആവശ്യത്തിലധികം സമ്പാദ്യങ്ങളുണ്ടു്. എനിക്കു് അവയോട്ട് അത്രയേറെ അഭിരുചിയില്ലതാനും. നാലായിരവും മററും എനിക്കു് അത്രവലിയ കാര്യമൊന്നുമല്ല. പക്ഷേ, നിങ്ങളുടെ അച്ഛന്റെ ധാരണ ആ പണം പിന്നെ വീട്ടേണ്ടിവരികയില്ല എന്നാണു്. ഏതായാലും നിങ്ങളുടെ മനസ്സിലുള്ളതു് അച്ഛനോടു വ്യക്തമായി പറയൂ. മറ്റെന്നാൾ വരെ അതിനു സമയമുണ്ടു്. ഇക്കാര്യംകൊണ്ടു എന്തെങ്കിലും പിണക്കം എനിക്കുണ്ടാകുമെന്നു് നിങ്ങൾ സംശയിക്കേണ്ടതില്ല. പണത്തോടുള്ള താല്പര്യംകൊണ്ടു്

നിങ്ങൾ നിങ്ങളുടെ അഭിപ്രായം മാററുകയും അരുതു്. അഭിപ്രായം തുറന്നുപറഞ്ഞതിൽ ഞാൻ നിങ്ങളെ അ ങ്ങേയററം അഭിനന്ദിക്കുന്നു. എനിക്കു നിങ്ങളോടു് അധികം ആദരവു് തോന്നാൻ ഇടയാകുന്നതു് നിങ്ങളുടെ ഈ അഭിപ്രായധീരത ഒന്നുമാത്രമാണു്. ഇനിയും നിങ്ങ ളോടു് എന്തെങ്കിലും സംസാരിക്കുവാനുള്ള അർഹത എനിക്കില്ല. എങ്കിലും അവസാനമായി നിങ്ങളോടു് ഒരു ഭിക്ഷ യാചിച്ചുകൊള്ളട്ടെ. അതായതു്, എൻെറ അപരാധങ്ങളെല്ലാം മറന്നു് എനിക്കു മാപ്പുതരണം.' ഇത്രയും പറഞ്ഞു കഴിഞ്ഞതിനുശേഷം അചലയോടു വന്ദനവും പറഞ്ഞുകൊണ്ടു് സുരേശ് യാത്രായി.

സുരേശ് പോയിക്കഴിഞ്ഞ ഉടനെ കേദാരബാബു മുറിയിൽ പ്രവേശിച്ചു മകളോടു് ചോദിച്ചു: 'എന്നോടു് യാതൊന്നും പറയാതെയാണല്ലോ സുരേശ് മടങ്ങിപ്പോ യതു്. നാളെ ഇവിടെ ആഹാരം കഴിക്കാനായി നീ അയാളെ ക്ഷണിച്ചുവോ?'

അചല:- 'അക്കാര്യം ഞാൻ മറന്നുപോയി.'

കേദാരബാബു ചോദിച്ചു:- 'കൊള്ളാം! എന്നാൽ ഉടനെ ഒരു എഴുത്തു് അയക്കാം. സുരേശിന്റെ വിലാസം എന്താണു്?'

അചല:- 'വിലാസം എനിക്കറിയാൻ പാടില്ല.'

'അതും അറിഞ്ഞുകൂടെന്നോ? പിന്നെ എന്തറിയാം? നീ സ്വയം നിൻെറ കൈകാലുകൾ വെട്ടിമുറിക്കുവാനാ ണു് ഭാവമെങ്കിൽ അതുതന്നെ നടക്കട്ടെ. പക്ഷേ, വെറു മൊരു പരിചയംകൊണ്ടു മാത്രം നാലായിരവും മററും

തരാമെന്നു സമ്മതിച്ച ഒരാളിൻെറ മേൽവിലാസം പോലും അറിയണമെന്നു നിനക്കു തോന്നിയില്ലെങ്കിൽ ഞാൻ എന്തു പറയുവാനാണു്?'

ഋണബാധ്യതയുടെ ഭാരംകൊണ്ടു് സ്വയം മറന്നു് സത്യാസത്യങ്ങളെ തിരിച്ചറിയാൻ കഴിയാതെ ആത്മ രക്ഷക്കുവേണ്ടി മാത്രം പരിശ്രമിക്കുകയാണു് തൻെറ പിതാവു് എന്നു് അചലക്കു് മനസ്സിലായി. ഇതുമൂലം വളരെ മനോവേദന അവൾ അനുഭവിക്കേണ്ടിവരി കയും ചെയ്തു. എങ്കിലും അതു പ്രകടിപ്പിക്കാതെ എല്ലാം അവൾ സഹിച്ചുപോന്നു. ഇന്നാകട്ടെ അതവൾക്കു തീരെ അസഹ്യമായി അനുഭവപ്പെട്ടുന്നു. കടത്തിൻെറ കാര്യം അച്ഛൻ സുരേശിനോട്ടു് പറഞ്ഞതും സുരേശ് അതു വീട്ടുവാൻ തയാറായതും മറ്റും അറിഞ്ഞുകഴിഞ്ഞപ്പോൾ അവൾക്കു അത്യധികം ലജ്ജയും അപമാനവും തോന്നി. എങ്കിലും അതു് വെളിയിൽ കാണിക്കാതെ അവൾ പറഞ്ഞു:—

'മററന്നാൾ രൂപ തരാമെന്നു് സമ്മതിച്ചാണു് സുരേശ്ബാബു പോയിരിക്കുന്നതു്.'

കേദാരബാബു:— 'വല്ല പ്രമാണവും ഇതിലേക്കാവശ്യമാണു് എന്നോ മററോ പറയുകയുണ്ടായോ?'

അചല:— ഇല്ല. അങ്ങനെയൊന്നും അദ്ദേഹം പറഞ്ഞില്ല. അതിനാവശ്യമുണ്ടെന്നും തോന്നുന്നില്ല.'

കേദാരബാബു:— 'നിന്നോട്ടു് ഞാൻ എന്തു പറയാനാണു് മകളെ! രണ്ടുവർഷം കഴിഞ്ഞിരിക്കുന്നു ഞാൻ ശരിക്കു് ഉറങ്ങിയിട്ടു്. എല്ലാം ഈശ്വരൻെറ കൃപ. സുരേശിനെ കണ്ടപ്പോൾതന്നെ ജന്മജന്മാന്തരങ്ങളായി

എന്തോ ബന്ധമുള്ളതുപോലെ തോന്നിപ്പോയി എനിക്ക്. ഒരുപക്ഷേ, ഏതെങ്കിലും ജന്മത്തിൽ അവൻ എന്റെ മകൻതന്നെയായിരുന്നിരിക്കും.

സന്ധ്യാവന്ദനത്തിനായി കേദാരബാബു എഴുന്നേറ്റു. അചല അവിടെത്തന്നെ ഇരുന്നു് ചിന്തിച്ചുതുടങ്ങി. 'രണ്ടു മിത്രങ്ങൾ അവർ രണ്ടുപേരും അവളുടെ ജീവിതത്തിന്റെ വഴിത്താരയിൽവന്നു നില്ക്കുകയാണു്. അതിൽ ഒരാളെ പോകൂ' എന്നുപറഞ്ഞു് തള്ളിക്കളയേണ്ടിയിരിക്കുന്നു. ആരോടാണു് പോകുവാൻ പറയേണ്ടതു്? മഹിമിനോടാണോ? മഹിം അചഞ്ചലമായ വിശ്വാസത്തിൽ മുഴുകിയിരിക്കുന്ന ആളാണു്. ശാന്തമോഹനമായ അയാളുടെ മുഖം മനസ്സിൽ പ്രതിബിംബിച്ചുകണ്ടപ്പോൾ അചലയുടെ കണ്ണുകളിൽ താനെ വെള്ളം നിറഞ്ഞു. 'മഹിം ഒരിക്കലും ഒരു തെററും ചെയ്തിട്ടില്ല. എങ്കിലും കടന്നുപൊയ്ക്കൊള്ളു' എന്നു പറഞ്ഞാൽ പാവം ഒന്നും മിണ്ടാതെ പൊയ്ക്കൊള്ളും. പിന്നെ ഒരിക്കലും തിരിച്ചു വരികയുമില്ല. ഒരു ദോഷവും ഒരിക്കലും അദ്ദേഹത്തിൽ നിന്നുണ്ടാകുമെന്നു് ഭയവും വേണ്ട. എന്താണിങ്ങനെ പോകുവാൻ പറയുന്നതു് എന്നു ചോദിക്കുവാൻപോലും കാത്തുനില്ക്കുകയുമില്ല. സുരേശുമായി താൻ വിവാഹബന്ധത്തിൽ ഏർപ്പെടുവാൻ പോകുകയാണു് എന്നു കേട്ടാൽ അങ്ങേയററം ഒരു ദീർഘനിശ്വാസം ഉതിക്കുമായിരിക്കും. അതുകഴിഞ്ഞു് സന്തോഷത്തോടെതന്നെ തന്റെ ജോലിയിൽ പ്രവേശിക്കുകയും ചെയ്യും.

ഇങ്ങനെ ചിന്തിക്കുന്തോറും അചലയുടെ മുഖം ചുവന്നു. അവൾ അത്യധികം ലജ്ജാവതിയായി.

# എട്ട്.

അന്ന് ഒരുമിച്ച് ഉല്ലാസയാത്ര ചെയ്തുകൊണ്ടിരിക്കുകയായിരുന്നു സുരേശും അചലയും കേദാരബാബുവും. ഗോലദിഗ്ഘിക്കു സമീപം എത്തിയപ്പോൾ കേദാരബാബു ഇറങ്ങി. ഈ സമയം സുരേശ് അചലയുടെ കൈ സ്വന്തം കൈക്കുള്ളിലാക്കി പിടിച്ചുകൊണ്ടു സ്നേഹപൂർവ്വം ചോദിച്ചു:

'എന്താ അചലേ, നീ എന്നെ അങ്ങ് എന്ന് സംബോധന ചെയ്യാതിരിക്കുന്നത്?'

അചല:— 'ഒരു ദിവസം അങ്ങനെ ചെയ്യും എന്ന് താങ്കൾ വിശ്വസിക്കൂ.'

സുരേശ് ദീർഘമായി ഒന്ന് നിശ്വസിച്ചിട്ടു പറഞ്ഞു: 'മഹിം എല്ലാ വിവരവും അറിഞ്ഞിട്ടുണ്ടെന്നാണു തോന്നുന്നത് കേട്ടോ.'

സുരേശിൻെറ കൈയിൽനിന്ന് തന്റെ കൈ വിട്ടുവിച്ചുകൊണ്ടു അചല ചോദിച്ചു:

'താങ്കൾക്കെങ്ങനെ അറിയാം?'

'അല്ലെങ്കിൽ ഇതിനകം ഇവിടെ വരുമായിരുന്നല്ലോ.'

'അദ്ദേഹം നാട്ടിൽനിന്നും തിരിച്ചുപോന്നോ?'

'എന്തോ അറിഞ്ഞുകൂടാ.'

'വന്നിട്ടുണ്ടോ ഇല്ലയോ എന്നറിഞ്ഞതിനുശേഷം അദ്ദേഹത്തിന്നു് ഒരു കത്തയച്ചാൽ മതിയല്ലോ.'

'അചലേ, നിനക്കു ഒരിക്കലും എന്നെ സ്നേഹിക്കുവാനും ആദരിക്കുവാനും കഴിയുകയില്ലല്ലോ എന്നോക്കുമ്പോൾ എനിക്കു് സങ്കടം തോന്നുന്നു. ഞാൻ ശ്രൂപങ്ങു പകരം നിന്നെ തട്ടിയെടുക്കുകയാണു് ചെയ്തതു് എന്നേ നിനക്കു് എപ്പോഴും തോന്നുകയുള്ളു. എൻെറ അപരാധം......'

അചല ഇടയ്ക്കുകയറിപ്പറഞ്ഞു: 'താങ്കൾ സദയം ചെയ്ത ഉപകാരത്തിനു് പകരമായിട്ടു് എന്തെങ്കിലും ആവശ്യപ്പെട്ടു എന്നു് ഞാൻ വിചാരിക്കുന്നില്ല. താങ്കളുടെ സന്മനസ്സിനെ ഞാൻ നല്ലതുപോലെ അറിയുന്നു. ഇനിയും ഞാൻ താങ്കളെ ആദരിക്കുന്നില്ലെങ്കിൽ എനിക്കു് നരകത്തിൽപ്പോലും സ്ഥാനം കിട്ടുകയില്ല.'

അചലയുടെ മാധുര്യം നിറഞ്ഞ ഈ വാക്കുകൾ സുരേശിനെ പുളകംകൊള്ളിച്ചു. ആനന്ദാശ്രുക്കൾ അയാളുടെ കണ്ണുകളിൽ തളംകെട്ടിനിന്നു. ഗദ്ഗദത്തോടെ അയാൾ തുടന്നു: 'ഞാൻ വളരെ ദുർബ്ബലനാണു് എങ്കിലും ഈ ന്യായവും അന്യായവും, ഗുണവും ദോഷവും മററും തിരിച്ചറിയാൻ പാടില്ലാത്തവനാണു് എന്നു് വിചാരിക്കരുതു്. മഹിമിനാണെങ്കിൽ എന്തും സഹിക്കുവാനുള്ള കരുത്തുണ്ടു്. പക്ഷേ, എനിക്കതില്ല. നീ എന്റേതല്ല മററാരുടേയോ ആണു് എന്നു ചിന്തിക്കുവാൻപോലും ഞാൻ അശക്തനാണു്. നീ എനിക്കു ലഭിക്കുകയില്ല

എന്നു വിചാരിക്കുമ്പോൾ എൻെറ തല കറങ്ങുന്നതു പോലെ അനുഭവപ്പെടുന്നു.'

മറെറാന്നും ചിന്തിക്കാതെ സ്വയം മറന്നു് അചല സുരേശിൻെറ കണ്ണുനീർ സ്വന്തം കൈകൊണ്ടുതന്നെ തുടച്ചു. പെട്ടെന്നുണ്ടായ ഒരു സംഭ്രമം അവളെ അതിനു പ്രേരിപ്പിച്ചു എന്നുമാത്രം. സുരേശിനോടുള്ള സഹതാപം പ്രകടിപ്പിച്ചുകൊണ്ടവൾ പറഞ്ഞു: 'എന്തിനാണു് നിങ്ങൾ ഇങ്ങനെ വെറുതെ സങ്കടപ്പെടുന്നതു്. ഞാൻ എൻെറ അച്ഛൻെറ വാക്കുകളെ മാനിക്കാതിരിക്കുമോ? അദ്ദേഹമാണു് താങ്കളുടെ കയ്യിൽ എന്നെ ഏല്പിച്ചിട്ടുള്ളതു്.'

സുരേശ് അചലയുടെ കൈ അനേകപ്രാവശ്യം ചുംബിച്ചുകൊണ്ടു പറഞ്ഞു: 'അചലേ, നിനക്കു തരുവാനുള്ള ഏററവും വലിയ സമ്മാനമിതാണു്. ഇതിൽ കൂടുതൽ ഞാനൊന്നും ആഗ്രഹിക്കുന്നില്ല. പക്ഷേ, എപ്പോഴെങ്കിലും നീയെന്നെ വഞ്ചിക്കുമോ എന്നു് ഞാൻ ഭയപ്പെടുകയാണു്.'

വണ്ടി വീട്ടുവാതില്ക്കലെത്തി. സുരേശ് അചലയുടെ കൈപിടിച്ചു അവളെ താഴെയിറക്കി. ഇറങ്ങിയ ഉടനെ ഒരുമിച്ചുതന്നെ രണ്ടുപേരും അടുത്തുനിന്ന മഹിമിനെ കണ്ടു. മഹിമിനെ കണ്ടതേ ഉള്ളു രണ്ടുപേരും—സുരേശും അചലയും—കല്ലുപോലെ മരവിച്ചുപോയി. അവ്യക്തമായ എന്തോ ഒരു ആർത്തനാദം അചലയുടെ വായിൽനിന്നും പുറപ്പെട്ടു. അവൾ സുരേശിന്റെ കയ്യിൽ നിന്നും തൻെറ കൈ ശക്തിയോടെ വിടുവിച്ചുകൊണ്ടു പിൻമാറിനിന്നു.

മഹിമാകട്ടെ യാതൊരു ആശ്ചര്യവും പ്രകടിപ്പിക്കാതെ ചോദിച്ചു: 'സുരേശ്! നീ എങ്ങനെ ഇവിടെ എത്തി?'

വിളറിപ്പോയ മുഖത്ത് അല്പം ചിരി വരുത്തി ഇടറിയ തൊണ്ടയെ ഒന്നു ശരിയാക്കിക്കൊണ്ടു സുരേശ് പറഞ്ഞു:

'ഹയ്യോ! മഹിം നീ ഇത്രയും നാൾ എവിടെയായിരുന്നു? ഒന്നു കാണണമെന്നു് വിചാരിച്ചിട്ടുപോലും സാധിച്ചില്ല. എന്നാണു വന്നതു്? ശരി വരൂ. നമുക്കു മുകളിൽ കയറിപ്പോകാം. പിന്നെ അചലയുടെ അച്ഛൻ സമാജത്തിലേക്കു പോയിരിക്കുകയാണു്. ഇവരെ വീട്ടിൽകൊണ്ടാക്കുവാൻ എന്നെ ചുമതലപ്പെടുത്തുകയും ചെയ്തു. നീ ഒരു എഴുത്തുപോലും ഇതേവരെ അയച്ചില്ലല്ലോ. കഷ്ടമായിപ്പോയി.'

എല്ലാവരും മുകളിൽ കയറിച്ചെന്നു് ഒപ്പം ഇരുന്നു. സുരേശ് മൂകനായി. വെളുത്ത പ്രകാശത്തിൽ സുരേശിന്റെ മുഖം നല്ലതുപോലെ ഇരുണ്ടതായി കാണപ്പെട്ടു. മഹിം അചലയോടായി ചോദിച്ചു:

'അപ്പോൾ എല്ലാ വിവരങ്ങളും ശരിതന്നെ അല്ലേ?'

അചലക്കു ഒന്നും മിണ്ടുവാൻ കഴിഞ്ഞില്ല. അവൾ തലകുനിച്ചുനിന്നു.

മഹിം:- 'സുരേശുമായി നീ ഇത്രമാത്രം അടുത്തു കഴിഞ്ഞിരിക്കുന്നുവല്ലോ! എനിക്കു അതിശയം തോന്നിപ്പോകുന്നു. എന്നു് നിങ്ങൾ പരിചയപ്പെട്ടു; ഞാൻ സ്തംഭിച്ചുപോയി നിങ്ങളെ ഇങ്ങനെ ഒരുമിച്ചു കണ്ടപ്പോൾ'

അചല വളരെ സാഹസത്തോടെന്നപോലെ പറഞ്ഞു: 'ഇദ്ദേഹമാണ് എൻെറ അച്ഛൻെറ നാലായിരം രൂപയുടെ കടംവീട്ടിയതു്.'

മഹിം:— കടം വീട്ടി എന്നോ! പിന്നെ?'

അചല:— 'പിന്നെ എല്ലാം ഇദ്ദേഹത്തോടു ചോദിച്ചു മനസ്സിലാക്കൂ....' അചല വെളിയിലേക്കു ഓടിപ്പോയി. മഹിം സുരേശിൻെറ സമീപം ചെന്നു: 'സുരേശ്! പിന്നെ എന്തുണ്ടായി എന്നു് എന്നോടു് പറയാമോ? ഞാൻ വീട്ടിൽ മടങ്ങിപ്പോകുന്നതുവരെ നിങ്ങൾക്കു ഇവരുമായി യാതൊരു പരിചയവും ഇല്ലായിരുന്നല്ലോ! ഇത്രയും ദിവസത്തിനകം ഇത്ര വലിയ അടുപ്പം നിങ്ങൾതമ്മിൽ ഉണ്ടായല്ലോ! മാത്രമോ, ഒരു ബ്രഹ്മസമാജത്തിൽപെട്ട കുടുംബത്തിൻെറ കടം നാലായിരം രൂപ വീട്ടി അവരെ സഹായിക്കുവാനുള്ള ഉദാര മനഃസ്ഥിതി നിനക്കെങ്ങനെയുണ്ടായി?'

സുരേശ് ധൃതിപിടിച്ചുകൊണ്ടു പറഞ്ഞു;

'എനിക്കിപ്പോൾതന്നെ പോകണം. നീ കേദാരബാബുവിനോടുതന്നെ ചോദിക്കൂ. അദ്ദേഹം എല്ലാം നിന്നോടു് പറയുന്നതിനു കാത്തിരിക്കുകയാണു്.'

മഹിം:— 'ശരി. എന്നാൽ ഞാൻ ഇപ്പോൾതന്നെ ഭപായി ചോദിക്കാം.' മഹിം മുറിവിട്ടു വെളിയിലിറങ്ങി. അവിടെ അചല തന്നെത്തന്നെ ഉററുനോക്കി നില്ക്കുന്നതു് അയാൾ കണ്ടു. പക്ഷെ തൻെറ അടുത്തു് അവൾ വരുവാൻ തയാറില്ല എന്നു കണ്ടപ്പോൾ മഹിം പടികൾ കടന്നു് താഴെയിറങ്ങി.

# ഒൻപതു്.

ഏന്തോ ചില മരുന്നുകൾ വാങ്ങേണ്ട ആവശ്യത്തിനായി മഹിം കൽക്കട്ടയിൽ വന്നു. രാത്രിയിലെ വണ്ടിയിൽതന്നെ തിരിച്ചുപോകുകയും ചെയ്തു. നാലു ദിവസങ്ങൾ കഴിഞ്ഞു. അന്നു് വൈകുന്നേരം ഒന്നിച്ചു സിനിമയ്ക്കു പോകുവാനുള്ള പ്ലാൻ ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു കേദാരബാബു. അചലയും സുരേശും അടുത്തുണ്ടു്. ഇതിനിടയിൽ ആകസ്മികമായി മഹിമും അശുഭഗ്രഹമെന്നപോലെ അവിടെ എത്തിച്ചേർന്നു. മഹിമിനെ കണ്ട ഉടനെ സുരേശ് പത്രം വായിക്കുകയാണെന്ന ഭാവത്തിലിരുന്നു. അചല കൂട്ടാനു് (പച്ചക്കറി) നറുക്കിക്കൊണ്ടിരിക്കുകയായിരുന്നു. മഹിം കേദാരബാബുവിനോടു് സംഭാഷണം തുടങ്ങി. പെട്ടെന്നു് അചല വെളിയിലേക്കോടിച്ചെന്നിട്ടു് ഉടനെ തിരിച്ചുപോന്നു. മുറിയിൽ ഫാനിന്റെ ഇളംകാററു് വീശിത്തുടങ്ങി. കാററു കിട്ടിയതിൽ കേദാരബാബു സന്തോഷിച്ചു. മഹിമിന്റെ നെററിത്തടത്തിലും മുഖത്തും വിയർപ്പുതുള്ളികൾ തങ്ങിനില്ക്കുന്നതു് സുരേശ് കണ്ടു. മഹിമിനുവേണ്ടി ആയിരുന്നു ഫാൻ ഓൺ ചെയ്തതെന്നും അതിനായിട്ടാണു് അചല വെളിയിലേക്കു പോയതെന്നും സുരേശിനു മനസ്സിലായി. അത്യ

ധികമായ ഈൎഷ്യ സുരേശിന്റെ മുഖത്തു് പ്രകടമായി. വാച്ചുനോക്കിക്കൊണ്ടു് അയാൾ പറഞ്ഞു: 'അഞ്ചുമണി കഴിഞ്ഞിരിക്കുന്നു. ഇനി ഞാനിറങ്ങട്ടെ കേദാരബാബു.' കേദാരബാബു ഭൃത്യനോടു് ചായ കൊണ്ടുവരുവാൻ ആജ്ഞാപിച്ചു. അചല അകത്തേയ്ക്കുപോയി രണ്ടു ഗ്ലാസ്സ് ചൂടുള്ള ചായ ഉണ്ടാക്കിക്കൊണ്ടുവന്നു. ഒന്നു് കേദാരബാബുവിനും മറേറതു് സുരേശിനും നൽകി. പക്ഷേ, ചൂടധികം എന്നു പറഞ്ഞു് സുരേശ് അതെടുത്തില്ല. 'അപ്പോൾ മഹിമിനു് ചായ വേണ്ടേ?' കേദാരബാബു മകളോടായി ചോദിച്ചു. മഹിം അതിനുത്തരം പറയുന്നതിനു മുമ്പുതന്നെ അചല മൃദുസ്വരത്തിൽ പറഞ്ഞു: 'ഇത്രയും ഉഷ്ണം ഉള്ളപ്പോൾ അദ്ദേഹത്തിനു് ചായയല്ല ആവശ്യം.' തിരിഞ്ഞു അവൾ മഹിമിനോടായി പറഞ്ഞു: 'ഈ സമയത്തു് അങ്ങു് ചായ കുടിക്കാറുമില്ലല്ലോ.' അചലയുടെ ഈ പെരുമാററം കണ്ടപ്പോൾ മഹിമിൻെറ ഹൃദയഭാരം തെല്ലൊന്നു കുറഞ്ഞു. ഏതോ മായാമന്ത്രം എന്നപോലെ അചല അതു് മനഃപ്പൂൎവ്വം ചെയ്തതായിരുന്നു. 'നിങ്ങൾക്കുവേണ്ടി ഞാൻ ജ്യൂസ് എടുത്തു് സൎബ്ബത്തു് ഉണ്ടാക്കിക്കൊണ്ടുവരാം.' എന്നു പറഞ്ഞു് അചല അകത്തുപോയി. സുരേശിനു് തൻെറ ചായ സ്വാദ്രഹിതമായി തോന്നി.

ചായ കുടിച്ചുകഴിഞ്ഞു് വസ്ത്രങ്ങൾ മാററി കേദാരബാബു യാത്രയ്ക്കൊരുങ്ങി. പക്ഷേ, അചല അവിടെത്തന്നെ ഇരുന്നു് തന്റെ ജോലി തുടൎന്നു. കേദാരബാബു അചലയോടു് സിനിമയ്ക്കു പോകുന്നതിനായി ഒരുങ്ങു

വാൻ പറഞ്ഞുവെങ്കിലും അവൾ ഇപ്രകാരമാണു് പറഞ്ഞതു്.

'ഇന്നു് നിങ്ങളെല്ലാവരും പോകൂ. ഞാൻ വരുന്നില്ല. ഇന്നെന്തോ എനിക്കു് തീരെ സുഖം തോന്നുന്നില്ല.'

സുരേശ് ഇതു കേട്ടിട്ടും തൻെറ അഭിമാനത്തെ രക്ഷിക്കുന്നതിനുവേണ്ടി പറഞ്ഞു:

'നമുക്കു രണ്ടുപേക്കും നടക്കാം കേദാരബാബു. ആരോടും ചോദിക്കുകയും പറയുകയും ഒന്നും വേണ്ട.'

സുരേശിൻെറ മനസ്സിലുള്ള കോപത്തെ മനസ്സിലാക്കിക്കൊണ്ടു് കേദാരബാബു അചലയെ ശാസിക്കുന്ന രൂപത്തിൽ പറഞ്ഞു:

'എന്തൊരു കുട്ടിയാണു് നീ? ഇത്ര പെട്ടെന്നു് നിനക്കു് എന്തസുഖം ഉണ്ടായി? നിനക്കു് ഇവിടെ എന്താണു് ചെയ്യാനുള്ളതു്? വരുന്നില്ലെങ്കിൽ വേണ്ട. വരൂ സുരേശ് നമുക്കു പോകാം.'

അചല നീരസഭാവത്തോടെ സുരേശിനെയും അച്ഛനേയും നോക്കിയിട്ടു് വെളിയിലേക്കു പോയി.

സുരേശ് ചൊടിച്ചു—'താങ്കൾ ആവശ്യമില്ലാതെ സംസാരിച്ചുകൊണ്ടിരിക്കുകയാണു്. ഇനിയും താമസിക്കുവാൻ എനിക്കു് സാധ്യമല്ല. ഞാൻ പോകട്ടെ.'

കേദാരബാബു സ്വയം ലജ്ജിച്ചുപോയി. പക്ഷെ മഹിമിനോടാണു് അയാൾക്കു് വെറുപ്പു് തോന്നിയതു്. മഹിമിനോടായി അയാൾ ചോദിച്ചു: 'മഹിം നിനക്കു്

അത്യാവശ്യമായി എന്തെങ്കിലും എന്നോട്ട് പറയുവാൻ ഉണ്ടോ ഇപ്പോൾ?'

മഹിം:— 'ഇല്ല.'

കേദാരബാബു:– 'എന്നാൽ ഞങ്ങൾ ഇപ്പോൾ പോകട്ടെ. നീ വേറൊരു ദിവസം പോരൂ.'

കേദാരബാബുവും സുരേശും വണ്ടിയിൽ കയറി യാത്ര ആരംഭിച്ചു. മഹിമും ഒരുവശത്തുകൂടി നടന്നുതുടങ്ങി. കുറച്ചുദൂരം നടന്നുകഴിഞ്ഞപ്പോൾ പുറകിൽനിന്നും ആരോ വിളിക്കുന്നതായി തോന്നി. തിരിഞ്ഞുനോക്കിയപ്പോൾ കണ്ടതു് കേദാരബാബുവിന്റെ ഭൃത്യനെയാണ്. ഓടിക്കിതച്ചു് അയാൾ മഹിമിൻെറ അട്ടത്തെത്തി, ഒരു കഷണം കടലാസ്സ് നീട്ടി. അതിൽ പെൻസിൽകൊണ്ടു് 'അചല' എന്നു് എഴുതിയിരിക്കുന്നതു് മഹിം കണ്ടു. അല്പനേരത്തേക്കു് അവിടംവരെ ഒന്നു വരുവാൻ അചല പറഞ്ഞതായി ഭൃത്യൻ അറിയിച്ചു. മഹിം തിരിച്ചുനടന്നു. മുകളിൽ പോകുന്നതിനായി പടികൾ കയറുമ്പോൾ സമീപത്തു നില്ക്കുന്ന അചലയെ കണ്ടു. അവളുടെ കണ്ണുകൾ ചുവന്നിരുന്നു. കണ്ണുനീർ അപ്പോഴും ഒഴുകിക്കൊണ്ടിരിക്കുകയാണു്. മഹിമിനോടു അവൾ ഗദ്ഗദത്തോടെ ചോദിച്ചു: 'അങ്ങയുടെ സ്നേഹിതൻെറ മാനത്തെ രക്ഷിക്കുന്നതിനുവേണ്ടി അങ്ങു് എന്നെ ഉപേക്ഷിക്കാമെന്നു് വിചാരിക്കുകയാണോ?' അചലയുടെ തൊണ്ട ഇടറി. അവൾ തേങ്ങിത്തേങ്ങി കരയുവാൻ തുടങ്ങി.

മഹിം സ്തംഭിച്ചു നിന്നുപോയി. രണ്ടുമിനിട്ടു കഴിഞ്ഞു തൻെറ സാരിത്തലപ്പുകൊണ്ടുതന്നെ കണ്ണുനീർ തുടച്ചുകൊണ്ടു് അവൾ വീണ്ടും പറഞ്ഞുതുടങ്ങി. 'എനിക്കു് ഇനി മടിച്ചിരിക്കുവാനുള്ള സമയമില്ല. കാണട്ടെ അങ്ങയുടെ വലത്തുകൈ'. അചല തൻെറ കൈവിരലിൽ അണിഞ്ഞിരുന്ന മോതിരം ഊരിയെടുത്തു് മഹിമിൻെറ വിരലിൽ അണിയിച്ചു. 'ഇനി എനിക്കു് അധികമൊന്നും ചിന്തിക്കുവാനില്ല. അങ്ങു് എന്തു ചെയ്യുന്നമെന്നു നിശ്ചയിക്കൂ.' അചല മഹിമിനെ കുനിഞ്ഞു നമസ്കരിച്ചുകൊണ്ടു മുറിയിൽപ്പോയി.

മഹിം ഒന്നും സംസാരിച്ചില്ല. അയാൾ കുറച്ചു സമയം അവിടെത്തന്നെ ചാരിനിന്നു. പിന്നീടു് പതുക്കെ പതുക്കെ വെളിയിലേക്കു നടന്നു.

# പത്ത്.

സുരേശ് കേദാരബാബുവുമായി ഇത്രയും അട്ടക്കു വാനുണ്ടായ കാരണം എന്തെന്ന് മഹിമിനു മനസ്സിലായില്ല. എങ്കിലും നടന്ന സംഭവങ്ങളെല്ലാം അയാൾ അറിഞ്ഞു. കേദാരബാബുവിൻെറ പ്രകൃതത്തെപ്പററി നല്ലവണ്ണം മനസ്സിലാക്കിയിട്ടുള്ള ആളാണ് മഹിം. എവിടെനിന്നു പണം കിട്ടുവാൻ സാദ്ധ്യതയുണ്ടോ അവിടെയെല്ലാം കേദാരബാബു ആകഷിക്കപ്പെട്ടും. സുരേശിൻെറ സ്വഭാവത്തെപ്പററി ഇനിയും അറിയേണ്ടതായി മഹിമിന് ഒന്നുമുണ്ടായിരുന്നില്ല. സുരേശാകട്ടെ സ്നേഹിതക്കുവേണ്ടി എന്തു ത്യാഗവും അനുഷ്ഠിക്കുവാൻ തയാറുള്ളവനാണ്. കേദാരബാബു സുരേശുമായി അട്ടക്കുവാനുണ്ടായ കാരണം ഇതായിരിക്കുമെന്നു മഹിം ഊഹിച്ചു. ഏതായാലും തൻെറ കഷ്ടകാലം എന്ന് മഹിം സമാധാനിച്ചു. എങ്കിലും യാഥാത്ഥ്യം മനസ്സിലാക്കി അതിനു വേണ്ടതു ചെയ്യണമെന്നുതന്നെ അയാൾ ഉറച്ചു. രണ്ടുപ്രാവശ്യം കേദാരബാബുവിൻെറ വീട്ടിൽ മഹിം പോയി എങ്കിലും ആരേയും കാണുവാനിടയായില്ല. ചെന്ന അവസരത്തിലെല്ലാം അവർ വെളിയിൽ സഞ്ചരിക്കുവാൻ പോയതായിട്ടാണു് അറിയാനിടയായതു്. മൂന്നാമതും മഹിം ചെന്നു. മഹിമിനെ

കണ്ടെ ഉടനെ കേദാരബാബു സ്വാഗതം പറഞ്ഞു. തുറന്നിട്ട ജനലരികില്ലുള്ള സോഫയിൽ സുരേശും അചലയും അടുത്തിരുന്നു് ഒരു പുസ്തകം നോക്കുകയാണു്. ധാരാളം ചിത്രങ്ങളുള്ള ഒരു പുസ്തകം! മഹിം അവരെ കണ്ടു. സുരേശ് മഹിമിനെ കണ്ടു എങ്കില്ലും കാണാത്ത ഭാവത്തിൽ പുസ്തകം മറിച്ചു നോക്കിക്കൊണ്ടിരുന്നു. അചലയാകട്ടെ മുഖം നിവത്തി നോക്കിയതുപോല്ലുമില്ല.

മഹിം കേദാരബാബുവിനടുത്തായിത്തന്നെ ഒരു കസേര വലിച്ചിട്ടു് ഇരുന്നു. കേദാരബാബു ഒന്നും സംസാരിക്കാതെ ചായകുടിച്ചുകൊണ്ടിരുന്നു. പക്ഷേ, സംസാരിക്കാതിരിക്കുന്നതെങ്ങനെ? അയാൾ സംസാരമാരംഭിച്ചു. 'മഹിം, എനിക്കു നിന്നോടു് ഒരുപാടു് സംസാരിക്കുവാനുണ്ടു്. മക്കളേ നിങ്ങൾ രണ്ടുപേരും അടുത്ത മുറിയിൽ പോയിരുന്നു് സംസാരിക്കു.'

അചല നിരസിച്ചു—'ഞാൻ ഇവിടെത്തന്നെ ഇരിക്കും അച്ഛാ!' അവൾ ചിരിച്ചുകൊണ്ടു പറഞ്ഞു. പക്ഷേ, സുരേശിനു കോപം വദ്ധിച്ചു. 'ഞാൻ പോകുകയാണു്.' അയാൾ പുസ്തകം അചലയുടെ മടിയിൽ എറിഞ്ഞിട്ടു് സഗൗരവം അവിടെനിന്നും വെളിയിലേക്കു മറഞ്ഞു. കേദാരബാബു മഹിമിനോടു സംസാരിച്ചു തുടങ്ങി:— 'മഹിം, ഞാൻ നിന്നെ ദേഷ്യപ്പെടുത്തുകയാണെന്നു് വിചാരിക്കരുതു്. ഒരു മിത്രത്തോടെന്നപോലെ ഞാൻ പറയുകയാണു്, ഇന്നുമുതൽ നിനക്കു് ഞങ്ങളിൽ യാതൊരധികാരവും ഇല്ല. അങ്ങനെ വിചാരിച്ചു് നീ ഒന്നും പ്രവത്തിക്കരുതെന്നു് ഞാൻ അപേ

ക്ഷിക്കുകയും ചെയ്യുന്നു. ഞങ്ങളെ ഞങ്ങളുടെ മാർഗ്ഗത്തിലേയ്ക്കു് വിട്ടാലും.'

മഹിം എല്ലാം മനസ്സിലായെന്ന ഭാവത്തിൽ ഉറച്ചു പറഞ്ഞു:– 'ശരി! അങ്ങനെതന്നെയാവാം. പക്ഷേ, ഒരു കാര്യം. നിങ്ങളുടെ മകൾക്കും ഇതേ അഭിപ്രായമാണോ എന്നറിഞ്ഞാൽ കൊള്ളാം.'

കേദാരബാബു:– 'തീർച്ചയായും ഇതേ അഭിപ്രായം തന്നെ. എല്ലാം അറിഞ്ഞും കേട്ടും കഴിഞ്ഞിട്ടും ഇനിയും നിൻെറ കയ്യിൽ എൻെറ മകളെ ഏല്പിക്കുവാൻ ഞാൻ തയ്യാറില്ല.'

മഹിം ശാന്തനായി പറഞ്ഞു:– 'ഇംഗ്ലീഷുകാരുടെ ഇടയിൽ ഇങ്ങനെയൊരു രീതിയുണ്ടു്. അതായതു് ഇത്തരം ഘട്ടങ്ങളിൽ അവർ വേറെ ആരെയോ പ്രതീക്ഷിക്കുന്നു എന്നതിനു് ഇങ്ങനെ ഒരു സൂചന അവർ നല്കും. എന്താ ഞാനും അങ്ങനെതന്നെ മനസ്സിലാക്കട്ടെയോ?'

കേദാരബാബു ചോദിച്ചു—'നോക്കു, മഹിം ഞാൻ നിന്നെ ഇവിടെ വിളിച്ചതു് കുററപ്പെടുത്തുവാനാണെന്നു ധരിക്കരുതു്. എൻെറ സ്ഥാനത്തു് വേറെ വല്ല അച്ഛനും ആയിരുന്നെങ്കിൽ നിൻെറ ഇത്തരം പെരുമാറ്റരീതിയെ നികർഷിക്കുമായിരുന്നു. ഒരു കുരുക്ഷേത്രയുദ്ധം തന്നെ അവിടെ ഉണ്ടാകുമെന്നതിൽ സംശയമില്ല. പക്ഷേ, ഞാനാകട്ടെ ശാന്തിപ്രിയനാണു്. അതുകൊണ്ടു

തന്നെയാണു് എൻെറ മനസ്സിലുള്ള കാര്യം നിന്നൊ പറഞ്ഞു മനസ്സിലാക്കാമെന്നു കരുതിയതു്. ഞങ്ങൾ ഇംഗ്ലീഷുകാരല്ല. ബംഗാളികളാണു്. ഞങ്ങളുടെ ഇടയിൽ പെൺകുട്ടികൾക്കു പ്രായമായിക്കഴിഞ്ഞാൽ അച്ഛനമ്മമാക്കു് സാധാരണയായി ഉറക്കം വരികയില്ല. ആഹാരപാനീയങ്ങൾപോലും അവക്കു് ത്യജിക്കേണ്ടിവരും.'

മഹിമിൻെറ മുഖം ആകപ്പാടെ ചുമന്നു. എങ്കിലും തന്നെത്താൻ നിയന്ത്രിച്ചുകൊണ്ടു് അയാൾ പറഞ്ഞു:- 'നിങ്ങളുടെ മകളുടെയും അഭിപ്രായം ഇതുതന്നെയാണോ എന്നു ഒന്നറിഞ്ഞാൽകൊള്ളാമായിരുന്നു. കഴിയുമെങ്കിൽ അവളെക്കൊണ്ടുതന്നെ പറയിക്കുക.' ഇത്രയും പറഞ്ഞു് മഹിം അചലയുടെ അടുത്തുചെന്നു ചോദിച്ചു:— 'നിന്റെ മനസ്സിലെ തുറന്ന അഭിപ്രായം ഏകാന്തതയിൽ ചോദിച്ചു മനസ്സിലാക്കുവാൻ എനിക്കവസരം ലഭിച്ചില്ല. ക്ഷമിക്കണം. ഇപ്പോൾ ഇതു പറയൂ. അന്നു വികാരാവേശത്താൽ നീ എൻെറ വിരലിൽ സ്വയം അണിഞ്ഞു തന്ന ഈ മോതിരം നീ തിരിച്ചു് ആവശ്യപ്പെടുന്നുവോ ഇല്ലയോ?'

ഇതേസമയം കൊടുങ്കാററുകണക്കെ സുരേശ് മുറിയിൽ പ്രവേശിച്ചിട്ടു പറഞ്ഞു:- 'കേദാരബാബു! എനിക്കിവിടെ ഒരു മിനിട്ടുപോലും താമസിക്കാനാവില്ല. എൻെറ ഒരു ആത്മമിത്രം പ്ലേഗുരോഗത്താൽ മരിച്ചുകൊണ്ടിരിക്കുകയാണത്രേ. എനിക്കുടനെ അവിടെ പോകേണ്ടതുണ്ടു്. മഹിം! നിശിഥനു് ഇന്നലെ രാത്രി

മുതൽ പ്ലേഗ് തുടങ്ങിയിരിക്കുകയാണത്രേ. നമുക്ക് ഒരുമിച്ചു പോകാം. കേദാരബാബു! നിങ്ങളുടെ സംഭാഷണമെല്ലാം അവസാനിച്ചിരിക്കുമെന്നു വിശ്വസിക്കുന്നു. കുറച്ചുസമയത്തേയ്ക്കു് മഹിമിനു് ഒഴിവുതരൂ.'

കേദാരബാബുവിനു് സുരേശിൻെറ വ്യംഗ്യരീതിയിലുള്ള ഈ സംഭാഷണരീതി ഒട്ടും മനസ്സിലായില്ല. തൻെറ ജാമാതാകാൻ പോകുന്ന ധനികനായ സുരേശിൻെറ പ്രൌഢിയിൽ അയാൾ അഭിമാനംകൊണ്ടിരുന്നു. എങ്കിലും സുരേശിൻെറ വ്യക്തിത്വത്തെ അഥവാ സ്വഭാവത്തെക്കുറിച്ചു് ഒന്നും മനസ്സിലാക്കിയിരുന്നില്ല. ഏതു കാര്യത്തിലാണു് സുരേശ് അഭിമാനംകൊള്ളുന്നതു് എന്നുപോലും കേദാരബാബുവിനു് അറിയാൻ ഇടയായിട്ടില്ല. സുരേശിന്റെ പെട്ടെന്നുണ്ടായ ഈ പ്രകൃതിമാററത്തെ തടയുവാൻ കേദാരബാബുവിനു് കഴിഞ്ഞില്ല. പക്ഷേ, അചലയുടെ മുഖം ചുവന്നു. അവൾ നിസ്സങ്കോചം പറഞ്ഞു—'സുരേശ്ബാബു! നിങ്ങൾ ഡാക്ടറാണല്ലോ. നിങ്ങൾ നിശ്ചയമായും പോകേണ്ടതുതന്നെ. പക്ഷെ മഹിംബാബുവിന്റെ നിയമപുസ്തകങ്ങളിൽ എങ്ങും പ്ലേഗുരോഗത്തിന്റെ ചികിത്സയെപ്പററി എഴുതിയിട്ടില്ലല്ലോ. പിന്നെ എന്തിനു് അദ്ദേഹം കൂടെ പോകണം?'

അപ്രതീക്ഷിതമായി അചലയുടെ ഈ ചോദ്യം സുരേശിനെ സ്തംഭിപ്പിച്ചു. എങ്കിലും സൗമ്യതയോടെ അയാൾ പറഞ്ഞൊപ്പിച്ചു. "ഞാൻ ചികിത്സയ്ക്കുവേണ്ടി

യല്ല, ശുശ്രൂഷയ്ക്കുവേണ്ടിയാണു് പോകാൻ തയ്യാറായതു്. സുഹൃത്വത്തെ ഞാൻ എന്റെ പ്രാണനേക്കാൾ വിലമതിക്കുന്നു.'

അചല:- സുഹൃത്വത്തിന്റെ ഇത്രയും മഹനീയഭാവം മഹിംബാബുവിൽ കാണുവാൻ കഴിയുന്നില്ലെങ്കിൽ അദ്ദേഹത്തെ അതിൽനിന്നും ഒഴിവാക്കുന്നതല്ലേ നല്ലതു്. ഏതായാലും അദ്ദേഹം പോകേണ്ട എന്നു ഞാൻ കരുതുന്നു.'

സുരേശിന്റെ മുഖം മഷിവീണതുപോലെ വികൃതമായി. കേദാരബാബു മകളെ ശാസിക്കുവാൻ തുടങ്ങി. 'എന്തു വിഡ്ഢിത്തമൊക്കെയാണു് നീ ഇപ്പറയുന്നതു് അചലേ! സുരേശിന്റെ മുഖത്തുനോക്കിപ്പറയാനുള്ള ധൈര്യം നിനക്കെങ്ങനെ കിട്ടി? അദ്ദേഹം എത്ര വലിയ മഹാൻ... ...'

അചല ഇടയ്ക്കുകയറിപ്പറഞ്ഞു. 'അദ്ദേഹം ഡാക്ടറായതുകൊണ്ടു് പോകുകതന്നെ വേണം. പക്ഷെ മററുള്ളവരെ എന്തിനു് ആ വിപത്തിൽ ചാടിക്കുവാൻ പോകുന്നു?'

അപമാനിതനാകുന്ന അവസരങ്ങളിൽ സുരേശിനു് ജ്ഞാനം ഉണ്ടാകാറില്ല. അചലയുടെ സംഭാഷണം കേട്ടുകഴിഞ്ഞപ്പോൾ സുരേശ് കോപത്താൽ ഉത്തേജിതനായി. അയാൾ സധൈര്യം പറഞ്ഞു: 'ഞാൻ ഭീരുവല്ല. എനിക്കു് എന്റെ പ്രാണനിൽ പേടിയില്ല. ഈ

നന്ദികെട്ടവനോടുതന്നെ ചോദിക്കു. ഞാനല്ലേ അവനെ മൃത്യുവിന്റെ വായിൽനിന്നും രക്ഷിച്ചതെന്നു്?'

അഭിമാനസ്വരത്തിൽ അചല പറഞ്ഞു: 'ഇദ്ദേഹം നന്ദികെട്ടവൻതന്നെ. സമ്മതിച്ചു. പക്ഷേ ആരെയെങ്കിലും അപകടത്തിൽനിന്നും രക്ഷിച്ചു എന്ന പേരിൽ അയാളുടെ രക്തംതന്നെ ഊററിക്കുടിക്കാം എന്നു വിചാരിക്കുന്നതു ശരിയാണോ?'

സുരേശ്:– 'ഞാൻ പ്ലേഗുരോഗത്തിൻെറ ഇടയിൽ പോകുകയാണു്. എൻെറ പ്രാണൻ നിങ്ങൾക്കു നിസ്സാരമത്രെ! മഹിമിൻെറ പ്രാണനാണു് വലുതു്! കേദാരബാബു, അങ്ങേയ്ക്കും ഇതുതന്നെയായിരിക്കുമല്ലോ അഭിപ്രായം.'

ലജ്ജയും ക്ഷോഭവുംനിമിത്തം അചല കരഞ്ഞുപോയി. ഇടറിയ ശബ്ദത്തോടെ അവൾ പറഞ്ഞു: 'എൻെറ പ്രാണനാണു് താങ്കൾ ആവശ്യപ്പെടുന്നതെങ്കിൽ അതു് തരാൻ ഞാൻ തയ്യാറാണു്. പക്ഷെ എൻെറ പ്രാണനേക്കാൾ വലുതായി ആരെയാണോ ഞാൻ കരുതുന്നതു്, ആരെയാണോ തടയുവാൻ പൂർണ്ണമായി എനിക്കധികാരമുണ്ടെന്നു ഞാൻ വിശ്വസിക്കുന്നതു് അദ്ദേഹത്തെ ഞാൻ തടയുകതന്നെ ചെയ്യും. അത്തരം പ്രദേശങ്ങളിൽ ഇദ്ദേഹത്തെ വിട്ടയയ്ക്കുവാൻ ഞാൻ സമ്മതിക്കുകയില്ലതന്നെ.' ഇത്രയും പറഞ്ഞു് അചല അവിടെനിന്നും പോയി. കേദാരബാബു തടഞ്ഞപ്പോൾ അവൾ ഗദ്ഗദത്തോടെ പറഞ്ഞു: 'ഇല്ലച്ഛാ! ഇനിയും ഈ

മനോവേദന രാപകൽ അനുഭവിക്കുവാൻ എനിക്കു് ശക്തിയില്ല. ഞാൻ എൻെറ ഹൃദയം തുറന്നുകാട്ടുവാൻ നിശ്ചയിച്ചിരിക്കുകയാണു്. യാതൊന്നാണോ എന്നെ സംബന്ധിച്ചിടത്തോളം അസംഭവ്യമായിട്ടുള്ളതു്, യാതൊന്നിനെ എൻെറ ജീവനുള്ളിടത്തോളംകാലം സ്വീകരിക്കുവാൻ ഞാൻ തയാറില്ലയോ ആ ഒന്നിനെമാത്രം വച്ചുകൊണ്ടു് അച്ഛൻ രാപകൽ എന്നെ കൊല്ലുകയാണു്.' അചല വെളിയിലേയ്ക്കു് ഓടിമറഞ്ഞു.

# പതിനൊന്നു്.

ഇങ്ങനെ ഒരു മാസം കടന്നുപോയി. മഹിമിനു തന്നെ മകളെ വിവാഹം കഴിച്ചുകൊടുക്കുന്ന കാര്യത്തിൽ കേദാരബാബു വഴങ്ങി. അടുത്ത ഞായറാഴ്ച അചലയുടെ വിവാഹം ആണെന്നു് തീരുമാനിക്കപ്പെടുകയും ചെയ്തു.

അന്നൊരു ദിവസം—കരച്ചിൽ അടക്കുവാൻവേണ്ടി അചല വെളിയിൽ ഓടിമറഞ്ഞ ദിവസം—മഹിം പൊയ്ക്കഴിഞ്ഞപ്പോൾ സുരേശ് കേദാരബാബുവിനോടു് പറഞ്ഞു: 'ഞാൻ അങ്ങയുടെ മുമ്പിൽവച്ചുതന്നെ അചലയോടു് ഒരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുന്നു.'

കേദാരബാബു പോയി മകളെ വിളിച്ചുകൊണ്ടു വന്നു. സുരേശ് ഗംഭീരമായി ചോദിച്ചു: 'നിങ്ങൾ ഇപ്പോൾ ചിലതു പറയുകയുണ്ടായല്ലോ. അതെല്ലാം സത്യമാണെന്നു ഞാൻ വിശ്വസിക്കട്ടെയോ?'

അചല തല കുലുക്കിക്കൊണ്ടു പറഞ്ഞു:-

'അതെ.'

സുരേശ്: 'ഇനി ഇതിൽ മാററമൊന്നും ഉണ്ടാകുകയില്ലല്ലോ?'

'ഇല്ല.'

സുരേശിന്ന് ഹൃദയത്തിൽ തീ പടൎന്നുപിടിച്ചതു പോലെയുള്ള അനുഭവമുണ്ടായി. അടങ്ങാത്ത രോഷത്തോടെ ഗദ്ഗദകണ്ഠനായി അയാൾ പറഞ്ഞു: 'ഞാൻ ഒരാൾമാത്രമാണോ നിങ്ങളുടെ ഈ വലയിൽ അകപ്പെട്ടിട്ടുള്ളതു്? അതോ മററാരെങ്കിലുമുണ്ടോ ഇതുപോലെ?'

സുരേശിൻെറ ഈ ചോദ്യം അചലയ്ക്കു അസഹ്യമായിത്തോന്നി. കേദാരബാബു അലറി: 'ഛേ! ഛേ! ഇതെന്തു പറച്ചിലാണു് സുരേശ്? ഞങ്ങൾ താങ്കളെ വലയിൽ പെടുത്തി എന്നോ?'

സുരേശ്:– 'മതി. മതി. ഇത്രയുംനാൾ നാടകം നല്ലതുപോലെ അഭിനയിച്ചുകഴിഞ്ഞു. ഇപ്പോൾ അതു പഴയതായി എനിക്കു തോന്നുകയാണു്. മാത്രമല്ല, ആ നാടകത്തിൽ എൻെറ യാതൊരു പ്രഭാവവും ഉണ്ടായിട്ടില്ല എന്നു മനസ്സിലാക്കണം. ക്രൂപ ഏതായാലും പോയി. എങ്കിലും ഈ കളി എന്നോടു വേണ്ടായിരുന്നു. ഇന്നുതന്നെ ഞാൻ ഇതവസാനിപ്പിച്ചിരിക്കുന്നു.'

അചലയുടെ വിളറിയ മുഖമോ കണ്ണുനീർ തടം കെട്ടി നില്ക്കുന്ന അവളുടെ കണ്ണുകൾ കണ്ടിട്ടോ സുരേശിൽ അല്പംപോലും ദയ തോന്നിയില്ല. പ്രത്യുത കോപം വൎദ്ധിച്ചതേയുള്ളു. പൈശാചികവും നിഷ്ഠൂരവുമായ ശബ്ദത്തോടെ അയാൾ തുടൎന്നു: 'നിനക്കെന്തു നേട്ടമുണ്ടെന്നു കരുതിയാണു് നീ ഇത്രമാത്രം അഹങ്കരിക്കുന്നതു്? മററുള്ളവരെ ആകൎഷിപ്പിക്കത്തക്കവണ്ണം നിനക്കു ക്രൂപഭംഗിയുണ്ടെന്നു നീ വിചാരിക്കുന്നുണ്ടോ? വിറകുകൊള്ളിപോലെ ഉണങ്ങി ശോഷിച്ച ശരീരം! അതിൻെറ

നിറമോ? നിൻെറ ശരീരകാന്തിയിൽ ഞാൻ മുഗ്ദ്ധനായി എന്നും മററും നീ വിചാരിക്കുന്നുണ്ടെങ്കിൽ ആ ധാരണ തെററാണു്.'

പിതാവിൻെറ മുമ്പിൽവെച്ചു് തന്നെ ഇത്രമാത്രം അവഹേളിച്ച സുരേശിനോടു് അചലക്കു വലിയ വെറുപ്പുതോന്നി. അതോടൊപ്പം സങ്കടവും. അവൾ ഇരുന്ന ഇരിപ്പിൽതന്നെ ചാഞ്ഞുപോയി. കരച്ചിലോടെ അവൾ അച്ഛനോടു് പറഞ്ഞു:— 'ബാപ്പുജി അദ്ദേഹത്തോടു് ഒന്നു മിണ്ടാതിരിക്കുവാൻ പറയൂ. പണം മേടിച്ചിട്ടുണ്ടെന്ന അടിസ്ഥാനത്തിൽ ഒരാൾക്കു് ഇത്രമാത്രം അധികാരമുണ്ടോ അധിക്ഷേപിക്കാൻ? ഞങ്ങൾ വഴി നീളെ തെണ്ടിത്തിരിഞ്ഞാലും ശരി അദ്ദേഹത്തിനോടു എന്തു വാങ്ങിച്ചിട്ടുണ്ടോ അതെല്ലാം തിരിച്ചുകൊടുക്കുക തന്നെ വേണം.'

സുരേശ് ഇടക്കു കയറി:— 'ഹും! വഴിനീളെ തെണ്ടിത്തിരിയുമത്രേ. എങ്കിൽപ്പോലും നിങ്ങൾക്കു രക്ഷയുണ്ടാകുകയില്ല. ഒരുകാലത്തു് നിങ്ങൾ എന്നെപ്പററി ചിന്തിക്കും.'

ഈ സംഭവമൊന്നും മഹിം അറിഞ്ഞതേ ഇല്ല. അറിയുവാൻ ആഗ്രഹിച്ചുമില്ല. അയാൾ ഒരു നിർവ്വികാര പ്രകൃതക്കാരനാണു്. ഭാവവിഭാഗങ്ങളോ ഉൽക്കണ്ഠയോ ജിജ്ഞാസയോ ഒന്നുംതന്നെ മഹിമിനില്ല. മററന്നാൾ വിവാഹമാണു്. വേണ്ടതൊക്കെ ചെയ്യാനുമുണ്ടു് എന്ന വിചാരംപോലും അയാൾക്കില്ല. പതിവുപോലെ ഇന്നും

കേദാരബാബു ചായകുടിക്കുവാനിരുന്നു. അചല പച്ച ക്കറി നുറുക്കുകയാണു്. അതിനിടയിൽ അവൾ ചോദി ച്ചു: 'ബാബുജി! സുരേശ്ബാബുവിൻെറ വാർത്ത വാ യിച്ചോ?'

കേദാരബാബു:— 'എന്തുചെയ്തു അയാൾ? ഇപ്പോൾ എവിടെയാണു്?'

അചല വർത്തമാനപ്പത്രം കൊണ്ടുവന്നു് കേദാര ബാബുവിനു സമീപംവച്ചു. 'എൻെറ കണ്ണട ആ മുറി യിലാണു് ഇരിക്കുന്നതു്. മോളേ, നീതന്നെ വായിക്കു്.'

അചല വായിച്ചു: 'ഹൈദരാബാദിലെ പത്രലേഖ കൻ എഴുതുന്നു: പട്ടണത്തിലെ ഒരു ദരിദ്രകുടിൽ അതി ഭയങ്കരമായി അഗ്നിക്കു് ഇരയായിത്തീർന്നിരിക്കുന്നു. പ്ലേഗുരോഗത്താൽ ആദ്യമേതന്നെ അതിലെ ആളുകൾ വശംകെട്ടിരുന്നു. അതിനിടയ്ക്കു് ഈ ദുർഘടവും! പാവ പ്പെട്ടവരുടെ സങ്കടങ്ങൾക്കു് അതിരില്ല. കുറച്ചു ദിവ സമായി സുരേശ് എന്ന മഹാൻ ഇവിടെ വന്നു് ശ്രുപ യും പൈസയും ചിലവാക്കി ചികിത്സയും ശുശ്രൂഷയും കൊണ്ടു്, തന്റെ ജീവനെത്തന്നെ പണയപ്പെടുത്തി രോഗികളുടെ സേവനം നടത്തിക്കൊണ്ടിരിക്കുകയായി രുന്നു. അഗ്നിക്കിരയായ ആ ചെറുകുടിലിൽ ഒരു സ്ത്രീ കിടക്കയിൽ ആണു് എന്നറിഞ്ഞ സുരേശ് തൻെറ പ്രാ ണനെത്തന്നെയും ബലികഴിച്ചു് അതിലേയ്ക്കു് ചാടി...

അചല:— 'ഈ ആൾ അച്ഛന്റെ സുരേശ്ബാബു തന്നെയല്ലേ?'

കേദാരബാബു:– 'ഒരുപക്ഷേ ഇന്നു് സുരേശ് നമ്മളോട്ട അന്നു കാണിച്ച നീചമായ പെരുമാററത്തെക്കുറിച്ചു് ഓൎത്തു് പശ്ചാത്തപിക്കുന്നുണ്ടാവും എന്നു് നീ വിചാരിക്കുന്നുവോ മകളേ?'

'ഞാൻ അങ്ങനെതന്നെ വിചാരിക്കുകയാണു് അച്ഛാ!'

'ഞാൻ വിചാരിക്കുകയാണു്, പശ്ചാത്താപംകൊണ്ടുതന്നെയായിരിക്കണം സുരേശ് അവിടെ ചെന്നു് ഈവിധത്തിൽ സേവനം അനുഷ്ഠിച്ചതും, പ്രാണനിൽ തന്നെ ഉപേക്ഷവിചാരിച്ചതും എന്നു്.'

അചല:– 'ഞാനും കേട്ടിട്ടുണ്ടച്ഛാ, അദ്ദേഹം ഇതിനുമുമ്പു് മററുള്ളവരെ രക്ഷിക്കുന്നതിനുള്ള ശ്രമത്തിൽ അപകടത്തിൽപ്പെട്ടിട്ടുള്ളതായി. നിസ്സഹായരെ അപകടത്തിൽനിന്നു് രക്ഷപ്പെടുത്തുന്ന കാര്യത്തിൽ മഹാന്മാർ തന്റെ ജീവനെപ്പററി ഓൎക്കാറില്ല.'

കേദാരബാബു:– 'ശരിയാണു് മകളേ, അദ്ദേഹം മഹാനായ ആൾതന്നെ. അദ്ദേഹത്തിനു് തുല്യനായി ആരുണ്ടു്? നമ്മളോടു് എന്തുതന്നെ കാണിച്ചുപോയി എന്നിരുന്നാലും സുരേശിന്റെ സ്ഥിതി കഷ്ടമായി. മനുഷ്യനല്ലേ, തെററു ആൎക്കും പററാത്തതാണോ? അദ്ദേഹത്തിന്റെ സ്ഥിരസ്വഭാവംകൊണ്ടു് നമ്മളോടു് അങ്ങനെ പെരുമാറിയതാണു് എന്നു് എനിക്കു തോന്നുന്നില്ല. വെറും ഒരു ദുൎബ്ബലത എന്നു സമാധാനിക്കാം. എന്തൊരു മഹാനായ വ്യക്തിയാണു്! ഒരു കമ്പിയടിച്ചു വിവരം

അറിയുകതന്നെ വേണം. ഫൈജാബാദിൽ ഇന്നു് അദ്ദേഹത്തെ അറിയാത്തവരായി ആരുണ്ടു്?'

അചല:– 'ശരിയാണു് അച്ഛാ. ഇപ്പോൾത്തന്നെ ഒരു കമ്പി അടിക്കാം' എന്നു പറഞ്ഞു അചല അതിനൊരുങ്ങി വെളിയിൽ പോയപ്പോഴുണ്ടു് അവിടെ സുരേശ് നില്ക്കുന്നു. അല്പസമയം അചല നിശ്ശബ്ദയായി നോക്കിനിന്നു. ആശ്ചര്യപൂർവ്വം അവൾ സ്വാഗതം പറഞ്ഞു. 'വരൂ, സുരേശ്ബാബു! ബാപ്പുജി അകത്തുണ്ടു്. ഫൈജാബാദിൽനിന്നും എന്നു തിരിച്ചെത്തി? സൗഖ്യം തന്നെയല്ലേ? പത്രത്തിൽ വാർത്തകണ്ടിട്ടു് അച്ഛൻ കമ്പി സന്ദേശം അയക്കുവാൻ പുറപ്പെട്ടുകയായിരുന്നു.'

സുരേശ്:– 'ഒരുപക്ഷേ, അദ്ദേഹം എനിക്കു മാപ്പു തന്നിരിക്കും. പക്ഷേ, നീ എങ്ങനെ അതിനൊരുമ്പെട്ടു അചലേ?'

അചല:– 'മാപ്പു നല്കത്തക്കവണ്ണം അങ്ങു് എന്തു് തെററുചെയ്തു എന്നാണു് പറയുന്നതു്? ഞാൻ ഒരിക്കൽ പോലും താങ്കളോടു് ദേഷ്യപ്പെട്ടിട്ടുപോലുമില്ലല്ലോ. വരൂ, നമുക്കു് അകത്തേയ്ക്കു പോകാം.'

## പന്ത്രണ്ട്.

മഹിം കത്തയച്ചതനുസരിച്ച് വേഗം പുറപ്പെട്ടു വന്നതാണെന്നും അല്ലെങ്കിൽ കുറേ ദിവസംകൂടി അവിടെ ആശുപത്രിയിൽ താമസിക്കുമായിരുന്നുവെന്നും സുരേശ് പറഞ്ഞു. ഇതുകേട്ട് സന്തോഷാധിക്യത്താൽ കേദാരബാബു പറഞ്ഞു:- 'എന്റെ ഈശ്വരാ, അങ്ങേയ്ക്കു അനേകമനേകം നമസ്കാരം. മകനേ, ഇത്തരത്തിൽ ജീവനെ പണയപ്പെടുത്തിക്കൊണ്ട് ആപത്തിൽ ചാടുന്നതു് ഉചിതമല്ല. നിന്റെ ബന്ധുക്കൾക്ക് ഈ പ്രകൃതത്തിൽ വിഷമം തോന്നുകയില്ലേ?'

സുരേശ് തലയുയർത്തി നോക്കിയപ്പോൾ തന്നെത്തന്നെ ഉററുനോക്കി നിന്നിമേഷയായി നില്ക്കുന്ന അചലയെ കണ്ടു.

സുരേശിന്റെയും അവളുടേയും കണ്ണുകൾ കുറച്ചുസമയത്തേയ്ക്കു് ഒന്നായിച്ചേർന്നു. അചലയുടെ തല സ്വയം കുനിഞ്ഞുപോയി.

സുരേശ്:- 'എനിക്ക് വേണ്ടപ്പെട്ടവരായി ഈ ലോകത്തിൽ ആരുണ്ട് കേദാരബാബു? ഒരു അമ്മൂമ്മയുണ്ട്. അവർക്ക് ഒരുപക്ഷേ, എന്റെ ഈ പ്രവൃത്തിയിൽ വിഷമം തോന്നിയേക്കാം. മററാർക്കാണ് വിഷമം

തോന്നുക? അതെല്ലാം പോകട്ടെ. ഞാൻ പറയുന്നതു് കേൾക്കു. മഹിമിന്റെ വിവാഹം എൻെറ വീട്ടിൽ വെച്ചായിരിക്കും നടത്തപ്പെടുക. മററന്നാളാണു് വിവാഹം. അതുകൊണ്ടു് ഞാൻ അപേക്ഷിക്കുകയാണു്, നാളെ രാത്രിതന്നെ നിങ്ങൾ ഈയുള്ളവൻെറ വീട്ടിൽ എഴുന്നള്ളി എന്നെ അനുഗ്രഹിച്ചാലും. എങ്കിൽമാത്രമേ ഞാൻ ചെയ്ത തെററിനു് അങ്ങു് മാപ്പുതരുന്നതായി എനിക്കു് വിശ്വസിക്കാൻ സാധിക്കുകയുള്ളു.'

ഇത്രയും പറഞ്ഞു് സുരേശ് കേദാരബാബുവിൻെറ കാൽ തൊട്ടു് വന്ദിക്കുന്നതിനായി കുനിഞ്ഞു. കേദാരബാബു സുരേശിൻെറ പുറത്തു തലോടി. സുരേശ് പെട്ടെന്നു് നിലവിളിച്ചുപോയി. ഫൈജാബാദിലെ അഗ്നിക്കിരയായ ആ ചെറിയ കുടിലിനുള്ളിൽ കുതിച്ചു ചാടി ആ സാധുസ്ത്രീയെ രക്ഷിക്കുന്ന ശ്രമത്തിൽപെട്ട സുരേശിൻെറ പുറം മുഴുവൻ പൊള്ളലേററിരിക്കുകയായിരുന്നു. ഒരു തുണിക്കഷണംകൊണ്ടു് അവിടെ പൊതിഞ്ഞുകെട്ടിയിട്ടുള്ളതു് കേദാരബാബുവിനു് അറിയാൻ പാടില്ലായിരുന്നു. തന്നെ നമസ്കരിക്കുന്ന സുരേശിനെ തടയുന്നതിനായി കേദാരബാബു പുറത്തു കൈവച്ചതു നിമിത്തം ആ കെട്ടു് അഴിഞ്ഞുപോകുകയും സുരേശിനു് വേദനതോന്നുകയും ചെയ്തു അചല ഓടി അടുത്തുവന്നു് സുരേശിൻെറ പുറംഭാഗം നോക്കി കാര്യം മനസ്സിലാക്കി. അവൾക്കു് സങ്കടം അടക്കാൻ കഴിഞ്ഞില്ല. അഴിഞ്ഞുപോയ തുണിക്കഷണങ്ങൾ ശരിയാക്കി സാവധാനം അവൾ സുരേശിൻെറ പുറം തലോടിക്കൊണ്ടിരുന്നു.

സുരേശാകട്ടെ ആ പ്രേമമൂർത്തിയുടെ കോമള കര സ്പർശനത്തിന്റെ സുഖം അനുഭവിച്ച് അങ്ങനെതന്നെ ഇരുന്നുപോയി. ആ കണ്ണുനീർ തുടച്ചുകൊണ്ടു് അവൾ സുരേശിനോടു പറഞ്ഞു: 'ഇന്നു് അങ്ങു് എന്നോടു് ഒരു പ്രതിജ്ഞ ചെയ്യുമോ?'

സുരേശ്:– 'പ്രതിജ്ഞയോ! അതെന്താണു്?'

'ഇനി അങ്ങു് ഇത്തരത്തിൽ അപകടത്തിൽ ചാടി സ്വയം പ്രാണനെ നഷ്ടപ്പെടുത്തുകയില്ലെന്നു്.'

'ഞാൻ അറിഞ്ഞുകൊണ്ടു് അങ്ങനെ ചെയ്യുന്നതല്ല അചലേ! അതു് എന്റെ ജന്മസ്വഭാവമെന്നേ പറയേണ്ടു. മററുള്ളവരുടെ വേദന കാണുമ്പോൾ ഞാൻ സ്വയം മറന്നു് പ്രവർത്തിച്ചുപോകുന്നു.'

അചല ദീർഘമായി ഒന്നു നിശ്വസിച്ചു. സുരേശ് പ്രതിജ്ഞ സമ്മതിച്ച് യാത്രയുമായി.

അടുത്ത ദിവസം സുരേശ് പറഞ്ഞയച്ച വണ്ടിയിൽ കയറി കേദാരബാബുവും മകളും സുരേശിന്റെ വിശാലവും മനോഹരവുമായ ഭവനത്തിൽ പ്രവേശിച്ചു. അവിടെ കണ്ട കാഴ്ചകൾ കേദാരബാബുവിനെ അതിശയിപ്പിച്ചു. സുരേശ് മഹാനും ധനികനുമാണെന്നു് കേദാരബാബുവിനറിയാമായിരുന്നുവെങ്കിലും ഇത്ര വലിയ ധനാഢ്യനാണെന്നു് മനസ്സിലാക്കിയിരുന്നില്ല. സുരേശ് രണ്ടുപേരേയും സ്വാഗതം ചെയ്തു. അകത്തുനിന്നും ഒരു പ്രൗഢാംഗന വന്നു് അചലയുടെ കൈക്കു പിടിച്ചു അകത്തേക്കു് കൊണ്ടുപോയി. ചിരിച്ചുകൊണ്ടവർ പറഞ്ഞു.

'ഞാൻ സുരേശിൻെറ മാത്രമല്ല, മഹിമിൻെറയും അമ്മയാണു മോളേ.'

അചല അവരുടെ കാലുകൾ തൊട്ടു വന്ദിച്ചു. ആ വൃദ്ധയുടെ മൃദുല കരസ്പർശം അചലയ്ക്കു തൻെറ അമ്മയുടേതുപോലെ തോന്നി. കുറേ സമയം കുശലപ്രശ്നങ്ങൾ നടന്നു.

അചലയോട്ട് അവർ സംസാരിച്ചുതുടങ്ങി:-

'സുരേശിനു രണ്ടുവയസ്സു മാത്രം പ്രായമുള്ളപ്പോൾ ഞാൻ എടുത്തു വളർത്തുന്നതാണു്. അവനു് ആരേയും സ്നേഹിക്കുന്ന പ്രകൃതമാണുള്ളതു്. ആരോടും അവനു് വെറുപ്പില്ല. മററുള്ളവരുടെ രക്ഷയ്ക്കുവേണ്ടി സ്വന്തം ജീവനെപ്പോലും ത്യജിക്കുവാൻ അവൻ തയാറാകും. സദാസമയവും എനിയ്ക്കു് ഈശ്വരനോട്ട് ഒരു പ്രാർത്ഥനയേയുള്ളു മോളെ, അവനെ എന്നിൽനിന്നും മറയ്ക്കരുതേ എന്നു്.'

ഇത്രയും പറയുന്നതിനിടയിൽ അവരുടെ കണ്ഠം ഇടറി. ഈ മാതൃസ്നേഹം കണ്ടു് അചലയുടെ കണ്ണുകളിലും വെള്ളം നിറഞ്ഞു. അവൾ ചോദിച്ചു: 'അമ്മ എന്തുകൊണ്ടാണു് അദ്ദേഹത്തെ ഇതിൽനിന്നും തടഞ്ഞു നിർത്താത്തതു്? അമ്മ വിചാരിച്ചാൽ അതു സാധിക്കുകയില്ലേ?'

'ഞാൻ പറഞ്ഞാൽ ആരു വകവെയ്ക്കാനാണു് മകളേ? അതിനു പററിയ ഒരാൾ വന്നാൽ മാത്രമേ അതു സാധിക്കുകയുള്ളു. എത്ര നാളായി ഞാൻ അങ്ങനെയുള്ള ഒരുവളെ അന്വേഷിക്കുന്നു. അവനെ ഒന്നു കെട്ടിച്ചു

കാണാൻ ഞാൻ എത്രമാത്രം ആശിക്കുന്നു എന്നറിയാമോ? ദൈവവും അതു നിശ്ചയിക്കണ്ടേ? ഞാൻ എവിടെച്ചെന്നു് തിരക്കാനാണു്? എന്നാൽ ഒരു ദിവസം അവൻ എന്നോടു പറഞ്ഞു.

'അമ്മേ ഞാൻ അമ്മയുടെ സഹായത്തിന്നു് ഒരുത്തിയെ കൊണ്ടുപോരാൻ നിശ്ചയിച്ചു' എന്നു്. ഞാൻ അതുകേട്ടു സന്തോഷിച്ചു. പിന്നീടു് എന്തുപററി എന്നാക്കറിയാം. ചോദിക്കുമ്പോൾ പറയും: 'ഒന്നും ശരിപ്പെട്ടില്ല, ഞാൻ വിദേശത്തു പോകാൻ പോകയാണു്' എന്നു്. കാര്യം എന്തെന്നു് ഒരുപാടു് ചോദിച്ചിട്ടും അവൻ പറഞ്ഞില്ല. അന്നുതന്നെ രാത്രി ഇറങ്ങിപ്പോകുകയും ചെയ്തു.

സുരേശ് വീട്ടിൽ കൊണ്ടുപോരാൻ നിശ്ചയിച്ച ആ പെൺകുട്ടി താനായിരുന്നുവെന്നു ആ വൃദ്ധ അറിഞ്ഞിട്ടില്ലെന്ന കാര്യം അചലയ്ക്കു മനസ്സിലായി. ഏതായാലും നെഞ്ചിലെ ഭാരം ഒന്നു കുറഞ്ഞതായി അവൾക്കു് അനുഭവപ്പെട്ടു.

ആ സാധുസ്ത്രീ അചലയെ കൂട്ടിക്കൊണ്ടുപോയി എല്ലാ സ്ഥലങ്ങളും വസ്തുക്കളും മററും കാണിച്ചുകൊടുത്തു.

അവർ പറഞ്ഞു: 'എല്ലാം ഇവിടെ ഉണ്ടു് മകളെ. പക്ഷേ, ലക്ഷ്മിയില്ലാത്ത വൈകുണ്ഠംപോലെയാണു്. പിന്നെ ഒരു കാര്യം ചോദിക്കട്ടെ മോളെ. സുരേശ് എന്നോടു പറഞ്ഞു് മഹിം ദരിദ്രനായതുകൊണ്ടു് നിന്റെ അച്ഛനു് അവനു് കല്യാണംകഴിച്ചു കൊടുക്കുന്നതിൽ

തൃപ്തിയില്ലായിരുന്നു. പക്ഷെ നിൻെറ നിർബ്ബന്ധംകൊണ്ടു്?......

അചല തല കുനിച്ചുകൊണ്ടു പറഞ്ഞു:-

'ശരിയാണു് അമ്മേ.'

അതീവ സന്തോഷത്തോടെ ആ വൃദ്ധ അചലയുടെ കൈകൾ പിടിച്ചുകൊണ്ടു പറഞ്ഞു:- 'അങ്ങനെ തന്നെയാണു് വേണ്ടതു മകളെ. സ്നേഹത്തിൻെറ മുമ്പിൽ സ്വത്തിനും ധനത്തിനും എന്തു വിലയാണുള്ളതു്? നീ ഒന്നും വിചാരപ്പെടേണ്ട. മഹിമിനെ ഞാൻ നല്ലതുപോലെ അറിയും. അവനുവേണ്ടി നിനക്കു കുറേ കഷ്ടതകൾ അനുഭവിക്കേണ്ടിവന്നാലും ഈശ്വരൻ അവനെ അനുഗ്രഹിക്കാതിരിക്കുകയില്ല.'

# പതിമ്മൂന്ന്.

അചലയുടെ വിവാഹദിവസം സമാഗതമായി. മണ്ഡപത്തിൽ അല്പസമയത്തേയ്ക്കുമാത്രം സുരേശ് കാണപ്പെട്ടു. പിന്നെ എവിടെപ്പോയി എന്ന് ആരും അറിഞ്ഞില്ല. കേദാരബാബുവിൻെറ വീട്ടിലും സുരേശിനെ കണ്ടില്ല. വിവാഹം സമംഗളം നടന്നു. അചലയുടെ ഹൃദയത്തിൽ രണ്ടുമൂന്നു ദിവസത്തേയ്ക്ക് ഒരു വിപ്ലവം തന്നെ നടന്നുകൊണ്ടിരുന്നു. അന്നൊരു ദിവസം സുരേശിൻെറ വലിയമ്മ പറഞ്ഞ കാര്യങ്ങൾ അവളുടെ സ്മൃതിപഥത്തിൽനിന്നും മാഞ്ഞുപോയിരുന്നില്ല. ഇടയ്ക്കിടെ അവളതോർത്തുപോകും.

വിവാഹം കഴിഞ്ഞിട്ടും മഹിമിൻെറ പ്രകൃതത്തിന് യാതൊരു മാറ്റവും കണ്ടില്ല. അയാൾ എപ്പോഴും ഉത്സാഹഹീനനും തിരക്കുപിടിച്ച ജോലിയിൽപ്പെട്ടവനെന്നപോലെയും കാണപ്പെട്ടു. എങ്കിലും അപൂർവ്വ അവസരങ്ങളിൽ അയാളുടെ മുഖം തെളിഞ്ഞു കാണപ്പെട്ടും. അപ്പോഴെല്ലാം അചലയുടെ ഹൃദയവും ആനന്ദഭരിതമാകും. ഭർത്താവിൻെറ പാദങ്ങളെ തൊട്ടു വന്ദിച്ചുകൊണ്ട് അവൾ സാവധാനം പറഞ്ഞു:

'പ്രഭു! ഇപ്പോൾ എനിക്ക് ഒരു ഭയവും തോന്നുന്നില്ല. അങ്ങയുടെകൂടെ എവിടെയും എങ്ങനെയും താമ

സിക്കുവാൻ ഞാൻ തയ്യാറാണു്. അങ്ങു് എവിടെയു ണ്ടോ അവിടം എനിക്കു് സ്വർഗ്ഗമാണു്. ഇന്നുമുതൽ അങ്ങയുടേതു മാത്രമാണു് ഞാൻ. അങ്ങു് കൂടെയുണ്ടെ ങ്കിൽ എവിടെയും എനിക്കു കഴിയാം.'

അങ്ങനെ അചല ഭർത്തൃഗൃഹത്തിലേക്കു് യാത്രയു മായി. വഴി വളരെ വൃത്തികെട്ടതും ദുർഗ്ഗമംപിടിച്ചതുമാ യിരുന്നു. മാർഗ്ഗമദ്ധ്യേ, വിവാഹംസംബന്ധിച്ചുണ്ടാകാ വുന്ന ഉത്സാഹവും ആനന്ദവും അവൾക്കു നഷ്ടപ്പെട്ടതു പോലെ തോന്നി. ആ ഗ്രാമത്തെ സംബന്ധിച്ചു് അവ ൾക്കുള്ള അറിവു് കേവലം പുസ്തകങ്ങളിൽനിന്നും മാത്ര മായിരുന്നു. അന്നൊക്കെ അതിനെപ്പററി അവൾക്കു പല മധുരപ്രതീക്ഷകളുമുണ്ടായിരുന്നു. എന്നാൽ പല്ല ക്കിൽനിന്നു താഴെ ഇറങ്ങി ആ ഗ്രാമവും ചുററുപാട്ട കളും കണ്ടപ്പോൾ അവളുടെ പ്രതീക്ഷകൾ തകന്നു. അവളുടെ ഹൃദയത്തെ ആകഷിപ്പിക്കത്തക്കതായിട്ടു് യാതൊന്നുംതന്നെ ആ ഗ്രാമത്തിൽ അവൾ കണ്ടില്ല.

തൻെറ ഭർത്തൃഗൃഹം ഇത്രയും അന്ധകാരപൂർണ്ണവും നിർജ്ജനവും ആയിരിക്കുമെന്നു് അവൾ സങ്കല്പിച്ചു പോലുമില്ലായിരുന്നു. ഈ വീട്ടിലാണല്ലൊ ഇനി ജീ വിതം നയിക്കേണ്ടതു് എന്നോത്തപ്പോൾ അവളുടെ ഹൃദയം തകന്നു. വീട്ടിൽ ശ്വശുരനോ നാത്തൂന്മാരോ ചേട്ടത്തിമാരോ ആരുംതന്നെ ഉണ്ടായിരുന്നില്ല. അക ന്നൊരു ബന്ധത്തിൽപെട്ട ഒരു അമ്മൂമ്മ ആ വീട്ടിൽ തല്ക്കാലം വന്നിരിപ്പുണ്ടു്. പരമ്പരാഗതമായുള്ള വിവാ ഹച്ചടങ്ങുകളൊന്നും കാണാൻ കഴിയാത്തതിനാൽ ആ

സ്ത്രീയും ഒഴിഞ്ഞുമാറി നിന്നതേയുള്ളു. ഒടുവിൽ വധുവിൻെറ കൈപ്പിടിച്ചുകൊണ്ടു് ആ സ്ത്രീ അകത്തു പ്രവേശിച്ചു.

വധുവിനെ കാണുവാനായി അവിടെ കുറേപ്പേർ വന്നിരുന്നു. പക്ഷേ, അവരും 'ബ്രഹ്മസമുദായത്തിൽപ്പെട്ടതാണു്. കഷ്ടമായി' എന്നും മററും പറഞ്ഞു് അതൃപ്തിയോടെ മടങ്ങിപ്പോകുകയാണു് ചെയ്തതു്. മഹിം മ്ലേഛ ജാതിയിൽപ്പെട്ട ഒരു കന്യകയെ വിവാഹം കഴിച്ചിരിക്കുന്നു എന്ന വാർത്ത അതിവേഗം നാടൊട്ടുക്കു പരന്നു. ഏറെത്താമസിയാതെ അവിടെ വന്നിരുന്ന ആ അമ്മൂമ്മയും അവരുടെ ഗൃഹത്തിലേയ്ക്കു മടങ്ങിപ്പോയി. ഒടുവിൽ മഹിമിൻെറ വീട്ടിൽ ശേഷിച്ചതു് യദു എന്ന വേലക്കാരൻ, ഒരു വെപ്പുകാരി, പിന്നെ അചലയുടെ കൂടെവന്ന ഒരു സ്ത്രീ എന്നീ മൂന്നുപേർ മാത്രമായിരുന്നു. ആ സ്ത്രീ പലതും ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നു:

'ഇത്തരം ഒരു വീടു് ഞാൻ ഇതിനുമുമ്പു് എങ്ങും കണ്ടിട്ടില്ല മകളേ, എങ്ങും കാണുകയുമില്ലെന്നു തോന്നുന്നു. എന്തുചെയ്യും? നിൻെറ തലവിധി. അതൊക്കെ പോകട്ടെ. നിൻെറ ഭർത്താവു് ആളു തരക്കേടില്ല. നമ്മളെ ഇവിടെ ഒററയ്ക്കുവിട്ടിട്ടു് ഒന്നും പറയാതെ എവിടെ പോയിരിക്കയാണു്? വരട്ടെ, എല്ലാം പറഞ്ഞു ശരിയാക്കാം. നീ സമാധാനമായിരിക്കു്. പോയി വസ്ത്രം മാറിക്കൊള്ളൂ.'

പക്ഷേ, അചല ഇതൊന്നും കേൾക്കുന്നതേയില്ല. അവൾ ചിന്താമഗ്നയായി തലകുനിച്ച് ഒരിടത്ത് ഇരുന്നതേയുള്ളു. അവൾക്കു തൻെറ ജീവിതം നിരാശാപൂർണ്ണമായി അനുഭവപ്പെട്ടു.

സന്ധ്യയായതോടെ നല്ല മഴക്കോളും ആരംഭിച്ചു. അന്തരീക്ഷം അന്ധകാരപൂർണ്ണം ആയപ്പോൾ ആ കൊച്ചു വീട്ടിലും ഇരുൾ വ്യാപിച്ചു. ഒന്നും തിരിച്ചറിയുവാൻ പാടില്ലാത്തവിധത്തിൽ കട്ടപിടിച്ച കൂരിരുട്ട്! യദു എന്ന വേലക്കാരൻ ഒരു ചെറിയ മണ്ണെണ്ണവിളക്ക് അവിടെ കത്തിച്ചുവച്ചു. അചലയുടെകൂടെ വന്ന ആ സ്ത്രീ പിന്നെയും ചോദിച്ചുതുടങ്ങി:

'ജാമാതാവ് എന്തുകൊണ്ടാണ് പോരാൻ ഇത്രയും താമസിക്കുന്നത്? എവിടെപ്പോയിരിക്കയാണ് ഈ അസമയത്ത്?'

അചല നിശ്ശബ്ദയായിരുന്നതേയുള്ളു. യദുവും സംശയിച്ചുനിന്നു. എവിടെപ്പോയിരിക്കയാണ് ഒന്നും പറയാതെ?

ഇതിനിടയിൽ ഇരുപത് ഇരുപത്തൊന്നു വയസ്സ് പ്രായം തോന്നിക്കുന്ന ഒരു പെൺകുട്ടി മഴ നനഞ്ഞ് ഓടി അകത്തു കയറിവന്നു. അപരിചിതയാണ് എങ്കിലും ഒട്ടും മടിക്കാതെ അവൾ അചലയുടെ കാലുകൾ പിടിച്ചു വന്ദിച്ചു. അതിനുശേഷം ജ്യേഷ്ഠനെ അകത്തേക്കു വിളിച്ചു.

അടുത്ത ഗ്രാമത്തിൽ താമസിക്കുന്ന ഈ പെൺകു

ട്ടിയെ കൂട്ടിക്കൊണ്ടുപോരുവാനാണു് മഹിം പോയിരുന്നതു്. അടുത്ത മുറിയിലിരുന്നു് മഹിം വിളികേട്ടു.

'എന്താണു് മൃണാളാ!'

മൃണാള:– 'ജേഷ്ഠനിങ്ങു വന്നേ, ഒരു കാര്യം പറയട്ടേ. അല്ലെങ്കിൽ ഞാൻ ചേട്ടത്തിയോടു പറയും. പറയട്ടെയോ?'

അവൾ അചലയോടു് സംഭാഷണം തുടങ്ങി.

'ഞാൻ ആരാണെന്നു് ചേട്ടത്തിക്കറിയാമോ? ചേട്ടൻ എന്നെ വിവാഹം കഴിക്കാത്തതു് എത്ര നന്നായി എന്നു് ഞാൻ വിചാരിക്കുകയാണു്. ചേട്ടനോടു് ചോദിച്ചുനോക്കൂ എപ്പോഴെങ്കിലും അദ്ദേഹം എന്നെ ഇഷ്ടപ്പെട്ടിട്ടുണ്ടോ എന്നു്?'

മഹിം പെട്ടെന്നു മുറിയിൽ പ്രവേശിച്ചു. മൃണാളയുടെ ഈ സംഭാഷണരീതി അയാൾക്കു രസിച്ചില്ല.

'ഛീ! ഇതെന്താണീപ്പറയുന്നതു്? നീ പറഞ്ഞാൽ ഒട്ടും വകവയ്ക്കുകയില്ല അല്ലേ മൃണാളാ? എന്നാൽ ഞാൻ പോകുകയാണു്.'

അയാൾ ദേഷ്യത്തോടെ ഇറങ്ങി.

'പോകല്ലേ ചേട്ടാ!' മൃണാള ഉച്ചത്തിൽ വിളിച്ചു് അപേക്ഷിച്ചു. പിന്നീടു് അചലയോടു് സ്നേഹപൂർവ്വം കുശലങ്ങൾ പറഞ്ഞുതുടങ്ങി:

'ചേട്ടത്തി! കോപിക്കരുതേ, ഞാൻ വെറുതെ തമാശ പറഞ്ഞതാണു്. ഈ വീട്ടിൽ ചേട്ടത്തിക്കുപകരം ഞാൻ ഇന്നു് മണവാട്ടി ആകുമായിരുന്നു. പക്ഷേ ആരോ

യെന്നെപ്പററി ചില അപവാദങ്ങൾ ജേഷ്ഠൻെറ കാതു കളിൽ ഓതി. അദ്ദേഹത്തിനു് എന്നോട്ട വെറുപ്പു തോന്നി. ഓ! ഇപ്പോൾ അതെല്ലാം എന്തിനു പറയുന്നു? പോകട്ടെ. യദു എവിടെപ്പോയോ?'

അചല:– 'കൈകാലുകൾ കഴുകാൻ പോയിരിക്കുകയാണെന്നു തോന്നുന്നു.'

മൃണാള:– 'ഈ ഇരുട്ടത്തോ?'

സംസാരിക്കുന്നതിനിടയിൽ മൃണാളയുടെ മുഖം ചിന്തയാൽ വിളറിയതായി അചല കണ്ടു. അവൾ വീണ്ടും പറഞ്ഞുതുടങ്ങി:

'എന്തൊരു ഭാഗ്യമാണെന്നോ എൻേറതു്! ഒരു വൃദ്ധൻെറകൂടെയല്ലേ പറഞ്ഞയച്ചിരിക്കുന്നതു്! ഈ ജീവിതം നിഷ്ഫലംതന്നെ! ചേട്ടത്തി, ഞാൻ പോയി ഈ വസ്ത്രങ്ങൾ മാററിവരട്ടെ. എന്താ, എന്നോട്ട പിണങ്ങിയോ?'

മൃണാള കുടുകുടെ ചിരിച്ചുകൊണ്ടു് അകത്തേയ്ക്കു നടന്നു.

ഗ്രാമങ്ങളിലെ ഇത്തരം സംഭാഷണരീതികളും കുശലപ്രശ്നങ്ങളും മററും കേട്ടു് പരിചയമില്ലാത്ത അചല ഇതെല്ലാം കേട്ടു് ആദ്യം അമ്പരന്നുപോയി.

അവൾക്കു് അത്യധികം ആശ്ചര്യം തോന്നി, 'ഇങ്ങനെയുമുണ്ടോ സ്ത്രീകൾ' അവൾ വിചാരിച്ചുതുടങ്ങി. എങ്കിലും മൃണാളയെ കണ്ടതോടുകൂടി തൻെറ ദുഃഖം അല്പം കുറഞ്ഞതായി അവൾക്കു തോന്നി. മൃണാളയെ

പ്പററി കൂടുതൽ അറിയുവാൻ അവൾക്കു ജിജ്ഞാസയു ണ്ടായി.

വസ്ത്രം മാററിയുടുത്തുകൊണ്ടു് മൃണാളു വന്നു. അവൾ പിന്നെയും ചിലച്ചുതുടങ്ങി: 'നിങ്ങളുടെ ഭത്താവു് എന്റെ അമ്മയുടെ ബന്ധത്തിൽപ്പെട്ടതാണു്. ഞാൻ അദ്ദേഹത്തെ ജേഷ്ഠൻ എന്നുതന്നെയാണു് വിളിക്കു ന്നതു്. എന്റെ അച്ഛനും ചേട്ടത്തിയുടെ അമ്മായിഅ ച്ഛനും വലിയ കൂട്ടായിരുന്നുവത്രേ. ഏതോ വണ്ടി അപ കടത്തിൽപ്പെട്ടു് എന്റെ അച്ഛന്റെ കൈക്കു് പരിക്കു പററിയപ്പോൾ നിങ്ങളുടെ അച്ഛനാണു് ഞങ്ങൾക്കു വേണ്ടതെല്ലാം ചെയ്തുതന്നതു് എന്നു് അമ്മ പറയാറു ണ്ടായിരുന്നു. ഞാൻ ജനിക്കുന്നതിനു മുമ്പാണിതു്. ജേഷ്ഠനു് അപ്പോൾ എട്ടുവയസ്സു മാത്രമേ പ്രായമുള്ളുവ ത്രേ. ജേഷ്ഠൻ ജനിച്ച ഉടനെ അദ്ദേഹത്തിന്റെ അമ്മ മരിച്ചു എന്നാണു പറയുന്നതു്. മൂത്ത രണ്ടു ജേഷ്ഠന്മാരും അതിനുമുമ്പേ മരിച്ചു. എന്റെ അമ്മയായിരുന്നു അന്നു് ഈ വീട്ടിൽ വന്നു് വേണ്ടതെല്ലാം നോക്കി നടത്തിയി രുന്നതു്. അങ്ങനെ കുറേനാൾ കഴിഞ്ഞു. നിങ്ങളുടെ അമ്മായിഅച്ഛനും അവസാനിച്ചു. വീട്ടിൽ ആരും ഇല്ലാതായി. അതുകൊണ്ടു് ഞങ്ങൾ എല്ലാവരുംകൂടി ഈ വീട്ടിൽവന്നു് താമസം തുടങ്ങി. കുറേനാൾ കഴി ഞ്ഞു. എനിക്കു് വിവാഹപ്രായമായി. അതിനിടക്കാ ണു് അമ്മയുടെ മരണം. ഞാൻ ചേട്ടനോടു് വളരെ കാര്യമായിത്തന്നെ പെരുമാറി. പക്ഷെ, എന്റെ ദുർവ്വിധി എന്തേ പറയേണ്ടു. ചേട്ടനു് എന്നോടു വെറുപ്പുതോന്നി.

പലാസിയിൽ എവിടെയോ ഉള്ള ഒരു വൃദ്ധന് എന്നെ കല്യാണംകഴിച്ചു കൊടുത്തു. അങ്ങനെ ഞാൻ ഈ വീട്ടിൽനിന്നും ഒഴിവാക്കപ്പെട്ടു. ഹാ! എൻെറ അമ്മ ഉണ്ടായിരുന്നുവെങ്കിൽ എനിക്കിതു് സംഭവിക്കുമായിരുന്നോ? എൻെറ വിവാഹം കഴിഞ്ഞിട്ടു് ഇപ്പോൾ അഞ്ചു വഷമായി.'

ഇതേസമയം അവളുടെ ഭത്താവായ വൃദ്ധൻ മൃണാളയെ വിളിച്ചുകൊണ്ടു് അകത്തു പ്രവേശിച്ചു.

'വരൂ, വരൂ ഇവിടെയാണു്.' അവൾ ക്ഷണിച്ചു.

മൃണാള പതുക്കെ അചലയോടു് പറഞ്ഞു:

'ഇതാണു് എൻെറ ഉടമസ്ഥൻ. എൻെറ അച്ഛൻ എന്നെ കൈകൾ കെട്ടി ഗംഗയിലൊഴുക്കിക്കളയുകയാണു് ചെയ്തിരുന്നതെങ്കിൽ ഞാൻ എത്ര സന്തോഷിക്കുമായിരുന്നു. അതിനുപകരം ഈ വൃദ്ധൻെറകൂടെ പറഞ്ഞയയ്ക്കുകയാണു് ചെയ്തതു്.'

അചലയ്ക്കു് മൃണാളയുടെ ഈ സംഭാഷണരീതി ഇഷ്ടപ്പെട്ടു. അവൾ നിന്നിമേഷയായി, ഉത്സാഹഭരിതയായി എല്ലാം കേട്ടുകൊണ്ടിരുന്നു. പക്ഷേ, മൃണാളയാകട്ടെ വളരെ സങ്കടത്തോടുകൂടിയവളായിട്ടാണു് കാണപ്പെട്ടതു്.

ഇതിനിടയിൽ മഹിം അവിടെ പ്രവേശിച്ചു.

'എന്താ ഇന്നു് അടുക്കളയിൽ ഒന്നും ചെയ്യാനില്ലേ? എല്ലാവരും ചേന്നു് ലച്ചർ അടിക്കുകയാണല്ലോ!'

അചല മൃദുസ്വരത്തിൽ പറഞ്ഞു:

'ഞാൻ ഇതാ പോകുകയാണ് അട്ടക്കളയിൽ.'

മൃണാള: 'നിങ്ങൾ എന്റെ ചേട്ടന്റെ ഭാര്യയാണ്. അതുകൊണ്ട് ഞാൻ ചേട്ടത്തി എന്നു വിളിക്കും. പക്ഷേ, നിങ്ങളേക്കാൾ എനിക്ക് പ്രായക്കൂടുതൽ ഉള്ളതുകൊണ്ട് പേരു് എങ്ങനെ വിളിക്കും? അതുകൊണ്ട് മൃണാള ജേഷ്ഠത്തി എന്നുതന്നെ വിളിച്ചോളൂ. സാരമില്ല. ചേട്ടത്തി ഇന്നു് അട്ടക്കളയിൽപോയി പരിചയപ്പെടാൻ പോകുകയാണു്. നാളെ ഞാൻ എല്ലാ താക്കോലുകളും ചേട്ടത്തിയെ ഏല്പിക്കാൻ പോകയാണു്.'

അചല:– 'എനിക്കു് താക്കോലും മററും ആവശ്യമില്ല. എനിക്കു വേണ്ടതാനും. പക്ഷേ മൃണാളയെ എനിക്കു വേണം. ഞാൻ ഇപ്പോഴെങ്ങും ചേച്ചിയെ പറഞ്ഞയയ്ക്കുകയില്ല കേട്ടോ.'

മൃണാള അചലയെ കെട്ടിപ്പിടിച്ചു് സന്തോഷത്തോടെ പറഞ്ഞു: 'ഈ ചേട്ടത്തിക്കു് എന്താണു് എന്നോടിത്ര പ്രിയം? സപത്നിമാരെ മററാരെങ്കിലുമാണെങ്കിൽ ചൂലെടുത്തു് പുറത്തേയ്ക്കു പറഞ്ഞുവിട്ടും. ചേട്ടത്തി പറയുന്നു, എന്നെ ഒരിക്കലും പറഞ്ഞയയ്ക്കുകയില്ലെന്നു്! വിചിത്രംതന്നെ.'

അചല: 'നിന്റെ ഇത്തരം കളിയൊക്കെ എനിക്കു പിടിക്കുകയില്ല കേട്ടോ. ഞങ്ങളുടെ ആൾക്കാർ ഈ മാതിരി തമാശകൾ വെറുക്കുന്നവരാണു്. സ്ത്രീകൾ ഇങ്ങനെ ഫലിതങ്ങൾ പറയുക എന്നതു് ഞങ്ങൾ നിഷേധിക്കുന്നവരാണു്.'

മൃണാള:– 'അതുകൊള്ളാം. ഇങ്ങനെ പറയുന്നതിൽ എന്താണു് തെററു്? അതുപോട്ടെ നിങ്ങളുടെ നാട്ടിൽ ആരെങ്കിലും ഇത്രയും സ്നേഹത്തോടെ ചേട്ടത്തിയോടു് പെരുമാറുമോ? ചേട്ടത്തിയെ ഇങ്ങനെ കെട്ടിപ്പിടിക്കുമോ? പക്ഷേ, ഞാൻ അതെല്ലാം ചെയ്യും. എനിക്കു് ഒരു ചേട്ടത്തിയെ ഇന്നുമുതൽ കിട്ടിയിരിക്കുന്നു. അവരോടു് സ്നേഹപൂർവ്വം പെരുമാറാൻ ഞാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ജീവിതാവസാനംവരെ ഞാനങ്ങനെ തന്നെ ചെയ്യും.

അചല:– 'എങ്കിൽ ഞാൻ ധന്യയായി.'

മൃണാള:– 'എന്റെ വാക്കു് ഒരിക്കലും തെററുകയില്ല ചേട്ടത്തി. ഞാൻ നിങ്ങളുടെ നാട്ടിലെ സ്ത്രീകളുടെ കൂട്ടത്തിൽപ്പെട്ടവളല്ല എന്നോർക്കണം.'

അചല:– 'മൃണാളാ, എന്തുകൊണ്ടു് നിന്നെ അദ്ദേഹം വിവാഹം കഴിച്ചില്ല?'

മൃണാള:– 'എന്റെ വിധി അതല്ലാത്തതുകൊണ്ടു നടന്നില്ല എന്നേ എനിക്കു പറയാനുള്ളു.'

അചല:– 'അതു് ഏതായാലും കഷ്ടമായി. നിങ്ങൾതമ്മിൽ ചെറുപ്പത്തിലെ സ്നേഹബദ്ധരായിരുന്ന സ്ഥിതിക്കു് ഇതു നടക്കേണ്ടതായിരുന്നു.'

അചലയുടെ സംസാരത്തിന്റെ ഈ പോക്കു് തുടർന്നുകൊണ്ടുപോകുവാൻ മൃണാള അനുവദിച്ചില്ല. അവൾ ചോദിച്ചു:

'ചേട്ടത്തി ഇപ്പോൾ അതേപ്പററി എന്തിനാണു് ആലോചിക്കുന്നതു്? വിവാഹം എന്നു പറയുന്നതു്

ദൈവനിശ്ചയമാണു്. ഇതു് ഒരു ജന്മത്തിലെ കാര്യമാണോ? ജന്മജന്മാന്തരമായി അതിനു ബന്ധമുണ്ടു്. അതനുസരിച്ചേ അതുണ്ടാവൂ. ഞാൻ കഴിഞ്ഞ ജന്മത്തിലും ഈ വൃദ്ധൻെറ ഭാര്യയായിരുന്നിരിക്കണം. അതുകൊണ്ടു് ഈ ജന്മത്തിലും അദ്ദേഹത്തിൻെറ ഭാര്യയായി.' അചലയുടെ കൈ തൻെറ കൈക്കുള്ളിലാക്കി സ്നേഹപൂർവ്വം തലോടിക്കൊണ്ടു് അവൾ വീണ്ടും പറഞ്ഞു:—

'ചേട്ടത്തിക്കു് ഇപ്പോൾ ഒരു ഭർത്താവിനെ കിട്ടിയിരിക്കുന്നു. ഞാൻ അഞ്ചുവർഷമായി ഭർത്തൃസേവ ചെയ്തുവരുന്നവളാണു്. നാം രണ്ടുപേരും ഇനി ഇക്കാര്യത്തെപ്പററി ചിന്തിച്ചു് മനസ്സു പുണ്ണാക്കേണ്ട ആവശ്യമില്ല. ചേട്ടത്തി സസന്തോഷം കഴിയൂ. അതാണു് എൻെറ ആവശ്യം.'

ഇത്രയും പറഞ്ഞു് അചലക്കു് ഒരു ചുംബനം നല്കി അവൾ നടന്നു.

# പതിന്നാല്.

'ചേട്ടത്തി! ചേട്ടത്തി!' എന്ന വിളികേട്ട് അചല ഓടി മുറിക്കകത്ത് എത്തി. അവിടെ അവൾ കണ്ടതു് മുറി ഒട്ടാകെ വൃത്തിയാക്കി ഓരോ സജ്ജീകരണങ്ങളും അതാതുസ്ഥാനങ്ങളിൽ ഒതുക്കി അലങ്കരിക്കുന്ന ശ്രമത്തിൽപെട്ടിരുന്ന മൃണാളയെയാണു്. ഒരു മണിയറതന്നെ ഒരുക്കുകയാണു് മൃണാള എന്നവൾക്കു മനസ്സിലായി. അവൾ നാണിച്ചു് മിണ്ടാതെ എല്ലാം കണ്ടുനിന്നു. മൃണാള അവളെ സ്നേഹപൂർവ്വം കളിയാക്കിക്കൊണ്ടു് പറഞ്ഞു:-

'ഹേ മഹാറാണി! എന്താ സംശയിച്ചു നോക്കുന്നതു്? ഇതു് എന്റെ റാണിക്കുള്ളതാണു്. മനസ്സിലായോ? ഒന്നു വന്നു് ഇതെല്ലാം കണ്ടാട്ടെ.'

തനിക്കുവേണ്ടി ഇത്രയും പരിശ്രമിക്കുകയാണു് മൃണാള എന്നു മനസ്സിലായപ്പോൾ അചലയ്ക്കു് അവളോടു് സഹതാപം തോന്നി. ആരും പൊറുക്കാൻ മടിക്കുന്ന നിർജ്ജീവവും നിർജ്ജനവുമായ ആ കൊച്ചുഗൃഹം അടിച്ചുവാരി വൃത്തിയാക്കി വെടിപ്പാക്കി സൂക്ഷിക്കേണ്ടതു് തന്റെ ചുമതലയാണെങ്കിലും അതിൽ തന്നെ ബുദ്ധിമുട്ടിക്കാതെ മണിയറ അലങ്കരിക്കുവാൻ ഒരുമ്പെട്ട മൃണാളയോടു് അവൾക്കു് വളരെ നന്ദിയും സ്നേഹവും

തോന്നി. മൃണാളയുടെ കയ്യിൽനിന്നും ചൂൽ തട്ടിപ്പറിച്ചെടുത്തു് അവൾ മുറി അടിച്ചുവാരുവാൻ ഒരുമ്പെട്ടു. മൃണാള ചിരിച്ചുകൊണ്ടു പറഞ്ഞു:-

'ചേട്ടത്തി ഈ ജോലി ചെയ്യുന്നതു് എനിക്കു സങ്കടമാണു്. ചേട്ടത്തി ചൂലെടുത്തു് വാരിയില്ല എന്നു വിചാരിച്ചു് മററാരും ഈ മുറിയിൽ ഇന്നു കേറിവരികയില്ല. വേഗമാകട്ടെ സന്ധ്യയായിത്തുടങ്ങി.' എന്നു പറഞ്ഞു് അവൾ കുടുകുടാ ചിരിച്ചു. അചല ലജ്ജയാൽ തലകുനിച്ചു നിന്നുകൊണ്ടു് മറുപടി നൽകി: 'ഇങ്ങനെയുമുണ്ടോ ഒരുവൾ! വെറുതെ കുറച്ചുനേരം എന്നെ ഇവിടെയെങ്ങാനും ഇരുത്തുകയുമില്ല, സ്വയം ഇരിക്കുകയുമില്ല. എന്നെക്കൊണ്ടു് നല്ല ജോലി എടുപ്പിക്കാനാണു് പ്ലാൻ അല്ലേ?'

മൃണാള ഓടി അടുത്തുവന്നു് അചലയുടെ താടിക്കു പിടിച്ചു് പറഞ്ഞു:-

'ചേട്ടത്തി ഇവിടെ വന്നതുമുതൽ ലക്ഷ്മിയും ഇവിടെ വന്നുതുടങ്ങിയിരിക്കുന്നു എന്നു് ആരും ഈ വീട്ടു് കണ്ടാൽ പറയും. അപ്പോൾ ഞാൻ ചേട്ടത്തിയെക്കൊണ്ടു് ജോലി എടുപ്പിക്കുന്നതു് തെററാകുമോ? അല്ലെങ്കിലും സ്വന്തം വീടിനുവേണ്ടി അഥവാ ഭർത്താവിനും കുഞ്ഞുങ്ങൾക്കുംവേണ്ടി പണിയിലേർപ്പെട്ടു് ഒന്നു കുളിക്കുവാൻപോലും സമയം കിട്ടാത്ത സ്ത്രീ എത്രയോ ഭാഗ്യവതി എന്നു ഞാൻ കരുതുന്നു.'

മൃണാള ആ വീട്ടിൽ വന്നിട്ടു് അഞ്ചാറു ദിവസങ്ങൾ മാത്രമെ കഴിഞ്ഞിട്ടുള്ളു. എങ്കിലും ആ വീടുമുഴ

ക്കെ ഒന്നു മാററി പുതിയതു സ്ഥാപിച്ചതുപോലെയുള്ള അനുഭവം അചലയ്ക്കുണ്ടായി. അടുക്കളജോലി ഏററിരുന്നതു് മൃണാളയായിരുന്നു. പെട്ടെന്നുപെട്ടെന്നു് ജോലികൾ ചെയ്തുതീർക്കുക അചലയ്ക്കു് വശമില്ലായിരുന്നു. ക്രമേണ മൃണാളയിൽനിന്നു് അവൾ അതും പഠിച്ചു. അവളുടെ അഭാവത്തിൽ ആ കൊച്ചുവീടു് ഉരുണ്ടു് താഴെ വീണുപോകും എന്നുപോലും അവൾക്കു തോന്നി.

നാളെ പോകും നാളെ പോകും എന്നു പറഞ്ഞു് മൃണാള ദിവസങ്ങൾ നീക്കി. പക്ഷെ ഉടനെ പോകുന്ന ചുററുപാടുകൾ ഉണ്ടാവുകയില്ല എന്നു് അചലയും സമാധാനിച്ചു.

അടുക്കളയിൽ ആഹാരം പാകംചെയ്യുന്നതു് മൃണാളയാണെന്നു പറഞ്ഞുവല്ലോ. ഇത്രയും ഉത്സാഹത്തോടുകൂടി അവളതു ചെയ്യുന്നതു് ഒരുപക്ഷേ സ്വന്തം കൈകൊണ്ടുതന്നെ മഹിമിനു് വിളമ്പി കൊടുക്കുവാനുള്ള ആശയോടെയല്ലേ എന്നു് അചല സംശയിച്ചു. കുറച്ചു ദിവസങ്ങൾ അങ്ങനെ നീങ്ങി. ഒരു ദിവസം അചല പറഞ്ഞു: 'മൃണാള ജ്യേഷ്ഠത്തി! ഇന്നു ഞാൻതന്നെ എല്ലാം പാകംചെയ്യാം. ജ്യേഷ്ഠത്തിക്കു് അല്പം ഒഴിവു് കിട്ടട്ടെ.'

അചലയുടെ ആഗ്രഹം കണ്ടപ്പോൾ മൃണാളയ്ക്കു് എതിരൊന്നും പറയാൻ കഴിഞ്ഞില്ല. എങ്കിലും അവൾ സൗമ്യമായി പറഞ്ഞു: 'ഞാൻ ഇവിടെ ഉള്ളപ്പോൾ എന്തിനു ജേഷ്ഠത്തി പുകയിൽ കിടന്നു വിഷമിക്കണം?'

'സാരമില്ല. ഇന്നു ഞാൻതന്നെ എല്ലാം ചെയ്യാം.' അചല അധികാരസ്വരത്തോടെ പറഞ്ഞു.

'ഓ! നാലഞ്ചു ദിവസം ഞാൻ പാകംചെയ്ത ആഹാരം കഴിച്ചു് മടുത്തുപോയിരിക്കണം. ഞാൻ അപ്പോഴേ പറഞ്ഞില്ലേ ഇനി വഴക്കു് ആരംഭിക്കും എന്നു്.' മൃണാള നിരുത്സാഹിതയായി പറഞ്ഞു.

അചല:- 'വഴക്കൊന്നുമല്ല. ഇന്നു ഞാൻ അടുക്കളയിൽ പോകാം.'

ഇതെല്ലാം ശ്രദ്ധിച്ചു കേട്ടുകൊണ്ടുനിന്ന മഹിം പെട്ടെന്നു് അവിടെ പ്രവേശിച്ചിട്ടു് പറഞ്ഞു.

'മൃണാള എത്ര ദിവസം ഇവിടെ താമസിക്കാൻ ഉദ്ദേശിക്കുന്നുവോ അത്രയും ദിവസം അവൾതന്നെ എല്ലാം ചെയ്യട്ടെ.'

ഇതു കേട്ടു് അചല ക്രോധാഗ്നിയിൽ ജ്വലിച്ചു.

അവൾ ഉറപ്പിച്ചു പറഞ്ഞു:-

'വേണ്ട. ഇന്നു ഞാൻ ഒന്നു ചെയ്തുനോക്കട്ടെ.'

അചല ചിന്തിക്കുവാൻ തുടങ്ങി:- എന്തുകൊണ്ടാണു് മഹിം എന്നെ അത്രയേറെ സ്നേഹിക്കുന്നതായി തോന്നപ്പെടാത്തതു്? എല്ലായ്പോഴും എന്നോടു് ഉദാസീനനായിത്തന്നെ കാണപ്പെടുന്നു. എന്താണാവോ അതിനു കാരണം? ഒരുപക്ഷേ പിതാവിൻെറ ഇഷ്ടപ്രകാരം അന്നു് മഹിമുമായുള്ള ബന്ധം വേർപെടുത്താൻ നിശ്ചയിച്ചു് അതിനായി ഒരുമ്പെടാൻ ശ്രമിച്ചുനോക്കിയ

തിൻെറ ഫലമായിരിക്കുമോ എന്തോ? മുമ്പ് എന്നോട്ട് മഹിമിനുണ്ടായിരുന്ന സ്നേഹം എവിടെപ്പോയി?'

മൃണാളയും അചലയും അട്ടത്തട്ടത്തിരുന്നു ഭക്ഷണം കഴിക്കുകയേ പതിവുണ്ടായിരുന്നുള്ളു. അന്നു് അചല തന്നെ ഭത്താവിനു് ഭക്ഷണം വിളമ്പിക്കൊട്ടത്തു. ഭത്താവു് കഴിച്ചു് എഴുന്നേററപ്പോൾ മൃണാളയേയും അവൾ വിളിച്ചു. പക്ഷെ തനിക്കു് തീരെ സുഖമില്ലെന്നും അതിനാൽ ഭക്ഷണം കഴിക്കുന്നില്ല എന്നും മൃണാള അറിയിച്ചു. അചല മൃണാളയുടെ നെററിത്തടത്തിൽ കൈവച്ചു നോക്കിയിട്ടു് പറഞ്ഞു:– 'ഓ! പനിയൊന്നുമില്ലല്ലോ. പിന്നെന്താ ആഹാരം കഴിച്ചാൽ? ങാ, എനിക്കറിയാം. ജ്യേഷ്ഠത്തിക്കു് എന്നോട്ടു് ഇന്നു് ദേഷ്യമാണു്. അതുകൊണ്ടാണീ വേഷമെല്ലാം എട്ടക്കുന്നതു്.'

മൃണാള ചാടിയെഴുന്നേറ്റിരുന്നുകൊണ്ടു് പറഞ്ഞു:

'സത്യമായും എനിക്കു് ദ്വേഷ്യമില്ല ചേട്ടത്തി! എനിക്കു് തീരെ വിശപ്പില്ല. അതുകൊണ്ടാണു്. വരൂ, ഞാൻ അട്ടത്തിരുന്നു് ചേട്ടത്തിക്കു് വിളമ്പിത്തരാം.'

അചല:– 'ശരി, എനിക്കെല്ലാം മനസ്സിലായി. അസുഖമൊന്നും ഉണ്ടായിട്ടല്ല. എന്നെ കളിപ്പിക്കാമെന്നു കരുതി അല്ലേ?'

മൃണാള ഒന്നും മിണ്ടിയില്ല. അചല ദീർഘനിശ്വാസം ഉതിർത്തു.

'ഓ! എൻെറ കൈകൊണ്ടു് വച്ചതൊന്നും നിങ്ങൾ കഴിക്കുകയില്ലായിരിക്കാം. ഇതു നേരത്തെ എന്നോട്ടു്

പറഞ്ഞിരുന്നുവെങ്കിൽ ഇത്രയും ഞാൻ ബുദ്ധിമുട്ടിക്കുമായിരുന്നോ? ഇന്നത്തേയ്ക്ക് എനിക്ക് മാപ്പുതരൂ സഹോദരീ! പാലിനു് ഭ്രഷ്ടു് ഇല്ലല്ലോ. ഇതാ ഒരു ഗ്ലാസ് പാൽ കുടിക്കൂ.' അചല അകത്തേയ്ക്കു പോയി.

'ഇപ്പോൾ എനിക്കൊന്നും വേണ്ട. ചേട്ടത്തി ഇങ്ങു പോരൂ.'

മൃണാള വിളിച്ചുപറഞ്ഞു. അചല ഒന്നും മിണ്ടാതെ അവിടെനിന്നും പോയി. താൻ പാകംചെയ്തതുകൊണ്ടു മാത്രമാണു് മൃണാള ആഹാരം ഒന്നുംതന്നെ കഴിക്കാത്തതു് എന്നവൾക്കു് മനസ്സിലായി. അതോടൊപ്പം മനസ്സിൽ വളരെ വിഷമവും തോന്നി. തൻെറ കൂടെ പോന്നിരുന്ന ആ വൃദ്ധയ്ക്കു് വിളമ്പിക്കൊടുത്തതിനുശേഷം അവൾ ദുഃഖിതയായി തൻെറ മുറിയിൽ ചെന്നു കിടന്നു. പിന്നീടവൾ അടുക്കളയിൽ പോയി ജോലിചെയ്യാൻ ഒരുമ്പെട്ടില്ല.

ഉച്ചകഴിഞ്ഞപ്പോൾ ഒരു കുതിരവണ്ടി പടിക്കൽ വന്നു കിടക്കുന്നതവൾ കണ്ടു. മൃണാള വീട്ടിൽ പോകാനുള്ള ഒരുക്കത്തിലായി അചലയെ സമീപിച്ചു് അവൾ പറഞ്ഞു:

'ഞാൻ പോയിവരട്ടെ ചേട്ടത്തി. ഇനിയും ആവശ്യമുള്ളപ്പോൾ വിവരം അറിയിച്ചാൽ ഞാൻ എത്താം. എന്താ, ഇനി വന്നാൽ എന്നോടു മിണ്ടാതെ പിണങ്ങിയിരിക്കുമോ?'

പക്ഷേ അചലയ്ക്കു് ഒന്നും മിണ്ടാൻ കഴിഞ്ഞില്ല. മൃണാള വെളിയിറങ്ങി യാത്ര ആരംഭിക്കാറായപ്പോൾ

മഹിം അവളുടെ സമീപം ചെന്നു പറഞ്ഞു: 'ഇന്നു് ഒന്നും കഴിക്കാതെ പോകാൻ പുറപ്പെട്ടുകഴിഞ്ഞല്ലോ! ഇന്നു് പോകണ്ടാ, നാളെ പോയാൽ മതി.'

'വേണ്ട ചേട്ടാ. ഞാൻ ഇപ്പോൾ പോകട്ടെ. യദു അതാ വണ്ടിയുമായി എത്തിക്കഴിഞ്ഞിരിക്കുന്നു.'

മൃണാള മഹിമിനെ വന്ദിച്ചു. അവളുടെ കണ്ണുകളിൽനിന്നു രണ്ടുതുള്ളി കണ്ണുനീർ താഴെ വീണു. പോകാൻ ഒരുമ്പെട്ടുകൊണ്ടു് അവൾ പറഞ്ഞു: 'ഇനി ഒരു ദിവസം ഞാൻ വരാം ചേട്ടാ!'

'മഹിം: 'ഇനിയും നിൻെറ ഈ സ്വഭാവം മാറുകയില്ല അല്ലേ? പൊയ്ക്കൊള്ളൂ.'

'ഞാൻ ഉള്ളിടത്തോളംകാലം എൻെറ സ്വഭാവത്തിനു് യാതൊരു മാററവും ഉണ്ടാകുകയില്ല.' ഇടറിയ സ്വരത്തിൽ അവൾ പറഞ്ഞു. വണ്ടിയിൽ കയറി യാത്രയുമായി.

ഇങ്ങനെയൊരു സംഭാവമുണ്ടായി മൃണാള മടങ്ങിപ്പോകുമെന്നു് അചല സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നതല്ല. അവൾ സങ്കടം അടക്കാൻ കഴിയാതെ തേങ്ങിത്തേങ്ങി കരഞ്ഞുപോയി. കണ്ണുകളിൽനിന്നും ബാഷ്പധാര ഒഴുക്കിക്കൊണ്ടിരിക്കെ മഹിം അവളുടെ സമീപം വന്നു. മഹിമിൻെറ പുഞ്ചിരി അവളുടെ കരച്ചിലിനു് ഭംഗമുണ്ടാക്കി. അവൾ ആശ്വസിച്ചു.

## പതിനഞ്ച്.

'ങ്ഹാ! സുരേശ് ആണോ? വരൂ, വരൂ. അകത്തു വരൂ.'

സുരേശ് ബാഗ് താഴെ വച്ചുകൊണ്ടു് ചോദിച്ചു: 'അചല എവിടെപ്പോയി മറഞ്ഞിരിക്കുകയാണു്? എന്താ പുതുമണവാളനും മണവാട്ടിക്കും സുഖംതന്നെയല്ലേ? മഹിം! നീ ഭാഗ്യവാൻതന്നെ. നീ പ്രേമിച്ച സ്ത്രീതന്നെ നിനക്കു് ഇന്നു് ലഭ്യമായിക്കഴിഞ്ഞിരിക്കുന്നു. അതും നല്ല വിദ്യാഭ്യാസവും സംസ്കാരവുമുള്ളവൾ,'

മഹിം ചിരിച്ചു കേട്ടിരുന്നതല്ലാതെ ഒന്നും പറഞ്ഞില്ല. അചല സംഭാഷണം കേട്ടു് അവിടെ പ്രവേശിച്ചു. സുരേശിനെ കണ്ട ഉടനെ വന്ദനം ചെയ്തു് സന്തോഷത്തോടെ പറഞ്ഞു: 'ഞങ്ങളെ കാണാനായി ഇവിടംവരെ വരാനുദ്ദേശിച്ചതു് ഞങ്ങളുടെ ഭാഗ്യം തന്നെ. പക്ഷെ യാദൃശ്ചികമായി പെട്ടെന്നു് വരാനിടയായതിനു് വല്ല കാരണവുമുണ്ടോ?'

സുരേശ് അചലയുടെ മുഖഭാവവും സംഭാഷണവും ശ്രദ്ധിച്ചു. മുമ്പിലത്തേതിൽനിന്നും അചല വളരെ മാറിയിരിക്കുന്നതായി അയാൾക്കു് തോന്നി. പെട്ടെന്നുണ്ടായ തൻെറ വരവു് അവൾക്കിഷ്ടപ്പെട്ടില്ലായിരിക്കും എന്നയാൾ തെററായി ഊഹിച്ചു.

അചലയുടെ സുന്ദരമായ മുഖം കണ്ടപ്പോൾ അയാക്ക് അസൂയതോന്നാതിരുന്നില്ല.

'എന്താ, ഞാൻ ഇവിടെ വന്നതു് ഇഷ്ടപ്പെട്ടില്ലായിരിക്കും അല്ലേ? നിങ്ങൾക്കു് അതിൽ പ്രയാസമുണ്ടെങ്കിൽ ക്ഷമിക്കണം. ആദ്യമായി ഇങ്ങനെ വിവരമറിക്കാതെ വന്നതു് തെററായിപ്പോയി. വന്നുകഴിഞ്ഞില്ലേ? ഇനി ഇപ്പോൾ എന്താണു ചെയ്യുക?'

അചലയ്ക്കു് സുരേശിൻെറ സംഭാഷണരീതി വ്യക്തമായി മനസ്സിലായില്ല. അവൾ ചിരിച്ചുകൊണ്ടു് മറുപടി നല്കി.

'ഞാൻ ഇപ്പോൾ അങ്ങയെ എന്തുപറഞ്ഞാണു് സന്തോഷിപ്പിക്കുക? ഞങ്ങൾ പാവപ്പെട്ടവർ! ഞാൻ ചോദിക്കുന്നതു് ഈ കൊച്ചുകുടിലിൽ നിങ്ങൾ എങ്ങനെ രാത്രികഴിക്കും എന്നാണു്! മഹിബാബു! സുരേശിനുവേണ്ടി നമുക്കു് ആ ചന്ദ്രബാബുവിൻെറ ബംഗ്ലാവിലെ ഒരു മുറി ഏർപ്പാടുചെയ്യാം. അവിടെ അദ്ദേഹത്തിനു സുഖമായി കഴിയാം. എന്താ? നിൽക്കൂ, ഞാൻ ചായ കൊണ്ടുവരട്ടെ.

സുരേശിൻെറ ഹൃദയത്തിൽ ഒരു വേലിയേററംതന്നെ ഉണ്ടായി. കഴിഞ്ഞ സംഭവങ്ങൾ ഓരോന്നും അയാളുടെ മനോമുകുരത്തിൽ തെളിഞ്ഞുകൊണ്ടിരുന്നു. അചലയെ കണ്ടപ്പോൾമുതൽ അയാളുടെ ഹൃദയം അവളിൽ ആകൃഷ്ടമായിക്കഴിഞ്ഞിരുന്നു. പക്ഷെ, മഹിമുമായുള്ള അവളുടെ ബന്ധത്തെക്കുറിച്ചു് അറിഞ്ഞപ്പോൾ അയാൾ സ്വയം പിൻതിരിഞ്ഞു പോകേണ്ടിവന്നു. എങ്കിലും

തിരിഞ്ഞു് ഒന്നു നോക്കാതിരിക്കുവാൻ അയാൾക്കു് കഴിയുന്നില്ല. മനസ്സിനെ ശക്തിപൂർവ്വം നിയന്ത്രിച്ചു കൊണ്ടാണു് സുരേശ് മഹിമുമായി അചലയുടെ വിവാഹം തൻെറ ഗൃഹത്തിൽ നടത്തിയതു്. അന്നു് അയാളുടെ മനസ്സു് മന്ത്രിച്ചു—'ഞാൻ ഒരിക്കലും ശക്തിഹീനനാകരുതു്. എൻെറ മനസ്സിൻെറ സ്ഥിതി മററാരും അറിയാനിടയാകരുതു്.' പക്ഷെ അധികം നാൾ ഇതു് വെച്ചുപുലത്തുവാൻ സുരേശിനു് കഴിഞ്ഞില്ല. മനസ്സിൻെറ നിയന്ത്രണം തെററി. മോഹം വെളിയിൽ ചാടി ചോദിച്ചു: 'എന്തിനീ സ്വാത്ഥത്യാഗം? അതുകൊണ്ടെന്തു പ്രയോജനമാണുണ്ടാകാൻ പോകുന്നതു്?' ഈ വിവാഹംകൊണ്ടു് ആക്കെന്തു ഫലമുണ്ടായി? താൻ അചലയിൽ ആകൃഷ്ടനാണെന്നു് മനസ്സിലാക്കിയ മഹിമിനു് ഭാവിയിൽ സുഖം കിട്ടുമോ? അചലയാവട്ടെ നല്ലൊരു ഭാവി നഷ്ടപ്പെട്ടല്ലോ എന്നോത്തു് വിഷമിക്കുന്നുണ്ടായിരിക്കും. തൻേറയും സ്ഥിതി അതുതന്നെ.

വിവാഹം കഴിഞ്ഞതിനുശേഷം ഒരു മാസത്തോളം അയാൾ ഈ മനസ്സിൻെറ ഭാരവും താങ്ങി നടന്നു. പിന്നീടു് അയാൾ മൈകിയില്ല. മഹിമിൻെറ നാട്ടിലേക്കു തിരിച്ചു.

സുരേശിനു് മുഖവും കൈകാലുകളും മററും കഴുകുവാനായി ഒരു പാത്രത്തിൽ വെള്ളവും കുടിക്കുവാൻ ചായയുംകൊണ്ടു് അചല വന്നു.

ചായ കുടിച്ചുകഴിഞ്ഞിട്ടു് മഹിം വെളിയിൽ പോകുവാൻ പുറപ്പെട്ടു. ഗ്രാമത്തിലെ ജമീന്ദാരായ

മുസൽമാന്മാരുടെ കുട്ടികളെ അയാൾ ഇംഗ്ലീഷ് പഠിപ്പിക്കുന്നുണ്ട്. മഹിമിനെ അവർക്കെല്ലാം വലിയ ഇഷ്ടമാണ്.

മഹിം പോകുന്നതുകണ്ട് അചല ചോദിച്ചു: 'ഇന്നു് പഠിപ്പിക്കാൻ പോയില്ലെങ്കിലെന്താ?'

മഹിം:- 'എന്താ അങ്ങനെ ചോദിക്കുന്നതു്?'

ഏകാന്തത നിറഞ്ഞ ആ വീട്ടിൽ സുരേശുമായി കഴിയുവാൻ അചലയ്ക്കു് വാസ്തവത്തിൽ ഭയമായിരുന്നു. സുരേശിന്റെ സ്വഭാവം അവൾക്കു നല്ലതുപോലെ അറിയാം എന്നാണതിനു കാരണം. ഇതു് വെളിയിൽ പ്രകടമാക്കാതെ അവൾ പറഞ്ഞു: 'അതല്ല. വീട്ടിൽ ഒരതിഥി വന്നിരിക്കുമ്പോൾ അദ്ദേഹത്തെ തനിച്ചുവിട്ടു പോകുന്നതു് ശരിയാണോ? എനിക്കാണെങ്കിൽ അടുക്കളയിൽ ഒരുപാടു് ജോലിയുണ്ടുതാനും.'

മഹിം:- 'ഓ! അതു സാരമില്ല. രണ്ടു മണിക്കൂറിനുള്ളിൽ ഞാൻ തിരിച്ചെത്തുമല്ലോ?'

മഹിം നടന്നകന്നു. സുരേശ് അചലയോടായി പറഞ്ഞു: 'എന്തിനു് വിഷമിക്കുന്നു? ആരു് എന്തു പറഞ്ഞാലും അതനുസരിക്കുന്ന സ്വഭാവം മഹിമിനില്ല എന്നു് ഇനിയും മനസ്സിലായില്ലേ? ഞാൻ തനിച്ചാകുമെന്നോർത്തു് വിഷമിക്കേണ്ടതില്ല. എനിക്കു് വായിക്കാൻ എന്തെങ്കിലും പുസ്തകം തന്നാൽ മതി.'

സുരേശിന്റെ വാക്കുകൾ അചലയുടെ ഹൃദയത്തിൽ തറച്ചു. ഇന്നുവരെ മഹിം താൻ പറഞ്ഞതനുസരിക്കുകയുണ്ടായിട്ടില്ല എന്നതു് സത്യമാണു്. സുരേശും

അതു മനസ്സിലാക്കി തന്നെ പരിഹസിക്കുകയാണെന്ന വൾ ധരിച്ചു. സുരേശിനു കൊടുക്കാൻ ഒരു പുസ്തകം നോക്കിയെടുത്തു് അവൾ യദുവിൻെറ കൈവശം കൊടുത്തയച്ചു.

രാത്രി കിടക്കാൻനേരത്തു് മഹിം അചലയോടു ചോദിച്ചു: 'സുരേശ് ഇവിടെ എത്ര ദിവസം താമസിക്കും എന്നു വല്ലതും പറഞ്ഞോ?'

മഹിമിൻെറ ചോദ്യം അചലയ്ക്കു് രസിച്ചില്ല. മനസ്സിൽ എന്തോ ധരിച്ചുകൊണ്ടാണു് മഹിം അങ്ങനെ ചോദിക്കുന്നതു് എന്നവൾ കരുതി. ക്രോധസ്വരത്തിൽ അവൾ പറഞ്ഞു: 'ചോദിച്ചതിൻെറ അൎത്ഥം എനിക്കു മനസ്സിലായില്ല. വ്യക്തമായി പറയൂ.'

മഹിം അല്പസമയത്തേയ്ക്കു് മൂകനായി ഇരുന്നു. എന്നാൽ അചലയ്ക്കു് മിണ്ടാതിരിക്കാൻ കഴിഞ്ഞില്ല. അവൾ തുടൎന്നു് പലതും പറഞ്ഞു: 'നിങ്ങളുടെ ധാരണ എന്തെന്നുവച്ചാൽ സുരേശ്ബാബു എന്തോ ഉദ്ദേശത്തോടുകൂടിയാണു് ഇവിടെ വന്നിരിക്കുന്നതെന്നും ഞാൻ അതിനു കൂട്ടുനിന്നു് നിങ്ങളെ പററിച്ചു കഴിയുകയാണു് എന്നും മററുമല്ലേ? പക്ഷേ ഇതു നിങ്ങൾ കണ്ടുപിടിച്ച് തെളിയിക്കുമെന്നും മററും തെററായി ഉദ്ദേശിക്കേണ്ടയാതൊരാവശ്യവുമില്ല. എന്നെ ആ രൂപത്തിൽ നിങ്ങൾ ധരിക്കുകയും വേണ്ട.'

മഹിം:- 'എനിക്കു് അങ്ങനെയുള്ള ധാരണകൾ ഒന്നുംതന്നെയില്ല. നീയാണു് എന്നെ തെററായി ധരി

ക്കുന്നതു്. ഇന്നു് നിൻെറ മനസ്സു് ആകപ്പാടെ കുഴഞ്ഞിരിക്കയാണെന്നു തോന്നുന്നു. പോയി ഉറങ്ങൂ. നാളെ സംസാരിക്കാം.' മഹിം ഉറങ്ങാനായി കിടക്ക വിരിച്ചു കിടന്നു.

അചലയ്ക്കു് അന്നു് ഉറക്കം വന്നില്ല. കണ്ണുകൾ അടച്ചു് അവൾ കിടന്നു. എങ്കിലും മനസ്സു് പ്രവർത്തിച്ചുകൊണ്ടിരുന്നു. അവൾ സ്വയം അഗ്നിയിൽ ജ്വലിക്കുന്നതായി അവൾക്കു തോന്നി. അവൾതന്നെ ചോദ്യങ്ങൾ ചോദിച്ചു് അതിനുത്തരം കണ്ടുപിടിക്കാൻ ശ്രമപ്പെട്ടുകൊണ്ടിരുന്നു. എപ്പോൾ ഉറങ്ങി എന്നുപോലും അവൾക്കു നിശ്ചയമില്ലാതായി. ഉണർന്നു നോക്കിയപ്പോൾ നേരം ഒരുപാടു പുലർന്നിട്ടുണ്ടു് എന്നവൾക്കു തോന്നി. വേലക്കാരൻ അടുക്കളയിൽ ചായ തിളപ്പിക്കുകയായിരുന്നു. മഹിം അതിരാവിലെ എഴുന്നേററു് എവിടെയോ പോയിരിക്കുന്നതായി അവനിൽനിന്നും അറിഞ്ഞു.

ഒരു ഗ്ലാസ്സു് ചായ എടുത്തുകൊണ്ടു് അചല സുരേശിനു സമീപം ചെന്നു.

ചായ കുടിക്കുന്നതിനിടയിൽ: 'അചല കുടിക്കുന്നില്ലേ?'

'ഞാൻ ഇപ്പോൾ ചായ കുടിക്കുന്നില്ല. എന്തെന്നാൽ ഭയങ്കര ഉഷ്ണമാണു് ഈ പ്രദേശങ്ങളിൽ. ചായ കുടിച്ചാൽ രാത്രി ഉറക്കവും വരുന്നില്ല. ഒരു രാത്രി ഉറക്കമില്ലാഞ്ഞാൽ മുഖം വീർത്തു് വല്ലാതാവുകയും ചെയ്യും.'

സുരേശ്:— 'മുഖവുര ഒന്നുംകൂടാതെ കാര്യങ്ങൾ തുറന്നു സംസാരിക്കുന്ന പ്രകൃതമാണു് എൻേറതെന്നു്

അചലയ്ക്കറിയാമല്ലോ. ഇപ്പോൾ ഞാൻ രണ്ടുമൂന്നു കാര്യങ്ങൾ അചലയോട്ട് ചോദിക്കാനുദ്ദേശിക്കുന്നു. ഇഷ്ടപ്പെട്ടുമോ?'

അചല:— 'ഞാൻ എന്തിനു് അനിഷ്ടം കാണിക്കണം. ചോദിക്കാനുള്ളതെന്താണു്?'

സുരേശ്:— 'എന്നാൽ ഞാൻ ചോദിക്കുകയാണു്, അചലയ്ക്കു് ഇവിടെ സുഖം കിട്ടുന്നുണ്ടോ?

അചല:— 'എനിക്കിവിടെ സുഖം കിട്ടുന്നില്ല എന്നു് നിങ്ങൾ ധരിക്കുന്നു എങ്കിൽ അതു തെററാണു്.'

സുരേശ്:— 'തെററും ശരിയും നോക്കിയാണോ മനുഷ്യൻ ഓരോന്നും ചിന്തിക്കാറുള്ളതു്? അവൻ പലതും ധരിക്കുകയും ചിന്തിക്കുകയും ചെയ്യും. എൻെറ മനസ്സിൻെറ സ്ഥിതി ഞാൻ പറയാമല്ലോ. എനിക്കു ചിലപ്പോൾ തോന്നും ഞാൻ ജീവിതത്തിൽ വിജയിച്ചു എന്നു്. എന്നാൽ ചിലപ്പോൾ മനസ്സിൻെറ നില മാറി തോററിരിക്കയാണു് എന്ന തോന്നൽ ഉണ്ടാവും. ഞാൻ ഒന്നും അചലയിൽനിന്നും മറയ്ക്കാൻ ഉദ്ദേശിക്കുന്നില്ല. എല്ലാം തുറന്നു പറയുകയാണു്. പറയൂ അചലേ, നിന്റെ മനസ്സിൽ എന്താണുള്ളതെന്നു്?'

വെള്ളം അചലയുടെ കണ്ണുകളിൽക്കൂടി ധാരയായി ഒഴുകി. അവൾ ഗദ്ഗദത്തോടെ പറഞ്ഞു: 'ഞാൻ ഇവിടെ സുഖമായി കഴിയുന്നു. എനിക്കു് പ്രയാസവുമില്ല.'

സുരേശ്:— 'പിന്നെ ഒരു കാര്യം ഓർമ്മയിലിരിക്കണം. അചലയ്ക്കുവേണ്ടി ഞാൻ എന്താണു് ത്യാഗം

ചെയ്യിരിക്കുന്നതെന്നു് എപ്പോഴെങ്കിലും അചല ഓക്കാറുണ്ടോ?'

അചല ചെവി രണ്ടും പൊത്തിപ്പിടിച്ചുകൊണ്ടു പറഞ്ഞു:- 'ക്ഷമിക്കണം. ഇത്തരം കാര്യങ്ങൾ ദയവു ചെയ്തു എന്നോടു് പറയാതിരിക്കണം.' അചല പോകുവാനായി ഭാവിച്ചു. സുരേശ് തൻെറ കൈനീട്ടി അവളെ തടുത്തുനിർത്തി പറഞ്ഞു.

'എനിക്കു് ക്ഷമിക്കുവാൻ ശക്തിയില്ല. നീ ഇതിനു സമാധാനം പറയുകതന്നെ വേണം. അതു കേട്ടാൽ മാത്രമേ എൻെറ മനസ്സിനു ശാന്തി കിട്ടുകയുള്ളു.'

'എന്താണു് പറയേണ്ടതു്?' അചല ഭയന്നു വിറച്ചുകൊണ്ടു ചോദിച്ചു.

സുരേശ്:- 'ഭയപ്പെടാതിരിക്കണം. എൻെറ കൈയൊന്നും നിൻെറ ദേഹത്തു മുട്ടുകയില്ല. നിന്നിലുള്ള എൻെറ അധികാരമെല്ലാം അവസാനിച്ചിരിക്കയാണു്. പക്ഷെ നീ ഇതു മനസ്സിലാക്കണം. വേണമെങ്കിൽ എനിക്കു് സർവ്വാധികാരം എടുക്കാനുള്ള അവസരം ഇനിയുമുണ്ടെന്നു്.'

അചല ഇടയ്ക്കുകയറി പറഞ്ഞു: 'സുരേശ്ബാബു! നിർത്തു. എനിക്കൊന്നും കേൾക്കേണ്ട. ഇതു കേൾക്കുന്നതുതന്നെ പാപമാണു്. നിങ്ങൾ എന്നെ മനഃപ്പൂർവ്വം ദ്രോഹിക്കാൻ വന്നിരിക്കയാണോ?'

'എന്തു ദ്രോഹിക്കുവാനാണു് അചലേ?'

'പിന്നെ നിങ്ങൾ ഇതെല്ലാം ആവർത്തിക്കുന്നതിൻെറ ഉദ്ദേശമെന്തു്? ഞാൻ വെറും കല്ലാണോ ഇതു് കേട്ടുകൊണ്ടിരിക്കാൻ?'

'മതി. എല്ലാം എനിക്കു മനസ്സിലായിരിക്കുന്നു. നീ കല്ലല്ല എന്നാണല്ലോ പറയുന്നതു്. അപ്പോൾ നീ എന്നെ ഒരിക്കലും വഞ്ചിക്കുകയില്ലെന്നു് എനിക്കു വിശ്വസിക്കാമല്ലോ.' സുരേശിൻെറ കണ്ണിൽനിന്നും രണ്ടു തുള്ളി കണ്ണുനീർ താഴെ വീണു. ഇതു കണ്ടു അചലയ്ക്കും സങ്കടം അടക്കുവാൻ കഴിഞ്ഞില്ല. തലേദിവസത്തെ ചിന്ത വേദനയുടെ രൂപംപൂണ്ടു് അവളുടെ കണ്ണുകളിൽനിന്നും പുറത്തുവന്നു.

ഇതേസമയം പുറത്തു് ചെരിപ്പിന്റെ ശബ്ദം കേട്ടു ഇരുവരും നോക്കിയപ്പോൾ കണ്ടതു് മഹിമിനെയാണു്.

മഹിം ചോദിച്ചു:- 'എന്താണു് സുരേശ്! ചായ കുടിച്ചിരിക്കുമല്ലോ?' സുരേശിനു് പെട്ടെന്നു് ഉത്തരം നൽകാൻ കഴിഞ്ഞില്ല. അയാൾ മഹിം അറിയാതെ ധരിച്ചിരുന്ന ഉടുപ്പിൻെറ അററംകൊണ്ടു് കണ്ണുനീർ തുടച്ചു. അചല പെട്ടെന്നു് അവിടെനിന്നും മാറി കണ്ണു തുടച്ചു. ഇതെല്ലാം കണ്ടു് മഹിം ഇതികർത്തവ്യതാമൂഢനായി നിന്നതേയുള്ളു.

# പതിനാറ്.

ഒരുവിധം തൻെറ മനസ്സിനെ നിയന്ത്രിച്ചുകൊണ്ടു് മഹിം അകത്തുപോയി ഒരു കസേരയിൽ ഇരുന്നു. സുരേശ് വളരെ മടിച്ചുകൊണ്ടാണു് മഹിമിനെ അഭിമുഖീകരിച്ചതു്. മഹിമിനെ ശാന്തനാക്കുവാനുള്ള ശ്രമത്തിൽ അയാൾ പറഞ്ഞു:-

'അചലയുടെ കണ്ണുകളിൽ വെള്ളം നിറയുന്നതു കണ്ടപ്പോൾ അറിയാതെ എൻെറ കണ്ണുകളും നിറഞ്ഞു പോയി. ഞാൻ അന്നു് അവിടെ എത്തിയില്ലായിരുന്നുവെങ്കിൽ കേദാരബാബു രക്ഷപ്പെട്ടുകയില്ലായിരുന്നു.'

മഹിം നിരുത്സാഹനായി ചോദിച്ചു: 'സുരേശ് ചായ കുടിച്ചോ?'

സുരേശ്:— 'ഞാൻ കുടിച്ചു. അദ്ദേഹത്തിനു് അസുഖമാണെന്നു എന്നെ അറിയിച്ചുപോലുമില്ല. വിവരമെല്ലാം ഞാൻ അചലയോടു് പറയാമെന്നു കരുതി. അപ്പോഴതാ അവളുടെ കണ്ണുകൾ നിറഞ്ഞുകഴിഞ്ഞു.'

മഹിം:— 'അതുപോട്ടെ. രാത്രി സുരേശിനു് ഉറക്കത്തിനു് വല്ല വിഷമവും നേരിട്ടോ?'

സുരേശ്:— 'ഓ! ഞാൻ സുഖമായി ഉറങ്ങി.'

മഹിം:– 'ഞാൻ ഒന്നു് പുറത്തേയ്ക്കു് ചുററിക്കറങ്ങുവാൻ പോവുകയാണു്. സുരേശ് വരുന്നുണ്ടോ?'

സുരേശ് തൻെറ കയ്യിലുണ്ടായിരുന്ന പുസ്തകം കാണിച്ചുകൊണ്ടു പറഞ്ഞു: 'ഈ നോവൽ വളരെ നന്നായിരിക്കുന്നു. ഇനിയും തീൎന്നിട്ടില്ലല്ലോ. ഞാൻ ഇതു വായിക്കട്ടെ.'

മഹിം:– 'എന്നാൽ അതു വായിച്ചുതീർക്കൂ. ഞാൻ രണ്ടുമണിക്കൂറിനുള്ളിൽ തിരിച്ചെത്താം.'

മഹിം പോയിക്കഴിഞ്ഞപ്പോൾ സുരേശ് തൻെറ മൂഢതയെപ്പററി ഓൎത്തു് നാണിച്ചു. ആരോ തൻെറ മുഖത്തു് മഷി പുരട്ടി വികൃതമാക്കിയിരിക്കുന്നതുപോലെ അയാൾക്കു് അനുഭവപ്പെട്ടു. തൻെറയും അചലയുടേയും അപ്പോഴത്തെ നില മറയ്ക്കുന്നതിനുവേണ്ടി വ്യൎത്ഥമായി പലതും പറഞ്ഞതു് അനാവശ്യമായിപ്പോയി എന്നയാൾക്കു തോന്നി.

മഹിം വന്നുകഴിഞ്ഞപ്പോൾ അചല അടുത്തുപോയി കുശലപ്രശ്നങ്ങൾ നടത്തി.

'എൻെറ അച്ഛനോടു് നിങ്ങൾക്കു വെറുപ്പാണോ? അദ്ദേഹത്തിനു് അസുഖമാണെന്ന വിവരം സുരേശിൽനിന്നറിഞ്ഞിട്ടും നിങ്ങൾ കേൾക്കാത്ത ഭാവത്തിലിരിക്കുന്നതിൻെറ ഉദ്ദേശം എന്താണു്? ഞാനും അറിയട്ടെ.'

മഹിം:– 'വെള്ളം മുകൾപ്പരപ്പിൽ എത്ര പരിശുദ്ധമായിരുന്നാലും അടിഭാഗം ചളിയും അഴുക്കും നിറ

ഞ്ഞതാണെങ്കിൽ അതു് ശുദ്ധജലമായി ബുദ്ധിമാന്മാർ കരുതുകയില്ല. ആ വെള്ളം ഒന്നു ഇളക്കിയാൽ മതി കലങ്ങി അഴുക്കുജലമായി മാറും. ഞാൻ എന്തിനു അതിനു ശ്രമിക്കണം?'

അചല:– 'ഇളക്കിയാൽ ഉടനെ കലങ്ങും എന്നു വിചാരിച്ച് മനുഷ്യൻ അതു തീരെ ഉപേക്ഷിക്കുന്നതു ശരിയാണോ? അതും അഴുക്ക് മാററുവാൻ മററു മാർഗ്ഗങ്ങളുള്ളപ്പോൾ! കലങ്ങും എന്നു വിചാരിച്ച് ആവശ്യത്തിനു് ഉപയോഗിക്കണ്ടയോ? അപ്പോൾ അതിലെ അഴുക്കുകൾ നിവാരണംചെയ്തു് പവിത്രമാക്കി എടുക്കുകയേ നിവൃത്തിയുള്ളു. അതിനു് ഇനിയും താമസിക്കണമോ? എന്നെങ്കിലും ആ അഴുക്കു മാററുകതന്നെ വേണം. അതു നേരത്തെയാകരുതോ?'

മഹിം:– 'അതു ശരിയാണു്. പക്ഷെ എനിക്കിപ്പോൾ അതിനു സമയമില്ല. അതിനേക്കാൾ അത്യാവശ്യമായി പലതും എനിക്കു ചെയ്യുവാനുണ്ടു്.' മഹിം അവിടെ നില്ക്കാതെ പുറത്തേയ്ക്കു പോയി.

കുളികഴിഞ്ഞു് ഉടുത്തൊരുങ്ങി അചല സുരേശിന്റെ മുറിയിൽ പ്രവേശിച്ചു. സുരേശ് സൂട്ട്കേസ് തുറന്നു് എല്ലാം ഒതുക്കിവച്ച് പോകാൻ യാത്രയാകുന്നതുപോലെ കാണപ്പെട്ടു. അചലയെ കണ്ടപ്പോൾ അയാൾ പറഞ്ഞു: 'ഒരുമണിക്കാണു് വണ്ടി പുറപ്പെടുന്നതു്. ഇപ്പോഴെ എല്ലാം എടുത്തുവച്ച് ഒരുങ്ങിയിരുന്നാൽ വിഷമമില്ലല്ലോ.'

'നിങ്ങൾ മാറണം. ഇതെല്ലാം സ്ത്രീകളുടെ പണിയാണു്. നിങ്ങൾക്കു് ഭാര്യയോ സഹോദരിയോ ഉണ്ടായിരുന്നുവെങ്കിൽ ഇതു ചെയ്യുതരികയില്ലായിരുന്നോ? എല്ലാം ഞാൻ ഒരുക്കിവച്ചുതരാം. പക്ഷേ നിങ്ങൾക്കു ഭയമാണല്ലെ? കൂട്ടുകാരനെങ്ങാനും ഇപ്പോൾ ഇവിടെ വന്നു് ഇതു കണ്ടാലോ എന്നു് അല്ലേ?' അചല ചിരിച്ചുകൊണ്ടു് അയാളുടെ വസ്തുങ്ങൾ ഓരോന്നും എടുത്തു മടക്കിവെച്ചുകൊണ്ടിരുന്നു. തുടന്നു് അവൾ പറഞ്ഞു:-

'സുരേശ്ബാബു എന്തിനാണു് ഈ വേഷമെല്ലാം കെട്ടുന്നതെന്നു് എനിക്കറിയാം. എന്നെ ഒന്നു നാണിപ്പിക്കാമെന്നു കരുതി. നിങ്ങൾ ഇപ്പോൾ പോകുകയില്ല എന്നു് എനിക്കറിയാമല്ലോ. അല്ലെങ്കിൽ ഞാൻ വിടുമെന്നു വിചാരിക്കുന്നോ? ഇതു് സുരേശിൻെറ മിത്രത്തിൻെറ വീടുമാത്രമല്ല എൻേറയും വീടാണു്. ആ അധികാരത്തോടുകൂടിയാണു് ഞാൻ പറയുന്നതു് ഇന്നു് നിങ്ങളെ അയയ്ക്കുകയില്ല എന്നു്. മാത്രമല്ല കുറച്ചുദിവസംകൂടി ഇവിടെ ഞങ്ങളുടെകൂടെ താമസിക്കുകയും വേണം.'

ഇതേസമയം മഹിം അവിടെ എത്തി. 'അല്ല! പോകാനൊരുങ്ങുകയും ചെയ്തോ?'

അചല:— 'ഏതായാലും ഇന്നു് നിങ്ങളെ ഞാൻ പോകാൻ സമ്മതിക്കുകയില്ല, തീച്ചതന്നെ.'

സുരേശ്:- 'ഇതു കേട്ടോ മഹിം? എന്നെ പോകുവാൻ അനുവദിക്കുകയില്ലെന്നു്. ഞാൻ പോകുകയില്ലെന്നാണോ?'

മഹിം:– 'നീ പിണങ്ങി ഇവിടെനിന്നും പോകുകയാണെന്നാണ് അവൾ ധരിച്ചുവച്ചിരിക്കുന്നതു്. അതവൾക്കിഷ്ടമില്ല. അതുകൊണ്ടാണ് ഇത്രയും നിർബ്ബന്ധിക്കുന്നതു്.'

അചല:– 'നിങ്ങൾക്കു് ഒരുപക്ഷെ അതിഷ്ടമായിരിക്കാം.'

സുരേശ് വിഷയം മാററാനുള്ള ശ്രമത്തിൽ പറഞ്ഞു: 'വരൂ, മഹിം. നമുക്കു പോയി കളിക്കാം.'

മഹിം:– 'ശരി, ഞാനും വരുന്നു.'

# പതിനേഴ്.

ഭത്താവിൻെറ പ്രകൃതത്തിനു് ഒരു മാററം വന്നു കാണുവാൻ അചല അത്യധികം ആശിച്ചു. പക്ഷേ തികച്ചും കരിങ്കല്ലുപോലെ ഉറപ്പുള്ള ഹൃദയമാണു് മഹിമിൻേറതെന്നു് അചലയ്ക്കു മനസ്സിലാക്കുവാൻ അധികദിവസം വേണ്ടിവന്നില്ല. ദിവസം പോകുന്തോറും അവൾ നിരുത്സാഹയും വിവശയുമായി കാണപ്പെട്ടു. ചിന്ത അവളെ വിട്ടുമാറിയില്ല. ഈ ജീവിതത്തിൽ നിന്നൊരു മോചനം ലഭിക്കുവാൻ എന്തു ചെയ്യണമെന്നു അവൾ ആലോചിക്കാതിരുന്നില്ല. മരിച്ചുപോയിരുന്നെങ്കിൽ എത്ര നന്നാകുമായിരുന്നു എന്നവൾ ആശിച്ചു. നാടകത്തിൽ താൻ അഭിനയിച്ചതെല്ലാം മഹിം മനസ്സിലാക്കി എന്നവൾക്കു് ബോദ്ധ്യമായി.

രാത്രി വളരെയായിട്ടും ഉറങ്ങാതെ വിളക്കു കത്തിച്ചുവച്ചു് മഹിം എഴുതുകയും വായിക്കുകയും മററും ചെയ്തുകൊണ്ടിരുന്നു. അചലയ്ക്കു് ഇതു് അസഹ്യമായി തോന്നിത്തുടങ്ങി. അവൾ പരിഭവിച്ചു പറഞ്ഞു:— 'രാത്രി മുഴുവൻ ഈ വിളക്കു് ഇങ്ങനെ കത്തിച്ചുവയ്ക്കാൻ തീരുമാനിച്ചിരിക്കയാണോ? സ്വയം ഉറങ്ങുകയുമില്ല, മററുള്ളവരെ ഉറങ്ങാൻ സമ്മതിക്കുകയുമില്ല. എന്നോടു് നിങ്ങൾക്കു് അല്പംപോലും ദയയില്ലേ?'

മഹിം അപ്പോഴാണു് കാര്യം മനസ്സിലാക്കുന്നതു്. അചല തന്നെയും പ്രതീക്ഷിച്ചു് ഉറങ്ങാതെ ഇരിക്കുക യാണെന്നു്. അയാൾ വിളക്കണച്ചുകൊണ്ടു് പറഞ്ഞു:- 'ഓ! ഞാൻ അക്കാര്യം മറന്നുപോയി. എനിക്കു മാപ്പു തരൂ.' പക്ഷേ അചലയ്ക്കു് ഉറക്കം വന്നില്ല. അവൾ ഓരോന്നും ചോദിക്കുവാൻ തുടങ്ങി.

'നോക്കൂ, മഹിംബാബു! ഞാൻ ഒന്നു ചോദിക്കട്ടെ, നാം അറിഞ്ഞോ അറിയാതെയോ ചെയ്യുന്ന തെററുക ളുടെ ഫലം നാംതന്നെയല്ലേ അനുഭവിക്കേണ്ടിവരിക?'

മഹിം:- 'അനുഭവജ്ഞന്മാർ അങ്ങനെയാണല്ലോ പറയുന്നതു്.'

അചല:- 'നാം രണ്ടുപേരും തെററുചെയ്യുന്നുണ്ടു് എന്നിരിക്കട്ടെ. ഒരാൾ സ്ത്രീയും ഒരാൾ പുരുഷനുമാണു്. പുരുഷനാണു് കൂടുതൽ ശിക്ഷ എന്നു പറയപ്പെടുന്നു.'

മഹിം:- 'പുരുഷനു് വലിയ ശിക്ഷ കിട്ടുമെന്നതു കൊണ്ടു് സ്ത്രീ അതിൽനിന്നു ഒഴിവാകുന്നു എന്നർത്ഥമി ല്ലല്ലോ. പിന്നെ പുരുഷൻ എന്നു നീ സമർത്ഥിക്കുന്നുണ്ട ല്ലോ. അതു ഞാനോ, സുരേശോ?'

അചല ഞെട്ടിപ്പോയി. മഹിമിന്റെ സംഭാഷണ ത്തിന്റെ പോക്കു് അവൾ പെട്ടെന്നു മനസ്സിലാക്കി. സങ്കടം കലന്ന സ്വരത്തിൽ അവൾ പറഞ്ഞു: 'നിങ്ങൾ എന്നെ തെററിദ്ധരിക്കുകയാണു്. എന്നെ ഇങ്ങനെ അപമാനിക്കരുതേ. ഞാൻ ഒരു കാര്യം നിങ്ങളോടു ചോദിക്കട്ടെ. എന്നെ അതിനനുവദിക്കുമോ? നാളെ

ഞാൻ നാട്ടിൽ പോയി അച്ഛനെ ഒന്നു കണ്ടുവരട്ടെ? സമ്മതം തരുമോ?'

മഹിം ഗംഭീരനായി:– 'കൂട്ടവില്പനയിൻ ലാഭമൊന്നും കിട്ടിയില്ല എന്നുവിചാരിച്ച് ആരെങ്കിലും കടതന്നെ എടുത്തുമാററി കൊണ്ടുപോകാറുണ്ടോ?'

അചല:– 'ഉണ്ട് എന്നാണു് എനിക്കു തോന്നുന്നതു്.'

മഹിം:– 'ഇതിനെ ഒരു വ്യാപാരം മാത്രമായിട്ടാണു് നീ കരുതുവാൻ നിശ്ചയിച്ചിരിക്കുന്നതെങ്കിൽ പൊയ്ക്കൊള്ളൂ. പക്ഷേ ഏതൊരു തൊഴിലും വളരെ പഠിച്ചിട്ടുവേണം ചെയ്യുവാൻ. അല്ലെങ്കിൽ തോൽവി പററും. എപ്പോഴെങ്കിലും നിനക്കു് സ്വയം നിൻെറ തെററു് ബോദ്ധ്യമാകുമ്പോൾ എനിക്കു് എഴുതുക. അപ്പോഴേയ്ക്കും ഞാൻ അവിടെവന്നു് നിന്നെ കൂട്ടിച്ചുകൊണ്ടു പോരാം.'

അചല:– 'നിങ്ങളെ ഞാനെന്തിനു ബുദ്ധിമുട്ടിപ്പിക്കണം?'

മഹിം:– 'കഴിഞ്ഞുപോയതെല്ലാം പോകട്ടെ. ഭാവിയിലെങ്കിലും കുഴപ്പമുണ്ടാവാതെ സൂക്ഷിക്കുന്നതു കൊള്ളാം.'

അടുത്ത ദിവസം അതിരാവിലെ എഴുന്നേററു് സുരേശ് പോകാനൊരുങ്ങി. ചായകുടിക്കുന്നതിനിടയിൽ അയാൾ അചലയോടു് പറഞ്ഞു. 'ഇന്നെങ്കിലും എനിക്കു് ഒഴിവുതരൂ. ഞാൻ വീട്ടിൽ മടങ്ങട്ടെ.'

അചല:— 'ഞാനും നാളെ അച്ഛനെ കാണുവാനായി കല്ക്കത്തയ്ക്കു പോകുവാൻ ഉദ്ദേശിക്കുന്നുണ്ടു്.'

അന്നു് മഹിം ഉണ്ണുന്നതു് അചല കണ്ടില്ല. യദുവിനോടു ചോദിച്ചപ്പോൾ ഏതോ മുറിയിൽ കിടന്നു് ഉറങ്ങുകയാണെന്നു പറഞ്ഞു. അചല എല്ലായിടവും ചുററിക്കറങ്ങി. മഹിം പഠിപ്പിക്കുന്ന മുറിയിൽ ഉറക്കം തൂങ്ങുകയാണു്. സമയം ഒരുപാടായിട്ടും ഇങ്ങനെ കിടന്നു് ഉറങ്ങുവാൻ കാരണമെന്തെന്നു് അവൾ ആലോചിച്ചു. മുഖം വളരെ വിളറിയും ശോകാകുലവുമായിട്ടു് അവൾക്കു തോന്നി. അവൾ 'ഠോ' എന്ന ശബ്ദമുണ്ടാക്കിയപ്പോൾ മഹിം ഞെട്ടിയുണർന്നു. അചല ചിരിച്ചുകൊണ്ടു പറഞ്ഞു:— 'ഈ സമയത്തു് എന്താ ഇങ്ങനെ ഉറങ്ങുന്നതു്? ആരോഗ്യം നശിക്കുകയില്ലെ?'

മഹിം:— 'എനിക്കറിയില്ല. അസുഖം വരാതിരുന്നാലാണു് എനിക്കതിശയം!'

അന്നു് കാപ്പികുടിയെല്ലാം കഴിഞ്ഞു് സുരേശ് പോകാനൊരുങ്ങി. മഹിം അയാളുടെ അടുക്കൽ ചെന്നു നിന്നു. അചല സുരേശിനോടു പറഞ്ഞു: 'സൗകര്യപ്പെട്ടാൽ നാളെ ഞാനും അച്ഛനെ കാണുവാനായി പോകുന്നുണ്ടു്.'

സുരേശ്:— 'ചേട്ടത്തിയെ നീ കൽക്കട്ടയിൽ അയക്കുന്നുണ്ടോ മഹിം?'

മഹിം:— 'നമ്മുടെ ഈ നാട്ടിൻപുറത്തു് നാടകം അഭിനയിക്കുന്ന പതിവില്ലല്ലോ. അങ്ങനെ അയക്കണ

മെന്നു് താല്പര്യമുണ്ടെങ്കിൽ നാളെ എന്തിനു്, ഇന്നുതന്നെ നിൻെറകൂടെ അയക്കരുതോ എനിക്കു്?'

അചല:- സുഖമില്ലാതിരിക്കുന്ന അച്ഛനമ്മമാരെ ചെന്നുകാണുന്ന രീതി അഥവാ നാടകം നാട്ടുംപ്രദേശങ്ങളിലില്ലെങ്കിൽ നമ്മുടെ പട്ടണപ്രദേശങ്ങളിൽ അങ്ങനെയുള്ള നാടകങ്ങളൊക്കെ പതിവുണ്ടു്. സുരേശ് ബാബു! ഇന്നു് അങ്ങു് താമസിക്കൂ. നാളെ നമുക്കു് ഒരുമിച്ചു പോകാം.'

'വേണ്ട, വേണ്ട ചേട്ടത്തി! എനിക്കു് താമസിക്കുവാൻ പററുകയില്ല. ഞാൻ ഇന്നുതന്നെ പോവുകയാണു്.' സ്യൂട്ട്കേസ് എടുത്തുകൊണ്ടു് സുരേശ് യാത്രയായി.

അചല:- 'നില്ക്കൂ, അല്പസമയത്തേയ്ക്കു്. വണ്ടി വരുവാൻ ഇനിയും താമസമുണ്ടു്. ഞാൻ പറയുന്നതു് കേൾക്കൂ. ഞാൻ നിങ്ങളിൽനിന്നും ഒന്നും പ്രതീക്ഷിക്കുന്നില്ല. പക്ഷെ എൻെറ ദുർവ്വിധി എന്നുവേണം പറയുവാൻ നിങ്ങൾ ഈ ഗൃഹത്തിൽ വന്നുകയറിയതു്! എനിക്കുവേണ്ടി ഒരു കാര്യം ചെയ്യൂ. എൻെറ അച്ഛനോടു പറയുക ഈ മനുഷ്യൻ എന്നെ ബന്ധനസ്ഥയാക്കിയിരിക്കുകയാണെന്നു്. ഞാൻ ഇവിടെത്തന്നെ കിടന്നു് മരിക്കാം, സുരേശ്ബാബു! നിങ്ങൾ എങ്ങിനെയും എന്നെ ഇവിടെനിന്നു് മോചിപ്പിച്ചാലും. എന്നോടു് അല്പംപോലും സ്നേഹമില്ലാത്തവരുടെകൂടെ എനിക്കു് ഒരു നിമിഷംപോലും ജീവിക്കണമെന്നാശയില്ല.'

സുരേശ് തിരിഞ്ഞുനിന്നു് മഹിമിനോടായി പറഞ്ഞു: 'ഇവർ ബ്രഹ്മസ്ത്രീയാണു്, ശരി. പക്ഷേ, സ്ത്രീയാണെന്നു കരുതി ബലപ്രയോഗം ചെയ്യുന്നതു് നിനക്കു ഉചിതമല്ല മഹിം.'

മഹിം അല്പസമയം ഒന്നും മിണ്ടിയില്ല. പിന്നീട്ട് അചലയോടു പറഞ്ഞു:-

'നീ എന്തെല്ലാമാണീപ്പറയുന്നതെന്നു് ഒന്നു ഓത്തു നോക്കു അചലാ. പിന്നെ സുരേശ്! ഞാൻ ബലപ്രയോഗം ചെയ്യുന്നുവെന്നോ? എന്താണതെന്നു മനസ്സിലാകുന്നില്ല. നിനക്കു സമ്മതമാണെങ്കിൽ നാളെ ഇവളെക്കൂടി കൂട്ടത്തിൽ കൊണ്ടുപൊയ്ക്കൊള്ളു. ഞാൻ വണ്ടി ഏപ്പാടുചെയ്തു തരാം. നാട്ടുകാർ പലതും പറയുമായിരിക്കും, സാരമില്ല. ഞാൻ ഇതാ വരുന്നു.' എന്നു പറഞ്ഞുകൊണ്ടു് മഹിം വെളിയിൽ എവിടെയോ പോയി. അചലയുടെ മുഖം വിളറി. അവൾ ദീഘനിശ്വാസം ഉതിത്തുകൊണ്ടു് അവിടെനിന്നും എണീററു പോയി.

# പതിനെട്ട്.

ഉറക്കറയിൽനിന്നു വെളിയിലേയ്ക്കിറങ്ങുവാൻ ഭാവിച്ചപ്പോൾ അചലയുടെ ദൃഷ്ടി യാദൃശ്ചികമായി മേശപ്പുറത്തിരുന്ന ബ്ലോട്ടിൻപാഡിൽ കിടന്ന ഒരു കഷണം കടലാസിൽ പതിഞ്ഞു. അവൾ അടുത്തുചെന്നു അതെടുത്തു നോക്കി. എഴുത്താണ്. അവളതു വായിച്ചു. മൃണാളയുടേതാണ്—'പ്രിയ ജേഷ്ഠാ, ഇനിയും എന്തുചെയ്യുകയാണ്? മിനിഞ്ഞാന്നുമുതൽ ജേഷ്ഠൻെറ വരവുംകാത്തിരുന്നു മതിയായി. എൻെറ കണ്ണുകൾ ആകപ്പാടെ തളന്നിരിക്കയാണ്. സ്വന്തം മൃണാള.'

അചല കല്ലുപോലെ മരവിച്ചു നിന്നുപോയി. ഇതെപ്പോൾ ആരു കൊണ്ടുവന്നു? എന്നു് അവൾ കുറേ നേരം ആലോചിച്ചു. അവൾക്കൊരു പിടിയും കിട്ടിയില്ല. മിനിഞ്ഞാന്നുമുതൽ മഹിമിൻെറ വരവുംകാത്തു് മൃണാള ഇരിക്കുകയാണെന്നു് എഴുത്തു തെളിയിക്കുന്നു. എന്തിനു കാത്തിരിക്കണം? മഹിം ഈ വിവരം തന്നെ അറിയിക്കാത്തതെന്തു്? അവൾ സംശയത്തിൻെറ വലയിൽ അകപ്പെട്ടുപോയി. ഇതേസമയം യദു അവിടെ എത്തി— 'കൊച്ചമ്മേ! ചായ തയാറായോ എന്നു ബാബുജി ചോദിക്കുന്നു.' എന്നു പറഞ്ഞു.

അചല:— 'ഏതു ബാബു?'

യദു:- 'കൊച്ചമ്മയുടെ മഹിംബാബു ആണ്. ഇപ്പോൾ വന്നേയുള്ളു.'

അചല:— 'പോകു, ഞാൻ വരാം.'

പെട്ടെന്നു് ചായ തയാറാക്കി അവൾ യദുവിൻെറ കൈവശം കൊടുത്തയച്ചു. വരാന്തയിൽ വന്നുനിന്നു് അവൾ നോക്കി. മഹിം എന്തോ ആലോചിക്കുന്നതായി അവൾക്കു തോന്നി. സുരേശ് മുറിക്കകത്തിരുന്നു് പേപ്പർ വായിക്കുകയാണു്. മഹിം അചലയോടു് ചോദിച്ചു: 'സുരേശിനു് ചായ കൊടുക്കുവാൻ എന്താ ഇത്ര താമസി ച്ചതു്?' അചല നിന്നിമേഷയായി മഹിമിനെ നോക്കി. മഹിം ഒരു കസാര വലിച്ചിട്ടു് അതിൽ ഇരുന്നു. അചല രണ്ടു കപ്പു കാപ്പിയുമായി വന്നു. അവൾ ഒരു കപ്പു കാപ്പി മഹിമിനും മററതു് സുരേശിനും കൊടുത്തു.

പോകാൻ ഭാവിച്ചപ്പോൾ മഹിം അവളെ തട ഞ്ഞുനിത്തി. 'നില്ലുവിടെ.' അയാൾ ചാടിയെഴുന്നേററു് കതകിനു സാക്ഷയിട്ടു. ഇതെല്ലാം കണ്ടപ്പോൾ സുരേ ശിനു് തൻെറ കൈത്തോക്കിൻെറ ഓമ്മവന്നു. അയാൾ പേടിച്ചുപോയി. അചലയാകട്ടെ പേടിച്ചു മരവിച്ചു നിന്നു. മഹിം ക്രുദ്ധനായി പറഞ്ഞു: 'എൻെറ തോക്കു് അതാ ആ പെട്ടിക്കുള്ളിലുണ്ടു്. നിങ്ങളിലാക്കെങ്കിലും ധൈര്യമുണ്ടെങ്കിൽ ആ കതകു തുറക്കു. എന്തിനാണു് ഞാനതടച്ചതു് എന്നറിയാമോ സുരേശ്? മററാരെങ്കിലും ഉള്ളിൽ കയറാതിരിക്കാനാണു്. നിങ്ങളുടെ അധഃപത നമാണു് എന്നെ എൻെറ മനോവേദനയേക്കാൾ അധി കം വിവശനാക്കുന്നതു് എന്നു മനസ്സിലാക്കണം. നാളെ

തന്നെ നിങ്ങൾ നാട്ടിലേയ്ക്കു തിരിക്കണം. യാതൊരു കാരണവശാലും ഇതിനു തടസ്സം നേരിടരുതു്. നീയും. ഇവിടെ ഇരിക്കു അചല.' എന്നു പറഞ്ഞു് മഹിം അവിടെനിന്നും ഇറങ്ങിപ്പോയി.

ഏതാനും മണിക്കൂറുകൾക്കുശേഷം മഹിം വീട്ടിലേയ്ക്കു മടങ്ങിവന്നു. അകത്തേയ്ക്കു പ്രവേശിച്ചപ്പോൾ വെറും തറയിൽ അചല കിടക്കുന്നതു കണ്ടു. ഭർത്താവിനെ കണ്ടപ്പോൾ അവൾ എഴുന്നേററിരുന്നു. മഹിം അടുത്തുതന്നെ ഒരു വിരിപ്പിൽ ഇരുന്നതിനുശേഷം ചോദിച്ചു: 'നാളെ നാട്ടിലേയ്ക്കു പോകുവാനുള്ള ഒരുക്കമെല്ലാം കഴിഞ്ഞോ?' അചല ഒന്നും മിണ്ടാതെ തലയും കുനിച്ചിരുന്നു.

'നിനക്കു് എന്നോട്ടു് സ്നേഹമില്ലെന്നുണ്ടെങ്കിൽ നിന്നോടൊത്തു് ജീവിക്കുവാൻ ഭർത്താവാണെങ്കിൽ പോലും ഞാൻ ആഗ്രഹിക്കുന്നില്ല എന്നു നീ മനസ്സിലാക്കണം. എൻെറ സ്വഭാവം നിനക്കു നല്ലതുപോലെ അറിയാമല്ലോ. വിവാഹത്തിനു എത്രയോ നാൾ മുമ്പു മുതൽ നിനക്കു എന്നെ പരിചയമല്ലേ? പ്രാപിക്കുവാൻ അർഹതയില്ലാത്ത യാതൊന്നിനേയും ഞാൻ ഇച്ഛിക്കുന്നില്ല. കിട്ടിയതുകൊണ്ടു് തൃപ്തിപ്പെടുവാനല്ലാതെ കിട്ടാത്തതിനെ ആശിച്ചു് ഞാൻ വേദനിക്കാറില്ല. അഥവാ കിട്ടിയാൽപോലും എനിക്കു് ആവശ്യമില്ലാത്തതിനെ തള്ളിക്കളയും. പ്രേമം യാതൊരു ശക്തിക്കും കീഴടങ്ങുകയില്ല അചലേ. കീഴടങ്ങുന്നു എങ്കിൽ അതു വളരെ പരിതാപകരംതന്നെ. അതുകൊണ്ടു് നീ ഒന്നുകൊണ്ടും

വിഷമിക്കേണ്ടതില്ല. എന്തിനു വൃഥാ നീ കഷ്ടപ്പെടണം. ഞാൻ നിന്നോട്ട് ബലാൽക്കാരം ഒന്നും ചെയ്യുവാൻ പോകുന്നില്ല. നീ ഉള്ള കാര്യം വ്യക്തമായി എന്നോട്ട പറഞ്ഞാൽ ഞാനതിനൊരു പോംവഴി തീച്ച്യായും കണ്ടുപിടിക്കാം. എന്താ സുരേശിനു മാത്രമേ ഇതിനു കഴിവുള്ളു എന്നു നീ വിചാരിക്കുന്നുണ്ടോ?'

അചല ഗദ്ഗദകണ്ഠയായി പറഞ്ഞു: 'അങ്ങും സ്നേഹിക്കുന്നില്ലേ? അങ്ങേയ്ക്കും തെററു പററുന്നില്ലെന്നാണോ പറയുന്നതു്. എങ്കിൽപ്പിന്നെ ആ മുറിയിൽ മേശപ്പുറത്തു കണ്ടതു്.........'

മഹിം പെട്ടെന്നു ചെന്നു് മേശപ്പുറത്തുകിടന്ന എഴുത്തെടുത്തു വായിച്ചു. മഹിമിനു് എല്ലാം വ്യക്തമായി മനസ്സിലായി. വിവാഹം കഴിഞ്ഞു് അചലയെ തൻെറ ഗൃഹത്തിൽ കൂട്ടിക്കൊണ്ടുവന്നപ്പോൾ അവൾക്കൊരു കൂട്ടിനായി മൃണാളയെ താൻ വിളിച്ചുകൊണ്ടുവന്നതും സഹപത്നി എന്നു സ്വയം പറഞ്ഞു അചലയെ കളിയാക്കി രസിപ്പിച്ചതും മററും അയാൾ ഓർത്തുപോയി. വാസ്തവത്തിൽ മൃണാള അചലയെ എത്രമാത്രം സ്നേഹിക്കുന്നു? അങ്ങനെയുള്ള ഒരുവളുടെ മനോവ്യഥയെ എത്രയും നിസ്സാരമാക്കി താൻ തള്ളിക്കളഞ്ഞതു് അചല തന്നോടുകൂടെ ഉള്ളതുകൊണ്ടാണോ എന്നയാൾ ചിന്തിച്ചു. അയാൾ തിരിച്ചുവന്നു നോക്കിയപ്പോൾ അചല കതകു് അടച്ചു മുറിക്കുള്ളിലാണു് എന്നു മനസ്സിലായി. അയാൾ കട്ടിലിൽ പോയി കിടന്നു. പക്ഷെ ഒന്നും കഴിക്കാതെയും കുടിക്കാതെയും പട്ടിണി കിടക്കുന്ന തൻെറ

ഭാര്യയെക്കുറിച്ചോർത്ത് അയാൾക്കുറക്കം വന്നില്ല. കുറേ നേരം അയാൾ പലതും ആലോചിച്ചു കിടന്നു. പെട്ടെന്ന് ഉറങ്ങിപ്പോയി. എന്നാൽ ക്ഷണമാത്രയിൽ മഹിം ഞെട്ടിയുണർന്നു. എങ്ങും പ്രകാശം പരക്കുന്നതായി അയാൾ കണ്ടു. തുടർന്നു പുക ആ മുറിയെ പൊതിഞ്ഞു. ഇതികർത്തവ്യതാമൂഢനായി ഒരു നിമിഷം അയാൾ അങ്ങനെ നിന്നുപോയി. തന്റെ വീട്ട് അഗ്നിക്കിരയാകുകയാണ് എന്നു മനസ്സിലാക്കുവാൻ മഹിമിന് അധിക സമയം വേണ്ടിവന്നില്ല.

പുറത്തെ വരാന്തയിലാണ് സുരേശും ഭൃത്യനും ഉറങ്ങിക്കൊണ്ടിരുന്നത്. തീ അവിടംവരെ എത്തുവാൻ ഇനിയും താമസമുണ്ടെന്നും പക്ഷെ അചലയുടെ മുറി അഗ്നിക്കിരയായിത്തുടങ്ങി എന്ന് മഹിം മനസ്സിലാക്കി. മഹിം ഓടിച്ചെന്ന് അചല കിടന്ന മുറിയുടെ കതക് തല്ലിപ്പൊളിച്ച് 'അചല' എന്ന് ഉറക്കെ വിളിച്ചു തുടങ്ങി. പക്ഷെ അചല ഇതൊന്നും അറിയാതെ ഉറങ്ങുകയായിരുന്നു. അവൾ വിളികേട്ട് ചോദിച്ചു:

'എന്താണ്?'

'വേഗം പുറത്തേക്കു വരു, വീടിന് തീപിടിച്ചിരിക്കുന്നു. വേഗം വരു, വേഗം വരു.' മഹിം മുറവിളികൂട്ടിത്തുടങ്ങി. ഭയവിഹ്വലയായിട്ടെന്നപോലെ അചല ഉറക്കെ നിലവിളിച്ചു. അതോടെ അവളുടെ ശബ്ദം നിലച്ചു. അവൾ അബോധാവസ്ഥയിലായിരിക്കണമെന്ന് മഹിം ഊഹിച്ചു. അയാൾ ഒരു കതക് തല്ലിഒടിച്ച് എങ്ങനെയും അകത്ത് പ്രവേശിച്ചു. ബോധ

മില്ലാതെ കിടന്ന അചലയെ പൊക്കിയെടുത്തു് വെളിയിൽ ചാടി ഇറങ്ങി. പിന്നീട്ട് എല്ലാവരേയും കൂകി വിളിച്ചു് ഉണർത്തി. സുരേശും യദുവും പുറത്തേയ്ക്കോടി എത്തി. അല്പനിമിഷത്തിനുള്ളിൽ അചലയ്ക്കു ബോധം വന്നു. ഭർത്താവിനെ കെട്ടിപ്പിടിച്ചുകൊണ്ടു് അവൾ ഉറക്കെ നിലവിളിക്കുവാൻ തുടങ്ങി.

ആളുകൾ കൂടി. വീട്ട് കത്തി എരിയുകയാണു്. പെട്ടെന്നു് മഹിമിനു് അചലയുടെ സമ്പാദ്യങ്ങളെപ്പററിയും ആഭരണങ്ങളെപ്പററിയും ഓർമ്മയുണ്ടായി. എല്ലാം അവൾ കിടന്നിരുന്ന മുറിയിൽ പെട്ടിക്കുള്ളിൽ ഭദ്രമായി സൂക്ഷിച്ചിരിക്കയായിരുന്നു. അയാൾ അതെടുക്കുവാനായി തയാറായി. പക്ഷെ അചല ചാടി മുന്നോട്ടുവന്നു് മഹിമിൻെറ കൈ പിടിച്ചു് പുറകോട്ടു വലിച്ചു.

'ഇല്ല. ഞാനൊരിക്കലും അങ്ങയെ അകത്തു കടക്കാൻ സമ്മതിക്കുകയില്ല.'

'അതെടുക്കാതെ തരമില്ല.' എന്നു് പറഞ്ഞു് മഹിം അവളുടെ കൈ മാററി ഓടി വീട്ടിനകത്തു പ്രവേശിച്ചു. ഇതു കണ്ടു് സുരേശും മഹിമിനു പുറകെ ചെല്ലാൻ ഒരുമ്പെട്ടു. അചല അയാളുടെ വസ്ത്രം പിടിച്ചു വലിച്ചു—'അങ്ങു് എങ്ങോട്ടു പോകുകയാണു്? അദ്ദേഹം തൻെറ സാധനങ്ങളെടുത്തുകൊണ്ടുവരാൻ പോയിരിക്കുന്നു. അങ്ങേയ്ക്കു പോയിട്ടു് എന്താവശ്യം?'

അചലയുടെ വാക്കുകളിൽ സ്നേഹത്തിൻെറ ഒരംശംപോലും ഉണ്ടായിരുന്നില്ല.

മഹിമാകട്ടെ ഒരു ട്രങ്ക് തലയിലും രണ്ടെണ്ണം ഇരുകൈകളിലുമായി എടുത്തു് പുറത്തുവന്നു അചലയുടെ സമീപം വച്ചിട്ട് അയാൾ പറഞ്ഞു:— 'ഇതു സൂക്ഷിക്കു, ഞാൻ പോയി എൻെറ പുസ്തകങ്ങൾകൂടി എടുത്തുകൊണ്ടു വരട്ടെ.'

അചല സ്തബ്ധയായി നിന്നുപോയി. അപ്പോഴും സുരേശിൻെറ മുണ്ടിൻെറ അററം അവൾ മുറുകെ പിടിച്ചിരുന്നു. മഹിം അദൃശ്യനായി.

## പത്തൊൻപതു്.

നേരം വെളുത്തു. മഹിമിൻെറ മുഖം കണ്ടപ്പോൾ അചലയുടെ ഹൃദയം പൊട്ടി. അവൾക്കു് കരച്ചിൽ അടക്കുവാൻ കഴിഞ്ഞില്ല. ചിന്നിച്ചിതറി കിടക്കുന്ന തലമുടിയും അഗ്നിജ്വാലയിൽ കരിവാളിച്ചുപോയ മുഖവും മഹിമിനെ വികൃതനാക്കിയിരുന്നു. തൻെറ പതിയുടെ സുന്ദരമുഖം ആരോ അപഹരിച്ചുകൊണ്ടു പോയതുപോലെ അചലക്കു തോന്നി. ഇപ്പോൾ അയാൾ ഒരു വൃദ്ധനെപ്പോലെ കാണപ്പെട്ടു. ഗ്രാമനിവാസികൾ ഓരോന്നും പറഞ്ഞുതുടങ്ങി. മഹിമാകട്ടെ കിടന്ന കിടപ്പിൽ എല്ലാം കേൾക്കുകയാണു്, ഒരക്ഷരം ശബ്ദിക്കാതെ. ചിലർ അഭിപ്രായപ്പെട്ടു—'ഇനിയെങ്കിലും ആ സ്ത്രീയെ ഉപേക്ഷിച്ചു് ചെയ്ത തെററിനു് പ്രായശ്ചിത്തം ചെയ്യരുതോ?'

ഓരോന്നും കേട്ടു് മഹിമിനു് മുഷിവു തോന്നി. അയാൾ സമാധാനത്തോടെ പറഞ്ഞു:— 'ഇവളെയല്ല മറെറാരുത്തിയെയാണു് ഞാൻ കൊണ്ടുവന്നിരുന്നതെങ്കിലും അനുഭവിക്കേണ്ടിയിരിക്കുന്നതു് അനുഭവിക്കുക തന്നെ ചെയ്യും. ഇവളെ കെട്ടിയതുകൊണ്ടു് നന്മയാണുണ്ടാകാൻ പോകുന്നതെങ്കിൽ ഉണ്ടാകുകതന്നെ ചെയ്യും. അതല്ല, ഇതുപോലെ എല്ലാം തീപിടിച്ചു് നശിക്കുവാ

നാണു് പോകുന്നതെങ്കിൽ അങ്ങനെയാകട്ടെ. എല്ലാം സഹിക്കുകതന്നെ വേണം.' ഇത്രയും പറഞ്ഞു് മഹിം അവിടെനിന്നും പോയി. ഇതെല്ലാം അചല കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അവളുടെ കണ്ണുകളിൽനിന്നും ജലപ്രവാഹം ഉണ്ടായിത്തുടങ്ങി. ഇതേസമയം യദു അചലയുടെ സമീപം എത്തി ചോദിച്ചു:— 'വണ്ടി എപ്പോഴത്തേയ്ക്കു് ചെയ്യട്ടേ എന്നു് അമ്മയോടു് ചോദിക്കുവാൻ ബാബു പറഞ്ഞിരിക്കുന്നു. കൊണ്ടുവരട്ടേയോ?'

'ഇപ്പോൾ വേണ്ട.' അചല മറുപടി നല്കി.

മഹിം അടുത്തുനിന്നപ്പോഴും അചലയുടെ കണ്ണുകളിൽനിന്നും വെള്ളം ഒഴുകുകയായിരുന്നു. അചല ഭർത്താവിൻെറ കാലുകൾ തൊട്ടു വന്ദിച്ചു. മഹിം ഞെട്ടിപ്പോയി. അചലയ്ക്കാകട്ടെ താൻ എന്താണു് ചെയ്യുന്നതെന്നൊരു ബോധംപോലും ഇല്ലാതെയായി. ചുററും ആളുകൾ കൂടിനില്ക്കുന്നതുകണ്ടു് അവൾക്കു തെല്ലൊരു സങ്കോചവും തോന്നിയില്ല. മനസ്സിനെ ഒരുവിധം നിയന്ത്രിച്ചു് അവൾ മഹിമിനോടു ചോദിച്ചു: 'ഇപ്പോൾ വണ്ടി എന്തിനാണു്?'

മഹിം:— 'ഇപ്പോൾ വീട്ടിലേയ്ക്കു പുറപ്പെടുകയാണെങ്കിൽ ഉച്ചയ്ക്കുമുമ്പു് എത്തിച്ചേരാമല്ലോ. നിനക്കു വല്ലതും കഴിക്കുകയും കുളിക്കുകയും മററും വേണ്ടേ? ഇന്നലെ രാത്രിപോലും ഒന്നും കഴിക്കാതെയല്ലേ കിടന്നതു്?'

അചല:— 'അപ്പോൾ നിങ്ങൾ?'

മഹിം:– 'ഓ, എൻെറ കാര്യം, അതിനു സമാധാനമുണ്ടാക്കാം.'

അചല:– 'അങ്ങനെയാണെങ്കിൽ എൻെറ കാര്യവും എങ്ങനെയും നടക്കും. ഞാൻ എങ്ങും പോകുന്നില്ല.'

മഹിം:– 'എന്തുചെയ്യാമെന്നാണു് നീ ഈ പറയുന്നതു്?'

'വല്ല മരച്ചുവട്ടിലും കഴിച്ചുകൂട്ടാം' എന്നു പറയാൻ അചലക്കു തോന്നി. എങ്കിലും അവൾ അതു പറഞ്ഞില്ല. ആ ഗ്രാമനിവാസികളിൽ ഒരാളിൽനിന്നുപോലും തനിക്കു് ആശ്രയം കിട്ടുകയില്ല എന്നവൾക്കു് നല്ല ഉറപ്പുണ്ടു്. അവരുടെ സംഭാഷണങ്ങളിൽനിന്നും നേരത്തെതന്നെ അവളതു മനസ്സിലാക്കിയതാണു്. അതുകൊണ്ടു് മഹിമിനോടു് അവൾ അപേക്ഷിച്ചു: 'നിങ്ങളും കൂടി പോരികയാണെങ്കിൽ നമുക്കു് ഒരുമിച്ചു് വീട്ടിൽ പോകാം. എനിക്കുവേണ്ടി ഇപ്പോൾ നിങ്ങളുടെ അഭിമാനം അല്പം മാററിവയ്ക്കു. അതെല്ലാം ഞാൻ ഏററുകൊള്ളാം. ഇന്നലെ രാത്രിയുണ്ടായ ഈ സംഭവം എന്നിൽനിന്നു് നിങ്ങളെ അകററുവാനുണ്ടായതല്ല, അടുക്കുവാനാണു്. എൻെറ ഹൃദയത്തിൽ കഠാരി കുത്തിയിറക്കിയാൽപോലും ഞാൻ വേദനിക്കുകയില്ല. പക്ഷെ നിങ്ങൾ എന്നെ വേർപെടരുതു്.'

അവൾ പിന്നെയും പലതും പറഞ്ഞുനോക്കി. 'നിങ്ങൾ എന്താണിനിയും ആലോചിക്കുന്നതു്. എൻെറ ആഭരണങ്ങളുണ്ടല്ലോ? അതെല്ലാം വിററു നമുക്കു് ഒരു

വീട്ടു മേടിക്കാം. എങ്ങനെയും നിത്യവൃത്തിയ്ക്കുള്ള പണം നിങ്ങൾക്കു് കിട്ടാതിരിക്കുകയില്ലല്ലോ.'

മഹിം:— 'യദു പോയി വണ്ടി ഏർപ്പാടുചെയ്തുകൊണ്ടു് പോരട്ടെ. ഇപ്പോൾ നീ മാത്രം പോകൂ. ഞാനും കൂടി ഈ സമയത്തു വരുന്നതു് ശരിയായിരിക്കുകയില്ല.' അചലയുടെ മുഖം മങ്ങിപ്പോയി. അവൾ യാചനാസ്വരത്തിൽ അപേക്ഷിച്ചു—'എന്നാൽ വൈകുന്നേരത്തെ വണ്ടിയിൽ പോരാമോ? ഞാൻ നിങ്ങൾക്കുവേണ്ടി കാത്തിരിക്കാം. എന്താ ഒന്നും മിണ്ടാതിരിക്കുന്നതു്. നിങ്ങൾ വരുമോ?'

മഹിം:— കൽക്കട്ടയിൽ എവിടെ വരണമെന്നാണു് നീ പറയുന്നതു്?'

അചല:— 'എൻെറ അച്ഛൻെറ വീട്ടിൽ! എന്താ അതു് നിങ്ങളുടെയും വീടല്ലേ?'

മഹിം:— 'അല്ല'

അചല:— 'എന്നാൽ നമുക്കു അങ്ങു പടിഞ്ഞാറു ഭാഗത്തു പോകാം. അവിടെ വലിയ വീട്ടുകളെല്ലാം ഉണ്ടല്ലോ. ആഭരണങ്ങൾ അവിടെ എവിടെയെങ്കിലും വിററാൽ നമുക്കു പണം കിട്ടും. അതുവരെയ്ക്കും ഉള്ള ചിലവിനു് എന്റെ പക്കൽ ഇരുനൂറു രൂപയോളമുണ്ടു്. ഞാനുംകൂടെ ഉണ്ടെങ്കിൽ നിങ്ങൾക്കു് ഒരു കഷ്ടപ്പാടും ഉണ്ടാവുകയുമില്ല.'

മഹിം:— 'നിൻെറ ആഭരണങ്ങൾ ഒന്നുംതന്നെ ഞാൻ എടുക്കുകയില്ല. അചല! നിനക്കറിയാമോ ഞാൻ

ബോധമില്ലാതെ പ്രവൎത്തിക്കുന്ന കൂട്ടത്തിലല്ലാ എന്നു്. നീ മനസ്സോടുകൂടി തരുന്ന എന്തും ഞാൻ സ്വീകരിക്കുക തന്നെ ചെയ്യും. അതിൽ അതിരററു സന്തോഷിക്കുകയും ചെയ്യും. പക്ഷേ ഇതങ്ങനെയല്ല. ആഭരണങ്ങൾ. ഇതു കൊണ്ടു് എനിക്കും നിനക്കും ദോഷമാണുണ്ടാവുക. ഞാൻ ഈ ആഭരണങ്ങൾ സ്വീകരിച്ചാൽ എനിക്കു് തീരെ മനഃസ്സമാധാനം കിട്ടുകയില്ല. ഒരു തെററു ചെയ്ത തിൻെറ ഫലമായി ഇത്രയും കഷ്ടപ്പാടുകൾ നിനക്കു് ഇന്നു് അനുഭവിക്കേണ്ടതായി വന്നു. ഇനിയും ഒന്നുകൂടി ചെയ്തു് ജീവിതം മുഴുവനും നിന്നെ നരകിപ്പിക്കുവാൻ ഞാൻ തയ്യാറല്ല.'

മഹിമിൻെറ വാക്കുകൾ അചലയുടെ ഹൃദയത്തിൽ തറച്ചു. ഭൎത്താവിൻെറ ദൃഷ്ടിയിൽ അവൾ അന്യസ്ത്രീ മാത്രം! തൻേറതു മാത്രമെന്നു വിശ്വസിക്കാൻ മഹിം മടിക്കുന്നതുപോലെ അവൾക്കു തോന്നി.

അസഹ്യവേദന അവളെ പലതും പറയുവാൻ പ്രേരിപ്പിച്ചു. അവൾ മഹിമിനോടു് പരിഭവം പ്രകടിപ്പിച്ചു. പക്ഷെ അയാൾക്കു മാററമൊന്നുമുണ്ടായില്ല.

അന്നു് ഒൻപതു മണിക്കുള്ള ട്രെയിനിൽ പോകുവാൻതന്നെ അചല തീരുമാനിച്ചു. സുരേശും കൂടെ പോകുന്നുണ്ടു്. തലേന്നു രാത്രി ആ വീടു് അഗ്നിക്കിരയായതിനുശേഷം സുരേശ് ആരോടും ഒന്നും മിണ്ടുകയുണ്ടായില്ല. സ്റ്റേഷനിൽ എത്തിയപ്പോൾ മഹിമിനെ അരികിൽ വിളിച്ചു് സുരേശ് ശാന്തതയോടെ ചോദിച്ചു.

'വീടിനു തീപിടിച്ച കാര്യത്തിൽ നീ എന്നെ സംശയിക്കുന്നുണ്ടോ മഹിം.'

മഹിം സുരേശിൻെറ കൈ അമർത്തിപ്പിടിച്ചു പറഞ്ഞു: 'ഛേ! എന്താണു സുരേശ് ഇങ്ങനെ ചോദിക്കുന്നതു്?'

മഹിം അടുത്തുവന്നപ്പോൾ അചല പറഞ്ഞു:

'മൃണാളയുടെ ഭർത്താവു് ഇന്നു് അവസാനിച്ചിരിക്കുകയാണത്രേ. ദാ, ഇവർ പറഞ്ഞാണു് ഞാനറിഞ്ഞതു്.' അചല അടുത്തുനിന്ന വേലക്കാരിയെ കാണിച്ചുകൊണ്ടു പറഞ്ഞു.

മഹിം:- 'ഞാനും കേട്ടു. ഏകദേശം ഒരു മണിക്കൂറിനു മുമ്പാണെന്നാണു കേട്ടതു്.

അചല:- 'പത്തുപതിനഞ്ചു ദിവസമായി കിടപ്പായിരുന്നുവത്രേ. നിമോണിയ ആയിരുന്നു സുഖക്കേടെന്നു കേട്ടു. കഷ്ടം! നിങ്ങൾ എന്നോടിതു് ഇതേവരെ പറഞ്ഞില്ലല്ലോ.'

ഇതിനിടയിൽ വണ്ടി വിടുവാനുള്ള ചൂളംവിളി കേട്ടു. വണ്ടി യാത്രയുമായി.

# ഇരുപതു്.

കേദാരബാബുവിനു് മുമ്പിലത്തെതുപോലെ സ്വസ്ഥത കിട്ടിയിരുന്നില്ല. ഉറക്കത്തിൽ വണ്ടിയുടെ കടകടാ ശബ്ദം കേട്ടു് അയാൾ ഞെട്ടിയുണർന്നു. സുരേശിന്റെ കൂടെ അചലയും ഇറങ്ങിവരുന്നതു് അയാൾ കണ്ടു. അയാൾക്കൊന്നും വ്യക്തമായില്ല. 'എന്താണിതു്? യാദൃശ്ചികമായി ഇവരെ ഒരുമിച്ചു കാണിനിടയായതു്!' ആ വൃദ്ധൻ അത്ഭുതപ്പെട്ടു.

അചല പിതാവിൻെറ കാലുകൾ തൊട്ടു വന്ദിച്ചു. സുരേശും നമസ്കരിച്ചുകൊണ്ടു പറഞ്ഞു:

'മഹിമിൻെറ കമ്പി കിട്ടിയില്ലായിരിക്കും. അതാണീ സംശയമെന്നു തോന്നുന്നു.'

വൃദ്ധൻ:- 'നിങ്ങൾ അചലയെ എങ്ങനെ കണ്ടുമുട്ടി?'

സുരേശ്:- 'ഞാൻ നാലഞ്ചു ദിവസമായി അവരുടെകൂടെയായിരുന്നു. ഇന്നലെ രാത്രി യദൃച്ഛയാ ഇവരുടെ വീടു് അഗ്നിക്കിരയായി. അതുകൊണ്ടു് ഇവരേയും കൂട്ടിക്കൊണ്ടു് ഇങ്ങു പോന്നു.

വൃദ്ധൻ:- 'മഹിം എവിടെ? കഷ്ടംതന്നെ! എങ്കിലും ഇതു നന്നായില്ല.'

വീടിനു് തീപിടിച്ച കാര്യത്തിൽ അച്ഛനു് വിശ്വാസം തോന്നാത്തതുകൊണ്ടായിരിക്കും ഇപ്രകാരം പറയുന്നതെന്നു് അചലയ്ക്കു തോന്നി. അവളുടെ മുഖം വിളറി.

സുരേശ് പോകാൻ തിട്ടക്കം കൂട്ടിക്കൊണ്ടു പറഞ്ഞു: 'ഇവരെ ഇവിടെ എത്തിക്കണമെന്നു് മഹിം പറഞ്ഞതനുസരിച്ചാണു് ഞാൻ കൂടെ വന്നതു്. ഇനി ഞാൻ പോകട്ടെ.' സുരേശ് യാത്രയായി.

രാത്രി അചലയ്ക്കു് ഉറക്കം വന്നതേയില്ല. തിരിഞ്ഞും മറിഞ്ഞും അവൾ കുറേനേരം കിടന്നു. മനസ്സു് ഒരുവിധത്തിലും ശാന്തമാകാതെ വന്നപ്പോൾ സമയം കളയാനായി അവൾ വരാന്തയിൽ വന്നിരുന്നു. കേദാരബാബുവിൻെറ മുറിയിൽ വിളക്കു കത്തുന്നതുകണ്ടു് അവൾ സമീപംചെന്നു നോക്കി. തന്നോടുകൂടെ വന്ന ആ സ്ത്രീയോടു് തൻെറ ഭർത്തൃഗൃഹത്തിലെ വിശേഷങ്ങൾ പിതാവു് ചോദിച്ചറിയുകയാണെന്നു് അവൾക്കു മനസ്സിലായി. ആ സ്ത്രീ പറയുന്നതു് അവൾ ശ്രദ്ധിച്ചു.

'...മഹിംബാബുവും മൃണാളയും വലിയ ലോഹ്യത്തിലാണു്. പാവം മകൾ അചലയ്ക്കു് ഒരു ദിവസം പോലും സ്വാസ്ഥ്യതയില്ല...'

അചല ഒരിക്കലും വിചാരിച്ചിരുന്നതല്ല അച്ഛൻ ആ സ്ത്രീയോടു് തൻെറ കാര്യങ്ങളെപ്പററി അന്വേഷിക്കുമെന്നു്. അവൾക്കു വളരെ സങ്കടം തോന്നി. ഇന്നു് അവൾക്കാരും ആശ്രമമില്ലാത്തതുപോലെ അനുഭവപ്പെട്ടു. അവൾ വിചാരത്തിൽ മുഴുകി.

# ഇരുപത്തൊന്നു്.

രാവിലെ അവൾ ഉണന്നു് വരാന്തയിൽ വന്നു നോക്കി. കേദാരബാബു പത്രം വായിക്കുകയാണു്. വേലക്കാരൻ വന്നു് വെള്ളം തിളപ്പിക്കുവാനുള്ള സാധനങ്ങൾ അവിടെ എടുത്തുകൊണ്ടുവന്നതും കേദാരബാബു സ്വയം ചായ പാകംചെയ്യുന്നതും അവൾ കണ്ടു. അവളുടെ ഹൃദയമിടിപ്പു് ഉച്ചത്തിലായി. അവൾ ചിന്തിച്ചു: 'അച്ഛൻ ഈ പ്രകൃതം തുടരുവാനാണു് ഭാവമെങ്കിൽ ഞാൻ ഈ വീട്ടിൽ അച്ഛനോടൊത്തു് എങ്ങനെ ജീവിക്കും?'

അങ്ങനെ പലതും അവൾ ആലോചിച്ചുകൊണ്ടിരിക്കേ സുരേശ് വന്നുകയറി. കേദാരബാബുവിനെ അഭിവാദനം ചെയ്തുകൊണ്ടു് അയാൾ നിന്നു. പക്ഷേ, കേദാരബാബു അയാളെ കണ്ടിട്ടു് തലയാട്ടിയതല്ലാതെ ഒരക്ഷരം മിണ്ടിയില്ല. സുരേശ് ഭൃത്യനോടു് പറഞ്ഞു: 'എൻെറ സൂട്ട്കേസ് ഒന്നു് സ്റ്റേഷൻവരെ എത്തിച്ചുതരൂ. ഞാൻ ഇപ്പോൾതന്നെ പോകുകയാണു്.'

'അല്പസമയം ഇരിക്കു സുരേശ്, ഞാൻ ഇപ്പോൾ വരാം.' എന്നു പറഞ്ഞു് കേദാരബാബു വെളിയിലേക്കിറങ്ങി.

സുരേശ് അചലയോടു പ്രശ്നങ്ങൾ ആരാഞ്ഞു. കേദാരബാബുവിൻെറ പ്രകൃതം സുരേശിനെയും ചിന്താകുലനാക്കിയിരുന്നു. സങ്കടത്തോടെ അയാൾ അചലയോടു പറഞ്ഞു:-

'നിന്റെ അച്ഛൻ എന്നെ ഇത്രയും നീചനും പാപിയുമായി കരുതുമെന്നു് ഞാൻ സ്വപ്നത്തിൽപോലും വിചാരിച്ചതല്ല.' ഇതേസമയം കേദാരബാബു തിരിച്ചെത്തി ഒരു കടലാസുകഷണം മേശപ്പുറത്തുവച്ചിട്ടു പറഞ്ഞു:- 'അയ്യായിരം രൂപയ്ക്കുള്ള ഹെഡ്നോട്ട് ഇതാ എഴുതി തന്നിരിക്കുന്നു. രൂപയായിത്തന്നെ അങ്ങോട്ട് തിരിച്ചുതരാൻ സാധിച്ചില്ലെന്നുവരാം. പക്ഷേ ഈ കെട്ടിടം ഇതാ നിങ്ങൾക്ക് എഴുതുന്നുണ്ടു്. അതിൽനിന്നു് നിങ്ങൾക്കു് തുക ഈടാക്കാം.'

'ഞാൻ നിങ്ങളോടു് ഹെഡ്നോട്ടു് വാങ്ങാൻ വന്നതല്ല. ഞാൻ നിങ്ങൾക്കു് കടമായി രൂപ തന്നിട്ടുമില്ല. അഥവാ തന്നിട്ടുണ്ടെന്നു് നിങ്ങൾ പറയുന്നെങ്കിൽ അതു് എൻെറ മിത്രത്തിനു് നൽകിയിരിക്കുന്ന സംഭാവനയായി മാത്രം കരുതിയാൽ മതി.'

'എങ്കിൽ അതു് മിത്രത്തിൻെറതായിത്തന്നെ ഇരിക്കട്ടെ.'

'ശരി, സമ്മതിച്ചിരിക്കുന്നു.' എന്നു പറഞ്ഞു് സുരേശ് അചലയുടെ സമീപം ചെന്നു. ഇതു കണ്ടു കേദാരബാബു ഉച്ചത്തിൽ വിളിച്ചുപറഞ്ഞു:

'സുരേശ്', നീ ഇത്രയും നീചനാണെന്നു് ഞാൻ ഒരിക്കലും വിചാരിച്ചതല്ല. എന്റെ മുമ്പിൽവച്ചുതന്നെ

ഇതു വേണ്ടായിരുന്നു. എന്റെ മകളെ അന്യന്നു് ദാനം ചെയ്യാൻ തനിക്കെന്തവകാശമാണുള്ളതു്?' കോപത്താൽ ഗദ്ഗദകണ്ഠനായി കേദാരബാബു ഒരുവിധം ഇത്രയും പറഞ്ഞവസാനിപ്പിച്ചു. ഉടനെ അയാൾ കസേരയിൽ മറിഞ്ഞുവീണുകഴിഞ്ഞു. അചല ഇതൊന്നും കണ്ടഭാവം വയ്ക്കാതെ അകത്തേയ്ക്കു പോയി. സുരേശിനെ അചലയുടെ ഈ കഠോരത്വം ആശ്ചര്യഭരിതനാക്കി. അയാളും അവിടെനിന്നും മറഞ്ഞു.

കുറച്ചുസമയത്തിനുള്ളിൽ അവിടുത്തെ ഭൃത്യൻ ഒരു ചെറിയ കടലാസുകഷണം കൊണ്ടുവന്നു് കേദാരബാബുവിനെ വിളിച്ചുണർത്തി കയ്യിൽ കൊടുത്തു. ഭൃത്യനെ കണ്ട മാത്രയിൽ കേദാരബാബു അലറിത്തുടങ്ങി:— 'എവിടെപ്പോയി ആ കള്ളൻ? ദുഷ്ടൻ! ആ നീചനെ ഇനി എന്റെ വീട്ടിലെ പടിക്കകത്തു കയറിക്കഴിഞ്ഞാൽ പോലീസിൽ ഏല്പിക്കും ഞാൻ. അചല കേട്ടോ ഇപ്പറഞ്ഞതു്? ഓരോ വേഷങ്ങൾ ഇങ്ങനെ നടക്കുന്നു. ശ്രുപയുടെ പേരിൽ സമുദായത്തെത്തന്നെ നശിപ്പിക്കാമെന്നാണോ നിന്റേയും വിചാരം. നീയും ഇതിനു വഴിപ്പെട്ടുപോയല്ലോ. സ്വന്തം അച്ഛന്റെ മുഖത്തു് കരിവാരിതേയ്ക്കാൻ നിനക്കു് ഒട്ടും മടിതോന്നിയില്ല അല്ലേ? എനിക്കു് അയാളുടെ ശ്രുപ അത്ര വലിയതൊന്നുമല്ല. വേണമെങ്കിൽ ഈ നിമിഷത്തിനുള്ളിൽ ഞാനതുണ്ടാക്കി കൊടുക്കാം. ഈ കെട്ടിടം ഇപ്പോൾതന്നെ വിററു് ഞാൻ ആ പണമുണ്ടാക്കാം. പിന്നെ എന്റെ കാര്യമല്ലേ? അതിൽ എനിക്കത്ര പേടിയൊന്നുമില്ല. ഹും! ഇതായി

രുന്നു ആദ്യംമുതൽ അയാളുടെ ഉദ്ദേശം! അതിനു് ഇത്ര യും ചെയ്യണമോ?'

അചലയുടെ മുഖം കറുത്തിരുണ്ടു. ഗദ്ഗദകണ്ഠ യായി അവൾ പറഞ്ഞു: 'അച്ഛൻ എന്താണു് പറയു ന്നതു്? മുഖം കാണിക്കാതിരിക്കത്തവിധം ഞാൻ എന്തു ചെയ്തു? അങ്ങനെ ചെയ്തു എങ്കിൽ ഇന്നു് ഞാൻ ജീവി ച്ചിരിക്കയില്ല. എൻെറ നാട്ടിൽ മുങ്ങിമരിക്കാൻ വേണ്ട ത്ര വെള്ളമുണ്ടു്. എൻെറ പ്രാണനെ നശിപ്പിക്കാൻ എനിക്കു് ഒരു പ്രയാസവുമില്ല. പക്ഷെ ജീവിക്കാൻ വേണ്ടി ഒരിക്കലും തെററായ മാർഗ്ഗത്തിൽ ഞാൻ പോകു കയും മററുമില്ല. മാനം വിററു് പണം വാങ്ങുന്നവളല്ല ഇവളെന്നു് അച്ഛൻ ഓക്കണം.' കരച്ചിൽ അടക്കാൻ കഴിയാതെ അവൾ അവിടെനിന്നും മറഞ്ഞു.

അഞ്ചെട്ടു ദിവസങ്ങൾ ഇങ്ങനെ കഴിച്ചു. അചല അവളുടെ മുറിയിൽനിന്നും എങ്ങും പോയില്ല. നേരം പോകുന്നതിനായി അവൾ വരാന്തയിൽ വന്നുനിന്നു വെളിയിൽ നോക്കും. അന്നു സുരേശിന്റെ വണ്ടി തന്റെ വീട്ടുവാതുക്കൽ നില്ക്കുന്നതവൾ കണ്ടു. നിന്ന നില്പിൽ അവൾ മരവിച്ചുപോയി. പോലീസിനെ കണ്ടു ഭയന്നു് ഒളിക്കുന്ന കള്ളനെപ്പോലെ അവൾ തൻെറ മുറിയിൽ പോയി കിടന്നു. കുറച്ചുസമയം കഴിഞ്ഞപ്പോൾ വാതി ലിൽ ആരോ മുട്ടുന്നതുപോലെ അവൾക്കു തോന്നി. പി താവിന്റെ ശബ്ദം അവൾ കേട്ടു. 'എണിക്കു മോളേ, സന്ധ്യയായി. ഇതാ സുരേശിൻെറ അമ്മൂമ്മ നിന്നെ

വിളിച്ചുകൊണ്ടുപോകാൻ വന്നിരിക്കുന്നു. മഹിമിനു് തീരെ സുഖമില്ലത്രേ.'

അചല ചാടി എഴുന്നേററു് വാതിൽ തുറന്നു സുരേശിൻെറ അമ്മൂമ്മയുടെ കാലുകൾ തൊട്ടു വന്ദിച്ചു. കേദാരബാബു മകളോടു പറഞ്ഞു:– 'നീ എന്തിനാ മോളേ അവനെ ഒററയ്ക്കുവിട്ടു് ഇങ്ങോട്ടു പോന്നതു്? അതല്ലേ അവനു് അസുഖം ഇത്രയും വദ്ധിച്ചതു്! സുരേശ് പോയി കൂട്ടിക്കൊണ്ടു് വന്നില്ലായിരുന്നുവെങ്കിൽ അവൻെറ ഗതി എന്താകുമായിരുന്നു?'

'ഓ, അതിനു സാരമില്ല. രണ്ടു ദിവസംകൊണ്ടു് അവനു് ഭേദമാകും.' സുരേശിൻെറ അമ്മ അചലയെ ആശ്വസിപ്പിച്ചു.

അചല ഒരക്ഷരംപോലും മിണ്ടാതെ പോകാനൊരുങ്ങി. മകളുടെ ശോഷിച്ച ശരീരവും വിവണ്ണമായ മുഖവും അശ്രുദ്ധാശ്രുപതത്തിൽ കിടന്നിരുന്ന വസ്ത്രധാരണവും ആ വൃദ്ധപിതാവിൻെറ ഹൃദയത്തെ ഭ്രമിപ്പിച്ചു. ഇടറിയ ശബ്ദത്തിൽ അദ്ദേഹം പറഞ്ഞു:– 'നടക്കു മോളേ, ഞാനും കൂടെ വരാം.'

# ഇരുപത്തിരണ്ടു്.

വണ്ടിയുടെ ഹാറൺ കേട്ടു് ഉടനെ അചല വെളി യിലേയ്ക്കു നോക്കി. സുരേശ് ഒരു സായിപ്പുമായി അകത്തു കയറിവരുന്നതു് അവൾ കണ്ടു. കൂടെ ഒരു ബംഗാളിയുമുണ്ടു്. മുറിയിൽ പ്രവേശിച്ച സുരേശി നോടു് കേദാരബാബു അന്വേഷിച്ചു: 'സുരേശ് മഹി മിനു് ആശ്വാസമുണ്ടോ? എന്താണസുഖം?'

'നെഞ്ചിൽ നീക്കെട്ടലാണു്.' സുരേശ് നിവ്വികാ രനായി.

'എനിക്കു് ഒന്നും അറിയാൻ പാടില്ല എന്നു വി ചാരിക്കരുതു് സുരേശ്! താങ്കൾ ഒരു ഡാക്കറാണല്ലോ. മഹിമിനു് ചികിത്സിക്കാൻ വേറെ രണ്ടു ഡാക്കർമാർ കൂടി വന്നിരിക്കുന്നു എന്നു പറഞ്ഞാൽ അതിൻെറ അ ൎത്ഥം... ...' കേദാരബ്വാബുവിൻെറ തൊണ്ട ഇടറി.

സുരേശ് അമ്മൂമ്മയെ വിളിച്ചു പറഞ്ഞു: 'അമ്മേ! അചലയെ അകത്തേയ്ക്കു വിളിച്ചുകൊണ്ടു പോകൂ. ഞാൻ ഇപ്പോൾ വരാം.'

അചല ഒന്നും മിണ്ടാതെ അകത്തു കടന്നു. പക്ഷെ അവളുടെ കാലുകൾ ഇടറുന്നുണ്ടായിരുന്നു. സുരേശിൻെറ അമ്മൂമ്മയെ താങ്ങിപ്പിടിച്ചുകൊണ്ടു് അവൾ നടന്നു.

മുറിക്കകത്തു് മഹിം ബോധമില്ലാതെ കിടക്കുകയായിരുന്നു. അടുത്തിരുന്ന സ്ത്രീ പെട്ടെന്നു് എണീററു് അചലയെ നമസ്കരിച്ചു. വിധവാവേഷത്തോടുകൂടിയ ആ സ്ത്രീ മൃണാളയാണെന്നു് മനസ്സിലാകാൻ അചലയ്ക്കു് കുറച്ചു് സമയം വേണ്ടിവന്നു. തൻെറ മനസ്സിലെ ഭാവവിഭാഗങ്ങൾ അടക്കാൻ കഴിയാതായപ്പോൾ അചല ബോധംകെട്ടു് മറിഞ്ഞുവീണു. മൃണാള അവളെ താങ്ങിപ്പിടിച്ചു.

ബോധംവീണു് ഉണൎന്നപ്പോൾ അവൾ കണ്ടതു് താൻ പിതാവിൻെറ മടിയിൽ തലവച്ചിരിക്കുന്നതും സുരേശ് വീശിക്കൊണ്ടിരിക്കുന്നതുമാണു്. അവൾക്കു ലജ്ജതോന്നി. പെട്ടെന്നു് ചാടി എണീററിരുന്നു. കേദാരബാബുവും സുരേശും അവളെ തടഞ്ഞു എങ്കിലും അവൾ പറഞ്ഞതു് ഇതാണു്—'ഞാൻ വിശ്രമിക്കുന്നതിനാണോ ഇവിടെ വന്നിട്ടുള്ളതു്? എനിക്കൊന്നുമില്ല. ഞാൻ അദ്ദേഹത്തിൻെറ അടുത്തുപോകുകയാണു്.'

'വരൂ, ചേട്ടത്തി, ഇവിടെ ഇരുന്നു് ഈ മഞ്ഞു കട്ടി അദ്ദേഹത്തിൻെറ നെററിയിൽ വച്ചുകൊടുക്കൂ. ഞാൻ സന്ധ്യാവന്ദനം ചെയ്തിട്ടു വരാം.' മൃണാള നടന്നകന്നു.

# ഇരുപത്തിമൂന്നു്.

മഹിമിനു് ഡബ്ബിൾ നിമോണിയ ആയിരുന്നു. അതു ഭേദപ്പെട്ടുവരുവാൻ കുറേനാൾ പിടിച്ചു. ഇനി യെങ്കിലും അയാളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെട്ട മെന്നു എല്ലാവരും ആശിച്ചു. പക്ഷെ അതുണ്ടായില്ല. ഒരു ദിവസം മഹിം ഉച്ചയ്ക്കു് മയങ്ങുകയായിരുന്നു. ബാക്കി അവിടെ ഉണ്ടായിരുന്നവരെല്ലാം മഹിമിനടുത്തുതന്നെ നിലത്തു് ഒരു തുണിവിരിച്ചു് കൂടിയിരുന്നു. അന്നു് തണുപ്പു് അസഹ്യമായിരുന്നു. മൃണാള താണു വണങ്ങിപ്പറഞ്ഞു:—

'ഇനി എനിക്കല്പം ഒഴിവുതരൂ. ഞാൻ വീട്ടിൽ പ്പോകട്ടെ. പാവം! അമ്മായിഅമ്മ! ഈ തണുപ്പത്തു് അവർ എന്തുചെയ്യും?'

സുരേശ്:— 'രണ്ടുദിവസത്തേക്കെങ്കിലും നിങ്ങൾ ക്കിവിടെ താമസിക്കരുതോ ചേട്ടത്തി! ചേട്ടത്തിയുള്ള തുകൊണ്ടു് എനിക്കു് മഹിമിൻെറ കാര്യത്തിൽ ഒരു പേടിയുമില്ലായിരുന്നു. രാപകൽ അവനുവേണ്ടി ചേട്ട ത്തി ചെയ്ത ശുശ്രൂഷയ്ക്കു് ഞാൻ വളരെ കടപ്പെട്ടവൻ തന്നെ.'

'അതിനു് അങ്ങു് ഒട്ടും ഭയപ്പെടേണ്ടതില്ല. മഹിം ആരുടെയാണോ ആ ആളിൻെറ കൈവശം ഞാൻ

അദ്ദേഹത്തെ ഏല്പിച്ചിരിക്കുന്നു. അവർ വേണ്ടതു ചെയ്തുകൊള്ളും.'

'പക്ഷെ ഇപ്പോൾ എനിക്കു് മൃണാളയെപ്പററിയാണു് വിചാരം. അമ്മായിഅമ്മ ഇനി എത്ര ദിവസത്തേക്കായിരിക്കും. പിന്നെ നിങ്ങൾ ഒററയ്ക്കാണല്ലോ കഴിയേണ്ടിവരിക എന്നു ഞാൻ ഖേദിക്കുകയാണു്.'

ആകാശത്തിലേയ്ക്കു് ചൂണ്ടിക്കാണിച്ചുകൊണ്ടു് മൃണാള പറഞ്ഞു:- 'അദ്ദേഹത്തിനുതന്നെ അറിയാം.' മൃണാള സുരേശിൻെറ കാൽതൊട്ടു വന്ദിച്ചു മഹിമിനോടു് യാത്ര പറയാനായി അടുത്തുചെന്നപ്പോൾ മഹിം സുഖമായി ഉറങ്ങുന്നതു കണ്ടു.

ഉറക്കത്തിൽനിന്നും ഉണർത്തണ്ട എന്നു കരുതി അവൾ അചലയോടു യാത്രപറഞ്ഞു. 'ചേട്ടൻ ഉറങ്ങുകയാണല്ലോ ഞാൻ പോയിവരട്ടെ ചേട്ടത്തി.' അചലയുടെ ചുണ്ടിൽ ചിരിയുടെ നിഴൽപരന്നു എങ്കിലും ആ ചിരി ഹൃദ്യമായിരുന്നില്ല എന്നു് മൃണാളയ്ക്കു മനസ്സിലായി. വെറുപ്പിൻേറതായ ഒരു കരിനിഴൽ അതിൽ കാണുന്നില്ലേ? ഒരു പക്ഷേ തന്നോടുള്ള സംശയാധിക്യത്തിൽ മഹിമിൻെറ അസുഖാവസ്ഥയെത്തന്നെ മറന്നു് അവൾ പ്രവത്തിക്കുമോ എന്നുപോലും മൃണാള സംശയിച്ചു. ദുഃഖത്തെ ചുണ്ടുകൊണ്ടു കടിച്ചുപിടിച്ചു് അവൾ പറഞ്ഞു: 'ചേട്ടത്തി! ഞാൻ പോകട്ടെ. ജീവിച്ചിരിക്കുന്നെങ്കിൽ ഇനിയും തമ്മിൽ കാണാം. എൻെറ തെററുകളെ സദയം ക്ഷമിക്കുക.'

മൃണാള പൊയ്ക്കഴിഞ്ഞതിനുശേഷം അചലതന്നെ എല്ലാ ജോലിയും ചെയ്തുതുടങ്ങി. അടുത്ത ദിവസം പകൽ സുരേശ് വരാന്തയിൽ പത്രം വായിച്ചുകൊണ്ടിരിക്കയായിരുന്നു. അചല ഒരു കപ്പ് ചായ കൊണ്ടുവന്നു കൊടുത്തു.

'ഇന്നു് ചെറുക്കനെന്തിയേ? അചലതന്നെ ചായ കൊണ്ടുവന്നോ?' സുരേശ് അന്വേഷിച്ചു.

'സുരേശ്ബാബു, അങ്ങു് വിധവാവിവാഹത്തെപ്പററി എന്തു പറയുന്നു?' അചല വിഷയം മാററി.

'ഓഹോ, അതിൽ എന്താണു് തെററു്?'

'അപ്പോൾ മൃണാളയെ അങ്ങു് വിവാഹം കഴിക്കാമോ? എന്റെ എളിയ ആഗ്രഹമാണിതു്. എനിക്കവേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത അങ്ങു് ദയവുചെയ്തു് ഈ അഭ്യത്ഥനകൂടി സ്വീകരിച്ചാലും. അങ്ങയെ ഞാൻ കുടുംബസ്ഥനായി കാണുവാൻ ആശിക്കുന്നു. മൃണാള സുരേശ്ബാബുവിനു് അനുയോജ്യയായിരിക്കുമെന്നുള്ളതിൽ സംശയമില്ല.'

കുറേനേരം സുരേശ് മൂകനായി ഇരുന്നു. പിന്നീടു് അചലയോടു ചോദിച്ചു. 'അചലയ്ക്കു് അതുകൊണ്ടു് സുഖമുണ്ടാകുമെങ്കിൽ ...'

'അതെ, തീച്ചയായും.'

'മൃണാളയ്ക്കു് സമ്മതമാകുമോ?'

'ആകുമെന്നാണെന്റെ വിശ്വാസം.'

സുരേശ് ഉദാസീനനായി പറഞ്ഞു: 'എൻെറ വിശ്വാസം അവക്ക് സമ്മതം ഉണ്ടാകുകയില്ല എന്നാണ്. പുസ്തകങ്ങളിൽ ഞാൻ വായിച്ചിട്ടുണ്ട്, പതിവ്രത സ്ത്രീകൾ സ്വഭത്താവിൻെറ മൃതദേഹത്തിൻെറകൂടെ തീയിൽ ചാടി ദഹിക്കുന്നതായി. മൃണാള ആ വഗ്ഗത്തിൽപ്പെട്ടവളാണ്. നാക്കുകൊണ്ട് സമ്മതിക്കുകയില്ല എന്നു പറയുക മാത്രമല്ല കയ്യും കാലും വെട്ടി അവളെ അതിനു പ്രേരിപ്പിച്ചാലും ഫലമുണ്ടാവുകയില്ല എന്നു തീച്ച്യാണ്. അതുകൊണ്ട് ഈ വിചാരം കളഞ്ഞു് അതുപറഞ്ഞു് അവളെ എന്നോട്ട വെറുപ്പിക്കാതെ, സമാധാനമായിരിക്കൂ. അവൾ എന്നെ 'ചേട്ടാ' എന്നു് സംബോധനചെയ്യുരിക്കുന്നു. അതു പാലിക്കുക എൻെറ ധമ്മമാണ്.'

അചലയുടെ മുഖം കോപംകൊണ്ട് കറുത്തു; അവൾ പറഞ്ഞു: 'ലോകത്തിൽ അവൾ മാത്രമേ സതിയായിട്ടുള്ളു അല്ലേ? പക്ഷെ വേറെ സതിമാരാരും ഇങ്ങനെയായിരുന്നില്ല. ഒരാളെ മനസ്സിൽ വരിച്ചുകഴിഞ്ഞാൽ പിന്നെ എത്ര പ്രലോഭനങ്ങൾ ഉണ്ടായാലും അവർ അതിൽനിന്നും പിന്മാറുകയില്ല. അവരത്രേ യഥാത്ഥത്തിൽ സതിമാർ. പുസ്തകത്തിൽനിന്നും ഇതുംകൂടി നിങ്ങൾ മനസ്സിലാക്കിയിട്ടില്ലായിരിക്കണം. ഇത്രയും പറഞ്ഞുകൊണ്ട് അവൾ അവിടെനിന്നും ഓടിമറഞ്ഞു.

## ഇരുപത്തിനാല്.

പുറത്ത് കാലടിശബ്ദങ്ങൾ കേട്ട് അചല വരാന്തയിൽ വന്നുനോക്കി. അച്ഛനും സുരേശും മഹിമിന്റെ സമീപം പോകുകയാണെന്നറിഞ്ഞു് അവളും പോയി. കണ്ണുകളിൽനിന്നും ഒഴുകി കപോലങ്ങളെ നനച്ചുകൊണ്ടിരുന്ന നീർത്തുള്ളികൾ അവൾ പെട്ടെന്നു തുടച്ചു. 'നീ ഉറങ്ങുകയായിരുന്നോ?' കേദാരബാബു മകളോട് അന്വേഷിച്ചു. 'രണ്ടുമണിക്ക് കൊടുക്കേണ്ടതായിരുന്നു ഈ മരുന്നു്. ഇപ്പോൾ മണി നാലായി.' അപ്പോഴാണ് അചല അക്കാര്യം ഓർക്കുന്നതു്. കുററബോധംകൊണ്ടുണ്ടായ വ്യസനവും നാണവും ഒന്നിച്ചുചേർന്നു അവളുടെ മുഖത്തെ വികൃതമാക്കി. അവൾ പെട്ടെന്നു മുഖം മറച്ചു. കേദാരബാബു സുരേശിനോടു പറഞ്ഞു.

'ഞാൻ അന്നേ പറഞ്ഞില്ലേ സുരേശിനോട്', ഒരു നേഴ്സിനെ ഏർപ്പാടുചെയ്യാൻ. അതല്ലാതെ മഹിമിന്റെ അസുഖം എളുപ്പത്തിൽ ഭേദപ്പെട്ടുമെന്നു തോന്നുന്നില്ല. ഞാൻ എന്റെ മകളെ നന്നായി അറിയും.

ഭാര്യയുടെ മുഖത്തെ ഭാവം എല്ലാം കണ്ടു് മനസ്സിലാക്കിയ മഹിം സുരേശിനോട് ഇങ്ങനെ പറഞ്ഞു:—

'നഴ്സിൻെറ കൈകൊണ്ടു് മരുന്നു കഴിക്കുക എന്നുള്ള തു് എനിക്കു് തീരെ പിടിക്കാത്ത കാര്യമാണു് സുരേശ്! അവളുടെ ജോലിയിൽ സഹായത്തിനൊരാൾ കിട്ടിയാൽ മതിയായിരുന്നു. എൻെറ ശുശ്രൂഷയ്ക്കു് നഴ്സിൻെറ ആവശ്യമില്ല. ഇന്നലെയും മിനിഞ്ഞാന്നും അചല തീരെ ഉറങ്ങിയില്ല. എനിക്കു് പല പ്രാവശ്യവും അവളെ വിളിച്ചുണർത്തേണ്ടിവന്നു. മനുഷ്യൻ എന്ന യന്ത്രത്തിനു് അല്പമെങ്കിലും വിശ്രമം കിട്ടിയാലല്ലേ അതിനു് കേടു സംഭവിക്കാതിരിക്കയുള്ളു.'

അന്നു രാത്രി പല പ്രാവശ്യവും അചലയ്ക്കു തോന്നി, തൻെറ അപരാധങ്ങളെല്ലാം ഭർത്താവിൻെറ കാൽക്കൽ സമർപ്പിച്ചു് മാപ്പുവാങ്ങി ഹൃദയഭാരത്തെ ഒഴിവാക്കാമെന്നു്. പക്ഷെ എന്തുകൊണ്ടോ അവൾക്കു് ധൈര്യം തോന്നിയില്ല. അവൾ സ്വയം മന്ത്രിച്ചു: 'എന്തുകൊണ്ടു് എന്നെ അദ്ദേഹം ഉപേക്ഷിക്കുന്നില്ല?'

മൃണാള ഉണ്ടായിരുന്നപ്പോൾ രാത്രികാലങ്ങളിലും സുരേശ് മഹിമിനെ കാണുവാനായി വന്നുകൊണ്ടിരുന്നു. അവൾ പോയതിൽപ്പിന്നെ വരവും നിന്നു. അഞ്ചാറുദിവസം കൂടുമ്പോൾ ഒരിക്കൽ വന്നു് അന്വേഷിക്കയായി. മഹിമും ഇതു് മനസ്സിലാക്കാതിരുന്നില്ല. അചലയോടു് മഹിം ഇതേപ്പററി ചോദിച്ചു. എങ്കിലും മറുപടി ഒന്നും കിട്ടിയില്ല.

അടുത്ത ദിവസം രാവിലെ അചല ഗോവണി പ്പടിയിലൂടെ താഴോട്ടിറങ്ങുകയായിരുന്നു. സുരേശ് മുകളിൽ മഹിമിൻെറ മുറിയിലേയ്ക്കും വരാൻ ഭാവിക്ക യാണെന്നു കണ്ടു. പക്ഷേ, അചലയെ കണ്ടതോടെ സുരേശ് ആ ഉദ്യമത്തിൽനിന്നു് പിൻതിരിഞ്ഞു് നട ക്കുന്നതുപോലെ കാണപ്പെട്ടു. അചലയുടെ ഹൃദയത്തിൽ അഗാധമായ മുറിവുണ്ടാക്കി ഈ കാഴ്ച.

## ഇരുപത്തിഅഞ്ച്.

അചലയുടെ ഹൃദയം ദുഃഖാഗ്നിയിൽ ജ്വലിക്കുകയാണ്. അവൾ ഓരോന്നും ചിന്തിച്ചുതുടങ്ങി. സുരേശിനു് തന്നോടുള്ള പ്രേമം ഇപ്പോൾ ഇല്ലാതെയായോ? അതിൻെറ ലക്ഷണങ്ങളല്ലേ താൻ കണ്ടുകൊണ്ടിരിക്കുന്നതു്? അവൾ അവളെത്തന്നെ ശപിക്കുകയായിരുന്നു. സുരേശിൻെറ അകൽച്ച അവളുടെ മനസ്സിനെ മാത്രമല്ല ശരീരത്തെയും അസുഖാവസ്ഥയിലാക്കി. താൻ സുരേശിനെ രഹസ്യമായി സ്നേഹിക്കുന്നതിൻെറ ഫലമല്ലേ ഇതെല്ലാം എന്നുപോലും അവൾ സംശയിക്കാതിരുന്നില്ല. ഈ ദുശ്ശങ്കയെ അകററുന്നതിനുള്ള ഓരോ മാൎഗ്ഗവും അവൾ ആരായുവാനൊരുങ്ങുകയായിരുന്നു. ആത്മരക്ഷയ്ക്കുവേണ്ടി ഭത്താവിൻെറ അടുക്കൽ രാപകൽ ഇരുന്നു് ശുശ്രൂഷ ചെയ്യേണ്ടതാവശ്യമെന്ന ബോധം അവൾക്കുണ്ടായി. ദിവസങ്ങൾ നീങ്ങി. മഹിം ഒരുവിധം രക്ഷപെട്ടു. വിശ്രമത്തിനും സുഖവാസത്തിനുമായി ജബൽപൂർ പോകേണ്ടതുണ്ടു് എന്നായി.

അചല അന്നു് അതിരാവിലെ ഉണൎന്നു. ഭത്താവിനു് പാൽ കാച്ചിക്കൊടുക്കുന്ന ശ്രമത്തിലാണവൾ. മഹിമും അന്നു് ഉണൎന്നു് അചലയുടെ സമീപം ചെന്നു് അവളെ നിൎന്നിമേഷനായി നോക്കിനിന്നു. അധിക

മൊന്നും സംസാരിക്കുക പതിവില്ലാതിരുന്ന മഹിം അചലയെ നോക്കി ഇങ്ങനെ പറഞ്ഞു:- 'അചലേ, ഞാൻ ഒരു കാര്യം മനസ്സിലാക്കി, വളരെയധികം കടപ്പാട്ടുകൾ സഹിച്ചാൽ മാത്രമെ അമൂല്യമായ ഒരു വസ്തു നമുക്കു ലഭ്യമാവൂ. എന്റെ വീട്ട് അഗ്നിക്കിരയായി. ശരീരമോ രോഗത്തിനും. അതിൽനിന്നെല്ലാം ഞാൻ രക്ഷപ്രാപിച്ചതു് നിന്റെ ശ്രമത്താലാണെന്നു് ഞാൻ വിശ്വസിക്കുന്നു. എനിക്കു കിട്ടിയ നിധിയാണു് അചലാ നീ. നീ ഇല്ലാതെ എനിക്കു ജീവിക്കുവാൻ വയ്യ.'

അചല നിശ്ശബ്ദയായി കാച്ചിയ പാൽ പാത്രത്തിൽ ഒഴിച്ചു് ആററിക്കൊണ്ടിരുന്നു. മഹിം തുടന്നു:— 'മൃണാളയും സുരേശ്വും എനിക്കുവേണ്ടി വളരെ കഷ്ടപ്പെട്ടു. അതു് ഓക്കുമ്പോൾ ഞാൻ അവരോട്ടു് എത്ര മാത്രം കടപ്പെട്ടവനാണു് എന്നെനിക്കു തോന്നിപ്പോകുന്നു. അതേസമയം നിന്നെപ്പററി ചിന്തിക്കുമ്പോൾ ഞാൻ എന്തുകൊടുത്താലും നിനക്കു മതിയാകുകയില്ല. അത്രമാത്രം കഷ്ടപ്പാട്ടുകൾ നീ എനിക്കുവേണ്ടി അനുഭവിച്ചു.

അചല ഇതെല്ലാം കേട്ടുംകൊണ്ടു് ഒരക്ഷരംപോലും മിണ്ടിയില്ല. അവൾ പാൽ ആററിക്കൊണ്ടേ ഇരുന്നു. 'അധികം ആറിപ്പോകുമല്ലോ അതു്. ഇങ്ങു തരൂ.' മഹിം പാത്രം മേടിച്ചു. അചല മുഖംകുനിച്ചു് ഇരുന്നതേയുള്ളു. കണ്ണുനീർ മഹിം കാണാതിരിക്കുന്നതിനുവേണ്ടിയാണു് അവൾ അങ്ങനെയിരിക്കുന്നതെന്നു് മഹിം ഊഹിച്ചു. സുരേശ്വും അചലയുമായുള്ള ബന്ധത്തിനു് യാതൊരു

ദുരുദ്ദേശവുമില്ല എന്നും മഹിമിനു തോന്നി. രാത്രി മഹിമിനു അടുത്തുതന്നെ ഒരു കസേരയിലിരുന്നു് അചല പുസ്തകം വായിച്ചുകൊണ്ടിരുന്നു.

വായനയിൽ മുഴുകിയ അചല ഇരുന്ന ഇരുപ്പിൽ തന്നെ ഉറങ്ങി. അതിരാവിലെ മഹിമിൻെറ ശബ്ദം കേട്ടു് അവൾ ഞെട്ടിയുണർന്നു. മഹിം അചലയെത്തന്നെ സൂക്ഷിച്ചു നോക്കിക്കൊണ്ടു് ചോദിച്ചു:— 'നിൻെറ പുതപ്പു് എന്തിയേ?'

അചല പുതച്ചിരുന്ന പുതപ്പു് സുരേശിൻേറതാണെന്നു് അപ്പോഴാണു് അവൾക്കറിയാൻ കഴിഞ്ഞതു്. തനിക്കു പററിയ അമളിയോർത്തു് ദുഃഖവും ലജ്ജയും തോന്നി അവളുടെ മുഖം വികൃതമായി. രാത്രി പുതപ്പു് കാലിനടിയിൽവച്ചു് സാരിത്തുമ്പു് പുതച്ചുകൊണ്ടാണു് അവൾ വായിക്കുവാനിരുന്നതു്. ഉറങ്ങിയപ്പോൾ തണുപ്പുതോന്നി പുതപ്പു് എടുത്തു പുതച്ചു. മഹിം അവളെ സമാധാനിപ്പിച്ചു:— 'ഇതിനു് നീ ഇത്ര നാണിക്കുന്നതെന്തിനു്? വേലക്കാരനു് തെററുപററിക്കാണും. സുരേശിൻേറതു് ഇവിടെയും ഇവിടുത്തേതു് സുരേശിൻെറ മുറിയിലും വച്ചിരിക്കും. അവനെ വിളിച്ചു് മാററി വയ്ക്കാൻ പറയൂ.'

'പറയാം' എന്നു പറഞ്ഞു് അചല അവിടെനിന്നും എഴുന്നേററു് അടുത്ത മുറിയിൽപ്പോയിരുന്നു് ആലോചിച്ചു. രാത്രി സുരേശ് ഈ മുറിയിൽ വന്നിരിക്കും. താൻ മൂടിപ്പുതയ്ക്കാതെ ഉറങ്ങുന്നതുകണ്ടു് സുരേശിൻെറ പുതപ്പെടുത്തു് മൂടിയിരിക്കണം. ഇത്രയും അധികാരം

സുരേശിനു് എവിടെനിന്നു കിട്ടി? ഒരുപക്ഷെ ദുരുദ്ദേശത്തോടുകൂടിയായിരിക്കയില്ലേ സുരേശ് നിശ്ശബ്ദം മുറിയിൽ പ്രവേശിച്ചതു്? എന്നിങ്ങനെ അചല സംശയിച്ചു.

കേദാരബാബുവിന്റെ അടുത്ത ബന്ധു ജഗദീശബാബു ജബൽപൂരിലാണു് താമസം. അദ്ദേഹം അഭിപ്രായപ്പെട്ടു.

'സുഖവാസത്തിനും വിശ്രമത്തിനും മഹിമിനു പററിയ സ്ഥലം ജബൽപൂരാണു്. അവിടെ എന്റെ ബംഗ്ലാവിൽ ധാരാളം സ്ഥലമുണ്ടു്. അവിടെത്തന്നെ മഹിമിനു താമസിക്കാം.' കേദാരബാബുവും ഈ അഭിപ്രായത്തോടു് അനുകൂലിച്ചു. 'ജഗദീശിന്റെ ഭാര്യ മഹിമിന്റെ അമ്മയെപ്പോലെ അവനെ നോക്കിക്കൊള്ളും. ഇടയ്ക്കിടയ്ക്കു് ഞാനും അവിടെ വന്നുകൊള്ളാം.'

മഹിം ഇക്കാര്യത്തിൽ ഒരുത്സാഹവും പ്രകടിപ്പിച്ചില്ല. അച്ഛൻ അപ്പുറത്തേയ്ക്കു പോയപ്പോൾ അചല മഹിമിനോടു ചോദിച്ചു: 'എന്താ, നിങ്ങൾക്കിഷ്ടമില്ലേ പോകുന്നതിനു്?' മഹിം നിരുത്സാഹനായിപ്പറഞ്ഞു: 'എന്റെ ഈ അവസ്ഥയിൽ മററുള്ളവർക്കൊരു ഭാരമായി സ്വർഗ്ഗത്തിൽപോലും പോകണമെന്നു് എനിക്കാഗ്രഹമില്ല അചലാ. എന്റെ മനസ്സിന്റെ സ്ഥിതി ഇപ്പോൾ വളരെ മോശപ്പെട്ടിരിക്കയാണു്. നീയും എന്റെ അടുത്തില്ലെങ്കിൽ ഞാൻ അധികദിവസം ജീവിച്ചിരിക്കയില്ല എന്നുപോലും എനിക്കു തോന്നിപ്പോകുന്നു.' മഹിമിന്റെ തൊണ്ട ഇടറി. കണ്ണുകളിൽ ജലം

നിറഞ്ഞു. തൻെറ മനോഭാവങ്ങളെ യാതൊരാളിനോടും പ്രകടമാക്കാതെ സ്വയം വ്യഥ അനുഭവിക്കുവാനും എന്തും സഹിക്കുവാനും തയ്യാറുള്ള തൻെറ ഭത്താവു് ഇന്നു ചിലതെല്ലാം പ്രകടമാക്കാനൊരുങ്ങിയതും തന്നെ പ്രശംസിക്കുകയും ചെയ്തതു കണ്ടപ്പോൾ അചല അതി സന്തുഷ്ടയായി. സ്നേഹവും കരുണയും മാധുര്യവും ഒന്നിച്ചവളുടെ ഹൃദയത്തിൽ പ്രവാഹമുണ്ടായി. അതു കണ്ണുകളിൽനിന്നും പ്രവഹിച്ചു.

അടുത്ത ദിവസം ജഗദീശബാബുവിന്റെ കമ്പിയുമായി അചല വന്നു് മഹിമിനോടു പറഞ്ഞു: 'ജഗദീശബാബുവിന്റെ കമ്പി വന്നിരിക്കുന്നു. അദ്ദേഹം നമ്മൾക്കുവേണ്ടി ഒരു വീടു ശരിയാക്കിവച്ചിരിക്കുന്നുവത്രേ.'

പോകുന്നതിനു രണ്ടുദിവസം മുമ്പുമുതൽ അചല ചിന്താമഗ്നയായി കാണപ്പെട്ടു. കുറച്ചുദിവസമായി സുരേശ് ആരോടും മിണ്ടാതെ അദൃശ്യനെന്നപോലെ കഴിയുന്നു. ഇതിനു കാരണമെന്തുണ്ടായി? അന്നു് നല്ല മഴയുള്ള ദിവസമായിരുന്നു. സുരേശ് തൻെറ മുറിയിലിരുന്നു എഴുതുകയായിരുന്നു. അചല വസന്തവായുവിനെപ്പോലെ സന്തോഷഭരിതയായി പുഞ്ചിരിച്ചുകൊണ്ടു് സുരേശിൻെറ മുറിയിൽ പ്രവേശിച്ചു. 'എന്താ അങ്ങു് ഞങ്ങളെ മറന്നുകളയാൻ നിശ്ചയിച്ചിരിക്കയാണോ? ഞങ്ങൾ എന്തു അപരാധമാണു് ചെയ്തിട്ടുള്ളതു്?'

സുരേശ് മുഖമുയർത്തി അചലയെ ഒന്നു നോക്കി. ആ ദൃഷ്ടിജ്വാലയിൽതന്നെ അവൾ ചാമ്പലായതുപോലെ അവൾക്കു തോന്നി. തന്റെ വീട്ട് അഗ്നിക്കിരയായി എങ്ങനെ നാമാവശേഷമായോ അതുപോലെ സുരേശിന്റെ ദൃഷ്ടിയിൽ അവളുടെ മനസ്സു കരിഞ്ഞുപോയി. എങ്ങനെയും ധൈര്യമവലംബിച്ചുകൊണ്ടു അചല സുരേശിനോട്ട് ചോദിച്ചു: 'അങ്ങേയ്ക്കു് എന്തോ അസുഖമുള്ളതുപോലെ തോന്നുന്നുവല്ലോ. എന്തുപററി?

സുരേശ് നിർവ്വികാരനായി പറഞ്ഞു:- 'എനിക്ക് ഒന്നുമില്ല. നിങ്ങൾ ഇന്നു പോകുകയാണല്ലോ! ഇനി തമ്മിൽ എന്നാണു് കാണാൻ കഴിയുക?'

അചല ഒന്നും പറയാത്തതുകൊണ്ട് സുരേശ് മുഖമുയർത്തി അവളെ നോക്കി. അചലയുടെ കണ്ണുകളിൽ നിന്നും വെള്ളം പ്രവഹിക്കുകയായിരുന്നു. ഇതു കണ്ടപ്പോൾ സുരേശിൻെറ മനസ്സിനും അല്പം ഇളക്കം തട്ടി. അചല ഗദ്ഗദകണ്ഠയായി പറഞ്ഞു:- 'അങ്ങയുടെ ആരോഗ്യസ്ഥിതിയും മോശപ്പെട്ടതുപോലെ കാണപ്പെടുന്നു. അങ്ങും ഞങ്ങളുടെകൂടെ ജബൽപൂരിൽ വരണം.'

സുരേശ്:- 'ഇല്ല, ഞാൻ വരുന്നില്ല.'

അചലയെ വേലക്കാരൻ വന്നു വിളിച്ചുകൊണ്ടു പോയി. കേദാരബാബു മകളുടെ ശിരസ്സിൽ കൈവച്ചു അനുഗ്രഹിച്ചു.

മഹിം അചലയോടു പറഞ്ഞു:– 'സുരേശ് ഞങ്ങളോട്ട് ഇതേവരെ സംസാരിച്ചില്ലല്ലോ. അവനെ ഞാൻ എത്ര ദിവസമായി കാത്തിരിക്കുന്നു.'

സുരേശിൻെറ അമ്മൂമ്മയോട്ട് യാത്ര പറഞ്ഞ് അചല പോകാനൊരുങ്ങി. അവർ വളരെ അനുകമ്പാപൂർവ്വം അവളെ യാത്രയയച്ചുകൊണ്ട് പറഞ്ഞു:– 'ഭർത്താവിന്റെ അസുഖമെല്ലാം മാറി എത്രയും വേഗം തിരിച്ചു വരുവാൻ ഈശ്വരൻ ഇടയാക്കട്ടെ.'

ഇതുതന്നെ ഏററവും വലിയ ആശീർവ്വാദം എന്നു വിചാരിച്ചുകൊണ്ട് അചല വണ്ടിയിൽ കയറി.

## ഇരുപത്തിആറു്.

ആകാശം മേഘാച്ഛന്നമായിരുന്നു. ശീതളവായു നേരിയ ശബ്ദത്തോടെ വീശിക്കൊണ്ടിരുന്നു. നല്ല തണുപ്പുതോന്നുന്ന അന്തരീക്ഷം. വണ്ടി ഹാവഡാ സ്റ്റേഷനിൽ എത്തി. അവിട്ടത്തെ ഫ്ളാററ്ഫോറം വെള്ളവും ചെളിയും മണ്ണും ചേൎന്നു് വൃത്തിഹീനമായി കിടക്കുകയാണു്. യാത്രക്കാർ അവരവരുടെ സ്ഥാനങ്ങൾ കരസ്ഥമാക്കുകയാണു്. എങ്ങും തിക്കും തിരക്കും. വണ്ടി വിടാറായി. പെട്ടെന്നു് സുരേശ് സൂട്ട്കേസുംകൊണ്ടു് വണ്ടിക്കുള്ളിൽ നുഴഞ്ഞുകയറുന്നതു് അചല കണ്ടു. സമീപത്തു നിന്ന കേദാരബാബുവിൻെറ മുഖം ഇരുണ്ടു പോയി. അദ്ദേഹം ചോദിച്ചു:– 'നീ എവിടെയാണു് സുരേശ്?'

സുരേശ് അചലയുടെ മുഖത്തുനോക്കി വികൃതമായി ചിരിച്ചുകൊണ്ടു് മറുപടി നൽകി:– 'നീ ഇന്നു കാലത്തു് എൻെറ ദേഹസ്ഥിതിയെപ്പററി ചോദിച്ചതിൽപ്പിന്നെയാണു് എൻെറ ബുദ്ധി അതിൽ കടന്നതു്. ശരീരത്തിനു് വല്ലാത്ത അസ്വാസ്ഥ്യമുണ്ടു് എനിക്കും. നിങ്ങളുടെകൂടെ കുറച്ചുദിവസം താമസിച്ചുനോക്കട്ടെ. ആരോഗ്യസ്ഥിതി മെച്ചപ്പെട്ടെങ്കിൽ അത്രയുമായല്ലോ.'

ഇതു കേട്ട് അചല ഒന്നു നടുങ്ങി. ഇതെല്ലാം ശ്രദ്ധിച്ചുകൊണ്ടു നിന്ന മഹിം സുരേശിനെ സാന്ത്വനപ്പെടുത്തിയതുപോലെ, 'ശരിയാണ് സുരേശ്. നീ ഈ സമയത്ത് ഞങ്ങളുടെകൂടെ ഉണ്ടാകുന്നത് ഇരുകൂട്ടർക്കും ഒരുപോലെ ഉപകാരമായിരിക്കും.' മഹിം ഏറുകണ്ണിട്ട് അചലയെ നോക്കി. ആ ദൃഷ്ടിയിൽ നിഴലിച്ചുനിന്നതു് ഇതാണ്—'നീ എന്തുകൊണ്ട് ഇക്കാര്യം എന്നോട് നേരത്തെ പറഞ്ഞില്ല? സുരേശിനെപ്പററി ഞാൻ കാലത്തു് നിന്നോട് ചോദിച്ചപ്പോഴെങ്കിലും നിനക്കു പറയാമായിരുന്നു.' പക്ഷെ അചല മുഖംതിരിച്ചുകളഞ്ഞു.

കേദാരബാബു മകളെ യഥാസ്ഥാനത്ത് ഇരുത്തി യാത്രപറഞ്ഞിറങ്ങി. തിരിഞ്ഞുനിന്നു് മഹിമിനോടായി പറഞ്ഞു:— 'അവിടെ എത്തിക്കഴിഞ്ഞാലുടനെ വിവരം അറിയിക്കണം. ഞാൻ ഇറങ്ങട്ടെ.' കേദാരബാബുവിൻെറ കണ്ണുകൾ നിറഞ്ഞു.

സുരേശ് മഹിമിൻെറ അടുക്കൽ ചെന്നിരുന്നു. വണ്ടി വിട്ട ഉടനെ മഹിം തണുപ്പു തട്ടാതിരിക്കുവാൻ വേണ്ടി കമ്പിളി എടുത്തു പുതച്ചു. കുറച്ചുസമയം കഴിഞ്ഞപ്പോൾ നല്ല ഉറക്കത്തിലായി. സുരേശ് ഒററയ്ക്കായി. സുരേശിൻെറ കണ്ണുകൾ പ്രകാശിക്കുന്നതുപോലെ കാണപ്പെട്ടു.

മഴ പെയ്യുന്നുണ്ടായിരുന്നു. അടുത്ത സ്റ്റേഷനിൽ വണ്ടി നിന്നപ്പോൾ സുരേശ് എണീററു് അചല ഇരിക്കുന്നിടത്തേയ്ക്കു നോക്കി. അചലയുടെ സമപ്രായക്കാരി ഒരുത്തി അവൾക്കു കൂട്ടു കിട്ടിയതു കണ്ടു. അവർ നമ്മ

സല്ലാപത്തിൽ ഏർപ്പെട്ടിരിക്കയാണു്. സുരേശ് എത്തി നോക്കുന്നതുകണ്ടു് ആ സ്ത്രീ അചലയെ തോണ്ടിവിളിച്ചു് കാണിച്ചു. സുരേശ് ചോദിച്ചു:– 'എന്താ, വല്ലതും വേണോ?' അചല പറഞ്ഞു:– 'വേണ്ടാ. എനിക്കൊന്നും ആവശ്യമില്ല. നിങ്ങൾ ശ്രദ്ധിക്കേണ്ട ആൾ അവിടെ അവിടെ ഉണ്ടല്ലോ. അദ്ദേഹത്തിനു് എന്തു വേണമെന്നറിഞ്ഞു് ചെയ്യൂ. എന്റെ കാര്യത്തിൽ വിഷമിക്കേണ്ട. വെറുതെ ഈ മഴനനഞ്ഞു് കഷ്ടപ്പെടണമോ? നിങ്ങൾ പൊയ്ക്കൊള്ളൂ.'

സുരേശ് അചലയുടെ മുഖത്തുനിന്നും ദൃഷ്ടികൾ എടുത്തു മുഖം കുനിച്ചുകൊണ്ടയാൾ പറഞ്ഞു:– 'എന്തെങ്കിലും അസുഖം വന്നിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കുകയാണു്. പക്ഷേ നിർഭാഗ്യവശാൽ എനിക്കൊരസുഖവും ഉണ്ടാകുന്നില്ല.'

അചല ഇതുകേട്ടു് നടുങ്ങി. സുരേശിന്റെ വ്യാമോഹം അവൾ മനസ്സിലാക്കി. നാണംകൊണ്ടു് അവളുടെ ശരീരത്തിൽ കോരിത്തരിപ്പുണ്ടായി. മുഖം ചുവന്നു. ലജ്ജാഭരിതയായി അവൾ ചോദിച്ചു:–'ഞാനാണു് നിങ്ങളെയും ക്ഷണിച്ചതെന്നു് പരസ്യമായി എന്തിനാണു് പറഞ്ഞതു്?' 'എന്റെ അപരാധം പൊറുക്കൂ. അചല!' ഇതേസമയം വണ്ടി പുറപ്പെട്ടു. സുരേശ് ഓടി. അചല സുരേശിനെത്തന്നെ എത്തിനോക്കിക്കൊണ്ടിരുന്നു. അതേസമയം മഹിം തന്നെയും സുരേശിനെയും ശ്രദ്ധിച്ചു നോക്കിക്കൊണ്ടിരിക്കുന്നതു അവൾ

കണ്ടു. അടുത്തിരുന്ന ആ സ്ത്രീ അചലയോടു ചോദി ച്ചു:–'അദ്ദേഹമാണോ നിങ്ങളുടെ ഭർത്താവ്?'

അചല ഉദാസീനതയോടെ മറുപടി നല്കി:– 'അതെ.' അചലയുടെ ദൃഷ്ടികൾ ശൂന്യാകാശത്തു പതി ഞ്ഞു. കുറച്ചുനേരം അവൾ അങ്ങനെ ഇരുന്നുപോയി. മനസ്സ് സമനിലയിലെത്താൻ കുറച്ചുസമയം വേണ്ടിവ ന്നു. പിന്നീട് കൂട്ടുകാരിയോട് അവൾ സംസാരിച്ചു കൊണ്ടിരുന്നു.

വണ്ടി ഒരു വലിയ സ്റ്റേഷനിൽ നിന്നു. സുരേശ് ഭക്ഷണസാധനങ്ങളും ചായയുമായി അചലയുടെ സമീ പം എത്തി. അചല ചോദിച്ചു:–'ഇത്ര പെട്ടെന്ന് ഇതു വേണമായിരുന്നോ? സ്നേഹിതൻ പറഞ്ഞിട്ടാണോ ഇതിങ്ങോട്ടു കൊണ്ടുപോന്നത്?' സുരേശ് പുഞ്ചിരി ച്ചു, ഒന്നും മിണ്ടാതെ പോകുന്നതുകണ്ട് അചല വി ളിച്ചു. സുരേശ് അടുത്തുവന്നു. അചല സുരേശിൻെറ മുഖത്തുനോക്കി. തൽക്ഷണം അവരുടെ കണ്ണുകൾ ഇടഞ്ഞു. ലജ്ജയും ചിരിയും ഒന്നിച്ചു ചേർന്ന് അചല യുടെ മുഖത്തെ അലങ്കരിച്ചു. ആ മുഖകാന്തി സുരേശ് ഏറെനേരം ആസ്വദിച്ചു. ഭർത്താവിൻെറ ശരീരസ്ഥി തിയെപ്പററി ചോദിക്കുന്നതിനുവേണ്ടിയായിരുന്നു അ ചല സുരേശിനെ വിളിച്ചത്. പക്ഷെ അവൾ എല്ലാം മറന്നവളെപ്പോലെ സുരേശിനെത്തന്നെ ദാഹാർത്ത യായി ഉററുനോക്കിക്കൊണ്ടിരുന്നുപോയി. 'ഞങ്ങൾക്കു' ഇലഹബാദിൽ എത്തുമ്പോൾ വണ്ടി മാറേണ്ടിയിരി

കുന്നു. രാത്രി എത്രമണിക്കാണെന്നു് അറിയിക്കണം.' 'ശരി' എന്നു പറഞ്ഞു് സുരേശ് തിരിച്ചുനടന്നു.

അചല അവളുടെ സ്ഥലത്തുതന്നെ ചെന്നിരുന്നു. അടുത്തിരുന്ന സ്ത്രീയെ കണ്ടില്ല. തനിക്കുവേണ്ടി കൊണ്ടുവന്നിരുന്ന ചായയും പലഹാരവും കണ്ടതുകൊണ്ടാവാം അവൾ മാറിയിരുന്നതെന്നു് അചല സംശയിച്ചു. 'നിങ്ങൾ ഇവിടെ വന്നിരിക്കൂ. ഞാൻ ഇതെല്ലാം മാറ്റാം' എന്നു പറഞ്ഞു് അചല അതെല്ലാം എടുത്തു് വെളിയിലേക്കിട്ടു.

നേരം സന്ധ്യയായി. ആ സ്ത്രീക്കു് അടുത്ത സ്റ്റേഷനിലായിരുന്നു ഇറങ്ങേണ്ടിയിരുന്നതു്. അവൾ എല്ലാം എടുത്തുവെച്ചു് ഒരുങ്ങിനിന്നു. അചല യാത്ര ചോദിച്ചുകൊണ്ടു പറഞ്ഞു:— 'ക്ഷമിക്കൂ, സഹോദരി! ഞാൻ നിങ്ങളോടു എന്തെങ്കിലും തെററു ചെയ്തിട്ടുണ്ടായിരിക്കും. എൻെറ ഭത്താവിനു് തീരെ ശരീരസുഖമില്ല. ഞങ്ങൾ വിശ്രമത്തിനുവേണ്ടി തിരിച്ചിരിക്കയാണു്. ഈശ്വരൻ അനുഗ്രഹിച്ചാൽ അദ്ദേഹം സുഖപ്പെടും. അല്ലെങ്കിൽ എൻെറ സ്ഥിതി എന്താകും?'

'കണ്ടാൽ അദ്ദേഹത്തിനു് അസുഖമുള്ളതായി തോന്നുന്നില്ലല്ലൊ.'

'എൻെറ ഭത്താവിനെ നിങ്ങൾ കണ്ടിട്ടില്ല. അദ്ദേഹം അടുത്ത മുറിയിലാണു്. ഇവിടെ വന്നതു് അദ്ദേഹത്തിൻെറ കൂട്ടുകാരനാണു്.'

ഇതു കേട്ടപ്പോൾ ആ സ്ത്രീക്കു് അതിശയം തോന്നി. അവൾ അഭിപ്രായപ്പെട്ടു.

'അങ്ങനെയെങ്കിൽ നിങ്ങൾ എൻെറ കൂടെവന്നു താമസിക്കൂ. എൻെറ നാത്തുൻെറ വീടിനു സമീപം ഒരു വീട്ട് ഒഴിവുണ്ട്. അവിടെ മൂന്നുനാലു ദിവസം നിങ്ങൾക്കു വിശ്രമിക്കാം. അപ്പോഴേക്കും ഭത്താവിൻെറ അസുഖവും ഭേദപ്പെട്ടുമല്ലോ.'

അചല:— 'ഞങ്ങളുടെ രണ്ടുപേരുടേയും (ഭത്താവിൻെറയുംകൂടി അനുമതി വേണ്ടേ അതിനു്?'

'അതെന്തിനാ? നമ്മൾ സ്ത്രീകൾ പുരുഷന്മാരുടെ ദാസികളാണോ? എൻെറ കാര്യം പറഞ്ഞാൽ എനിക്കു് ആരുടേയും അനുവാദം വേണ്ട. പിന്നെ നിന്റെ കാര്യം! അതിനു് നിൻെറ ഭത്താവിനോടു് ഞാൻതന്നെ ഇക്കാര്യം ചോദിക്കാം. എൻെറ പേരു് എന്താണെന്നോ? 'രാക്ഷസി', ഡെഹരിയിൽ ഏതെങ്കിലും ബംഗാളി സ്ത്രീയോടു ചോദിച്ചാൽ മതി എൻെറ വിവരം നിങ്ങൾക്കു ലഭിക്കുന്നതായിരിക്കും.'

സ്റ്റേഷനിൽ ഇറങ്ങുന്ന സമയം അവൾ ഒരിക്കൽകൂടി അചലയോടു വിടവാങ്ങി.

ഒഴിഞ്ഞുകിടന്നിരുന്ന സ്ഥലത്തു് തൻെറ കിടക്ക വിരിച്ചു് അചല കിടന്നു. നല്ല കാററും മഴയും അടിച്ചുകൊണ്ടിരുന്നു. ഇരുട്ടു് എങ്ങും വ്യാപിച്ചു. തൻെറ ജീവിതംതന്നെ അന്ധകാരപൂണ്ണമായതുപോലെ അചലക്കു് അനുഭവപ്പെട്ടു. ഇനി ഒരിക്കലും പ്രകാശം ഉണ്ടാകുകയില്ല എന്നവൾക്കു തോന്നി.

കണ്ണുകളിൽനിന്നും നീർത്തുള്ളികൾ താഴെ വീഴുവാൻ തുടങ്ങി. ഇതിനെല്ലാം എന്തു കാരണമാണെന്നു

പോലും അവൾക്കറിയാൻ കഴിഞ്ഞില്ല. അവൾ പല തും ചിന്തിച്ചു. കഴിഞ്ഞ കാലങ്ങളിലെ ഓരോ സംഭവ ങ്ങളും അവളുടെ മനോമുകുരത്തിൽ തെളിഞ്ഞുകാണ പ്പെട്ടു. സ്വന്തം പിതാവിനെക്കുറിച്ചവൾ ഓർത്തു. കൂട്ടു കാരികളെപ്പററി ഓർത്തു. മൃണാളയുടെ ഓർമ്മ അവൾക്കു ണ്ടായി. അല്പം മുമ്പ് ഇറങ്ങിപ്പോയ രാക്ഷസി എന്നു പേരായ ആ സ്ത്രീയെപ്പററിയും അവൾ ചിന്തിച്ചു. ഇവരെല്ലാവരോടും യാത്രപറഞ്ഞു് ഇറങ്ങിത്തിരിച്ച താൻ ഇനി ഒരിക്കലും അവരെ കാണുവാൻ പോകുന്നി ല്ല എന്നുപോലും അവൾക്കു തോന്നി.

എപ്പോഴാണവൾ ഉറങ്ങിയതെന്നുപോലും അചല അറിഞ്ഞില്ല. ആരോ തന്നെ വിളിക്കുന്നതുകേട്ടു് അവൾ ഞെട്ടിയുണന്നു. കമ്പാർട്ടുമെൻറു മുഴുവനും മഴവെള്ളം വീണു് നനഞ്ഞിരുന്നു. വാതിലിൽ സുരേശ് നില്ക്കുന്നു. 'വേഗമാകട്ടെ, നിൻെറ സൂട്ട്കേസ് എവിടെ?' ഇലാ ഹാബാദിൽ എത്തി എന്നു് അചലയ്ക്കു മനസ്സിലായി. അവൾ വേഗം സൂട്ടുകേസ് വെളിയിലെടുത്തുകൊണ്ടു ചോദിച്ചു:– 'ഈ മഴയത്തു് അദ്ദേഹത്തെ നനയാതെ എങ്ങനെ വെളിയിൽ കൊണ്ടുവരും?' സുരേശ് ഒന്നും മിണ്ടാതെ അചലയുടെ കൈപിടിച്ചുകൊണ്ടു് വേഗം വേഗം നടന്നു് അടുത്ത വണ്ടിയിൽ കയറി. ഫസ്റ്റ് ക്ലാസ്സിൽ കൊണ്ടുപോയി അചലയെ ഇരുത്തിയിട്ടു പറഞ്ഞു:– 'നീ ഇവിടെ ഇരിക്കൂ, ഞാൻ പോയി മാഹി മിനെ കൊണ്ടുവരാം.'

'എൻെറ ഷാൾ എടുത്തുകൊള്ളൂ. നല്ലവണ്ണം പുത

പ്പിച്ചിട്ട വേണം കൊണ്ടുവരാൻ.' എന്നു പറഞ്ഞു് അ ചല ഷാൾ എറിഞ്ഞുകൊടുത്തു.

അചല ഫ്ളാറ്റുഫോമിൽതന്നെ നോക്കിയിരുന്നു. അവർ വന്നിരുന്ന വണ്ടി തിരിച്ചുപോകുന്നതുവരെ അവൾ അങ്ങനെയിരുന്നു. കുറച്ചു സമയത്തിനുള്ളിൽ കയറിയിരുന്ന വണ്ടിയും വിട്ടുവാനുള്ള മണിയടി മുഴ ങ്ങി. ഗാർഡിയൻ പച്ചനിറത്തിലുള്ള വിളക്കു കാണി ച്ചുകൊണ്ടു നിന്നിരുന്നു. അചല അയാളെ വിളിച്ചു മണി എത്രയായി എന്നു ചോദിച്ചു. 'ഒൻപതു്' എന്ന യാൾ പറഞ്ഞു.

'ഒൻപതു്' അചല നടുങ്ങിപ്പോയി. ഇനി അർദ്ധ രാത്രി സമയത്തായിരിക്കും ഇലാഹാബാദിൽ എത്തി ച്ചേരുക.

വണ്ടി പുറപ്പെട്ടു. സുരേശ് ഓടിവന്നു പറഞ്ഞു:— 'ഒന്നും വിഷമിക്കേണ്ടതില്ല. ഞാൻ അടുത്ത കമ്പാർട്ടുമെ ൻറിൽതന്നെയുണ്ടു്.'

സുരേശ് അടുത്ത മുറിയിലുണ്ടു്. പക്ഷേ അദ്ദേഹം? അചല ഇതുതന്നെ ഓർത്തു് വെളിയിൽ നോക്കിക്കൊ ണ്ടിരുന്നു. ഉണ്ടെങ്കിൽ അദ്ദേഹത്തെ ഒരിക്കൽപോലും കാണാനിടയാകാഞ്ഞതെന്തു്? ഇലാഹാബാദിൽ പോയി വണ്ടി മാറുന്നതിനുപകരം ഇവിടെവച്ചു് വണ്ടി മാറാ നിടയായതെന്തുകൊണ്ടു്? എന്നിങ്ങനെ അവളുടെ വി ചാരതരംഗങ്ങൾ ഹൃദയസാഗരത്തിൽ സ്വച്ഛന്ദം വിഹ രിച്ചുകൊണ്ടിരുന്നു. വെളിയിൽതന്നെ മുഖം കാണിച്ചു

കൊണ്ടു് എത്രനേരം അവൾ ഇരുന്നു എന്നറിഞ്ഞില്ല. മഴവെള്ളം വീണു് അവളുടെ സാരിയും മുറിയും മററും നനഞ്ഞുകൊണ്ടിരുന്നതുപോലും അചല അറിഞ്ഞിരുന്നില്ല. താൻ സഞ്ചരിക്കുന്ന വണ്ടിയിൽ ഭർത്താവു ഇല്ലെന്നും സുരേശ് ഏതോ ദൂരദ്ദേശത്തോട്ടുകൂടി തന്നെയും കൊണ്ടു എവിടെയോ പോകുകയാണെന്നുമുള്ള വസ്തുത അചല അറിഞ്ഞില്ല. പക്ഷേ അവളുടെ മനസ്സിൻെറ അടിത്തട്ടിൽ ഏന്തോ ചില ചലനങ്ങൾ ഉണ്ടാകുന്നതുപോലെ അവൾക്കു തോന്നി. 'ഈ വണ്ടിയിൽ അദ്ദേഹം എവിടെയെങ്കിലും കാണാതിരിക്കുമോ? തന്നെ വഞ്ചിക്കുവാൻ സുരേശ് ഒരുമ്പെട്ടുമോ? അഥവാ തന്റെ ശരീരത്തെ മോഹിച്ചു് സുരേശ് അതിനൊരുങ്ങിയാൽപ്പോലും താൻ മരിക്കുന്നതുവരെ അതിനു വഴിപ്പെടുകയില്ല. തീച്ചതന്നെ.'

അചല പൂർണ്ണമായും നനഞ്ഞുകഴിഞ്ഞിരുന്നു. അവൾ ധരിച്ചിരുന്ന വസ്ത്രങ്ങളിൽനിന്നും വെള്ളം ഇററിറ്റു വീണുകൊണ്ടിരുന്നു. വസ്ത്രം മാററുന്നതിനു് അവൾ സൂട്ട്കേസ് തുറന്നു. അപ്പോഴേയ്ക്കും വണ്ടി പെട്ടെന്നു് നിന്നുകഴിഞ്ഞിരുന്നു. അടുത്ത സ്റ്റേഷനിൽ എത്തി എന്നു മനസ്സിലായപ്പോൾ അവൾ പെട്ടെന്നു് വെളിയിലേയ്ക്കിറങ്ങി. സുരേശ് കയറിയ കമ്പാർട്ടുമെന്റിലേയ്ക്കു് കുതിച്ചുചാടിക്കൊണ്ടു് അവൾ ഉച്ചത്തിൽ വിളിച്ചു:—

'സുരേശ്ബാബു! അദ്ദേഹം എവിടെ?'

സുരേശ് പെട്ടെന്നെണീററുചെന്നു് അചലയെ കൂട്ടിക്കൊണ്ടു് തൻെറ സമീപം ഇരുത്തി. 'ഇവിടെ

ഇരിക്കൂ. പറയാം. ദാ, വണ്ടി വിടാറായി.' അചല പരിഭ്രാന്തയായി പിന്നെയും പിന്നെയും ചോദിച്ചുകൊണ്ടിരുന്നു.

'അയ്യോ! അദ്ദേഹം എവിടെയാണു് കയറിയിരിക്കുന്നതു്? എനിക്കൊന്നു കാണണം. വേഗം പറയൂ. അല്ലെങ്കിൽ ഞാൻതന്നെ പോയി അദ്ദേഹത്തെ കൂട്ടിക്കൊണ്ടുവരും.' അചല വണ്ടിയ്ക്കു വെളിയിൽ ഇറങ്ങാൻ ഭാവിച്ചതുകണ്ടു് സുരേശ് അവളെ തടഞ്ഞു് കതകു് അടച്ചു. 'വണ്ടി വിട്ടുകഴിഞ്ഞിരിക്കുന്നു. നീ എന്തു് അവിവേകമാണു് കാണിക്കാൻ പോകുന്നതു്?'

അചല നിരാശയോടെ സുരേശിൻെറ മുഖത്തു നോക്കി. അല്പസമയത്തേയ്ക്കു മാത്രമേ അവൾക്കങ്ങനെ നോക്കിനില്ക്കാൻ കഴിഞ്ഞുള്ളു. സുരേശിൻെറ മുഖം വികൃതവും ദാരുണവുമായി അവൾക്കു തോന്നി. താൻ വഞ്ചിക്കപ്പെട്ടിരിക്കുന്നതായി അവൾ മനസ്സിലാക്കി. വേരററ വൃക്ഷം കൊടുങ്കാററിൽ ഞെട്ടുവീഴുന്നതുപോലെ അചല സുരേശിൻെറ കാൽക്കൽ നിലംപതിച്ചു. കരഞ്ഞുകൊണ്ടു് അവൾ യാചിച്ചു:– 'എന്റെ ഭർത്താവു് എവിടെയാണെന്നു് ഒന്നു പറയൂ. അദ്ദേഹത്തെ നിങ്ങൾ വണ്ടിയിൽനിന്നും പുറത്തെറിഞ്ഞിരിക്കുകയാണോ? രോഗിയായ അദ്ദേഹത്തെ നിങ്ങൾ കൊലപ്പെടുത്തിയിരിക്കയാണോ?'

അചലയുടെ ദീനരോദനങ്ങൾക്കൊന്നും സുരേശ് വഴങ്ങിയില്ല. കരിങ്കല്ലുപോലെ ഉറച്ചുനില്ക്കുകയാണു് ചെയ്തതു്.

'ഞാൻ അങ്ങനെ ചെയ്യുമെന്നു് നിനക്കു വിശ്വാസമുണ്ടോ?' സുരേശ് ചോദിച്ചു.

അചല സധൈര്യം പറഞ്ഞു:– 'നിങ്ങൾ എന്തും ചെയ്യാൻ മടിക്കുകയില്ല. ഞങ്ങളുടെ വീടിനു് തീവച്ച് എൻെറ ഭർത്താവിനെ അതിൽ ചുട്ടുകരിക്കാൻ ഒരുമ്പെട്ടയാളാണല്ലോ നിങ്ങൾ? ഇപ്പോൾ നിങ്ങൾ എന്തു ചെയ്യുവാൻ തീരുമാനിക്കയാണു് എന്നു പറയൂ.' അചല സുരേശിൻെറ കാൽക്കൽ ശിരസ്സിട്ടടിക്കുവാൻ തുടങ്ങി.

അർദ്ധരാത്രി സമയം. അന്തരീക്ഷവും അചലയുടെ ഹൃദയംപോലെ കലങ്ങിമറിഞ്ഞുകൊണ്ടിരുന്നു. നല്ല ഇടിയും മിന്നലും. കൊടുങ്കാററു് അതിശക്തമായി ഭൂമിയെത്തന്നെയും ഇളക്കിമറിച്ചുകൊണ്ടിരുന്നു. പക്ഷേ അചലയെ സംബന്ധിച്ചിടത്തോളം ഇതെല്ലാം അവളുടെ ഹൃദയകോശത്തിൽ നടന്നുകൊണ്ടിരുന്ന കൊടുങ്കാററിനേയും ഇടിമിന്നലിനേയുംകാൾ എത്രയോ നിസ്സാരമായിരുന്നു.

# ഇരുപത്തിഏഴ്.

അചല ശ്വാസമടക്കി നിന്നുകൊണ്ടിരുന്നു. വണ്ടി നില്ക്കാറായപ്പോൾ സുരേശ് പറഞ്ഞു:—'മഹിം ഈ വണ്ടിയിലില്ല.'

'പിന്നെ എവിടെ?'

ആശ്ചര്യപൂർവ്വം അചല ചോദിച്ചു. ഇതിനകം അവൾ നിലംപതിക്കുകയുണ്ടായി. ഒരൊററ തുള്ളി രക്തംപോലും അവളുടെ മുഖത്തു് ഇല്ല എന്നു സുരേശി ന്നു തോന്നി. അല്പസമയം മുമ്പുവരെ അവൾക്കു് നേരി യ സംശയമെങ്കിലുമുണ്ടായിരുന്നു, മഹിം വണ്ടിയിൽ എവിടെയെങ്കിലും കാണുമെന്നു്. ഇപ്പോളിതാ തന്റെ സവ്വിശ്വാസവും നഷ്ടപ്പെട്ടിരിക്കുന്നു.

സുരേശ് അചലയെ സമാശ്വസിപ്പിക്കുവാൻ ശ്രമിച്ചു. 'മഹിമിനു് ഒരാപത്തും സംഭവിച്ചിട്ടില്ല. ഇപ്പോൾ അലഹാബാദിൽ എത്തിയിട്ടുണ്ടാവും. അവി ടെനിന്നു് ജബൽപൂരിൽ പോരുന്നതിനു പ്രയാസമി ല്ലല്ലോ.'

'നിങ്ങൾ എവിടെയാണു പോകുന്നതു്?'

കണ്ണുകളിൽനിന്നും പ്രവഹിച്ചുകൊണ്ടിരുന്ന ജല കണങ്ങളെ തുടച്ചുകൊണ്ടു് ഗദ്ഗദകണ്ഠയായി അചല

ചോദിച്ചു. സുരേശ് അല്പം ചഞ്ചലനായി. എന്തോ തെററു ചെയ്തതുപോലെ കുഴങ്ങി. സാധു സ്ത്രീയോട്ട് താൻ കഠോരമായി പെരുമാറുന്നതു് പരിഹാസ്യമായി തോന്നി–'ചിലപ്പോൾ നാം രണ്ടുപേരും നരകത്തിലായിരിക്കും ചെന്നെത്തുക! അധഃപതനത്തിൻെറ മാർഗ്ഗത്തിലൂടെ എന്നെയും കൂട്ടത്തിൽ കൊണ്ടുപോകുവാൻ ഒരുമ്പെട്ടതു് നീയാണു്. ഇപ്പോൾ വളരെ ദൂരം നാം എത്തിക്കഴിഞ്ഞിരിക്കുന്നു. ഇനി ഇതിൽനിന്നു് രക്ഷപ്പെടാൻ യാതൊരു മാർഗ്ഗവും കാണുന്നില്ല. എല്ലാം സഹിക്കുകതന്നെ. നിൻെറ മുഖഭാവവും പറച്ചിലും കണ്ടാൽ തോന്നുന്നു നിനക്കാണു് എല്ലാം നഷ്ടപ്പെട്ടിരിക്കുന്നതെന്നു്. നിനക്കു് സൗന്ദര്യമുണ്ടു്. കണ്ണിൽ കണ്ണുനീരും സ്ത്രീക്കുവേണ്ട എല്ലാ അർത്ഥശാസ്ത്രങ്ങളുമായി. ഇനി നിനക്കു വിഷമിക്കാനില്ല പക്ഷേ ഞാൻ പുരുഷനാണു്.' അചലയുടെ കണ്ണുകളിൽനിന്നും ഒഴുകിക്കൊണ്ടിരുന്ന ജലപ്രവാഹം അസഹ്യമായി തോന്നിയതുകൊണ്ടു് സുരേശ് പറഞ്ഞു:–'മയിൽപ്പീലി ചൂടിയതുകൊണ്ടു് കാക്കയ്ക്കു് സൗന്ദര്യം ഉണ്ടാകാൻ പോകുന്നില്ല. അതുപോലെ നിൻെറ മുഖത്തിനു ആരെയെങ്കിലും ആകർഷിപ്പിക്കുവാനുള്ള കഴിവുണ്ടോ? അതു മൃണാളക്കു മാത്രമാണു്. ഹിന്ദുസമുദായത്തിലെ കുലസ്ത്രീയാണെന്നു നിനക്കു് അവകാശപ്പെടാൻ സാധിക്കുമോ? ഇങ്ങനെയൊക്കെയായിട്ടും മഹിം നിന്നെ വിവാഹം കഴിക്കാൻ ഒരുമ്പെട്ടു. പക്ഷെ ഇപ്പോഴോ? അതെല്ലാം പോട്ടെ. നിനക്കു് മഹിമിൻെറകൂടെ പോകണമെങ്കിൽ ഞാൻ

ഇവിടെ ഇറക്കിയേക്കാം. മാറിമിന്ന് ഒരു കത്തുമയ ക്കാം. നിന്നെ സ്വീകരിക്കണമെന്നു കാണിച്ചു. ഇതാ രൂപയും എടുത്തുകൊള്ളൂ. ആരാണു വലിയ അപരാധം ചെയ്തിട്ടുള്ളത് എന്നു് ഓർത്തുനോക്കൂ. ഭർത്തൃഗൃഹ ത്തിൽവച്ച് ഭർത്താവിനോട്ട് നേരിട്ട് പറയാൻ നിന ക്ക് ധൈര്യമുണ്ടായില്ലേ അദ്ദേഹത്തെയല്ല സ്നേഹിക്കുന്ന തെന്നു്! നീ പറഞ്ഞതനുസരിച്ചല്ലേ വീടിനു തീ വെ യ്ക്കാനും അങ്ങനെ നിൻെറ ഭർത്താവിനെ നശിപ്പിക്കുവാ നും ഒരുമ്പെട്ടതു്? അങ്ങനെയുള്ള ആളിൻെറ കൂടെ പോരാം എന്നു നിനക്ക് തോന്നിയതെന്തുകൊണ്ട്? നിൻെറ ഈ പ്രലോഭനങ്ങൾക്ക് വഴിപ്പെട്ടതുകൊണ്ട ല്ലേ ഇന്നു് എനിക്കും ഇതെല്ലാം അനുഭവിക്കേണ്ടിവന്ന തു്? നീ സാവിത്രിയും മററുമല്ല. നിന്റെ ഈ സാഹസം നിന്നെ ശോഭിപ്പിക്കുന്നില്ല. എന്നുകൂടി നീ മനസ്സിലാ ക്കണം. എന്നിട്ടും നീ എന്നെ കുററപ്പെടുത്തുന്നതു് അ തിവിചിത്രംതന്നെ.'

അചല ഉറക്കെ വിളിച്ചുപറഞ്ഞു:–'നിർത്തൂ. പറ ഞ്ഞതെല്ലാം മതി. എല്ലാ അപരാധങ്ങളും ചെയ്തതു ഞാൻതന്നെ. എനിക്ക് ആവശ്യമുണ്ടായിട്ട് ഞാൻ ചെയ്തു.

അചലയുടെ തലമുടി നിലത്തു് ചിതറിക്കിടന്നു. സാരി വെള്ളത്തിൽ കിടന്നു് മുഷിഞ്ഞു.

വണ്ടി സാവധാനം നിന്നു. സുരേശ് പറഞ്ഞു:– 'നീ ശരിക്ക് ഇരിക്കൂ. ഞാൻ അടുത്ത മുറിയിൽപോ

യിരിക്കാം. രാവിലെ ഇറങ്ങേണ്ട സ്ഥലത്തു് ഇറക്കാം. പിന്നെ എവിടെ പോകണമെന്നു് നിശ്ചയിക്കു.'

നേരം പുലൎന്നു, വണ്ടി സ്റ്റേഷനിലെത്തി. 'കൂലി' എന്ന വിളികേട്ടു് അചല ഉണൎന്നു. സാമാനങ്ങളെല്ലാം കൂലിയുടെ തലയിൽ എടുത്തുകൊടുത്തിട്ടു് അചല വെളിയിലേക്കിറങ്ങി. സുരേശ് ഇതു കണ്ടു് അചലയുടെ സമീപം എത്തി ചോദിച്ചു: 'ഇവിടെ ഡെഹരിയിൽ എന്തിനിറങ്ങി? ഞാൻ വിചാരിച്ചു കൽക്കത്തയിൽ പോകുകയാണെന്നു്.'

'കൽക്കത്തയിൽ ആരുടെകൂടെ പോകാനാണു്?'

'എവിടെപ്പോയാലാണോ ഈ അഗ്നി പടരാതിരിക്കുക അവിടെ പോകാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നെ നീ വിശ്വസിക്കുന്നില്ലെങ്കിലും ഞാൻ നിന്നോടു യാചിക്കുകയാണു്, ഞാൻ കാരണം നിനക്കു് എന്തെല്ലാം വിഷമങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതെല്ലാം ക്ഷമിച്ചു് എനിക്കു മാപ്പുതരണമെന്നു്. ഞാൻ പോയിക്കഴിഞ്ഞാലും ആരും നിന്നെ കളങ്കപ്പെടുത്തരുതേ എന്നു ഞാൻ പ്രാൎത്ഥിക്കുകയാണു്. നീ അതിനൊന്നും വഴങ്ങരുതു് എന്നു ഞാൻ ആശിക്കുന്നു. ഞാൻ പോകുന്നതിനു മുമ്പു് എനിക്കുറപ്പുതരു അചലാ.' സുരേശിന്റെ കരുണാപൂൎണ്ണമായ ഈ വാക്കുകൾ കേട്ടപ്പോൾ അചലയുടെ ഹൃദയം അലിഞ്ഞു. കരഞ്ഞുകൊണ്ടവൾ ചോദിച്ചു:— 'ഞാൻ എന്തു ചെയ്യണമെന്നു പറയൂ.'

'ഒന്നും ചെയ്യേണ്ടതില്ല. ഇനി രാത്രിയാണു് ഈ വണ്ടി വിടുക. അത്രയും നേരത്തേക്കെങ്കിലും എന്നെ

വിശ്വസിക്കു. ഇത്രയുമേ എനിക്കാഗ്രഹമുള്ളു. നിനക്ക് ഇനി എന്നിൽ അനിഷ്ടം ഒന്നും ഉണ്ടാവരുതെന്ന് ഞാൻ സത്യം ചെയ്യുന്നു.''

കാളവണ്ടിയിൽ കയറി രണ്ടുപേരും റസ്റ്റ്ഹൗസിലേയ്ക്ക് യാത്രയായി. അവിടെ എത്തുന്നതിനുമുമ്പ് അചല സുരേശിൻെറ മുഖത്തുനോക്കി. പെട്ടെന്നവൾ ഞെട്ടിപ്പോയി. സുരേശിൻെറ കണ്ണുകൾ രണ്ടും ചുവന്നും മുഖം കറുത്തിരുണ്ടും കാണപ്പെട്ടു. മദ്യപാനിയെപ്പോലെ അങ്ങോട്ടുമിങ്ങോട്ടും ആടിക്കൊണ്ടിരിക്കുന്നതുപോലെ അചലയ്ക്കു തോന്നി. ഒരുവിധം അവൾ സുരേശിനെ മുറിയിലേയ്ക്കു കൊണ്ടുപോയി. ഭാരിച്ച സൂട്ട്കേസുകൾ താഴെ ഇറക്കിവച്ചിട്ട് അവൾ ചിന്താമഗ്നയായിരുന്നു.

# ഇരുപത്തിഎട്ട്.

അചല ബാഗിൻെറ പുറത്തുകയറി ഇരുന്നു് പല തും ആലോചിച്ചുകൊണ്ടിരുന്നു. ആ രാത്രി അവൾ അറിയാതെ കടന്നുപോയി എന്നുതന്നെ പറയാം. അവൾ ഉറങ്ങിയതേ ഇല്ല. നേരം പുലന്നു. ചെളിയും വെള്ളവും ചേൎന്നു് വൃത്തിഹീനമായിക്കിടന്നിരുന്ന റോഡുകളിൽ കൂടി ആളുകൾ നടക്കുന്നു. ഇടയന്മാർ പശുക്കളെയും ആട്ടുകളെയും മററും മേയ്ക്കുവാനായി കൊണ്ടുപോകുക യാണു്. അടുത്തുള്ള കൊച്ചു കുടില്ലുകളിൽ അസംസ്കൃത സ്ത്രീകളുടെ ഗാനങ്ങൾ കേൾക്കാം. ഈ ഗാനവീചികക ളിൽ അചലയുടെ ദുഃഖപൂൎണ്ണവും ദൗർഭാഗ്യപരവുമായ ജീവിതപ്രവാഹവും കലന്നിരുന്നില്ലേ? ഈ സമയം അചലയുടെ ചിന്ത പെട്ടെന്നു് സുരേശിലേയ്ക്കു തിരി ഞ്ഞു. ഒരുപക്ഷേ അദ്ദേഹം അടുത്ത മുറിയിൽ പോയി മുഷിഞ്ഞ വസ്ത്രങ്ങൾ മാറുകയായിരിക്കാം. പോയി നോക്കാം എന്നു വിചാരിച്ചു് അവൾ വാതിൽക്കൽ എത്തി.

പക്ഷേ സുരേശിനെ കണ്ടപ്പോൾ അവൾക്കു് ഞെ ട്ടൽ ഉണ്ടാകുകയാണു് ചെയ്തതു്. അതേ വേഷവും അതേ മുഖഭാവവും! സൂട്ട്കേസ് തുറന്നുകിടപ്പുണ്ടു്. ചില്ലറ സാധനങ്ങൾ അവിടവിടെയായി കിടപ്പുണ്ടു

താനും. സുരേശ് നിർജ്ജീവനെപ്പോലെ അചലയ്ക്കു തോന്നി. ഒരുപക്ഷെ അദ്ദേഹം ആത്മഹത്യ ചെയ്തതായിരിക്കുമോ? സുരേശ് ഒടുവിൽ പറഞ്ഞ കാര്യങ്ങൾ അവളുടെ സ്മരണയിൽ പാഞ്ഞെത്തി. 'ഞാൻ ഡോക്ടരാണ്. എനിക്കു മററുള്ളവരെ ജീവിപ്പിക്കാൻ കഴിയും. എൻെറ പ്രാണനെ നശിപ്പിക്കാനും.' ചെയ്ത തെററിനെക്കുറിച്ച് ബോധമുണ്ടായപ്പോൾ അദ്ദേഹത്തിനു പശ്ചാത്താപം തോന്നി, വല്ലതും കഴിച്ച് ജീവനെ നശിപ്പിച്ചതായിരിക്കണം. അചല ഉള്ളിൽ കടന്നു ചെല്ലാൻ ഭയപ്പെട്ടു. അവൾ വിവശയായി കുറേസമയം അങ്ങനെ നോക്കിനിന്നു. പിന്നീട് പലതും ഓർത്ത് ഓർത്ത് അവൾ കരഞ്ഞുതുടങ്ങി. സുരേശിൻെറ വേഷവും മുഖവും അവളെ ആർദ്രചിത്തയാക്കി. പാവം സുരേശ് തന്നെ എത്രമാത്രം സ്നേഹിച്ചിരുന്നിട്ടായിരിക്കും ഇതിനെല്ലാം ഒരുമ്പെട്ടതു്. പ്രേമത്തിനു് ജാതിമതഭേദമില്ലല്ലൊ! ഈ മരണം നിയമത്തിനു വിരുദ്ധമാക്കുകയാണല്ലോ ചെയ്തതു്. ഇനി താൻ എങ്ങനെ ഇതിൽനിന്നും രക്ഷപ്പെടും? തുടങ്ങിയുള്ള ചിന്താസാഗരത്തിൽ അചല മുങ്ങി വീർപ്പുമുട്ടി.

സുരേശ് തിരിഞ്ഞുകിടന്നു. 'അദ്ദേഹം മരിച്ചിട്ടില്ല' എന്നു മന്ത്രിച്ചുകൊണ്ടു് അചല ഓടി സുരേശിൻ്റെ കാൽക്കൽ എത്തി. 'സുരേശ്ബാബു!' അചല ഗദ്ഗദകണ്ഠയായി വിളിച്ചു. സുരേശിനെ ഒന്നു നോക്കിയതേ ഉള്ളു. അചലയുടെ കണ്ണുകളിൽക്കൂടി കണ്ണീർ ഒഴുകിത്തുടങ്ങി.

കുറച്ചുസമയം കഴിഞ്ഞപ്പോൾ സുരേശ് ചോദി ച്ചു:–'എന്തിനാണു അചല കരയുന്നതു്' അചല വിങ്ങി വിങ്ങി കരഞ്ഞുകൊണ്ടുതന്നെ ചോദിച്ചു:–'എന്തിനാ ണു് അങ്ങ് ഇങ്ങനെ കിടക്കുന്നതു്?' അചലയുടെ ഈ ചോദ്യത്തിൽ സ്നേഹത്തിൻെറയും കരുണയുടെയും അ ഗാധത സുരേശിനു മനസ്സിലാക്കാൻ കഴിഞ്ഞു. അതു നിമിത്തം മോഹവും അതിരുകടക്കുവാൻ ആരംഭിച്ചു. സുരേശ് അചലയുടെ കൈപിടിച്ച് തൻെറ നെററി യിൽവെച്ചു. അചലയുടെ കൈ പൊള്ളുന്നതുപോലെ തോന്നി. പരിഭ്രാന്തയായി അവൾ പറഞ്ഞു: 'അയ്യോ! നിങ്ങൾക്കും ജ്വരം പിടിപെട്ടിരിക്കയാണോ?'

സുരേശ്:– 'അതെ, ഇതു് ഒരിക്കലും ഭേദപ്പെടാ നുള്ളതല്ല.'

# ഇരുപത്തിഒൻപതു്.

സ്റ്റേഷനിൽനിന്നു് തിരിച്ച് വീട്ടിലെത്തിയ കേദാരബാബുവിനു് ഉടനെ രോഗം പിടിപെടുകയു ണ്ടായി. ജബൽപൂരിൽനിന്നും മിത്രത്തിൻെറ എഴുത്തു ണ്ടായിരുന്നു, ആരും ഇതേവരെ അവിടെ എത്തിയി ട്ടില്ല എന്നു കാണിച്ചിരുന്നു. അവർ എവിടെ എത്തി, അവക്കു് എന്തു സംഭവിച്ചു എന്നുതുടങ്ങിയുള്ള ചിന്ത കൾ അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നു. ആപത്തിൽ രക്ഷിക്കുന്ന സുരേശും കൂട്ടത്തിൽ പോകുകയുണ്ടായല്ലോ എന്നോർത്തു് കേദാരബാബുവിനു് അല്പം ആശ്വാസം തോന്നി. വേലക്കാരൻ ചെറുക്കൻ അചലയുടെ പേക്കു ള്ള ഒരു എഴുത്തു് കൊണ്ടുവന്നു. അതു മൃണാളയുടേതാ യിരുന്നു. എഴുത്തു് ഇപ്രകാരമായിരുന്നു.

'ജേഷ്ഠൻ നിങ്ങളെപ്പററി ഒന്നും പറയുന്നില്ല. എന്തെങ്കിലും ചോദിച്ചാൽ മുഖം വീപ്പിച്ചുകൊണ്ടിരി ക്കുന്നു. എന്തായാലും ഞാൻ സ്ത്രീയല്ലേ? ഞാൻ ചിലതു മനസ്സിലാക്കി. വഴക്കുകളൊന്നും നിങ്ങൾതമ്മിൽ ഉണ്ടാ യിക്കാണുകയില്ലെങ്കിലും ഞാൻ ജേഷ്ഠത്തിയോടു് ചോ ദിക്കുകയാണു്, ഈ സൗന്ദര്യപ്പിണക്കത്തിൻെറ ആവ

ശ്യമെന്തു്? അർദ്ധമൃതനായ ഭർത്താവിനെ ഈ കാട്ടിൽ ഉപേക്ഷിച്ചു് ഒന്നും മിണ്ടാതെ അച്ഛൻെറ വീട്ടിൽ കഴിയാൻമാത്രം എന്തു സംഭവിച്ചു എന്നാണു് എനിക്കറിയേണ്ടതു്. അന്നു് സാമാനങ്ങളുമായി വീട്ടിൽ കയറിവന്നപ്പോൾ ഞാൻ ഓർത്തു ജേഷ്ഠൻ വഴക്കിട്ടു പോന്നതാണെന്നു്. ജബൽപൂരിലേയ്ക്കു പുറപ്പെട്ടു് തിരിച്ചുവന്നതെന്തിനാണു്? ഒന്നിനും ജേഷ്ഠൻ മറുപടി പറയുന്നില്ല. അതുകൊണ്ടു് ജേഷ്ഠത്തിയോടുതന്നെ ചോദിക്കാമെന്നു കരുതി.

ഞാൻ ആജ്ഞയിട്ടു പറയുകയാണു്, ഈ എഴുത്തു കിട്ടിയാലുടനെ ഇവിടെ വരണം. ജേഷ്ഠൻെറ ആരോഗ്യസ്ഥിതി മെച്ചപ്പെട്ടിരുന്നുവെങ്കിൽ ഞാൻ അവിടം വരെ വരുമായിരുന്നു, ചേട്ടത്തിയെ കൂട്ടിക്കൊണ്ടു പോരുമായിരുന്നു. ജേഷ്ഠനെ ഒന്നു കണ്ടിരുന്നുവെങ്കിൽ ചേട്ടത്തിക്കു മനസ്സിലാകുമായിരുന്നു എത്രമാത്രം വിഷമത്തിലാണെന്നു്. ഈ വീട്ടു് ചേട്ടത്തിയുടേതുതന്നെയാണു്. ഞാൻ ചേട്ടത്തിയുടെ വരവുംകാത്തിരിക്കുകയാണു്. ഒരു കാര്യം ശ്രദ്ധിക്കണം. ജേഷ്ഠനെ കാണിക്കാതെയാണു് ഞാൻ ഈ കത്തെഴുതുന്നതു്. അതുകൊണ്ടു് എഴുത്തിൻെറ വിവരം ജേഷ്ഠൻ അറിയാൻ ഇടയാകരുതു്.

എന്നു് സ്വന്തം മൃണാള.'

എഴുത്ത് കേദാരബാബുവിൻെറ കയ്യിൽനിന്നും താഴെ വീണുപോയി. മഹിം ജബൽപൂരിലല്ല, മൃണാളയുടെ വീട്ടിൽ ആണ് എന്നുള്ള വിവരം ഈ എഴുത്തുമൂലം അദ്ദേഹത്തിനു് അറിയാൻ കഴിഞ്ഞു. അചല കൂടെ ഇല്ല എന്നുള്ളതു് വ്യക്തമാണല്ലോ. അചല എവിടെപ്പോയി? അവൾ തിരിച്ചു വീട്ടിൽ വരാത്തതെന്തു്? ഉടനെ ഓർമ്മവന്നു. സുരേശ് കൂടെ പോയിട്ടുണ്ടല്ലോ! ആശങ്കയും ദുഃഖവും ഒന്നുചേർന്ന് കേദാബാബുവിനെ ബോധരഹിതനാക്കി.

നേരം പുലർന്നപ്പോൾ വെളിലേയ്ക്കു വന്നു നോക്കി. ഭൃത്യനെ വിളിച്ചു് സ്റ്റേഷനിലേയ്ക്കു് വണ്ടി കൊണ്ടുവരാൻ ആജ്ഞാപിച്ചു.

## മുപ്പതു്.

സോൺ നദിയുടെ തീരത്തിലുള്ള ആ ബംഗ്ലാവിൻെറ ടെറസ്സിൽ നിന്നിരുന്ന അചല 'ജീജി' എന്ന വിളികേട്ടു് തിരിഞ്ഞുനോക്കി. ആരാസ്റ്റേഷനിൽ ഇറങ്ങുന്ന സമയം രാക്ഷസി എന്നു് പേരുപറഞ്ഞ ഒരു സ്ത്രീയോടു പരിചയപ്പെടാൻ ഇടയായ ആ സ്ത്രീതന്നെയാണു് എന്നു് അചല മനസ്സിലാക്കി. അവൾ അടുത്തു വന്നു് അചലയോടു് സ്നേഹാന്വേഷണങ്ങൾ നടത്തി.

'ഡാക്ടർ പറഞ്ഞുവല്ലൊ ഒന്നും ഭയപ്പെടാനില്ലെന്നു്. പിന്നീടെന്തിനാണു് ചേച്ചി ഇങ്ങനെ വിഷമിക്കുന്നതു്? എന്താണു് കാര്യമെന്നു് എന്നോടു പറയൂ.'

രാക്ഷസി എന്ന ആ സ്ത്രീയുടെ ശരിക്കുള്ള പേർ വീണാപാണി എന്നാണു്. അവൾ ജനിച്ച ഉടനെ അമ്മ മരിച്ചതുകൊണ്ടു് അമ്മൂമ്മ അവൾക്കു് ആ പേർ നല്കി എന്നുമാത്രം.

അചല ഒന്നും മിണ്ടാതെ നില്ക്കുന്നതുകൊണ്ടു് ആ സ്ത്രീ പിന്നെയും അവളെ സമാശ്വസിപ്പിക്കാൻ തുടങ്ങി. 'ചേച്ചി വിഷമിക്കാനൊന്നുമില്ല. ദൈവാധീനമുള്ളതുകൊണ്ടല്ലേ ചേച്ചി എൻെറ ഭർത്താവിനെ കാണാൻ ഇടയായതും അദ്ദേഹത്തിൻെറകൂടെ ഡാക്ടറെ കാണാൻ

പോയതും. ചേച്ചിയുടെ വിഷമാവസ്ഥ നല്ലവണ്ണം മനസ്സിലാക്കിയ അദ്ദേഹം ഒട്ടും മടിക്കൂടാതെ കൂട്ടത്തിൽ വന്നതുതന്നെ ഈശ്വരാനുഗ്രഹമെന്നല്ലാതെ എന്തു പറയാനാണ്.' ഇത്രയും പറയുന്നതിനിടയിൽ അവളുടെ കണ്ണുകളിൽ വെള്ളം നിറയുന്നതു് അചല കണ്ടു.

അടുത്ത ദിവസവും രാക്ഷസി അചലയുടെ സമീപം എത്തി ഒരു കഥ പറഞ്ഞുകൊണ്ടിരിക്കയായിരുന്നു. അമ്മായിഅച്ഛൻ അവളെ അന്വേഷിച്ച് അവിടെ എത്തി. ഒരു കസേരയിൽ ഇരുന്നു അചലയോടു പറഞ്ഞുതുടങ്ങി. 'മോളേ! ഇന്നലെവരെ നിൻെറയും ഭത്താവിൻെറയും പേരിൽ ശ്രീനാരായണനെ ധ്യാനിച്ച് ഞാൻ വ്രതാനുഷ്ഠാനങ്ങൾ നടത്തി. ഇന്നു അതു് പൂത്തിയായിക്കഴിഞ്ഞിരിക്കുന്നു.'

അചലയുടെയും ഭത്താവിൻെറയും പേരിൽ അദ്ദേഹം നാരായണപൂജ കഴിക്കുന്നു എന്നും മററും കേട്ടപ്പോൾ അചല ഞെട്ടിപ്പോയി. സുരേശിനെ തൻെറ ഭത്താവാണെന്നു് തെററിദ്ധരിച്ചിരിക്കുന്നതിൽനിന്നും സത്യാവസ്ഥ മനസ്സിലാക്കി നിരപരാധിത്വം തെളിയിക്കുവാൻ അവളുടെ മനസ്സ് വെമ്പൽകൊണ്ടുവെങ്കിലും സാധിച്ചില്ല. അചലയുടെ മുഖം കറുക്കുകയും പെട്ടെന്നു് ചലനം നിന്നതുപോലെ നിജ്ജീവാവസ്ഥയിലായതുകൊണ്ടും, അചലയുടെ സ്നേഹിതയായ രാക്ഷസി എന്ന ആ സ്ത്രീ ഈ മാററത്തിനെന്തടിസ്ഥാനം എന്നു ചിന്തിച്ചു. പക്ഷെ വൃദ്ധൻ ഇതൊന്നും ശ്രദ്ധിച്ചതേ ഇല്ല. രാക്ഷസി ഇടക്കുകയറി ചോദിച്ചു:— 'എന്തു് ബാബുജി!

സുരേശ്ബാബു ഉപവാസമൊന്നും അനുഷ്ഠിക്കുവാൻ തയാറായില്ലെങ്കിലോ ചേട്ടത്തിക്കു് എന്തു ചെയ്യുവാൻ കഴിയും?'

'അതിനെന്തു്? ഭർത്താവും ഭാര്യയും രണ്ടാണോ? ഭാര്യ അനുഷ്ഠിച്ചാലും ഭർത്താവിനു മതിയാകും. എന്താ അചല? നിനക്കു ഇക്കാര്യത്തിൽ തടസ്സമൊന്നുമില്ലല്ലോ.

കുറച്ചുസമയം അചല മൗനം പാലിച്ചു. അതിനു ശേഷം മൃദുലസ്വരത്തിൽ പറഞ്ഞു:—'അദ്ദേഹം സ്വയം അനുഷ്ഠിക്കുമെന്നാണു് എനിക്കു തോന്നുന്നതു്.'

'ശരി, അങ്ങനെയാകട്ടെ.' എന്നു പറഞ്ഞു് വൃദ്ധൻ അവിടെനിന്നും ഇറങ്ങിപ്പോയി. രണ്ടുപേരും കുറെ നേരം മിണ്ടാതിരുന്നു.

നേരം സന്ധ്യയാകാറായി. ആ സമയം വീണാപാണി തന്റെ കസേര അചലയുടെ കസേരസ്സുട്ടത്തു് വലിച്ചിട്ടു. ചിന്താമഗ്നയായി നിശ്ചലയായിരിക്കുന്ന അചലയുടെ കൈ തന്റെ മടിയിൽ എടുത്തുവച്ചു. അചല പെട്ടെന്നു് ഞെട്ടിപ്പോയി.

'എന്താ ചേട്ടത്തി ഭയന്നുപോയോ?'

'ങ്ഹൂം. വല്ലാത്ത തണുപ്പുതോന്നി എനിക്കു്.'

വീണാ മുറിക്കുള്ളിൽ ചെന്നു പുതപ്പെടുത്തു കൊണ്ടുവന്നു് അചലയെ മൂടിപ്പുതച്ചിട്ടു് ചിരിച്ചുകൊണ്ടു് പറഞ്ഞു:—

'എനിക്കു് ചേട്ടത്തിയോടു് ഒരു കാര്യം ചോദിച്ചറിയണമെന്നുണ്ടു്. ചേട്ടത്തി പിണങ്ങുമോ എന്തോ.'

അചല:— 'ഇല്ല. ഒരിക്കലുമില്ല.'

വീണാ വളരെ സ്നേഹത്തോടെ പറഞ്ഞു. 'ഇപ്പോൾ ചേട്ടത്തി എൻേറതാണു്. ഞാൻ അനുജത്തിയാണു്. അന്നു നമ്മൾ വണ്ടിയിൽ യാത്രചെയ്തുകൊണ്ടിരുന്നപ്പോൾ ആരുമല്ലായിരുന്നു. അപരിചിതർമാത്രം. അന്നു് ഞാൻ ചേട്ടത്തിയോടു് അടുത്തുനിന്ന ഈ ബാബുവാണോ ഭർത്താവു് എന്നു ചോദിച്ചപ്പോൾ ചേട്ടത്തി എന്നോടു് കള്ളംപറഞ്ഞു ഇല്ലേ? ഭർത്താവു് അടുത്ത മുറിയിൽ സുഖമില്ലാതെ കിടക്കുകയാണെന്നു പറഞ്ഞു. പക്ഷെ അപ്പോഴേ എനിക്കു് അതിശയം തോന്നി. ആ ആൾ പൂണനൂലു് ധരിച്ചിട്ടുണ്ടല്ലോ, ചേട്ടത്തിയാകട്ടെ ബ്രഹ്മസമാജിയാണുതാനും. അന്നു് എന്നെ പററിക്കുകയായിരുന്നു അല്ലേ?'

അചല ചിരി വരുത്തിക്കൊണ്ടു പറഞ്ഞു: 'ഞാൻ സത്യം പറയുകയില്ലെങ്കിലോ?'

'എങ്കിൽ ഞാൻതന്നെ സത്യം പറയും. അചലാ ചേട്ടത്തിക്കു് ഇനി എന്നെ കളിപ്പിക്കാനൊക്കുകയില്ല.'

'അചലാ ചേട്ടത്തി' എന്ന വിളി അചലയെ ഞെട്ടിപ്പിച്ചു. ഇത്രയും ധൈര്യപൂർവ്വം, തൻെറ എല്ലാ രഹസ്യങ്ങളും അറിഞ്ഞു എന്ന ഭാവത്തോടെയുള്ള അവളുടെ വിളി ചെവികളിൽ അഗ്നിജ്വാലപോലെയാണു് അചലയ്ക്കു് അനുഭവപ്പെട്ടതു്. കാരണം, സുരേശിൻെറ ഭാര്യയായിട്ടാണല്ലോ ആ സ്ത്രീ ഉദ്ദേശിക്കുന്നതും പ്രവർത്തിക്കുന്നതുമെല്ലാം. അചല നിശ്ശബ്ദം എല്ലാം കേട്ടു

കൊണ്ടിരുന്നു. വീണ്ണ തുടന്ന് പറഞ്ഞുകൊണ്ടിരുന്നു. 'ചേട്ടത്തി ഓരോന്നു വിചാരിച്ചു വിഷമിക്കേണ്ട ആവശ്യമില്ല. ചേട്ടത്തിയുടെയോ എന്റെയോ ദോഷമല്ല ഇതു്. ഞങ്ങളുടെ രണ്ടുപേരുടേയും ഭരണക്കാരാണു് ഈ തെററു് ചെയ്തതു്. ഒരിക്കൽ ജ്വരം കൂട്ടതലാണെന്നു് പറഞ്ഞു് ആളയച്ചപ്പോൾ ചേട്ടത്തിയുടെ അസ്സൽ പേരു് അറിയാനിടയായി. മറെറാരിക്കൽ ചേട്ടത്തിയുടെ സത്യാവസ്ഥയെപ്പററിയും അറിയാൻ അവർ കാരണമുണ്ടാക്കി. എന്താ ശരിയല്ലേ ഞാൻ പറഞ്ഞതു്?'

അചല ഒന്നും മിണ്ടാതെ അങ്ങനെതന്നെ ഇരുന്നു.

'ഒരു ദിവസം രാത്രി വന്നു് അദ്ദേഹം പറഞ്ഞു: 'നിന്റെ ചേട്ടത്തിക്കു് എന്തുപററി? അവൾ വീട്ടിൽ വഴക്കിട്ടു് വന്നിരിക്കുന്നു എന്നു് അറിയാൻ ഇടയായി.' അപ്പോൾ ഞാൻ പറഞ്ഞു: 'നിങ്ങൾ എല്ലാവരോടും പറഞ്ഞു പരത്താതിരിക്കൂ. അവർ കേട്ടാൽപിന്നെ വഴക്കുണ്ടാകും എന്നു്.'

അചല അറിയാതെതന്നെ തന്റെ കൈ കസേരയിൽ അടിച്ചു ശബ്ദമുണ്ടാക്കി.

വീണാ സംഭാഷണം തുടന്നു.

'ഞാൻ പലതും പറഞ്ഞു അദ്ദേഹത്തെ സമാശ്വസിപ്പിച്ചു. വീട്ടിൽ അങ്ങനെ വഴക്കിടാൻ എന്താണു് സംഗതി? ചിലപ്പോൾ ചേട്ടത്തിയും അനുജത്തിയും തമ്മിൽ അല്ലെങ്കിൽ നാത്തൂനും ചേട്ടത്തിയും തമ്മിൽ

ചെറിയ വഴക്ക് എന്തോ ഉണ്ടായിരിക്കണം. ഏതായാലും ഭർത്താവൊന്നിച്ചാണല്ലോ നാട്ടുവിട്ട് പോന്നിരിക്കുന്നതു്. സുരേശ്ബാബുവിനെപ്പററി അദ്ദേഹത്തിന്റെ അഭിപ്രായം എന്താണെന്നോ? സമുദ്രത്തിൽ ചാടണമെന്നു ചേട്ടത്തി പറഞ്ഞാൽ ഒട്ടും ആലോചിക്കാതെ തന്നെ സുരേശ് അതിനു തയാറാകും എന്നാണു്. സത്യാവസ്ഥ ഇതെല്ലാമായിരുന്നിട്ടും അന്നു് വണ്ടിയിൽവച്ചു് ചേട്ടത്തി എന്നോട്ട് കള്ളംപറഞ്ഞതു് എന്തിനാണു്? സുഖമില്ലാത്ത ഭർത്താവിനെയുംകൊണ്ടു് ദൂരയാത്രയ്ക്കു് ആരെങ്കിലും പുറപ്പെടുമോ?'

ഇത്രയും പറഞ്ഞു വീണ അചലയെ ആലിംഗനം ചെയ്തു. വളരെ സ്നേഹവായ്പോടെ അചലയുടെ ചെവിയോട്ട് തന്റെ മുഖം ചേർത്തുവച്ചുകൊണ്ടു് അവൾ കെഞ്ചി. 'പറയൂ ചേട്ടത്തി, എന്റെ ചേട്ടത്തിയല്ലെ, എല്ലാ കാര്യവും എന്നോട്ട തുറന്നു പറയൂ.' അചലയ്ക്കു് ഒന്നും മിണ്ടാൻ കഴിഞ്ഞില്ല. അവൾ വീണയുടെ മടിയിലേയ്ക്കു തലചാഞ്ഞുകിടന്നു് കണ്ണീർ ഒഴുക്കുവാൻ തുടങ്ങി,

വീണ സാന്ത്വനപ്പെടുത്താൻ ശ്രമിച്ചു. 'ഇങ്ങനെ ഒന്നും മിണ്ടാതെ കരയുന്നതെന്തിനാണു് ചേട്ടത്തി? എന്തുണ്ടെങ്കിലും എന്നോട്ട പറയരുതോ? ദൈവാനുഗ്രഹത്താൽ ചേട്ടത്തിയുടെ നെററിയിലെ കുങ്കുമം മായുവാൻ ഇടയായിട്ടില്ല. ഇനിയെങ്കിലും നമുക്കു് വീട്ടിൽ പോകണ്ടേ?'

വേറെ മാൎഗ്ഗമൊന്നും കാണാത്തതുകൊണ്ടു് അചല എല്ലാം പറയുവാൻതന്നെ തീരുമാനിച്ചു.

അവൾ നിവൎന്നിരുന്നു് ദീർഘശ്വാസം ഉതിൎത്തു. നിരാശയോടെ പറഞ്ഞു: 'ഞങ്ങൾക്കു് വീട്ടിൽ പോകാനുള്ള യാതൊരു മാൎഗ്ഗവും കാണാനില്ല റബീന്ദ്രാ.'

'ചേട്ടത്തി എന്തിനതിൽ വിഷമിക്കുന്നു? ഇത്രയും ദിവസത്തെ പരിചയത്തിൽനിന്നും എനിക്കു മനസ്സിലായിട്ടുള്ളതു് ചേട്ടത്തിയെ വെറുക്കുന്നവരായി ആരും തന്നെ കാണുകയില്ലെന്നാണു്. വീടിൻെറ അഡ്രസ്സ് തരൂ. ഞാൻ പോയി കാര്യങ്ങൾ അന്വേഷിക്കാം. ചേട്ടത്തിയുടെ അമ്മായിഅച്ഛനും അമ്മയും എന്തുചെയ്യുന്നുവെന്നു് നോക്കിവരാം.'

അചല:– 'നിങ്ങൾ എന്നാണു് പോകുക? എന്തിനു് പോകുന്നു?'

'എൻെറ അമ്മായിഅമ്മ സുഖമില്ലാതെ കിടക്കുകയാണെന്നും ഞങ്ങളെ കാണാൻ താല്പര്യപ്പെടുന്നുവെന്നും വിവരം അറിയിച്ചിരിക്കുന്നു. അതുകൊണ്ടു് മററന്നാൾ ഞങ്ങൾ എല്ലാവരും ചേൎന്നു് അവിടെ പോകുകയാണു്.'

'ങ്ഹാ! നിനക്കു അമ്മായിഅമ്മയുണ്ടോ? എവിടെയാണു് അവർ?'

കൽക്കത്തായിൽ പടലഡാംഗായിൽ താമസിക്കുന്നു.

അചലയുടെ മുഖം വിളറിപ്പോയി. അവൾ നിരാശയോടെ ചോദിച്ചു. 'അപ്പോൾ ഞങ്ങൾ ഇവിടെ നിന്നു് മാറിത്താമസിക്കണം അല്ലേ?'

'ഹേയ് അതിൻെറ ആവശ്യമില്ല. എത്രദിവസം വേണമെങ്കിലും നിങ്ങൾക്കു് ഇവിടെ താമസിക്കാം. ചേട്ടത്തി, പിന്നെ ഒരു കാര്യം ഇത്രയും ദിവസം ബഹളത്തിനിടയിൽ നിങ്ങൾക്കു് ഒരാശ്വാസം കിട്ടാനിടയായിട്ടില്ല. ഇനി നിങ്ങൾ മാത്രമേ ഇവിടെ കാണുകയുള്ളു. ഇഷ്ടംപോലെ ചേട്ടത്തിക്കു് കഴിയാം' ഇത്രയും പറഞ്ഞു് അചലയുടെ താടിക്കു പിടിച്ചു് സ്നേഹപ്രകടനം നടത്തിക്കൊണ്ടു് വീണ അകത്തേയ്ക്കു പോയി.

# മുപ്പത്തിഒന്നു്.

അചല ഉറങ്ങുവാനായി ചെന്നു കിടന്നു. പക്ഷെ ചിന്ത അവളിൽനിന്നും വിട്ടുമാറിയില്ല.

ഈ നിജ്ജനസ്ഥലത്തു് സുരേശുമായി എത്രനാൾ ഇങ്ങനെ കഴിയാനൊക്കും? ഇങ്ങനെ ജീവിക്കുന്നതുകൊണ്ടു് പ്രയോജനമെന്തു്? ഇനി ഒരു നല്ല ഭാവി പ്രതീക്ഷിക്കാമോ? അതിനുള്ള മാൎഗ്ഗമെന്തു്? വീണയുടെ അഭിപ്രായത്തിൽ അമ്മായിഅച്ഛന്റെ വീട്ട് തന്റെ സ്വന്തം വീടുതന്നെ. അവിടെ എത്രനാൾ താമസിച്ചാലും മടിക്കാനില്ല. പാവം അവളുണ്ടോ അറിയുന്നു കൽക്കട്ടയിൽ തനിക്കു് ആരെല്ലാമുണ്ടു്, എന്താണു് സ്ഥിതിയെന്നൊക്കെ. ഒരു ഭൎത്താവുണ്ടു്, തീകത്തി എരിഞ്ഞതായ ഒരു മൺവീടുമല്ലാതെ എന്താണു് സമ്പാദ്യം?

ഇങ്ങനെ ഓരോന്നും ആലോചിക്കുന്തോറും അചലയുടെ ഹൃദയത്തിൽ അഗ്നിപൎവ്വതം പൊട്ടാൻ ഒരുമ്പെടുന്നതുപോലെയുള്ള അനുഭവം ഉണ്ടായിക്കൊണ്ടിരുന്നു.

സുരേശ് നല്ല ഉറക്കത്തിലാണു്. വാതില്ക്കൽ അവിടുത്തെ ദാസി പുതച്ചുമൂടിക്കിടന്നുറങ്ങുന്നു. ഇന്നലെ വരെ തന്റെകൂടെ വീണ കിടന്നു. ഇന്നാകട്ടെ അവൾ ഭൎത്താവൊന്നിച്ചു് അടുത്ത മുറിയിൽ കിടക്കുകയാണു്.

ഈ സമയത്തു് അചലയല്ലാതെ ആരും ഉണന്നിരുന്നില്ല. വീട്ടുതന്നെ നിദ്രയിലമന്നുകിടന്നിരുന്നു.

പക്ഷെ അചലമാത്രം അഗ്നിശയ്യയിൽ കിടന്നു ദഹിക്കുകയാണു്.

അവൾ അറിയാതെതന്നെ വിറച്ചുകൊണ്ടിരുന്നു.

അടുത്ത വീട്ടിലെ ക്ലോക്കിൽ മണി രണ്ടടിച്ചു. മഞ്ഞുമൂടിയിരുന്ന ആ അന്തരീക്ഷത്തിലും അചല വിയക്കുകയായിരുന്നു. അവൾ എഴുന്നേററു് ജനാല തുറന്നു. കൃഷ്ണപക്ഷത്തിലെ അഷ്ടമിനാളിലെ പൂൎണ്ണചന്ദ്രൻ അവളെ ഉററുനോക്കിക്കൊണ്ടിരുന്നു. അവൾ പ്രകൃതിയെ സസൂക്ഷ്മം വീക്ഷിച്ചു് തൻെറ നിർഭാഗ്യത്തെ ശപിച്ചുകൊണ്ടിരുന്നു. ഇതിനിടയിൽ പുറകിൽ ആരുടെയോ കാലടിശബ്ദം കേട്ടു് തിരിഞ്ഞുനോക്കി—സുരേശ് നിൽക്കുന്നു.

അചല മുഖംതിരിച്ചുകളഞ്ഞു. അണക്കെട്ടു് പൊട്ടിയ വേഗതയോടെ കണ്ണുനീർ ശക്തിയോടെ വെളിയിലേക്കു് ഒഴുകി.

എങ്ങും നിശ്ശബ്ദത—സർവ്വ ചരാചരങ്ങളും മൗനം പാലിച്ചിരിക്കെ സുരേശും പാഷാണമൂർത്തിയെപ്പോലെ അങ്ങനെ നിന്നുപോയി. പക്ഷെ ശരീരം വിറക്കുകയാരുന്നു. പെട്ടെന്നു് അചലയുടെ മുഖം രണ്ടുകൈകൊണ്ടും താങ്ങി അയാൾ തൻെറ ഹൃദയത്തോടു ചേർത്തുപിടിച്ചു.

എന്തുകൊണ്ടോ അചലക്കു് ഈ പ്രവൃത്തിയിൽ ഒട്ടും വെറുപ്പുതോന്നിയില്ല. അചല മൃദുസ്വരത്തിൽ ചോദിച്ചു:— 'അങ്ങു് എന്തിനാണു് ഇവിടെ വന്നതു്?'

സുരേശ് നിശ്ചലനായി നിന്നതേയുള്ളു.

അചല സുരേശിനെ മുറിയിലേയ്ക്കു ആനയിച്ചു.

'എന്തൊരു തണുപ്പാണു്. അങ്ങയുടെ കൈകൾ മഞ്ഞുകട്ടപോലെയായിരിക്കുന്നുവല്ലോ. വരൂ, നിങ്ങളുടെ മുറിയിൽപോയി കിടക്കു.' അചല വളരെ സ്നേഹപൂർവ്വം പറഞ്ഞു. ജനാലകൾ അടച്ചു് പോകാൻ ഭാവിച്ച അചലയുടെ അടുത്തുചെന്നു് സുരേശ് അപേക്ഷിച്ചു: 'നീയുംകൂടി എന്റെ മുറിയിൽ വരൂ.' സുരേശിന്റെ കണ്ണുകൾ തിളങ്ങിക്കൊണ്ടിരുന്നു. അയാൾ അചലയുടെ കൈപിടിച്ചു വലിച്ചു.

'ഇല്ല. ഇന്നു് വേണ്ട.' അചല കൈവിടുവിച്ചുകൊണ്ടു പറഞ്ഞു. 'അങ്ങു് പോയി ഉറങ്ങൂ.' അചല അവളുടെ കിടക്ക നല്ലവണ്ണം വിരിച്ചു് പുതപ്പെടുത്തു പുതച്ചുകിടന്നു. ഒന്നും മിണ്ടാൻ കഴിയാതെ സുരേശ് നിന്നുപോയി. പിന്നീടു് കിടക്കയുടെ സമീപം ചെന്നു.

## മുപ്പത്തിരണ്ടു്.

ആ വീട്ടിലുള്ള എല്ലാവരും കൽക്കട്ടായിൽ പോയിരിക്കയാണു്. രാമചരണബാബുമാത്രം ഉണ്ടു്. ബാബു എന്തോ തിരക്കുപിടിച്ച ജോലിയിലാണു്. അയാൾ ഇടയ്ക്കിടയ്ക്കു് 'സുരമാ' എന്നു വിളിക്കുന്നുണ്ടു്. വിളി കേട്ടു് അചല പെട്ടെന്നെഴുന്നേററു് വാതിൽ തുറന്നു് അടുത്തെത്തി. സുരേശും അവിടെ ചെന്നു. ഭാര്യയും ഭർത്താവും പ്രത്യേകം പ്രത്യേകം മുറികളിൽനിന്നു വരുന്നതു കണ്ടപ്പോൾ രാമചരണബാബുവിനു് ആശ്ചര്യം തോന്നി. വൃദ്ധൻ അചലയോടു് പറഞ്ഞു:— 'മോളേ വണ്ടി വന്നുകിടപ്പുണ്ടു്. ഞാൻ ഒരിടത്തു് പോകുകയാണു്. മൂന്നുനാലു മണിക്കൂർ കഴിഞ്ഞേ വരികയുള്ളു. എനിക്കുവേണ്ടി ചോറും കറിയും വയ്ക്കണം.'

അദ്ദേഹം വലിയ നിഷ്ഠവാനും ഭക്തനും ആണു്. ഭാര്യയോ മരുമകളോ അല്ലാതെ മററാരെങ്കിലും തൊട്ട ആഹാരപദാർത്ഥങ്ങൾ അദ്ദേഹം കഴിക്കാറില്ല എന്നു വീണ പറഞ്ഞ കാര്യം അചല ഓർത്തു. അവൾക്കു് ആശ്ചര്യവും സങ്കോചവും തോന്നി.

അതുകണ്ടു് വൃദ്ധൻ വീണ്ടും പറഞ്ഞുതുടങ്ങി. 'നീ എന്തിനാണു് സങ്കോചിക്കുന്നതു്? സന്ധ്യാവന്ദനം ഗായത്രിജപം ഇവയൊക്കെ ചെയ്യാത്ത ആളുകളുടെ

കൈകൊണ്ടു് വച്ച ആഹാരം ഞാൻ കഴിക്കുകയില്ല. മരിച്ചാലും എനിക്കു ഗതികിട്ടണമല്ലൊ. രാക്ഷസി മകളും നീയും എനിക്കു് ഒരുപോലെതന്നെ. നിൻെറ കൈകൊണ്ടു് പാകംചെയ്ത ആഹാരം എനിക്കു് അന്ന പൂൎണ്ണേശ്വരിയുടെ പ്രസാദംപോലെ അനുഭവപ്പെട്ടുമെന്നാണു് കണ്ടിട്ടു് തോന്നുന്നതു്.' ഇത്രയും പറഞ്ഞിട്ടു് അയാൾ പോകാൻ ഭാവിച്ചു. അചല വളരെ വിനയത്തോടെ വിളിച്ചുപറഞ്ഞു:— 'എനിക്കു് വേണ്ടതുപോലെ ആഹാരം പാകംചെയ്യാൻ അറിയാൻപാടില്ല. അങ്ങേയ്ക്കു് ഇഷ്ടപ്പെട്ടുകയില്ല.'

'ഞാൻ ഇതു വിശ്വസിക്കുന്നില്ല അചല.'

വൃദ്ധൻെറ സ്നേഹംനിറഞ്ഞ സംഭാഷണരീതി കേട്ടപ്പോൾ അചലയുടെ കണ്ണുകൾ നിറഞ്ഞു. സത്യസ്ഥിതി മറച്ചുവയ്ക്കാൻ അവൾക്കു് ധൈര്യം തോന്നിയില്ല. 'എൻെറ അച്ഛൻ ബ്രഹ്മസമാജത്തിൽപെട്ട ആളാണു്. അപ്പോൾ ഞാൻ എങ്ങനെ ആഹാരം പാകംചെയ്യാനാണു്?'

'അതിനെന്താണു തരക്കേടു്? അദ്ദേഹം ഹിന്ദുതന്നെയല്ലേ? അദ്ദേഹത്തിൻെറ തോളിൽ പൂണുനൂൽ ശോഭിക്കുന്നുണ്ടല്ലോ. നീ എന്തെല്ലാം വേഷം പറഞ്ഞാലും ഞാൻ സമ്മതിക്കുകയില്ല. ഇന്നു നീതന്നെ അടുക്കളയിൽ പോകണം.'

## മുപ്പത്തിമൂന്നു്.

അത്താഴം കഴിഞ്ഞു് രാമബാബു എഴുന്നേററപ്പോൾ അചല ചോദിച്ചു: 'എപ്പോഴെങ്കിലും അങ്ങേയ്ക്കു് ജാതിഭ്രഷ്ടു് അനുഭവപ്പെട്ടു എന്നു് ബോദ്ധ്യമാകുന്നെങ്കിൽ എന്നോടു കോപിക്കുമോ?'

വൃദ്ധൻ സ്നേഹപൂർവ്വം പറഞ്ഞു:— 'ഇല്ല മോളേ. അങ്ങനെ ഒരിക്കലും സംഭവിക്കുകയില്ല.' ഇതിനിടയിൽ വേലക്കാരി അവിടെ വന്നു് അചലയോടു് ചോദിച്ചു: 'ഇന്നു് മോൾക്കു് ഊണൊന്നുമില്ലേ? ഇത്രയും നേരമായിട്ടും ഒന്നും കഴിക്കാതിരിക്കുന്നതെന്താ?'

'ഓ! ഞാൻ രാത്രിയിൽ കഴിക്കാം.' അചല അടുത്തുകിടന്ന കസേരയിൽ ഇരുന്നു. അതേസമയം രാമബാബു അചലയോടു് സംസാരിക്കുവാനായി വന്നിരുന്നു. പലതും അങ്ങിനെ പറഞ്ഞുകൊണ്ടിരിക്കെ സമയം പോയതു് അറിഞ്ഞില്ല. സംഭാഷണത്തിൽ നിന്നും അചലയുടെ പെരുമാററത്തിൽനിന്നും അവളുടെ ഹൃദയം കളങ്കഹീനമാണെന്നു് ആ വൃദ്ധൻ മനസ്സിലാക്കി. എങ്കിലും എന്തോ ഒരു മനോദുഃഖം അവളുടെ മനസ്സിനേയും ശരീരത്തേയും അലട്ടിക്കൊണ്ടിരിക്കുന്നു എന്നും അദ്ദേഹത്തിനറിയാൻ കഴിഞ്ഞു.

'വെറുതെ സമയം കളയുന്നതിനുവേണ്ടി ഞാൻ ഇത്രയും നേരം ഇവിടെ ഇരുന്നു എന്നേയുള്ളു. ഇനി പോട്ടേ മോളേ.'

'വല്യച്ഛാ! ഒരു കാര്യം പറയട്ടെ. എന്നെങ്കിലും അങ്ങയ്ക്കു് സത്യാവസ്ഥ മനസ്സിലാക്കാൻ ഇടയാകുന്നുവെങ്കിൽ ഈ പാവപ്പെട്ടവളെ ശപിക്കരുതേ! എൻെറ ജാതി എന്താണെന്നു ഞാൻ നേരത്തെ പറഞ്ഞു. ഞാൻ പാകംചെയ്ത ഭക്ഷണം അങ്ങു് കഴിക്കുകയും ചെയ്തു. അതിലെന്തെങ്കിലും പിഴയുണ്ടായി എങ്കിൽ അങ്ങയ്ക്കു് പ്രായശ്ചിത്തം ചെയ്യേണ്ടിവരും. ശാസ്ത്രത്തിൽപോലും അതിന്നു് പ്രതിവിധി ഇല്ലെന്നു് വല്യച്ഛനു് അറിയാമല്ലൊ.'

'അപ്പോൾപിന്നെ പ്രായശ്ചിത്തംതന്നെ ചെയ്യേണ്ടിവരികയില്ലല്ലോ.'

'എങ്കിലും വല്യച്ഛനു് എന്നോട്ടു് വെറുപ്പുതോന്നാൻ ഇടയാകുകയില്ലേ?'

'ഓ! അതൊന്നും ഞാൻ അത്ര കാര്യമായി എടുക്കയില്ല. ജാതി, മതം എന്ന പേരും പറഞ്ഞു് മനുഷ്യൻ എന്തെല്ലാമോ പ്രവത്തിക്കുന്നു. എന്തെല്ലാം ഘോരകൃത്യങ്ങളാണു് ജാതിയുടെയും മതത്തിൻെറയും പേരിൽ നടമാടുന്നതു്. മനുഷ്യൻ മനുഷ്യനെ സ്നേഹിക്കുക, സഹതപിക്കുക, സഹായിക്കുക ഇതെല്ലാമാണു് യഥാത്ഥ മനുഷ്യത്വം എന്നു ഞാൻ വിശ്വസിക്കുന്നതു്.

'അപ്പോൾ ജാതിഭ്രഷ്ടു് തുടങ്ങിയതെല്ലാം മിഥ്യയെന്നാണോ അങ്ങയുടെ അഭിപ്രായം?'

'മിഥ്യയാണെന്നു പറയാൻ ഞാൻ തയാറില്ല. പക്ഷെ അതിൽ എന്തെങ്കിലും സത്യമുണ്ടെന്നു ഞാൻ കരുതുന്നില്ല. പിന്നെ കുറേയൊക്കെ ശാസ്ത്രത്തിലും വിശ്വസിക്കേണ്ടേ? എന്റെ ഗുരുദേവൻ സ്വയം പാകം ചെയ്ത ആഹാരം മാത്രമേ കഴിച്ചിരുന്നുള്ളു. അദ്ദേഹത്തിനു് ഒരേ ഒരു മകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അവൾ പാകംചെയ്ത ഭക്ഷണപദാൎത്ഥങ്ങൾപോലും അദ്ദേഹം കഴിച്ചിരുന്നില്ല. എന്നുവിചാരിച്ച് അദ്ദേഹത്തിനു് മകളോടു് സ്നേഹക്കുറവുണ്ടെന്നു അൎത്ഥമുണ്ടോ? സ്വയം പാകംചെയ്തതു മാത്രമേ അദ്ദേഹം കഴിക്കുകയുള്ളു എന്ന നിർബ്ബന്ധം പാലിച്ചുപോന്നിരുന്ന അദ്ദേഹത്തിനു് ജാതിമതഭേദമുണ്ടായിരുന്നുവെന്നും മനുഷ്യസ്നേഹമില്ലായിരുന്നുവെന്നും അൎത്ഥമില്ല. അദ്ദേഹം എല്ലാ ജീവികളെയും ഒരുപോലെ സ്നേഹിച്ചു.'

'ഓഹോ! ഇങ്ങനെയുമുണ്ടോ ആളുകൾ!! മനുഷ്യരോടു് ഇത്രയും ദയയുള്ളവർ?'

'എന്തുപറയാനാണു്. വിശ്വസ്നേഹം എന്നു വേണമെങ്കിൽ പേരുപറയാം.'

ഇതിനിടയിൽ സുരേശ് അവിടെ വന്നു.

'വരൂ, സുരേശ്ബാബു!' വൃദ്ധൻ സ്വാഗതം പറഞ്ഞു.

'സുരേശ്! താങ്കൾ ജാതിമതഭേദഭാവത്തെക്കുറിച്ച് എന്തുപറയുന്നു?' പെട്ടെന്നുള്ള ഈ ചോദ്യത്തിന്റെ ഉദ്ദേശമോ സന്ദർഭമോ ഒന്നും മനസ്സിലാകാതിരുന്ന സുരേശ് അല്പനേരം അന്ധാളിച്ചു നിന്നുപോയി. 'അതിരി

ക്കട്ടെ, അങ്ങേയ്ക്കു ഞങ്ങളെ നല്ലവണ്ണം മനസ്സിലായോ?' സുരേശ് ചോദിച്ചു.

'ഞാൻ മനസ്സിലാക്കിയിടത്തോളം ശരിയാണെന്നു വിശ്വസിക്കുന്നു. പക്ഷേ അങ്ങയുടെ സഹധർമ്മിണി മനഃപ്പൂർവ്വം എന്നെ കബളിപ്പിക്കയാണ്. അവർ പറയുകയാണ് ജാതിമതഭേദത്തെ അന്യായത്തിന് ഒരിക്കലും സ്വീകരിക്കാൻ സാധ്യമാവുകയില്ലെന്ന്. അവരുടെ അച്ഛൻതന്നെ അതിനുള്ള ശിക്ഷകൾ മകൾക്ക് നൽകിയിട്ടുണ്ടെന്നും, അതുകൊണ്ട് അവർ പാകംചെയ്ത ആഹാരം കഴിച്ചതിന് ഞാൻ പ്രായശ്ചിത്തം ചെയ്യണം എന്നും മറ്റും.'

'അവൾ അങ്ങയെ വെറുതെ കളിയാക്കുകയാണ്.'

എന്തു പരിഹാസമാണ് അതിൽ അടങ്ങിയിരിക്കുന്നതെന്നൊന്നും രാമബാബുവിന് മനസ്സിലായില്ല. ഭർത്താവിനുവേണ്ടി ഭാര്യ ഉപവാസം അനുഷ്ഠിക്കുന്നതാണോ പരിഹാസം? ഇങ്ങനെ പലതും ആ വൃദ്ധൻ ചിന്തിച്ചുപോയി എങ്കിലും വീണ്ടും പലതും ചോദിച്ചുകൊണ്ടിരുന്നു. 'സുരേശ്ബാബു! അങ്ങയുടെ വിവാഹം ഹിന്ദുരീതിയിൽതന്നെയാണോ നടന്നത്?'

'അതെ.'

'എന്റെ സംശയം തീർന്നു. ബ്രഹ്മസമാജക്കാർ അനാചാരം കാണിക്കുന്നവരാണ് എന്ന് പൊതുവെ എല്ലാവരും പറയുമെങ്കിലും പെൺകുട്ടികളുടെ വിവാഹം എത്രയും മംഗളകരമായിട്ടാണ് അവർ നിർവ്വഹിക്കുക.'

'ശരിയാണു് അങ്ങു് പറഞ്ഞതു്.'

ഇതിനിടയ്ക്കു കയറി അചല സുരേശിനോടായി പറഞ്ഞു. 'ഇത്രയും അപരാധങ്ങൾ ചെയ്തതു പോരാഞ്ഞിട്ടാണോ ഇനിയും അതിനു് ഒരുമ്പെടുന്നതു്? എന്റെ അച്ഛൻ ജാതിയിലും പ്രവൃത്തിയിലും ബ്രഹ്മസമാജി തന്നെയായിരുന്നു. ഈ സത്യത്തിൽ യാതൊരു കളങ്കവും ചേക്കാൻ ഞാൻ തയ്യാറില്ല.' എന്നു പറഞ്ഞു് അചല കോപത്തോടെ അവിടെനിന്നും പോയി.

രാമബാബു വിഷയം മാററാൻ ശ്രമിച്ചു.

'സുരേശ്ബാബു! താങ്കളുടെ അസുഖം എങ്ങനെയിരിക്കുന്നു?'

'നെഞ്ചിൽ വേദനയുണ്ടു്. ഇന്നലെമുതൽ അല്പം കൂടുതലായിട്ടാണു് അനുഭവപ്പെടുന്നതു്. വേറെ ഒരു കെട്ടിടം നോക്കിവച്ചിട്ടുണ്ടു്. ഉടനെ അവിടേയ്ക്കു് മാറേണ്ടതായി വരും.'

വൃദ്ധൻ അചലയെ വിളിച്ചു. അചല അവിടെ വന്നപ്പോൾ രാമബാബു വിവരം പറഞ്ഞു: 'മോളെ, നിന്റെ ഭത്താവു് വേറെ കെട്ടിടത്തിൽ മാറിത്താമസിക്കാൻ പോകുന്നുവത്രെ! പക്ഷെ ഈ വൃദ്ധനെ വിട്ടിട്ടു് എങ്ങും പോകാൻ നിങ്ങൾ ഒരുമ്പെടണ്ട. നിങ്ങൾക്കു വേണ്ട എല്ലാ സൗകര്യങ്ങളും ഇവിടെത്തന്നെ ഉണ്ടു്.'

പക്ഷെ അചലയുടെ മുഖം വാടുകയാണുണ്ടായതു്. ഇതു് കണ്ടു് വൃദ്ധൻ ചോദിച്ചു. 'മോൾക്കു് എന്തോ ഒരു വലിയ വിഷമംപോലെ തോന്നുന്നോ? എന്താണു് എന്നു് എന്നോടു പറയു.'

'എൻെറ അഭിപ്രായം എന്താണെന്നു് ഞാൻ വ്യ ല്യച്ചുനോട്ട പറയാം. ഞങ്ങളെപ്പററി ശരിക്കു് അങ്ങേ ക്കു് ഒന്നും അറിഞ്ഞുകൂടാ. എല്ലാം ഞാൻ പറയാം. ഞാൻ ഇവിടെ താമസിക്കുന്നതു് തെററാണെന്നു് തോന്നുന്നു വെങ്കിൽ എന്നോട്ട പറയണം. ഞാൻ പോകാം.'

ഇതിനിടയിൽ അവിട്ടത്തെ ഭൃത്യ ഒരു തട്ടത്തിൽ അഗ്നി കൊണ്ടുവന്നു വച്ചു.

സുരേശ് പറഞ്ഞു. 'ഞാൻ അവളോട്ട് തീക്കനൽ കൊണ്ടുവരാൻ പറഞ്ഞിരുന്നു. ഇന്നെന്തോ എനിക്കു് വേദന കൂട്ടതലായി അനുഭവപ്പെട്ടുന്നു.'

അചല ഒന്നും കേൾക്കാത്ത ഭാവത്തിൽ 'ഞാൻ പോകുകയാണു്' എന്നുപറഞ്ഞു് അവിടെനിന്നും ഇറ ങ്ങിപ്പോയി. ഇതു കണ്ട രാമബാബു 'വരൂ, സുരേശ് ബാബു! ഞാൻതന്നെ താങ്കളെ ഇന്നു് ചൂട്ടപിടിക്കാം' എന്നു പറഞ്ഞു് സുരേശിനെ തൻെറ മുറിയിലേക്കു കൊണ്ടുപോയി.

'ഇങ്ങനെ ആയാൽപ്പോരാ സുരേശ്! ഇതിലെന്തോ കാര്യമുണ്ടു്. എന്താണെന്നു് എന്നോട്ട പറയൂ. ഞാൻ കേൾക്കട്ടെ.' സുരേശ് ഒന്നും മിണ്ടിയില്ല. കണ്ണുകളിൽ നിന്നും ഒഴുകിക്കൊണ്ടിരുന്ന നീർച്ചാലുകൾ കാണാതിരി ക്കുവാൻ സുരേശ് മുഖംതിരിച്ചുകളഞ്ഞു.

## മുപ്പത്തിനാല്.

സുരേശിനോട്ട് ചേർന്നിരുന്ന രാമബാബു ചൂട്ടപിടിച്ചുകൊണ്ടിരുന്നു. സുരേശിൻെറ നെഞ്ചുവേദന എങ്ങനെയും ഭേദപ്പെടട്ടെ എന്നാശയോടെ ആ കൃത്യത്തിൽ അദ്ദേഹം ശ്രദ്ധപതിപ്പിച്ചിരുന്നു. പെട്ടെന്നു കതകു തുറക്കുന്ന ശബ്ദം കേട്ടു രണ്ടുപേരും നോക്കി. അചല മുറിയിൽ പ്രവേശിക്കുകയാണ്. മുഖവുര ഒന്നും കൂടാതെ തന്നെ അവൾ രാമബാബുവിനോട്ട പറഞ്ഞു:—

'രാത്രി അധികം ആയില്ലേ വല്യച്ഛാ! പോയി ഉറങ്ങരുതോ?'

'നിന്നെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു മോളേ. ഞാനാണോ ഈ ജോലി ചെയ്യേണ്ടതു്?' ചിരിച്ചുകൊണ്ട് രാമബാബു ചോദിച്ചു. അചലയെ തൽസ്ഥാനത്തു് നിയോഗിച്ചുകൊണ്ട് അദ്ദേഹം ഉറങ്ങുവാൻ പോയി.

'ഇപ്പോൾ വേദന എങ്ങനെയുണ്ട്? എവിടെയാണ് വേദന?' അചല സുരേശിനോട്ട് ചോദിച്ചു. സുരേശ് ഉത്തരമൊന്നും പറയാതെ കൈകൊണ്ട് നെഞ്ചിന്റെ വലതുഭാഗം കാണിച്ചുകൊടുത്തു. പിന്നീട്ട് അല്പനേരത്തേക്ക് രണ്ടുപേരും ഒന്നും മിണ്ടിയില്ല.

സുരേശ് അചലയുടെ കൈ പിടിച്ചുവലിച്ച് തന്റെ ഹൃദയത്തോടു ചേർത്തുപിടിച്ചു. അചല അല്പം പോലും പരിഭ്രമം കാണിച്ചില്ലതാനും. അതു് ആശിക്കുകയായിരുന്നു എന്നു തോന്നത്തക്കവണ്ണം അവളുടെ മുഖം പ്രസന്നമായി കാണപ്പെട്ടു.

'ഇനി ഞാൻ അല്പം ചൂടുപിടിക്കട്ടെ.'

സുരേശ് ഒന്നും പറയാതെ പെട്ടെന്നെഴുന്നേററിരുന്നു. രണ്ടുകൈകൊണ്ടും അചലയെ പിടിച്ച് തന്നോടു് ചേർത്തു് ആശ്ലേഷിച്ചു. ദീർഘകാലത്തെ ആഗ്രഹം!! അതു നിറവേററാനുള്ള സന്ദർഭം സമാഗതമായി. ദാഹാർത്തനായ സുരേശ് അചലയെ ചുംബിച്ചു. അനേകമനേകം പ്രാവശ്യം അതു നടന്നു. ചിന്തയ്ക്കോ ലജ്ജയ്ക്കോ അവിടെ തിരിഞ്ഞുനോക്കുവാൻപോലും കഴിഞ്ഞില്ല.

അചല അല്പംപോലും വൈമനസ്യം പ്രകടിപ്പിച്ചില്ല. അവളുടെയും ആഗ്രഹം സാധിച്ചതുപോലെയുള്ള ഒരു സംതൃപ്തി അവളുടെ മുഖത്തു നടമാടിയിരുന്നു. മുഖം ശാന്തവും പക്ഷെ കഠോരവും ആയിത്തുടങ്ങി. സുരേശാകട്ടെ മോഹാന്ധനായിക്കഴിഞ്ഞിരുന്നു. ലജ്ജയ്ക്കോ, അപമാനത്തിനോ ഒന്നിനും വഴങ്ങാതെ തന്റെ ദാഹം ശമിപ്പിക്കുവാൻതന്നെ ഒരുമ്പെട്ടുകഴിഞ്ഞു. ഇത്രയുമായപ്പോൾ അചല തന്നെ സുരേശിൽനിന്നു വിട്ടുവിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. എങ്ങനെയും അവൾ അകന്നുമാറി ഇരുന്നു.

സുരേശ് ദീർഘനിശ്വാസം ഉതിർത്തുകൊണ്ടു് ചോദിച്ചു:–

'ഇങ്ങനെ എത്രനാൾ നമ്മൾ ഇവിടെ കഴിയും?'

അചല ഒന്നും കേൾക്കാത്ത മട്ടിൽ ചോദിച്ചു:—

'ഇനി ചുട്ടപിടിക്കേണ്ട ആവശ്യമുണ്ടോ?'

'ഇല്ല.'

'എന്നാൽ ഞാൻ പോകുകയാണു്, നല്ല ഉറക്കം വരുന്നു.'

സുരേശ് അവളെ തട്ടത്തുകൊണ്ടു്—

'ഞാൻ ചോദിക്കുന്നതിന്നു മറുപടി പറയൂ അചലാ! വേറെ വല്ല സ്ഥലത്തും പോയി താമസിക്കുവാൻ നീ ആഗ്രഹിക്കുന്നുണ്ടോ? പരിചയമില്ലാത്ത സ്ഥലം നിനക്കിഷ്ടമാകുമോ?'

'അതിന്നു ഈ നാടിനു് എന്തുപററി? ഇവിടെ നമ്മെ അറിയുന്നവരായി ആരുമില്ലല്ലോ!'

'പക്ഷെ കാലക്രമത്തിൽ......'

'അങ്ങനെ നോക്കിയാൽ ഏതു സ്ഥലവും അതുപോലെതന്നെയല്ലെ?'

'ശരി, എന്നാൽ ഇവിടെത്തന്നെ താമസിക്കാം.'

പെട്ടെന്നു് അചല കതകു് അടച്ചുകൊണ്ടു് അവിടെനിന്നും നടന്നകന്നു.

അചലയുടെ പെട്ടെന്നുള്ള ഈ പെരുമാററം സുരേശിനെ നിരാശനാക്കി എങ്കിലും അവളെ പ്രതീക്ഷിച്ചുകൊണ്ടുതന്നെ ഇരുന്നു.

ആകാശം കാർമേഘങ്ങളാൽ മൂടപ്പെട്ടിരുന്നു. സുരേശിൻെറ പുതിയ കെട്ടിടത്തിലും ഉഷ്ണവായു പ്രവേശിച്ചുകൊണ്ടിരുന്നു. സാമാനങ്ങളെല്ലാം അടുക്കും ചിട്ടയുമില്ലാതെ ചിതറിക്കിടക്കുകയാണു്. അചല അതൊന്നും ശ്രദ്ധിക്കാത്ത മട്ടിൽ സോഫയിൽ ചാഞ്ഞിരുന്നു് മാസിക വായിക്കുകയാണു്. രാമബാബു വരുന്നതു കണ്ടപ്പോൾ അവൾ പെട്ടെന്നെഴുന്നേററുമാറി. രാക്ഷസിയുടെ ഒരെഴുത്തു് അചലയുടെ കൈവശം കൊടുത്തുകൊണ്ടയാൾ പറഞ്ഞു:—

'അവൾ ഇത്രയും ദിവസമായി എഴുത്തയക്കാൻ തരപ്പെടാത്തതിൽ നിന്നോടു മാപ്പുചോദിച്ചിരിക്കയാണു്, ഇതാ അവളുടെ എഴുത്തു്.'

എഴുത്തു വായിച്ചുകൊണ്ടു് അചല ചോദിച്ചു:—

'അപ്പോൾ മററന്നാൾ അവരെല്ലാവരും ഇവിടെ വരുമല്ലോ. പിന്നെ ഈ അമ്മൂമ്മ, രജപുത്രവധു എന്നിവരെല്ലാം ആരാണു്?'

'അമ്മൂമ്മ എന്നു പറയുന്നതു് എൻെറ വിധവയായ സഹോദരി, രജപുത്രവധു അവളുടെ മകൾ. കുറേപ്പേർ വരുമായിരിക്കും. ഞാൻ അതല്ല ഓക്കുന്നതു്, ഇവരെല്ലാവരുംകൂടി വന്നാൽ ഈ വീട്ടിൽ സ്ഥലമുണ്ടാവുമോ എന്നാണു്. അതുകൊണ്ടു് നിങ്ങളുടെ കെട്ടിടത്തിൽ...'

'അതിനെല്ലാം ഇപ്പോൾ സമയമെവിടെ?'

'ഓ, ധാരാളം സമയം ഇനിയും ഉണ്ടല്ലോ. സുരേശ് വെളിയിൽ പോയിരിക്കയല്ലേ!'

രാമബാബുവിൻെറ വിരുന്നുകാർ വന്നുകഴിയു ന്നോൾ സ്ഥലം ഒഴിഞ്ഞുകൊടുക്കണമെന്നാണു് അദ്ദേ ഹം സൂചിപ്പിച്ചതു് എന്നു് അചല മനസ്സിലാക്കി. അവൾ എല്ലാ ഒരുക്കങ്ങളും ചെയ്തുതുടങ്ങി. രാമബാബു വണ്ടി വിളിച്ചുകൊണ്ടുവന്നു. അചല സാമാനങ്ങളു മായി അതിൽ കയറി. കൂടെ രാമബാബുവും. ഒരു വീടു കാണിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു: 'നോക്കു മകളെ, വീടു്. ഇവിടെ വേലക്കാരുണ്ടു്, മററു സൗകര്യങ്ങളെ ല്ലാമുണ്ടു്. നിനക്കു വേണമെങ്കിൽ രണ്ടുമൂന്നു മുറികൾ നിൻെറ ഇഷ്ടത്തിനനുസരിച്ചു് വൃത്തിയാക്കി അലങ്കരി ച്ചിടുക്കാം.'

വണ്ടിയുടെ ഒച്ച കേട്ടയുടനെ സുരേശ് ഓടി യെത്തി. പക്ഷെ അചല കണ്ട ഭാവം നടിച്ചില്ല. അവൾ നിരുത്സാഹയായി കാണപ്പെട്ടു.

## മുപ്പത്തിഅഞ്ച്.

വീട്ട് വൃത്തിയാക്കി എടുക്കുവാൻതന്നെ സമയം വളരെയധികം വേണ്ടിവന്നു. സന്ധ്യയായപ്പോൾ മൂന്നു പേരും ചേർന്ന് വണ്ടിയിൽ കയറി തിരിച്ചു. അചലയുടെ മനസ്സിൽ ചിന്തകൾ ചിറകുവിടർത്തിത്തുടങ്ങി. അന്ന് കൽക്കട്ടയിൽ സുരേശിൻെറ കെട്ടിടത്തിൽ നിന്നു് സുരേശുമൊന്നിച്ച് ഇതുപോലെ രാത്രി പോയിരുന്ന സംഭവം അവൾ ഓർമ്മയവിറക്കുകയായിരുന്നു. സംഭോഗവും സമ്പത്തും അന്ന് അവളെ മഹിമിതനേക്കാളേറെ സുരേശിൽ ആകൃഷ്ടയാക്കി. അന്ന് സുരേശുമായി കഴിഞ്ഞ അനർഘനിമിഷങ്ങളെ ഓർത്ത് അവൾ പുളകംകൊണ്ടു. ലജ്ജ അവളെ ആവരണംചെയ്തുകഴിഞ്ഞിരുന്നു. വണ്ടി, കെട്ടിടം തുടങ്ങിയവയെല്ലാം പ്രേമോപകരണങ്ങളായി അവൾക്ക് തോന്നി. പക്ഷേ, ഒരു ദിവസം ഇതെല്ലാം മിഥ്യയാകാതിരിക്കുമോ എന്നുള്ള ഭയവും അവളുടെ മനസ്സിനെ കവർന്നുകൊണ്ടിരുന്നു. എന്നാൽ ലോഭമോഹങ്ങൾ ഒന്നിച്ചുചേർന്ന് ഗംഗായമുനപോലെ ഒഴുകിയിരുന്നു അവളുടെ ഹൃദയത്തിൽ. വീട്ടിൽ എത്തിയ ഉടനെ രാമബാബു സന്ധ്യാവന്ദനത്തിനായി പോയി. തലവേദന തോന്നിയതുകൊണ്ട് അചലയും അവളുടെ മുറിയിൽ പോയി കതകടച്ച് കിടന്നു. ആ ഏകാന്തതയിലും അവളുടെ ചിന്ത പ്രവർത്തിച്ചുകൊണ്ടേ ഇരുന്നു.

# മുപ്പത്തിആറ്.

അടുത്ത ദിവസം പ്രഭാതംമുതൽക്കുതന്നെ ആകാശം കാർമേഘങ്ങളാൽ മൂടപ്പെട്ടിരുന്നു. അചല യാത്ര പറയു വാനായി രാമബാബുവിനു സമീപം ചെന്നു. കാലുകൾ തൊട്ടുവന്ദിച്ച് അവൾ യാത്ര ചോദിച്ചു. രാമബാബു അചലയെ പിടിച്ചെഴുന്നേല്പിച്ചു. അദ്ദേഹത്തിന് ഒരു പുത്രി ഉണ്ടായിരുന്നതു് ചെറുപ്പത്തിലേ മരിച്ചുകഴി ഞ്ഞിരുന്നു. അചല വന്നതിൽപിന്നെ മകളെപ്പോലെ അദ്ദേഹം അവളോടു പെരുമാറിവന്നിരുന്നു. ഇന്നു് അവളുടെ വേർപാട് അദ്ദേഹത്തിനു് അസഹ്യമായി തോന്നി. കണ്ണിൽനിന്നു് നീർത്തുള്ളികൾ താഴെ വീണു കൊണ്ടിരുന്നു. 'ഞാൻ സന്ധ്യക്കു് അങ്ങോട്ടു വരാം മകളെ. പോയിവരൂ.' അദ്ദേഹം അനുമതി നൽകി. അചലയുടെ വിരഹം അസഹ്യമായി തോന്നിയെങ്കിലും വിധവയായ സഹോദരിയുടെ സ്വഭാവരീതിയെക്കുറി ച്ചറിയാമായിരുന്ന രാമബാബു ബ്രഹ്മസമാജിയായ അചല അവിടെ ഇല്ലാതിരിക്കുന്നതു് ഒരുതരത്തിൽ നല്ലതായെന്നു സമാധാനിക്കുകയും ചെയ്തു. നിഷ്കളങ്ക യായ അചല ബ്രഹ്മസമാജിയെന്നു് സ്വയം സമ്മതി ച്ചിട്ടുണ്ടു്. എല്ലാ ഗുണങ്ങളും തികഞ്ഞ ഭർത്താവിനെ ലഭിച്ചിട്ടും അവൾ മ്ലാനവതിയായി കഴിയുന്നു. രാമ

ബാബു ചിന്തിച്ചു. എന്തോ ഒരു രഹസ്യം അവൾ വച്ചുസൂക്ഷിക്കുന്നുണ്ടെന്നു രാമബാബു മനസ്സിലാക്കി. സുരേശ് ഹിന്ദുസമുദായത്തിൽപ്പെട്ട മഹാനായ ഒരാൾ. ഹിന്ദുധർമ്മത്തിനു് ഒരു കളങ്കവും വരുത്തരുതെന്നു് ആശിക്കുന്നു. എന്നിട്ടും അചലയെ ഭാര്യയായി സ്വീകരിക്കുന്നതിൽ ഒട്ടും മടിവിചാരിക്കുന്നുമില്ല. ഇതെല്ലാം വളരെ അതിശയമായി രാമബാബുവിനു തോന്നി. അദ്ദേഹം ഏറെനേരം അങ്ങനെ പലതും ആലോചിച്ചു കൊണ്ടിരുന്നു.

ആകാശം ഇരുണ്ടിരുന്നു. സന്ധ്യക്കു മുമ്പായിത്തന്നെ രാമബാബു അചലയുടെ വീട്ടിലേക്കു പോയി. ഉടനെ മഴയും ആരംഭിച്ചു. 'ഈ മഴയത്തു് നടന്നു് എന്തിനു് വന്നച്ഛാ! മഴവെള്ളം വീണു് വസ്ത്രം മുഴുവനും നനഞ്ഞുവല്ലോ!'

അചലയുടെ മുഖത്തു് സന്തോഷത്തിൻെറ ഒരു രേഖപോലും കാണാത്തതിൽ രാമബാബുവിനു് വിഷമം തോന്നി. അചലയുടെ മനഃസ്ഥിതിയെപ്പററി അദ്ദേഹത്തിനു് ഒന്നും മനസ്സിലായില്ല. ഈ സംഭവത്തെപ്പററി അദ്ദേഹം ആലോചിച്ചുകൊണ്ടിരിക്കെ അചല ഓടിവന്നു് അദ്ദേഹത്തിൻെറ കാൽക്കൽ വീണു് തേങ്ങിത്തേങ്ങി കരയുവാൻ തുടങ്ങി; അച്ഛന്റെ മടിയിൽ കിടന്നു് കരയുന്ന ഒരു കൊച്ചുകുഞ്ഞിനെപ്പോലെ.

രാമബാബു ഇതികർത്തവ്യതാമൂഢനായി അല്പസമയം ഇരുന്നുപോയി. പിന്നീടു് ഒരു കൈകൊണ്ടു് അചലയുടെ തലയിൽ തടവിക്കൊണ്ടിരുന്നു......

'എൻെറ മോൾ എന്തിനു വെറുതെ വിഷമിക്കു ന്നു? അച്ഛൻെറ അട്ടത്ത് നീ വീണ്ടും എത്തിയല്ലോ? ഇനി സമാധാനമായിരിക്കു.'

മഴ ശക്തിയായി പെയ്തുകൊണ്ടിരുന്നു. അല്പസമ യത്തിനുള്ളിൽ സുരേശും വന്നുചേൻ്റു. അചല പെട്ടെ ന്നു് കണ്ണുനീർ തുടച്ചു് മഴവെള്ളംകൊണ്ടു് മുഖം കഴുകി. താൻ കരയുകയായിരുന്നുവെന്നു് ഭത്താവിനെ അറിയി ക്കാതിരിക്കുവാനാണു് അചല അങ്ങനെ ചെയ്തതെന്നു രാമബാബു ഊഹിച്ചു.

'സുരേശ്ബാബു! ആദ്യം പോയി നനഞ്ഞ വസ്ത്ര ങ്ങളെല്ലാം മാററിവരൂ.' രാമബാബു ആജ്ഞാപിച്ചു. അചല രാമബാബുവിനോട്ടു് സംസാരിച്ചുകൊണ്ടുതന്നെ ഇരുന്നു.

വേലക്കാരൻ വന്നുചോദിച്ചു.

'കൊച്ചമ്മേ. മണി പന്ത്രണ്ടു കഴിഞ്ഞുവല്ലോ. കിണ്ണത്തിൽ ചോറുവിളമ്പി വച്ചിരിക്കുന്നു.'

രാമബാബു:–'മകൾ ഇതുവരെയും ഉണ്ടില്ലന്നോ? പോയി കഴിക്കു, ഞാൻ ഇവിടെ ഇരിക്കാം.' അചല അവിടെനിന്നും പോയി. പതുക്കെ പതുക്കെ നടന്നു് സുരേശ് ഉറങ്ങുന്ന മുറിക്കു സമീപം ചെന്നു് അവൾ അൽപ്പനേരം നിന്നു. പൂവ്വകാലചിന്ത അവളെ അസ്വ സ്ഥയാക്കി. അന്നു് ഇതുപോലെയുള്ള അദ്ധരാത്രിസമ യം. മഴ ശക്തിയായി പെയ്തുകൊണ്ടിരുന്നപ്പോഴാണു് സ്വന്തം ഭത്താവിൽനിന്നും താൻ വേർപെട്ടതു്. ആ അ ഭിശാപത്തിൻെറ ഫലമായി ഇന്നു് ഒരു പക്ഷെ തനി

ക്ക് എന്തെങ്കിലും നാശം സംഭവിച്ചുകൂടെ? അചല ചിന്തിച്ചു. പക്ഷെ എല്ലാം മിഥ്യ എന്ന ബോധം അവളെ സുരേശിൻെറ മുറിയിലേയ്ക്കു് ആനയിച്ചു.

പുതിയ സ്ഥലമായതുകൊണ്ടും പല പല ചിന്തകൾ ഉണ്ടായതുകൊണ്ടും രാമബാബുവിനു് ഉറക്കം വന്നില്ല. അദ്ദേഹം വെളിയിലേയ്ക്കു പോയി, മഴ കുറേശ്ശ ചാറിക്കൊണ്ടിരുന്നു. വരാന്തയുടെ മൂലയിൽ ആരുടെയോ നിഴൽപോലെ തോന്നി. അടുത്തു ചെന്നപ്പോൾ കണ്ടതു് അചലയേയാണു്. രാമബാബു ഞെട്ടിപ്പോയി. 'മകളെ നീ ഇത്ര നേരത്തെ എന്തിനു ഉണന്നു.'

അചല മുഖമുയത്തി ഒന്നു നോക്കി. പക്ഷെ ഒന്നും മിണ്ടാൻ അവൾക്കു കഴിഞ്ഞില്ല. മുഖം വിളറി വെളുത്തും അതേസമയം ഇരുണ്ടും കാണപ്പെട്ടു. കണ്ണുകളിൽ നിന്നും അശ്രുധാര നദി ഒഴുക്കുപോലെ ഒഴുകിക്കൊണ്ടിരുന്നു. രാമബാബു നോക്കിനിന്നതല്ലാതെ ഒന്നും സംസാരിച്ചില്ല.

# മുപ്പത്തിഏഴ്.

രാവിലെ ചായകുടികഴിഞ്ഞപ്പോൾ കേദാരബാബു മൃണാളയോടു പറഞ്ഞു:

'മകളെ, നീ കൊണ്ടുവന്നു തരുന്ന ഈ ചായയിൽ അമൃതതുല്ല്യമായ എന്തോ ശക്തിവിശേഷം ഉണ്ടെന്നു തോന്നുന്നു. ഒരു മാസത്തോളമായി ഞാനിവിടെ വന്നിട്ട്. എനിക്കിവിടെനിന്നുംപോകാമെന്ന തോന്നുന്നില്ലല്ലോ?

'എന്താ ബാബൂജി അങ്ങനെ പറയുന്നതു്? ഇവിടെനിന്നും പോകണമെന്നാണോ? ഞാൻ സമ്മതിക്കുകയില്ല.'

'അതല്ല മകളേ നിൻെറ കൈകൊണ്ടു പാകംചെയ്യുന്ന എല്ലാ പദാത്ഥങ്ങളും നിൻെറ പെരുമാററവും എനിക്കു സ്വഗ്ഗസുഖത്തേക്കാൾ സന്തോഷം തരുന്നു.'

കേദാരബാബു മൃണാളയുടെ അടുക്കൽവന്നിട്ടു് ഒരു മാസമായി. മഹിമിനു് സുഖമില്ലാതിരുന്ന സമയത്തു് സുരേശിൻെറ വീട്ടിൽവച്ചു് വിധവയായ മൃണാളയുമായി അദ്ദേഹം പരിചയപ്പെട്ടിരുന്നു. എന്നാൽ ഇന്നു് അവളുടെ ബന്ധനത്തിൽനിന്നും മോചനം ലഭിക്കുവാൻ പ്രയാസം തോന്നുന്നു. മഹിം ഇതേവരെ അദ്ദേഹത്തെ കാണുവാൻ വന്നില്ല. കേദാരബാബു വരുന്നു എന്നറി

ഞ്ഞപ്പോൾതന്നെ അയാൾ യാത്രയായി. അചലയെ ഞാനും വന്ന് തന്നെ കണ്ടുമുട്ടാതിരിക്കുവാൻ യാത്ര ചെയ്യുകയായിരിക്കും എന്ന് മൃണാള ഊഹിച്ചു. അതു കൊണ്ട് അവൾ മഹിമിനെ തടഞ്ഞില്ല.

സുരേശിൻെറ അമ്മൂമ്മയുടെ ഒരെഴുത്ത് മൃണാളക്കു് കിട്ടി. അതിൽ സുരേശിനെക്കുറിച്ച് യാതൊരു വിവരവും അറിയാൻ തരമില്ലെന്നും പ്രതീക്ഷയില്ലും മനോദുഃഖത്തിലും അവർ ദിവസങ്ങൾ തള്ളിനീക്കുന്നു എന്നും മററും എഴുതിയിരുന്നു. മഹിം ഒരു ജമീന്ദാറിൻെറ വീട്ടിൽ ട്യൂഷൻനോക്കി കഴിയുന്നു എന്നു പറഞ്ഞുള്ള ഒരു കത്തും ഉണ്ടായിരുന്നു. ഈ രണ്ടു എഴുത്തുകളും കേദാരബാബു വായിച്ചു മനസ്സിലാക്കി. രണ്ടിലും അചലയുടെ വിവരങ്ങളൊന്നും കണ്ടില്ല. അദ്ദേഹത്തിൻെറ മനസ്സ് ചിന്നിച്ചിതറി. അചല മാത്രമായിരുന്നു കേദാരബാബുവിൻെറ ഏകസന്താനം. അവൾ കുഞ്ഞായിരിക്കുമ്പോൾതന്നെ അമ്മ മരിച്ചു. അമ്മയുടെ വിരഹദുഃഖം എന്തെന്ന് അറിയിക്കാതെ അമ്മയെപ്പോലെ വാത്സല്യത്തോടെയാണദ്ദേഹം അവളെ വളർത്തിയതു്. തന്നിമിത്തം അചലയുടെ വേർപാടിൽ അത്യന്തം വ്യാകുലനായി ദുർബ്ബലപ്പെട്ട് അദ്ദേഹം കാണപ്പെട്ടു.

കൽക്കട്ടാ നഗരത്തിൽ ജനിച്ചുവളർന്ന കേദാരബാബു ഗ്രാമജീവിതം തീരെ ഇഷ്ടപ്പെട്ടിരുന്നില്ല. ഗ്രാമനിവാസികളെ കാട്ടുജീവികളായിട്ടാണ് അദ്ദേഹം ധരിച്ചിരുന്നതു്. എന്നാൽ ഇന്ന് വിധി അദ്ദേഹത്തെ ഗ്രാമത്തിലേക്കാനയിച്ചുകൊണ്ടുപോയി. അതിൻെറ

ഹലമായി ഗ്രാമ്യജനങ്ങളുമായി അടുക്കുവാനും അവരെ സ്നേഹിക്കുവാനും സാധിച്ചു.

അന്നു് വെളിയിൽ പുറത്തിവന്ന ഉടനെ കേദാര ബാബുവിനോടു് മൃണാള പറഞ്ഞു:– 'ബാബുജി, ഇന്നലെ അങ്ങേയ്ക്കു് സുഖമില്ലായിരുന്നുവല്ലോ. വെള്ളം ചൂടാക്കിവച്ചിട്ടുണ്ടു്. പോയി കുളിച്ചുവരൂ.'

'ഇത്തരത്തിൽ അന്യരുടെ ആവശ്യമെന്തെന്നറിഞ്ഞു ചെയ്യുവാനുള്ള വിദ്യ നീ എവിടെനിന്നും പഠിച്ചു മൃണാള?'

'എന്താ അങ്ങു് അന്യനാണോ? ചെറുപ്പത്തിൽ മുതലേ എനിക്കിതു പരിചയമാണു്.'

'നിന്നിൽനിന്നും വൃദ്ധനായ എനിക്കു് അനേകം കാര്യങ്ങൾ പഠിക്കുവാൻ കഴിയുന്നു മൃണാള. ദൈവവിശ്വാസമില്ലാത്ത എനിക്കു് നീ കുളിച്ചു് വെളുത്ത വസ്ത്രങ്ങൾ ധരിച്ചു് പൂജാവിധികൾ നടത്തുന്നതു് കാണുമ്പോൾ പൂണുൽ അണിഞ്ഞു് പൂജാപാത്രങ്ങൾ എടുക്കുവാൻ കൊതിതോന്നിപ്പോകുന്നു. ഇത്ര ചെറുപ്പത്തിലേ നീ ആത്മീയശക്തി കരസ്ഥമാക്കി കഴിഞ്ഞിരിക്കുന്നു. വൃദ്ധനായ ഞാൻ നിന്നെ അപേക്ഷിച്ചു് എത്ര മൂഢനാണു്.'

'ബാബുജി! അങ്ങനെ പറയാതിരിക്കൂ.'

'ഞാൻ പറയുന്നതിൽ യാതൊരു തെററുമില്ല മൃണാളും. ഇനി ഒരു ജോലി മാത്രമാണു് എനിക്കു ശേഷിക്കുന്നതു—മഹിമിനെ കണ്ടു് അവൾ മരിച്ചോ ഇല്ലയോ എന്നറിയുക.'

'ബാബുജി! അങ്ങു് എന്തിനു ഭയപ്പെടുന്നു?'

'ഭയം എന്താണെന്നോ? തന്റെ കുഞ്ഞു് മരിക്കുന്നു എന്നൊരു സംഭവമുണ്ടാകുക ഏതൊരച്ഛനേയും ഭയപ്പെടുത്തുന്ന കാര്യമല്ലേ?'

# മുപ്പത്തിഎട്ട്.

പകലുറക്കം കഴിഞ്ഞു് ചിന്താമഗ്നനായിരിക്കുന്ന കേദാരബാബുവിനു സമീപം ചായ കൊണ്ടുവന്നു വച്ചിട്ട് മൃണാള പറഞ്ഞു:— 'ചായ എടുത്തു കുടിക്കൂ ബാബുജി.'

'മണി മൂന്നായോ മകളേ?'

'അതിനെന്താ! ചായ കുടിക്കൂ.'

കേദാരബാബു ചായ എടുത്തു കുടിക്കാനാരംഭിച്ചു.

'ബാബുജി! അങ്ങേയ്ക്കു് ചീട ഇഷ്ടമാണെന്നു് പറഞ്ഞുവല്ലൊ. ഇന്നു് അതുണ്ടാക്കി. കുറച്ച് കൊണ്ടു വരട്ടെ?' മൃണാള ഓടി അകത്തുപോയി കുറച്ചു് കൊണ്ടു വന്നു കൊടുത്തു.

'മോളേ! എനിക്കു തോന്നുന്നു, കഴിഞ്ഞ ജന്മത്തിൽ നീ എന്റെ മകളായിരുന്നുവെന്നു്. അടുത്ത ജന്മത്തിലും എന്റെ മകൾ നീതന്നെയായിരിക്കണമെന്നാണു് എന്റെ ആഗ്രഹം.'

കേദാരബാബുവിൻെറ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു.'

'അതെ ബാബുജി, എൻെറയും ആഗ്രഹം അതു തന്നെയാണു്.'

'വെറും ഒരു മാസത്തെ പരിചയംമാത്രം. പക്ഷെ യുഗയുഗാന്തരങ്ങളോളം നാംതമ്മിൽ അടുത്തതുപോലെയുള്ള അനുഭവമാണ് എനിക്കുണ്ടായിട്ടുള്ളത്. ഇത്രയും ദിവസത്തിനിടയിൽ എനിക്കു പഠിക്കുവാൻ കഴിഞ്ഞിട്ടുള്ളതെന്താണെന്നോ? വാദവിവാദങ്ങളോ യുദ്ധമോ കൊണ്ട് സമാധാനം നേടാൻ സാധിക്കുകയില്ലെന്നാണ്. മരണത്തിൻെറ വക്കിൽ വന്നുനില്ക്കുന്ന എനിക്ക് നീമാത്രമാണ് അവലംബമായി തീന്നിരിക്കുന്നതു്.

മൃണാള ഗദ്ഗദകണ്ഠയായി പറഞ്ഞു:—

'ഇങ്ങനെയൊന്നും പറയാതിരിക്കു ബാബൂജി. ഈശ്വരൻ എല്ലാ നന്മയ്ക്കും കൂട്ടുണ്ടാവും.'

മൃണാള കൈകൂപ്പി ഈശ്വരനെ വന്ദിച്ചു. അവളുടെ ഭക്തികണ്ട് കേദാരബാബുവിനും സംതൃപ്തി തോന്നി.

'മകളേ, ഞാൻ തുറന്നുപറയുകയാണ്. എൻെറ ആഗ്രഹമെന്താണെന്നോ? സുരേശ് എവിടെയാണെന്ന് അന്വേഷിച്ചു കണ്ടെത്തി അവളുടെ വിവരങ്ങൾ അറിയുക എന്നതാണ്. ഓരോന്നും ഓക്കുമ്പോൾ എൻെറ ഹൃദയത്തിൽ തീ ആളിക്കത്തുന്നു. മഹിമിൻെറ അടുത്തുപോയി അറിയണമെന്നുണ്ട്. പക്ഷെ ഞാൻ ഒററയ്ക്ക് എങ്ങനെ പോകാനാണ്?'

'അയ്യോ! ഒററയ്ക്കൊന്നും പോകണ്ട. ഞാൻകൂടെ വരാം.'

'മോളേ!' സ്നേഹംനിറഞ്ഞ വിളികേട്ട് മൃണാള

ഓടിച്ചെന്നു. കേദാരബാബുവിന്റെ ശോകവദനം കണ്ട പ്പോൾ അവളുടെ ഹൃദയം പൊട്ടി.

'എന്റെ ജീവിതത്തിൽ ഇത്രയധികം ദുഃഖത്തിനു സ്ഥാനമുണ്ടെന്നു ഞാൻ വിചാരിച്ചിരുന്നതല്ല. ഇതി നെന്താണൊരു പോംവഴി?'

'മരണത്തിന്റെ ദുഃഖംപോലും മനുഷ്യൻ സഹി ക്കുന്നു.'

'അപ്പോൾ എനിക്കുവേണ്ടി അവൾ മരിച്ചിരി ക്കുന്നു എന്നാണോ നീ പറയുന്നതു്? മരണത്തിന്റെ ദുഃഖം എത്ര വലുതാണോ അത്രയും വലുതാണു് അ തിൽനിന്നു കിട്ടുന്ന സമാധാനവും മഹത്വവും. പക്ഷേ സന്താനത്തിന്റെ മരണത്തിൽ ദുഃഖിക്കുന്ന ഒരുവനെ സമാശ്വസിപ്പിക്കാൻ ഈ ഉപായം പററുകയില്ല.' കേദാരബാബു സ്തബ്ധനായി. പിന്നെയും ഗദ്ഗദ കണ്ഠനായി പറയുവാൻ തുടങ്ങി. 'നിന്നിൽനിന്നും ഞാൻ ഒരു പാഠം പഠിച്ചിരിക്കുകയാണു് മകളേ! എത്ര വലിയ തെററു് ഒരുവൻ ചെയ്താലും ഗുണദോഷങ്ങളെ ചിന്തിക്കാതെ അവനു് മാപ്പുകൊടുക്കണം എന്നു്. നിന്റെ എന്നുമുള്ള ഉപദേശം ഇതാണല്ലോ.'

മൃണാള അവിടെനിന്നു് പോയതിനുശേഷം കേദാ രബാബു വികാരാധീനനായി പലതും പറഞ്ഞുകൊ ണ്ടിരുന്നു. പുത്രീവിരഹം അദ്ദേഹത്തിനു അസഹ്യമാ യി തോന്നിത്തുടങ്ങി. മൃണാളയുടെ സ്നേഹംനിറഞ്ഞ പെരുമാററവും ഉപദേശവും സ്വന്തം മകളെ പിരിഞ്ഞി

രിക്കുന്ന ദുഃഖത്തിൽനിന്നും അല്പം മോചിപ്പിച്ചുവെങ്കിലും നിമിഷം പോകുമ്പോറും അചലയെ കണ്ടുമുട്ടുന്നതിനുള്ള വ്യഗ്രത കൂടിക്കൊണ്ടിരുന്നു. മാത്രമല്ല, എന്തു തെററു ചെയ്തെങ്കിലും അച്ഛനെന്ന നിലയിൽ സകലതും വിസ്മരിച്ച് മാപ്പുകൊടുക്കേണ്ട കർത്തവ്യബോധത്തെ മൃണാള വിളിച്ചുണർത്തിയിരുന്നതിനാൽ അദ്ദേഹം സ്വയം പറഞ്ഞു: 'മകളേ അചല ഓടിവരൂ; ഈ അച്ഛൻ നിനക്കുവേണ്ടിമാത്രം കാത്തിരിക്കുകയാണ്... ഹാ, സുരേശ് വരൂ വേഗം. നിങ്ങളെ കാണാതെ ഒരു നിമിഷംപോലും ജീവിച്ചിരിക്കവയ്യ.'

'ബാംബൂജി!'

കേദാരബാബു വിളികേട്ടു എങ്കിലും മനോനിയന്ത്രണം വിട്ട് നിലത്തു കിടന്ന് 'മകളേ മകളേ' എന്നു വിളിച്ചുകൊണ്ടേ ഇരുന്നു.

'മകളേ മഹിമിന് അയച്ച കത്തിനു മറുപടി കിട്ടാതിരിക്കുമോ?'

'പിന്നെ കിട്ടാതിരിക്കുമോ ബാബൂജി? നാളെയോ മററന്നാളെയോ കിട്ടും,'

## മുപ്പത്തിഒൻപതു്.

ഇതേ സമയത്തു് ബംഗാളിനു പുറത്തു് ഒരു ദിക്കിൽ ഒരു സ്ത്രീയും പുരുഷനും അസീമ ദുഃഖത്തിൽ മുഴുകിയിരിക്കയായിരുന്നു—ആ ചലയും സുരേശും—സുരേശ് എഴുതിയ ഒരു കവർ അചലയെ ഏല്പിച്ചുകൊണ്ടു പറഞ്ഞു:– 'രണ്ടുദിവസമായി ഇതു് നിന്നെ ഏല്പിക്കാനായി ഒരുങ്ങുകയായിരുന്നു. ഇന്നു് അതിനവസരമുണ്ടായി.'

'ഇതിനകത്തു് എന്താണു്?'

'ദയവുചെയ്തു് അങ്ങനെ ചോദിക്കരുതു്.'

ഇതിനിടയിൽ ഭൃത്യൻ അവിടെ കടന്നുവന്നു പറഞ്ഞു:– 'ബാബുജി! വണ്ടി ഇതാ തയാറായി നില്ക്കുന്നു. ഇനിയും താമസിച്ചാൽ സന്ധ്യയാകും. നല്ല മഴക്കാറു വച്ചിട്ടുണ്ടു്.'

അചല ഞെട്ടലോടെ ചോദിച്ചു:

'ഇപ്പോൾ എവിടെ പോകാൻ പോകുന്നു?'

'മത്ധൗലിയിൽ—പ്ലേഗ്‌രോഗം പിടിപെട്ടു് വശംകെടുന്ന ആ ഗ്രാമത്തിൽ ഡാക്ടർ ഇല്ലത്രേ. ഞാൻ പോകാൻ തീച്ച്യാക്കി. അഞ്ചെട്ടു ദിവസം താമസിക്കേണ്ടിവരും.' ഇത്രയും പറഞ്ഞു് സുരേശ് ചിരിച്ചു.

അചലക്കു് നോക്കിനില്ക്കാൻ മാത്രമേ കഴിഞ്ഞുള്ളൂ. ഇത്രയും പാപി! നിരീശ്വരവാദി, ആത്മമിത്രത്തിൻെറ ഭാര്യയുടെ സർവ്വനാശവും വരുത്തിയ നീചൻ എന്നിങ്ങനെ പലതും സുരേശിനെപ്പററി അവൾക്ക തോന്നിത്തുടങ്ങി. എങ്കിലും ഒരു വശം അവൾക്കു് വിസ്മയവും തോന്നാതിരുന്നില്ല—'മരണത്തിൻെറ വായിൽ പോകാൻ തയാറായി നില്ക്കുന്നു. എങ്കിലും അല്പംപോലും ഭയമില്ല. ഒരുപക്ഷെ ഇനി തിരിച്ചുവരാൻ സാധിച്ചില്ല എന്നു വരാം. മുഖത്തു് അല്പംപോലും വിഷമം കാണിക്കാതെ ചിരിച്ചുനില്ക്കുന്നു. എന്തൊരു കഴിവാണിതു്!' ഈ രണ്ടു ചിന്തയും മാറിമാറി അചലക്കുണ്ടായിക്കൊണ്ടിരുന്നു.

'അപ്പോൾ ഇതു് നിങ്ങളുടെ വിൽപ്പത്രമാണെന്നാണോ ഞാൻ ധരിക്കേണ്ടതു്?'

'എന്താണെങ്കിലും ഞാൻ നിനക്ക നൽകിയതു് തിരിച്ചു വാങ്ങണമെന്നാണോ?'

'എന്തെങ്കിലുമായിക്കൊള്ളട്ടെ. പക്ഷേ അവിടെ പോകവാൻ ഞാൻ നിങ്ങളെ അനുവദിക്കുകയില്ല.'

'എന്തുകൊണ്ടു്?'

'താങ്കൾ എന്നോടു് എങ്ങനെയെല്ലാം പെരുമാറിയിരുന്നു എന്നാലും എനിക്കുവേണ്ടി മരിക്കുവാൻ ഞാൻ സമ്മതിക്കുകയില്ല, തീർച്ചതന്നെ. എനിക്കുവേണ്ടിയല്ല, നിരാശ്രിതക്കുവേണ്ടിയാണെന്നു വാദിച്ചാലും ശരി ഞാൻ വിടുകയില്ല.'

'ഞാൻ ആർക്കുവേണ്ടിയും മരിക്കുവാൻ പോകുന്നില്ല അചല! അല്ലെങ്കിൽ ഞാൻ എന്തിനു മരിക്കണം?'

'അങ്ങനെയാണെങ്കിൽ ഈ വിൽപ്പത്രം എന്തിനാണു്?'

'വിൽപ്പത്രമാണെന്നുള്ളതിനു എന്താണു് തെളിവു്?'

'അല്ലെങ്കിൽ പോട്ടെ. പിന്നെ എന്നെ ഒററയ്ക്കു വിട്ടു് പോകുമോ?' അചലയുടെ തൊണ്ട ഇടറി. കണ്ണുകളിൽനിന്നും ജലകണങ്ങൾ താഴെ വീഴുവാൻ തുടങ്ങി. മുഖമുയർത്തി നിറഞ്ഞ കണ്ണുകളോടെ സുരേശിനെ ഒരു പ്രാവശ്യം നോക്കി.

ഗദ്ഗദകണ്ഠയായി അവൾ ചോദിച്ചു:—

'എന്നിൽനിന്നും താങ്കൾ എന്താണു് ആഗ്രഹിയ്ക്കുന്നതെന്നു പറയൂ. എന്താണു് എനിക്കുള്ളതു്?'

ഭൃത്യൻ വന്നു പറഞ്ഞു:– 'വണ്ടിക്കാരൻ വന്നു നില്ക്കുന്നു.'

'അല്പം നില്ക്കാൻ പറയൂ.' സഗൗരവം പറഞ്ഞിട്ടു് സുരേശ് ഉറക്കറയിലേയ്ക്കു പോയി. അചല സുരേശ് വന്നതു് അറിഞ്ഞില്ല. അവൾ കിടക്കയിൽ കമഴ്ന്നു കിടന്നു് വിങ്ങിക്കരയുകയാണു്. സുരേശ് അല്പനേരം നോക്കിനിന്നു; ആ സ്ത്രീസൗന്ദര്യത്തിൻെറ മോഹവലയിൽ കുടുങ്ങിയതുപോലെ. പ്രഭാതസൂര്യൻെറ കിരണങ്ങൾ പതിയുമ്പോൾ ഇലകളിലും മററും തങ്ങിനില്ക്കുന്ന മഞ്ഞുതുള്ളികൾ എത്രകണ്ടു് പ്രശോഭിക്കുന്നുവോ അതു

പോലെ അഴകേറിയ അചലയുടെ മുഖകാന്തിയിൽ കണ്ണീർജലകണങ്ങൾ വീഴുന്നതുകണ്ടു് സുരേശ് ആസ്വദിച്ചു നിന്നുപോയി. അങ്ങനെ നോക്കിനില്ക്കേ പല വിചാരങ്ങളും മനസ്സിന്ന് കടന്നു. സുന്ദരമായ മഞ്ഞുതുള്ളികളെ കയ്യിലെടുത്തു ഭംഗി ആസ്വദിക്കുന്ന മൂഢനെപ്പോലെയല്ലേ ഞാൻ! കയ്യിൽ എടുത്തുകഴിയുമ്പോൾ അവ അല്പസമയത്തിനുള്ളിൽ നശിച്ചുപോകുന്നു. അതേപ്രകാരം സ്ത്രീസൗന്ദര്യത്തിൽ ആകൃഷ്ടനായ താൻ അന്യന്റേതായ ഒരു സ്ത്രീയെ ബലാല്ക്കാരം ചെയ്തു് സ്വയം അനുഭവിക്കാനൊരുങ്ങിയതിന്റെ ഫലമായി അവളിതാ നാശത്തിന്റെ പിടിയിൽപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

സുരേശ് വിളിച്ചു:– 'അചലാ! ഇന്നു് നീ രാമബാബുവിന്റെ വീട്ടിൽ പോകുന്നുണ്ടോ? ഇല്ലെങ്കിൽ വണ്ടി തിരിച്ചയക്കണം. ഞാനും ഇന്നു പോകാൻ ഉദ്ദേശിക്കുന്നില്ല.' ഇത്രയും പറഞ്ഞു് സുരേശ് അവിടെ നിന്നും പോയി.

പത്തുപതിനഞ്ചു നിമിഷങ്ങൾക്കുശേഷം അചല പറഞ്ഞു:– 'എനിക്കു് അവിടെ പോകണം. രാക്ഷസി സുഖമില്ലാതെ വന്നിരിക്കയാണെന്നു കേട്ടു. ഇന്നലെ മുതൽ ബാബുജിക്കും സുഖമില്ലത്രേ.'

'പോകണമെങ്കിൽ പൊയ്ക്കോ. പക്ഷേ വേഗം വരണം.'

'നിങ്ങളും കൂട്ടത്തിൽ വരൂ. ഒരു ഡോക്ടർകൂടി കൂട്ടത്തിൽ വരുന്നതിൽ തെററില്ല.'

'ശരി. പോകാം.'

വണ്ടിയിൽ കയറി രണ്ടുപേരും യാത്രയായി. സുരേശ് സംസാരിച്ചുകൊണ്ടിരുന്നു.

'അചലേ! എന്നിൽനിന്നും നിനക്ക് മോചനം നൽകുക എങ്ങനെയാണ് എന്നു് ഞാൻ ആലോചിക്കുകയാണ്. നിന്നെ താങ്ങുവാൻ എനിക്കു ശക്തിയില്ലാതായിരിക്കുന്നു.'

അചലയ്ക്കു് ഷോക്ക് ഏററതുപോലെയുള്ള അനുഭവമുണ്ടായി. അസ്ഫുടസ്വരത്തിൽ അവൾ പറഞ്ഞു:— 'ഇതു് എനിക്ക് നേരത്തെ അറിയാമായിരുന്നു. പക്ഷേ……'

'എൻെറയാണ് തെററു്. മനസ്സിനെ ഉപേക്ഷിച്ച ഈ ശരീരത്തിനു് ഇത്രയും ഭാരം ഉണ്ടാകുമെന്നു ഞാൻ വിചാരിച്ചില്ല.'

'എന്താ, നിങ്ങൾ എന്നെ ഉപേക്ഷിച്ച് പോകാൻ ഒരുങ്ങുകയാണോ?'

'എന്നുതന്നെ വിചാരിക്കൂ.'

അചലയുടെ ഹൃദയസാഗരം ഇളകിമറിഞ്ഞുകൊണ്ടിരുന്നു. ഒരു വേലിയേററം—വികാരവിചാരങ്ങളുടേതായ തിരമാലകൾ ഉയന്നും താഴ്ന്നുംകൊണ്ടിരിക്കുന്നു.

'ആ സുരേശ്തന്നെയാണോ ഇതു്? ഇന്നു് എന്റെ ഭാരം താങ്ങാൻ തനിക്ക് ശക്തിയില്ല എന്നു പറയുവാൻ മടികാണിക്കുന്നില്ല.' ഈ വിചാരമാണ് അവളെ അങ്ങേയററം വിവശയാക്കിയതു്. സുരേശിൻെറ കല്പനാതീതവും നിഷ്ഠൂരവുമായ ഈ സംഭാഷണം ഓർത്തോ

ത്തു് അചല വിറയ്ക്കുവാൻ തുടങ്ങി. താൻ ഇനി ഒററയ്ക്കാകുന്നു. വിധിയുടെ കളി എന്തോ പറയേണ്ടു. സംസാരസാഗരത്തിന്റെ അക്കരെ കടക്കുവാൻ ഏതൊരു വള്ളത്തിൽ കയറി താൻ യാത്ര ആരംഭിച്ചുവോ ആ ചെറുവള്ളവും ഇതാ മുങ്ങുവാൻപോകുന്നു എന്നു അറിഞ്ഞിട്ടും ആശ്രയം തേടുകയാണു്—ആശ്രയം ലഭിക്കുകയില്ല എന്നു് അറിഞ്ഞിട്ടുപോലും. ഇപ്പോൾ തന്റേതായി ആരുമില്ല—സ്നേഹിക്കുവാനോ രക്ഷിക്കുവാനോ ശിക്ഷിക്കുവാനോ എവിടേയും ആരുമില്ലാതായിരിക്കുന്നു.

അചലയുടെ ശ്വാസം നില്ക്കുന്നതുപോലെയായി. അശക്തവും അചേതനവുമായ അവളുടെ കൈ സുരേശിന്റെ മടിയിൽ ചെന്നുവീണു. ഇടറിയ തൊണ്ടയോടെ അവൾ ചോദിച്ചു:—'ഇപ്പോൾ എന്നെ സ്നേഹിക്കുന്നില്ലേ?'

'ഇപ്പോൾ ഇതിന്റെ ഉത്തരം മുമ്പിലത്തേതുപോലെ പെട്ടെന്നു പറയാനാവില്ല അചല!'

'നിങ്ങൾ എന്നെ മററവിടെയെങ്കിലും കൊണ്ടുപോകൂ. അങ്ങനേയും എന്റെ ലജ്ജ എന്നെ വിട്ടുപൊയ്ക്കൊള്ളട്ടെ.'

'അങ്ങനെ കൊണ്ടുപോയാൽ നിനക്കു് എന്നെ പ്രേമിക്കാൻ കഴിയുമെന്നു് നീ വിചാരിക്കുന്നുണ്ടോ? സത്യമാണോ നീ പറയുന്നതു്?'

ഇതു പറയുന്നതിനിടയിൽ പെട്ടെന്നുണ്ടായ ആവേശത്താൽ സുരേശ് അചലയെ തന്നോടു ചേർത്തുപിടിച്ചു് അവളുടെ അധരങ്ങളിൽ ചുംബിച്ചു.

പക്ഷേ അപമാനത്താൽ അചലയുടെ മുഖം ചുവക്കുകയാണുണ്ടായതു്. ചുണ്ടുകൾ തുടുത്തു. എങ്കിലും ധൈര്യമവലംബിച്ചുകൊണ്ടവൾ പറഞ്ഞു:— 'ചില നിമിഷങ്ങളിൽ ഞാൻ അങ്ങയെ പ്രേമിക്കുന്നുണ്ടാവും... ശ് വേണ്ടാ...വേണ്ടാ. വിട്ടു. ആരെങ്കിലും കാണും.' അചല സുരേശിൻെറ പിടിയിൽനിന്നും സ്വയം മോചനം കിട്ടുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. പക്ഷെ സുരേശ് അവളെ തൻെറ കൈപ്പിടിയിൽ ബലമായി പിടിച്ചുകൊണ്ടിരുന്നു.

വണ്ടി രാമബാബുവിൻെറ വീട്ടുപടിക്കൽ വന്നു നിന്നു. സുരേശ് താഴെ ഇറങ്ങിയിട്ടു് അചലയുടെ കൈപ്പിടിച്ചു് താഴെ ഇറക്കി. അചല വീട്ടിനകത്തു നോക്കി. വരാന്തയിൽ രാക്ഷസി നില്ക്കുന്നതു കണ്ടു.

രാമബാബു അടുത്തുവന്നു പറഞ്ഞു:—

'വരൂ, എൻെറ മകളേ.'

അചല വൃദ്ധനെ നോക്കുന്നതിനിടയിൽ അടുത്തു നില്ക്കുന്ന മഹിമിനെ കണ്ടു—ഒരു കല്ലുപോലെ നിശ്ചലനായി തന്നെത്തന്നെ ഉററുനോക്കി നില്ക്കുകയാണു്.

രണ്ടുപേരുടേയും കണ്ണുകൾ ഇടഞ്ഞു.

അല്പസമയത്തിനുള്ളിൽ അചലയുടെ മുഖകമലം വാടിക്കരിഞ്ഞു.

അപരിചിതനായ മനുഷ്യനെ കണ്ടതുകൊണ്ടാണു് അചല അങ്ങനെ കാണപ്പെട്ടതെന്നാണു് രാമബാബു കരുതിയതു്. അദ്ദേഹം പറഞ്ഞു:— 'മുകളിൽ പോകൂ അചലാ,'

അചല ഒരുവിധം മുകളിൽ കയറുവാൻ തുടങ്ങി.

രാമബാബു പരിചയപ്പെടുത്തിക്കൊണ്ടു പറഞ്ഞു:– 'സുരേശ്ബാബു' ഇദ്ദേഹം......'

'ഞങ്ങൾ ഒരേ ക്ലാസ്സിൽതന്നെ......ചെറുപ്പംമുതല്ലേ......എന്താ മഹിം പെട്ടെന്നു്......' പക്ഷേ മഹിം തിരിഞ്ഞു അകത്തേയ്ക്കു് പോകുകയാണുണ്ടായതു്.

അകത്തു് മുകളിൽനിന്നു് ആരോ താഴെ വീണ ശബ്ദംകേട്ടു് രാമബാബു ഓടി അകത്തേയ്ക്കു പോയി. നോക്കിയപ്പോൾ കണ്ടതു് അചല അബോധാവസ്ഥയിൽ കിടക്കുന്നതാണു്—ഗോവണിപ്പടിയിൽനിന്നും താഴെ വീണ സ്ഥിതിയിലാണു് കാണപ്പെട്ടതു്.

## നാൽപ്പതു്.

തിരിച്ചുപോരുന്ന വഴി വണ്ടിയിലിരുന്നുകൊണ്ടു് അചല പലതും ചിന്തിച്ചുതുടങ്ങി. തൻെറ അബോധാവസ്ഥ അങ്ങനെതന്നെ നിലനിന്നിരുന്നുവെങ്കിൽ എന്നവൾ ആശിച്ചു. ആ അവസ്ഥ അതായതു് മരണം പ്രാപിക്കുവാൻ എന്തുപായമാണുള്ളതു് എന്നവൾ ചിന്തിച്ചു.

സുരേശ് നിർവ്വികാരനായി ചോദിച്ചു:-

'ഇനി മുഖം കാണിച്ചു് ഇവിടെ ജീവിക്കുവാൻ നിവൃത്തിയില്ലാതായിരിക്കുന്നു. നിനക്കു് എവിടെയോ പോകണമെന്നു പറഞ്ഞുവല്ലോ. അതെവിടെയാണു്?'

'എവിടെയാണെന്നു പറയാം. നടന്നോളൂ.'

വീട്ടിൽ എത്തിയ ഉടനെ എന്തോ എഴുതുവാനുണ്ടെന്നു പറഞ്ഞു് സുരേശ് തൻെറ മുറിയിൽ പോയി. അചല അവളുടെ കിടക്കയിൽ കിടന്നു് പലതും ചിന്തിക്കുവാൻ തുടങ്ങി—'ഇപ്പോൾ എനിക്കു് ഇരുപത്തിഒന്നു വയസ്സു് പ്രായമുണ്ടു്. ഇതിനിടയിൽ ഞാൻ എന്തുതെററു് ചെയ്തതിൻെറ ഫലമാണു് എനിക്കീ അനുഭവം? മൃണാളയുടെ ജീവിതത്തിൽ അനുകമ്പ തോന്നി പുനർവിവാഹത്തിനു അവളെ നിർബ്ബന്ധിച്ചപ്പോൾ അവൾ

പറഞ്ഞ കാര്യങ്ങൾ അചലയുടെ ചിന്താതലത്തിൽ തെളിഞ്ഞുവന്നു. അന്നു് മൃണാള പറഞ്ഞു:— 'ജ്യേഷ്ഠത്തിക്കു് എന്റെ കാര്യങ്ങൾ ഒന്നും അറിയുവാൻ കഴിഞ്ഞിട്ടില്ല. നിങ്ങളുടെ ഇടയിലുള്ള വിവാഹസമ്പ്രദായമല്ല ഞങ്ങൾക്കുള്ളതു്. നിങ്ങൾക്കതു് വെറും അലങ്കാരം മാത്രം. പക്ഷേ ഞങ്ങൾക്കോ? ഞങ്ങൾ ഭർത്താവിനെ ചെറുപ്പംമുതല്ക്കേ ദൈവമായി കാണുന്നു. അദ്ദേഹം എന്നും ചിരഞ്ജീവിയത്രേ. ജനനവും മരണവും ഞങ്ങളെ ബാധിക്കുന്നില്ല. വൃദ്ധനായിരുന്നാലും ആ ആൾതന്നെയായിരിക്കും ആജീവനാന്തം ഞങ്ങളുടെ പതിദേവൻ. സുന്ദരനായ മറെറാരുവനെ കണ്ടാലും ഞങ്ങളുടെ മനസ്സു് ഇളകുകയില്ല. അഥവാ ഞങ്ങൾ ചാരിത്ര്യത്തെ എന്തിലുമധികം കാത്തുരക്ഷിക്കുന്നു. ചാരിത്ര്യമില്ലാത്തവൾ എത്രതന്നെ മററു ഗുണങ്ങളുള്ളവളായിരുന്നാലും അവളെ ഞങ്ങൾ ഏററവും നീചയായി കരുതുന്നു.'

അന്നു് മൃണാളയുടെ ഈ അഭിപ്രായത്തിനു് എന്തെങ്കിലും വിലയുണ്ടെന്നു് അചല ഓർത്തിരുന്നില്ല. എന്നാൽ ഇന്നു് ഈ സത്യാവസ്ഥ അവൾ അനുഭവിച്ചുകൊണ്ടിരുന്നു. തന്റെ ജീവിതത്തിലെ കൂട്ടുകാരനെ അവൾ സ്വയം കണ്ടുപിടിച്ചു എങ്കിലും അവൾക്കതുകൊണ്ടു് ഒരു പ്രയോജനവുമുണ്ടായില്ല. മാത്രമോ, മൃണാളയുടെ ജീവിതത്തിൽ ഏററവും വിലപിടിപ്പുള്ള സതീധർമ്മത്തെ താൻ ത്യജിക്കുവാൻ ഒരുമ്പെട്ടില്ലേ? അതിന്റെ ഫലമല്ലേ സുരേശിന്റെ പിടിയിൽ താൻ അകപ്പെട്ടതു്? ഇപ്പോൾ ഇതെല്ലാം ഓർത്തിട്ടു് എന്തുഫലം?

അങ്ങനെ പലതും ഓർത്തോർത്തു് വ്യാകുലപ്പെട്ടു് അചല രാത്രി കഴിച്ചു. നേരം പുലൎന്നു് വെളിയിൽ വന്നപ്പോൾ ഭൃത്യൻ അട്ടുത്തുവന്നു പറഞ്ഞു:– 'ബാബൂജി മത്'ധൗലിയിലേയ്ക്കു് യാത്ര പുറപ്പെട്ടുകഴിഞ്ഞു. ഇന്നലെ രാത്രിതന്നെ അദ്ദേഹം ഒരുങ്ങിക്കഴിഞ്ഞിരുന്നു.'

അചല ഇക്കാര്യം ഓർത്തിരുന്നതല്ല. അവൾ ആശ്ചര്യത്താലും ശോകത്താലും നിൎജ്ജീവയായി.

തലേദിവസം ഉരുണ്ടുവീണപ്പോൾ ക്ഷതമേററ ശരീരത്തിലെ ഭാഗങ്ങൾ നല്ലവണ്ണം വേദനിക്കുന്നതായി അചലയ്ക്കു് അനുഭവപ്പെട്ടു. സന്ധ്യയാകുന്നതുവരെ അവൾ ആരേയോ പ്രതീക്ഷിക്കുന്നതുപോലെ നോക്കിയിരുന്നു. പിന്നീട്ടു് കിടക്കയിലേയ്ക്കു് ചാഞ്ഞു.

## നാൽപ്പത്തിഒന്നു്.

മൂന്നു ദിവസം അവൾ കാത്തിരുന്നു. സുരേശിനേയോ രാമബാബുവിനേയോ ആരേയും കാണാത്തതുകൊണ്ടു് ഭൃത്യനുമൊന്നിച്ചു് മത്ധൗലിയിൽ പോകുവാൻ അവൾ തീച്ചയാക്കി. ഒരു വണ്ടി ഏപ്പാടുചെയ്തു് സുരേശിനെ അന്വേഷിച്ചു് അവൾ യാത്രയാരംഭിച്ചു. ശ്മശാനസമാനമായ മത്ധൗലി ഗ്രാമം എത്രയും ശോകമൂകമായി കാണപ്പെട്ടു. എങ്കിലും അചലയ്ക്കു് ഭയം തോന്നിയില്ല. ഒരു വൃദ്ധനോടു് അന്വേഷിച്ചപ്പോൾ ദൂരെ എവിടെയോ പോയിരിക്കയാണെന്നും തിരിച്ചുവന്നതു് കണ്ടില്ല എന്നും അറിയാൻ കഴിഞ്ഞു. അടുത്ത ഗ്രാമത്തിൽ പോകുന്ന വഴി ആ വൃദ്ധൻ കാണിച്ചുകൊടുത്തു. അചല രഘുവീരനുമൊന്നിച്ചു് അവിടേയ്ക്കു നടന്നു. റോഡരികിലുള്ള ഒരു വലിയ വൃക്ഷത്തിൻെറ ചുവട്ടിൽ കൊണ്ടുവന്ന സാധനങ്ങൾ വച്ചിട്ടു് അചല നോക്കിനിന്നു. സൂര്യാസ്തമനവും കഴിഞ്ഞു. ഇതികർത്തവ്യതാമൂഢയായി വിഷമിച്ചുനില്ക്കേ, അടുത്തുള്ള ഒരു ചെറുകുടിലിൽ ഞരക്കങ്ങൾ കേട്ടു. നോക്കിയപ്പോൾ വാതിൽ തുറന്നിരിക്കുന്നു എന്നു മനസ്സിലായി. രഘുവീരനെ (ഭൃത്യനെ) അവിടെ അന്വേഷിച്ചുവരാനായി അവളയച്ചു.

രഘുവീരൻ അകത്തേയ്ക്കു എത്തിനോക്കി. അവിടെ വരാന്തയിൽ ഒരു പായ് വിരിച്ച് സുരേശ് കിടക്കുന്നതു കണ്ടു. ഒരു വൃദ്ധസ്ത്രീ സുരേശിനടുത്തു് ഇരിപ്പുണ്ടു്.

'ബാബുജി!'

സുരേശ് മുഖമുയർത്തി നോക്കി.

'ആരു്? രഘുവീരനോ? ഇവിടെ?'

'അതെ.'

സുരേശിൻെറ രക്തവർണ്ണമായ കണ്ണുകൾ കണ്ടു് രഘുവീരൻ സ്തബ്ധനായി.

വളരെ വിഷമിച്ചു് കാര്യം പറയാൻ ഭാവിച്ചു—'അങ്ങയുടെ ഭാര്യ......'

സുരേശ് വിസ്മിതനായി പെട്ടെന്നു് ചാടി എഴുന്നേററു.

'അവൾ അയച്ചതാണോ?'

'അതല്ല, എൻെറകൂടെ വന്നിട്ടുണ്ടു്.'

സ്വപ്നത്തിലെന്നപോലെ സുരേശിനു തോന്നിയതുകൊണ്ടാവാം കണ്ണടച്ചു് വീണ്ടും വീണ്ടും കിടന്നു.

അചല അടുത്തുവന്നിരുന്നു. പക്ഷേ സുരേശ് കണ്ണുതുറന്നില്ല. വെളിയിൽ എന്തോ ശബ്ദം കേട്ടതുകൊണ്ടു് രഘുവീരൻ പോയി.

സുരേശ് കണ്ണു തുറന്നു—'എൻെറ എഴുത്തു കിട്ടിയോ?'

'ഇല്ല.'

'പിന്നെങ്ങിനെ വന്നു? ആശ്ചര്യം തോന്നുന്നു. ശരി. ഒരു പ്രാവശ്യംകൂടി കാണ്മാൻ കഴിഞ്ഞുവല്ലോ. എനിക്കുവേണ്ടി നിനക്കെത്ര കഷ്ടങ്ങൾ അനുഭവിക്കേണ്ടിവരുന്നു. എനിക്കു തെററുപററി. മഹിമിനെ നീ ഇത്രയേറെ സ്നേഹിക്കുന്നുണ്ടെന്നു ഞാൻ മനസ്സിലാക്കിയില്ലായിരുന്നു. മനസ്സ് സ്വതന്ത്രവസ്തുവല്ല എന്നായിരുന്നു എൻെറ വിശ്വാസം. അതു് ശരീരത്തിൻെറ ധൎമ്മമാണു്—പ്രേമമാണു് എന്നെല്ലാം ഞാൻ വിശ്വസിച്ചു. അതുകൊണ്ടു്, നിന്നെ ഏതുവിധമെങ്കിലും പ്രാപിച്ചു കഴിഞ്ഞാൽ നിൻെറ മനസ്സിനേയും പിടിച്ചടക്കാം എന്നു ഞാൻ കരുതി. എൻെറ സൎവ്വസ്വവും നീ ആയി കരുതി എപ്രകാരം നിന്നെ സ്നേഹിച്ചുവോ അതേവിധത്തിൽ സന്തോഷത്തോടെ നീ എനിക്കു ഭിക്ഷ നല്കും എന്നു ഞാൻ ആശിച്ചു. പക്ഷേ അതു നടന്നില്ല. ഇനി അതിനു സമയവുമില്ല. പ്രതീക്ഷിക്കു് എനിക്കവകാശമില്ല.'

സുരേശ് അചലയുടെ മുഖത്തു നോക്കി. അചല വളരെ ലജ്ജയോടെ മൃദുസ്വരത്തിൽ പറഞ്ഞു: 'ഇവിടെ ഇപ്പോൾ ആരുമില്ലല്ലോ. ഇവിടുത്തെ പണി പൂൎത്തിയായാൽ ഉടനെ വീട്ടിൽ വരൂ. അല്ലെങ്കിൽ മറെറവിടെയെങ്കിലും. ഇവിടെ ഇനി താമസിക്കേണ്ട.'

'അതിനെപ്പററി എനിക്കറിയാവുന്നിടത്തോളം ആൎക്കാണു് അറിയാവുന്നതു്? ഇന്നു് വളരെ വിഷമിച്ചു് രണ്ടു എഴുത്തുകൾ എഴുതി—ഒന്നു് മഹിമിനും മറേറതു് നിനക്കും. മഹിം ഒരുപക്ഷേ വരും.'

'അദ്ദേഹത്തിന്ന് എന്തിനയച്ചു? ഭയവിസ്മയത്തോടെ അചല ചോദിച്ചു.

'ഇപ്പോൾ അയാളുടെ ആവശ്യമുണ്ടെനിക്ക്. ജീവിതത്തിൻെറ ഓരോ കെട്ടും അഴിച്ചതു് മഹിമാണ്. അതിനുള്ള ധൈര്യം അവനുമാത്രമേ ഉണ്ടായുള്ളൂ. ഞാൻ എഴുത്തിൽ എല്ലാം എഴുതിയിട്ടുണ്ട്. അന്നു് നിന്നെ 'വിൽ' ഏല്പിച്ചു. വേണമെങ്കിൽ നിനക്ക് അതിൽ നിന്നു് ചിലതെടുക്കാം. പക്ഷേ എൻെറ വിചാരത്തിൽ നിന്നു് എടുക്കേണ്ടതായിട്ടില്ല. പിന്നെ അതെല്ലാം ദരിദ്രർക്കുവേണ്ടി ഉപയോഗിച്ചാൽ നല്ലതു്. നീ നിശ്ചിന്തയായി നിർബ്ബാധയോടെ സ്വതന്ത്രയായിത്തീരട്ടെ. എൻെറ അടുപ്പത്തിൽനിന്നു് നിനക്കു മോചനം തന്നിരിക്കുന്നു. ഇനി ഞാൻ നീയുമായി ബന്ധത്തിലേപ്പെടുന്നില്ല. ലോകത്തിൽ വളരെയേറെ ദുഃഖങ്ങൾ അനുഭവിക്കുന്നവരുണ്ട്. അതിനും ഒരു കഴിവു വേണം. അതു് നിനക്കുണ്ടാവുമെന്നും എൻെറ ഇടപാടിൽ നിനക്കുണ്ടായ എല്ലാ ദുഃഖങ്ങളും നീ സഹിക്കുമെന്നും ഞാൻ ആശിക്കുന്നു.'

'ഇതെല്ലാം എന്തിനു പറയുന്നു? എഴുന്നേൽക്കൂ. നമുക്കു പോകാം.'

'ഇതുവരെ നിന്നോടു് സത്യം ഒന്നുംതന്നെ ഞാൻ പറഞ്ഞില്ല അചലാ! എനിക്കു് ഇനി ജീവിതത്തിൽ ഒരു ആശയും തോന്നുന്നില്ല. ഞാൻ മനഃപ്പൂർവ്വം മരിക്കാൻ ഒരുമ്പെടുകയല്ല. സമാധാനത്തോടെ കഴിയുവാൻ ഞാൻ പല തരത്തിലും ശ്രമിച്ചു. പക്ഷേ, ഫലിച്ചില്ല. മരി

ക്കാൻ എനിക്കു് ഇഷ്ടമില്ലായിരുന്നു. ആരെങ്കിലും ചോദിച്ചാൽ സാധാരണ മരണംപോലെ എൻെറയും സംഭവിച്ചു എന്നു പറഞ്ഞാൽ മതി. അന്നു് നിന്നെ ഒളിച്ചു് ഇവിടെ ഞാൻ വന്നു. ഇവിടെ വന്നപ്പോൾ ഈ ഗ്രാമം കാലിയായിത്തീരുകയാണെന്നു മനസ്സിലായി. ഈ വീട്ടിലെ വേലക്കാരൻ മരിച്ചു. അയാളുടെ ശവദാഹം നടത്തുവാൻപോലും ആരും നില്ക്കാതെ ഓടിപ്പോകുകയാണുണ്ടായതു്. ഉച്ചയ്ക്കു് ഒരു കുട്ടി ഓടിവന്നിട്ടു് പറഞ്ഞു:- 'അമ്മയ്ക്കു് തീരെ സുഖമില്ല' എന്നു്. അവിടെപ്പോയി ഓപ്പറേഷൻ നടത്തി. അങ്ങനെ പലക്കു് പല പ്രാവശ്യം ചെയ്യേണ്ടിവന്നു. തിരക്കിനിടയിൽ വിരലിലുണ്ടായ മുറിവു് ഗൗനിച്ചില്ല. ഓപ്പറേഷൻ കഴിഞ്ഞു് കൈകഴുകുന്ന സമയത്തു് കൈയ്യിലെ രക്തം കാണാനിടയായി. തിരിച്ചുവന്നു് എന്തെല്ലാം ചെയ്യാനുണ്ടോ അതെല്ലാം ചെയ്തുതീർത്തു. പക്ഷേ സമയം വൈകിപ്പോയിരുന്നു. വീട്ടിൽ എത്താൻ നിവ്വാഹമില്ലാതെയായി. ഇന്നലെ രാത്രി നല്ല പനി തോന്നി. ജ്വരം പിടിപെട്ടിരിക്കുകയാണെന്നു മനസ്സിലായി. ഒരുവിധത്തിൽ ആ എഴുത്തുകൾ പൂർത്തിയാക്കുകയാണു് ചെയ്തതു്......'

അചല നിറമിഴികളോടെ വ്യാകുലസ്വരത്തിൽ പറഞ്ഞു:- 'അതിനു് ഒരു പോംവഴിയുണ്ടു്. ഞാൻ വന്ന വണ്ടിയിൽ അങ്ങയെ കയററി ഇരുത്താം. ഇനി ഒരു നിമിഷംപോലും ഇവിടെ താമസിക്കുവാൻ അനുവദിക്കുകയില്ല.'

'അപ്പോൾ നീ...'

'ഞാൻ നടന്നുവരാം. അങ്ങ് വിസമ്മതം പറയരുതേ. ഞാൻ കാൽക്കൽ വീണു പറയുകയാണ്.' അചല കരയുവാൻ തുടങ്ങി. ഭൃത്യനെ വണ്ടി വിളിച്ചുകൊണ്ടുവരാൻ അയച്ചിട്ടു പറഞ്ഞു:— 'വണ്ടിക്കാരന് എന്തു തുക വേണമെങ്കിലും കൊടുക്കാം. പെട്ടെന്നു് വിളിച്ചുകൊണ്ടു വരൂ.'

സമയം കുറേയായി. അചല കൂടക്കൂടെ വെളിയിൽ നോക്കുന്നുണ്ടായിരുന്നു. ഒടുവിൽ രഘുവീരൻ വന്നു പറഞ്ഞു: 'സമയം വൈകിപ്പോയതുകൊണ്ടു് വണ്ടിക്കാരൻ പൊയ്ക്കഴിഞ്ഞു.'

അചല നിലവിളിച്ചു: 'എല്ലാവരും പോയെന്നോ? എവിടെപ്പോയി? എൻെറ സർവ്വസ്വവും കൊടുത്താൽപ്പോലും ഈ സമയത്തു് ഒരു വണ്ടി എനിക്ക് കിട്ടുകയില്ലെന്നോ!!'

ഭൃത്യൻ വെളിയിൽ പോയപ്പോൾ സുരേശ് ശാന്തനായി അചലയോടു പറഞ്ഞു:— 'നീ വിഷമിച്ചിട്ടു കാര്യമില്ല. ഇനി ഇപ്പോൾ വണ്ടി കിട്ടിയാൽതന്നെയും പ്രയോജനമുണ്ടാവുകയില്ല.'

അചല നിശ്ചലയായി ഇരുന്നുപോയി. ജീവിതത്തിൻെറ കുരുക്ഷേത്രത്തിൽ എല്ലാ മാലിന്യങ്ങളേയും നശിപ്പിച്ച് ഈ മനുഷ്യൻ പോകാൻ ഒരുമ്പെടുകയാണോ? ആരാണോ ഈ മഹാഭാരതം തുടങ്ങിയതു്, ആ മഹാനാണോ തൻെറ സർവ്വ ഐശ്വര്യങ്ങളേയും ആത്മീ

യ സ്വജനങ്ങളേയും വെടിഞ്ഞു് മരണത്തിനു തയ്യാറായിരിക്കുന്നതു്? തന്നിലും മററുള്ളവരിലും ഉണ്ടായിരുന്ന ലോഭമോഹങ്ങൾ അദ്ദേഹം അറിഞ്ഞിരുന്നോ? പാപം ചെയ്തവർ വേറെ ആരും ഇല്ലേ?

സുരേശ് വെള്ളം ചോദിച്ചു. അചല വെള്ളമെടുത്തു കൊടുത്തു. രാത്രി അവസാനിക്കാറായി. സുരേശിൻെറ അസഹ്യവേദന കണ്ടു് അചല ഏകാഗ്രമനസ്സോടെ ഈശ്വരനെ വിളിച്ചു. 'ഹേ ഈശ്വരാ! ഞാൻ അനുഭവിക്കുന്ന വേദന അങ്ങു് അറിയുന്നില്ലേ? ഇന്നെങ്കിലും എൻെറ ദുഃഖത്തിനു പകരമായി ഇദ്ദേഹത്തെ രക്ഷിച്ചാലും! എനിക്കെവിടെയും ആശ്രയമില്ല. ഞാൻ പലതും സഹിച്ചു. എന്നെ അങ്ങയുടെ അടുത്തേക്കു വിളിക്കു.'

വെളിയിൽ രഘുവീരൻെറ വിളികേട്ടു് അചല നോക്കി. നേരം വെളുക്കുന്നു. ആരോ ഒരാൾ നില്ക്കുന്നതു കണ്ടു. അചല നോക്കി. മഹിമാണു്. അവൾ വിറയ്ക്കുവാൻ തുടങ്ങി. മഹിമും വിചാരിച്ചിരുന്നതല്ല ഈ അവസ്ഥയിൽ അചലയുമായി ഏറ്റുമുട്ടലുണ്ടാകുമെന്നു്. തന്നെത്തന്നെ ഒരുവിധത്തിൽ നിയന്ത്രിച്ചുകൊണ്ടു് മഹിം അകത്തേക്കു ചെന്നു. 'ഇപ്പോൾ സുരേശിനു് എങ്ങനെയുണ്ടു്?'

അചല മുഖമുയർത്തി നോക്കിയുമില്ല, ഒന്നും സംസാരിച്ചുമില്ല. മഹിം സുരേശിൻെറ നെററിത്തടത്തിൽ കൈവച്ചുനോക്കി. സുരേശ് കണ്ണുതുറന്നു.

'സുരേശ്! ഇപ്പോൾ എങ്ങനെയിരിക്കുന്നു?'

'ആശ്വാസം ഒന്നും തോന്നുന്നില്ല മഹിം! ഞാൻ പോയിക്കൊണ്ടിരിക്കുകയാണു്. വരൂ, എന്റെ സമീപം ഇരിക്കൂ.'

മഹിം അടുത്തിരുന്നു. 'എൻെറ വണ്ടിയിൽ...'

സുരേശ് തലകുലുക്കി. 'വേണ്ട. എന്നെ സമാധാനത്തോടെ പോകാൻ അനുവദിക്കൂ. എൻെറ ജീവിതത്തെ ദരിദ്രക്കും ദുഃഖിതക്കുംവേണ്ടി അപ്പിക്കണമെന്നു ഞാൻ ആശിച്ചിരുന്നു. അതു സാധിച്ചില്ല. എൻെറ സ്വത്തുക്കളെങ്കിലും അതിനായി ചിലവഴിക്കണമെന്നാണെൻെറ ആഗ്രഹം. അചലയ്ക്കു് ഞാൻ ഒന്നും കൊടുത്തിട്ടില്ല. അവളെ അപമാനിക്കുവാനും ഞാൻ ഒരുമ്പെട്ടില്ല......'

'പോകൂ അചലാ! പോയി കൈകാലുകൾ കഴുകി വരൂ. ഇന്നലെ രാത്രി ഉറങ്ങാതെ ഇരുന്നതല്ലേ?'

അചല പോയിക്കഴിഞ്ഞപ്പോൾ സുരേശ് പറഞ്ഞു:—

'ഒരു കാര്യത്തിൽ ഞാൻ അങ്ങേയററം വ്യസനിക്കുകയാണു്. അചല നിന്നെ എത്രമാത്രം സ്നേഹിക്കുന്നു എന്നു ഞാൻ മനസ്സിലാക്കിയില്ല. ഇത്രയും സുന്ദരമായ ഈ വസ്തുവിനെ ഞാൻ മണ്ണിൽ ലയിപ്പിച്ചുകളഞ്ഞു. ഞാൻ അതനുഭവിച്ചുമില്ല, മററാരാൾക്കു് അനുഭവിക്കാൻ അവസരം നൽകിയുമില്ല. എൻെറ അമ്മൂമ്മയെ ചെന്നു കാണണം. അവൾക്കു് വളരെ വിഷമമുണ്ടാകും... ഇനി അല്പനേരത്തേയ്ക്കു് ഞാൻ ഉറങ്ങട്ടെ മഹിം!'

അങ്ങനെ ആ യുവാവു് ചിരനിദ്രയിലാണ്ടു.

# നാൽപ്പത്തിരണ്ടു്.

അന്നു രാമബാബു വീട്ടിൽ ഇല്ലായിരുന്നു. അടുത്ത ദിവസം മഹിമിന്റെ എഴുത്തു കിട്ടിയ ഉടനെ അദ്ദേഹം മത്'ധൗലിയിലേയ്ക്കു യാത്ര പുറപ്പെട്ടു. അദ്ദേഹം എത്തുന്നതിനു രണ്ടുമണിക്കൂർ മുമ്പേ സുരേശ് മരിച്ചു കഴിഞ്ഞിരുന്നു. ശവത്തിന്റെ കാൽക്കൽ അചല ഇരിപ്പുണ്ടു്.

'അയ്യോ! എന്റെ മകളേ!' എന്നു വിളിച്ചു് അദ്ദേഹം കരയുവാൻ തുടങ്ങി. അചലയ്ക്കു് ഒന്നും മിണ്ടാൻ കഴിഞ്ഞില്ല. മഹിം വിറകുകൾ ശേഖരിച്ചുകൊണ്ടിരുന്നു. കരച്ചിൽ കേട്ടു് അയാൾ അകത്തുവന്നു നോക്കി. 'സുരേശ് ഇപ്പോൾ പോയതേയുള്ളു. രാമബാബു! അങ്ങു് ഈ സമയത്തു് വന്നതു് എത്ര നന്നായി! നദി ഇവിടെ അടുത്തുതന്നെയുണ്ടു്. രഘുവീരൻ വിറകു കൊണ്ടുവരാൻ പോയിരിക്കയാണു്. അവൻ വന്നുകഴിഞ്ഞു് നമുക്ക മൂന്നുപേർക്കും സംസ്കാരം തുടങ്ങാം.'

'മൂന്നാമതു് ആരാണു്?'

'രഘുവീരൻ.'

'വേണ്ട, വേണ്ട. ബ്രാഹ്മണന്റെ ശവദാഹം ബ്രാഹ്മണൻതന്നെ നിർവ്വഹിക്കണം. അന്യജാതിക്കു്

അതിൽ സ്ഥാനമില്ല. അപ്പോൾ നമ്മൾ രണ്ടുപേരും മാത്രം പോയാൽ മതി.'

'ശരി' എന്നു പറഞ്ഞു് മഹിം വിറക ശേഖരിക്കുവാൻ തുടങ്ങി. രാമബാബു അവിടെ ഇരുന്നു് പലതും ചിന്തിച്ചുതുടങ്ങി. തന്റെ ദീർഘകാല ജീവിതത്തിൽ എത്ര മരണങ്ങൾ അദ്ദേഹം കണ്ടിരിക്കുന്നു. പക്ഷേ ഇന്നത്തെ സംഭവം രാമബാബുവിനെ മർമ്മാഹതനാക്കി. അന്നു് അചല തന്റെ മടിയിൽ കിടന്നു് കരഞ്ഞുകൊണ്ടിരുന്ന സംഭവവും മററും ഓർത്തപ്പോൾ അദ്ദേഹത്തിന്റെ പിതൃസ്നേഹം അതിരുകടന്നു. എങ്ങനെ അചലയെ സാന്ത്വനപ്പെടുത്തണമെന്നു് അറിയാതെ കുഴഞ്ഞു. അവളെ തന്നോടു് ചേർത്തുപിടിച്ചു് 'എന്തിനു വിഷമിക്കുന്നു മകളേ, ഞാൻ ഇനിയും ജീവിച്ചിരിപ്പുണ്ടല്ലോ' എന്നു പറയണമെന്നു് പല പ്രാവശ്യം തോന്നി എങ്കിലും അചല അതിനു മുതിരുന്നില്ല എന്നു മനസ്സിലായി. വിധവയായിരിക്കുന്ന അചലയുടെ ഈ ധൈര്യമനോഭാവം തൻെറ സ്നേഹത്തെ കളങ്കപ്പെടുത്തുന്നതായിട്ടു് രാമബാബുവിനു് തോന്നി.

സൂര്യൻ അസ്തമിച്ചു. മഹിം പറഞ്ഞു:—

'രാമബാബു! ഇപ്പോൾ ഇതെടുക്കേണ്ട സമയമായിരിക്കുന്നു.'

അചലയുടെ നേർക്കു് നോക്കിക്കൊണ്ടു് പറഞ്ഞു:— 'വിളക്ക കൊളുത്തിയിട്ടുണ്ടു്. നീ ആ അമ്മൂമ്മയുടെ അടുത്തു പോയിരിക്കു.'

രാമബാബു അചലയുടെ സമീപമെത്തി ഉറക്കെ കരഞ്ഞുകൊണ്ടു പറഞ്ഞു:— 'മകളേ! ഞാൻ എങ്ങനെ നിന്നോടു പറയുവാനാണ്? ഇതാ ഞങ്ങളുടെ എല്ലാ ഒരുക്കങ്ങളും കഴിഞ്ഞു. ഇനി അവസാനമായി നിനക്കു ചെയ്യാനുള്ളതു് ചെയ്യൂ.' ഇത്രയും പറഞ്ഞവസാനിപ്പിച്ചിട്ടു് അദ്ദേഹം വാവിട്ടു നിലവിളിക്കുവാൻ തുടങ്ങി.

അചല പറഞ്ഞു:—

'അതിന്റെ ആവശ്യം ഉണ്ടായിരുന്നുവെങ്കിൽ ഞാൻ ഇതിനകം അതു ചെയ്യുമായിരുന്നു, പക്ഷേ ഞാൻ അദ്ദേഹത്തിന്റെ സ്ത്രീയല്ല.'

രാമബാബു സ്തബ്ധനായി. 'നീ സുരേശിന്റെ സ്ത്രീ അല്ലേ?'

അചല അവിചലിത സ്വരത്തിൽ മറുപടി നല്കി: 'അദ്ദേഹം എന്റെ പതിദേവൻ അല്ല.'

രാമബാബുവിനു് മുമ്പു നടന്നിട്ടുള്ളതെല്ലാം മനോമണ്ഡലത്തിൽ തെളിഞ്ഞുകാണപ്പെട്ടു. ഇവൾ വേശ്യയായിരിക്കാം. കഷ്ടം! ഇവളെ താൻ പുത്രിതുല്യം സ്നേഹിക്കുകയും അവൾ പാകംചെയ്തതെല്ലാം കഴിക്കുകയും ചെയ്തുവല്ലോ! ഇവൾ ആരാണു്? സുരേശുമൊന്നിച്ചു് ഇവൾ എന്തിനു കഴിഞ്ഞു?

രാമബാബുവിനു് അചലയോടു് വെറുപ്പു തോന്നി. ഇത്രയും ദിവസത്തെ സ്നേഹം മരുഭൂമിയിൽ പതിഞ്ഞുവററിയ ജലകണങ്ങളെപ്പോലെയായിത്തീൎന്നു. സ്വപ്നത്തിലെന്നപോലെ മഹിമിന്റെകൂടെ അദ്ദേഹം

നടന്നു. ശവദാഹം കഴിഞ്ഞു് തിരിച്ചുവന്ന ഉടനെ 'എനിക്കു് കാശിവരെ പോകാനുണ്ടു്. ഇപ്പോൾ പോയില്ലെങ്കിൽ വണ്ടി കിട്ടുകയില്ല' എന്നു പറഞ്ഞു് രാമബാബു യാത്രയായി.

പ്രായശ്ചിത്തത്തിനുവേണ്ടിയാണു് കാശിക്കു പോകുന്നതെന്നാണു് മഹിം വിചാരിച്ചതു്.

'ദയവുചെയ്തു് ഇവരുടെ കാര്യത്തിൽ എന്തു ചെയ്യണമെന്നു് തീരുമാനിച്ചാലും. രണ്ടുമൂന്നു ദിവസമായി എന്തെങ്കിലും കഴിക്കുകപോലും ചെയ്തിട്ടുണ്ടാവില്ല. ഈ മൃത്യുപുരിയിൽ ഇവരെ ഇങ്ങനെ വിട്ടിട്ടു് പോകുന്നതു്......'

രാമബാബു ക്രുദ്ധനായി പറഞ്ഞു. 'ഈ ഒരു സ്ത്രീ കാരണം എൻെറ സർവ്വസ്വവും നഷ്ടപ്പെട്ടിരിക്കുന്നു എന്നു നീ അറിയുന്നുണ്ടോ? ഇനിയും ഇവൾക്കുവേണ്ടി എന്തുചെയ്യണമെന്നാണു് നീ പറയുന്നതു്?'

ബ്രാഹ്മണനായ തൻെറ ആചാരനിഷ്ഠകൾക്കു് ബ്രഹ്മസമാജിയായ അചല കളങ്കം വരുത്തിയതിൽ പ്രതിഷേധിച്ചു് അദ്ദേഹം വണ്ടിയിൽ കയറിയിരുന്നു. മഹിമിനു് തൻെറ ഹൃദയം പൊട്ടുന്നതുപോലെ തോന്നി. മഹിം അകത്തുവന്നു നോക്കി. അചല വിളക്കിനടുത്തു് നിശ്ചേഷ്ടയായി ഇരിക്കുകയാണു്.

'ഇനി നീ എന്തുചെയ്യാൻ പോകുന്നു?'

അചല:- 'അങ്ങു് എന്തു നിർദ്ദേശിക്കുന്നുവോ അതു ചെയ്യാൻ ഞാൻ തയ്യാറാണു്.'

അചല മഹിമിനെത്തന്നെ നോക്കിയിരുന്നു. ആ ദൃഷ്ടിയിൽ തൻെറ ഹൃദയംതന്നെ അവൾ വ്യക്തമാക്കി.

ഭയമോ ചിന്തയോ സങ്കൽപ്പമോ ഒന്നുംതന്നെ അതിൽ കാണാൻ കഴിഞ്ഞില്ല. ഭാവി അവളെ പല്ലിളിച്ചു കാട്ടുന്നതുപോലെ തോന്നി. അവളുടെ ഭവിഷ്യാകാശം ശൂന്യമായിരുന്നു. അവിടെ നിറമോ രൂപമോ ഗതിയോ ഒന്നുമില്ല. അപമാനിതയും അധഃപതിതയുമായ സ്ത്രീഹൃദയത്തിന്റെ ആ ചരമവൈരാഗ്യത്തെ മഹിമിനു മനസ്സിലാക്കാൻ സാധിച്ചില്ല. സുരേശിൻെറ അഭാവമാണ് അവളെ ഇത്രയും നിരുത്സാഹയാക്കിയതെന്നു് ധരിച്ചു് മഹിം ക്ഷുബ്ധനായി. എങ്കിലും തന്നെത്തന്നെ നിയന്ത്രിച്ചുകൊണ്ടു പറഞ്ഞു:– 'ഞാൻ എന്തിനു നിനക്കു നിർദ്ദേശം തരണം? അതനുസരിക്കാൻ കടപ്പെട്ടവളാണോ നീ?'

'അങ്ങയ്ക്കല്ലാതെ ആർക്കാണതിനവകാശം?' അചല മഹിമിനെത്തന്നെ ഉററുനോക്കിക്കൊണ്ടിരുന്നു.

'അങ്ങയെ പിരിഞ്ഞതതിൽപിന്നെ ഞാൻ ഈശ്വരയോടു് എപ്പോഴും പ്രാർത്ഥിക്കാറുണ്ടായിരുന്നു, എന്നെ അവസാനിപ്പിക്കു എന്നു്. അല്ലെങ്കിൽ അങ്ങയുടെ അടുക്കലേയ്ക്കു കൊണ്ടുപോകു. ഇതിലേറെ അനുഭവിക്കാൻ എനിക്കു ശക്തിയില്ലാതായിരിക്കുന്നു. ഇപ്പോൾ അങ്ങും ഇതിനു തയ്യാറില്ലെങ്കിൽ ഞാൻ എന്താണു് ചെയ്യേണ്ടതു്?'

മഹിം വെളിയിൽപോയി നിന്നു. തൻെറ ഭാരം തനിക്ക താങ്ങുവാൻ ഒക്കുന്നില്ല. സുരേശ് ഉപേക്ഷിച്ച ഭാരത്തെ താൻ എവിടെ ഇറക്കാനാണു്?

രഘുവീരൻ വന്നു പറഞ്ഞു:– 'മൂന്നു മൈൽ പോയാൽ വണ്ടി കിട്ടും. അവിടംവരെ അവർ നടക്കുമോ?'

അചല പറഞ്ഞു:– 'ശരി നടക്കാം.' അചല എഴുന്നേററു. പക്ഷേ അവളുടെ കാലുകൾ വിറയ്ക്കുന്നുണ്ടായിരുന്നു. അവൾ വീഴുവാൻ ഭാവിച്ചപ്പോൾ മഹിം തൻെറ കൈകാണിച്ചു. അചല മഹിമിന്റെ കൈ മുറുകെ പിടിച്ചു.

'ഇന്നു പോകണ്ട. ഇവിടെ ഇരിക്കൂ.' മഹിം ആജ്ഞാപിച്ചു.

'ഇപ്പോഴല്ലേ അങ്ങു് പറഞ്ഞതു് താമസിക്കേണ്ട എന്നു്.'

'പക്ഷേ നീ ഇത്രയും ദുർബ്ബലയായിരിക്കുമ്പോൾ...'

അചല മഹിമിൻെറ കൈ പിടിച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ടുതന്നെ അവൾ പറഞ്ഞു. 'ഇപ്പോൾ ഞാൻ ദുർബ്ബലയല്ല. അങ്ങയുടെ കൈ പിടിച്ചുകൊണ്ടു് ഞാൻ എവിടെവേണമെങ്കിലും നടക്കാം.'

'എന്നാൽ വരൂ.' മഹിം നടന്നുനീങ്ങി. അയാളുടെ മനസ്സു ചോദിക്കുന്നുണ്ടായിരുന്നു—'എവിടേയ്ക്കാണീ യാത്ര? ഇതു് എപ്പോൾ അവസാനിക്കും?'

# നാൽപ്പത്തിമൂന്നു്.

ഡേഹരിയിലെ ബംഗ്ലാവിൽ എത്തിയ ഉടനെ അചല തൻെറ കയ്യിലുള്ള ആ കടലാസ്സുകെട്ടു് മഹിമിൻെറ കൈവശം കൊടുത്തിട്ടു പറഞ്ഞു:–

'ഇതു് അദ്ദേഹം എന്നെ ഏല്പിച്ചതാണു്. നിങ്ങൾ ഇന്നുതന്നെ ഡേഹരിയിൽനിന്നു പോകാൻ ഉദ്ദേശിക്കുന്നോ?'

'അതെ.'

'അപ്പോൾ എനിക്കു് എന്നും ഇവിടെത്തന്നെ കഴിയേണ്ടിവരുമോ?'

'നീ വേറെ എവിടെയെങ്കിലും പോകാനുദ്ദേശിക്കുന്നുണ്ടോ?'

'ഇന്നലെമുതൽ ഞാൻ അതേപ്പററി ആലോചിക്കുകയാണു്. വിദേശങ്ങളിൽ എന്നെപ്പോലെയുള്ള നിർഭാഗ്യവതികൾക്കു് അഭയസ്ഥാനങ്ങൾ ഉണ്ടെന്നു ഞാൻ കേട്ടിട്ടുണ്ടു്. ഈ പ്രദേശങ്ങളിലെങ്ങാനും അതുപോലെ ഒന്നു്......'

മുഴുവനും പറയുന്നതിനുമുമ്പു് അചലയുടെ തൊണ്ടയിടറി. ശബ്ദം പുറത്തുവന്നില്ല. കണ്ണുകൾ നിറഞ്ഞു.

പക്ഷെ മഹിം നിർവ്വികാരനായി യാതൊന്നും കാണാത്ത മട്ടിൽ പറഞ്ഞു:— 'ഞാൻ അന്വേഷിക്കാം.'

അചല നിറമിഴികളോടെ മഹിമിനെത്തന്നെ നോക്കിക്കൊണ്ടു് യാചനാസ്വരത്തിൽ ചോദിച്ചു:— 'ഞാൻ എപ്പോഴെങ്കിലും എഴുതിയച്ചാൽ അതിനു മറുപടി അയക്കുമോ?'

'അത്യാവശ്യമുണ്ടെങ്കിൽ എഴുതാം. പക്ഷെ എഴുതാൻ വൈകിയേപ്പായെന്നുവരും. ഇനി ഞാൻ പോകട്ടെ.'

മഹിം നടന്നകന്നു. അചല അല്പനേരത്തേയ്ക്കു് നിശ്ചേഷ്ടയായി നിന്നുപോയി. പിന്നെ തൻെറ സമ്പൂർണ്ണ ദുഃഖത്തെ പതിദേവൻെറ കാല്കളിൽ അർപ്പിച്ചിട്ടു് അദ്ദേഹത്തെ മനസ്സിൻ സങ്കല്പിച്ചുകൊണ്ടു് ആ കാല്കളിൽ വീണു നമസ്കരിച്ചു തൃപ്തിയടഞ്ഞു. ഹൃദയാകാശത്തിൽ നടന്നുകൊണ്ടിരുന്ന കൊടുങ്കാററും ഇടിമുഴക്കങ്ങളും സാവകാശം അവളുടെ കണ്ണുകളിൽകൂടി വർഷാശ്രുപം പ്രാപിച്ചു് ഒഴുകിക്കൊണ്ടിരുന്നു. എല്ലാ പാപങ്ങളും ദുഃഖങ്ങളും ആ പേമാരിയിൽകൂടി ബഹിർഗമിച്ചു.

മനസ്സിനെ ഒരുവിധം നിയന്ത്രിച്ചു അചല എഴുന്നേററു. തൻെറ ദേവൻ എങ്ങോ മറഞ്ഞുകഴിഞ്ഞു. ഇനിയും ആ കണ്ണുകൾ പിൻതിരിയുന്നില്ല. എത്രനേരം അവൾ അവിടെ നോക്കിനിന്നു എന്നു് ആർക്കറിയാം!

വീട്ടിൽ എത്തിയ ഉടനെ മഹിം തൻെറ സാധനങ്ങളെല്ലാം കെട്ടിവച്ചു. രാമബാബുവിനെ കാണുവാനോ

യാത്ര പറയുവാനോ മഹിം ഒരുമ്പെട്ടില്ല. അങ്ങനെ ചെയ്യണമെന്നു് അയാൾക്കു തോന്നിയില്ല. എന്തെങ്കിലും കുറിച്ചുവയ്ക്കാമെന്നു കരുതി ഒരു കടലാസുകഷണം കയ്യിൽ എടുത്തു. പക്ഷേ അതിനും മനസ്സു് അനുവദിക്കുന്നില്ല. എന്തെന്നാൽ അവസാനഘട്ടത്തിൽ രാമബാബു പറഞ്ഞ ചില വാക്കുകൾ അയാളുടെ ഹൃദയത്തെ മുറിപ്പെടുത്തിയിരുന്നു. എത്ര നിഷ്ഠുരവും നിർദ്ദയവുമായ വാക്ശരങ്ങളാണു് അയാൾ തൊടുത്തുവിട്ടതു്. പാവം! പ്രായശ്ചിത്തം ചെയ്യാതെ ഒന്നും കഴിക്കുകയില്ലത്രേ. ദ്രോഹി! ജാതിയുടേയും മതത്തിന്റേയും പേരും പറഞ്ഞു് ഒരു സാധുസ്ത്രീയെ അധഃപ്പതനത്തിന്റെ പടുകുഴിയിലുന്തിയ നികൃഷ്ടൻ! മഹിം ചിന്തിച്ചുതുടങ്ങി. 'ആദ്യം അചല തന്റെ മകളാണെന്നും അവളെ പുത്രിനിർവ്വിശേഷയായി സ്നേഹിക്കുന്നു എന്നും മറ്റും പറഞ്ഞ അതേ മനുഷ്യൻ 'ഇവൾ കാരണം എന്റെ സർവ്വസ്വവും നശിച്ചു' എന്നു് മുദ്രയടിച്ചു് മരണത്തിന്റെ വായിൽ ഒറ്റയ്ക്കാക്കി സധൈര്യം മുന്നോട്ടു നീങ്ങിയിരിക്കുന്നു. ഇതാണോ ആചാരനിഷ്ഠ! വെറും ജാതിയുടെ പേരിൽ നിസ്സഹായയെ നിർജ്ജീവയാക്കുന്നവനാണോ ബ്രാഹ്മണൻ! പിതാവിനെപ്പോലെ കരുതി സ്നേഹിച്ചും ബഹുമാനിച്ചും പൂജിച്ചുംവന്നുകൊണ്ടിരുന്ന സാധുവിനെ നിരാലംബയാക്കുന്നതാണോ ബ്രാഹ്മണധർമ്മം! ഇതിനെയാണോ ദയ, അനുകമ്പ, ഭക്തി എന്നും മറ്റും പറഞ്ഞു് അയാൾ വിശേഷിപ്പിക്കുന്നതു്? ഇങ്ങനെയുള്ള അധർമ്മനോടു് യാത്ര പറയുക! അതിലുംവലിയ പാപം എന്തു

ണ്ടു്? മനുഷ്യനെ മനുഷ്യനിൽനിന്നും വേർതിരിക്കുന്ന ഈ ധർമ്മം മാനവജീവിതത്തിൽ ആവശ്യമാണോ? ഈ ധർമ്മത്തെ മാനിക്കുന്നതു് എത്രയും അധർമ്മം! ഇതു ധർമ്മല്ല, അധർമ്മം! അധർമ്മം!! യഥാർത്ഥ മനുഷ്യസ്നേഹമല്ലേ ധർമ്മം എന്നു വിശേഷിപ്പിക്കുന്നതു്?' ഇങ്ങനെ പലതും ചിന്തിച്ചു് വിഷണ്ണനായി മഹിം സ്റ്റേഷനിലെത്തി.

പോകേണ്ട വണ്ടി എത്തിക്കഴിഞ്ഞു. മഹിം വണ്ടിയിൽ കയറാൻ ഭാവിച്ചപ്പോൾ അതേ കമ്പാർട്ടുമെന്റിൽനിന്നു് മൃണാളയും കേദാരബാബുവും താഴെ ഇറങ്ങുന്നതു കണ്ടു. വൃദ്ധൻ അത്ഭുതസ്തബ്ധനായി ചോദിച്ചു:-

'മഹിം! നീ എങ്ങനെ ഇവിടെ എത്തി?'

മൃണാള ജ്യേഷ്ഠനെ നമസ്കരിച്ചു—'ജ്യേഷ്ഠാ! അങ്ങു് എവിടെപ്പോകുന്നു?'

'ഞാൻ കൽക്കട്ടായിൽ പോകുകയാണു്. ഇവിടെ അടുത്താണു് സുരേശ്ബാബുവിൻെറ കെട്ടിടം. ചോദിച്ചാൽ ആരും പറഞ്ഞുതരും. അചല അവിടെയുണ്ടു്. സുരേശ് മരിച്ചു മൃണാള! പിന്നെ അചല എന്നോടു് ഏതോ ആശ്രമത്തെപ്പററി ചോദിച്ചിരുന്നു. എനിക്കു പറയാൻ കഴിഞ്ഞില്ല. ഒരുപക്ഷേ നിനക്കു പറയാൻ കഴിഞ്ഞേക്കും.'

'പിന്നെ എനിക്കു പറയാൻ സാധിക്കുകയില്ലേ? പക്ഷേ, ഞാനും പഠിച്ചിട്ടുള്ളതു് ജ്യേഷ്ഠൻെറ അടുക്കൽ

തന്നെയാണു്. ആശ്രമമോ ആശ്രയമോ എന്തുമാവട്ടെ. അതിന്റെ സൂചന ഞാൻ ജ്യേഷ്ഠത്തിക്കു നൽകാം. എന്നാൽ അതു് ജ്യേഷ്ഠൻ നൽകിയതായിട്ടേ ഞാൻ നൽകുകയുള്ളു.'

വണ്ടി പോകാനുള്ള മണിയടി മുഴങ്ങി. മൃണാള കേദാരബാബുവിന്റെ കൈ പിടിച്ചുകൊണ്ടു പറഞ്ഞു:

'വരൂ അച്ഛാ! നമുക്കു പോകാം.'

PC Library & Research Center

# ഗൃഹദാഹം

## ശരച്ചന്ദ്ര ചാറററർജി

ലോകപ്രിയന്മാരായ നോവലെഴുത്തുകാരിൽ പ്രഥമസ്ഥാനം അർഹിക്കുന്ന മഹാനായ ശരച്ചന്ദ്രന്റെ നോവലുകൾ ഹിന്ദിയിലും മററു ഇതര ഭാഷകളിലും വിവൎത്തനം ചെയ്യപ്പെടുന്നുണ്ടു്. മാതൃഭാഷയിലെ നോവലുകളേക്കാളധികം ആളുകൾ ഇഷ്ടപ്പെടുന്നതു് ശരച്ചന്ദ്രന്റെ ഈ വിവൎത്തന നോവലുകളാണെന്നു് ആസ്വാദകർ വാദിക്കുന്നു. ഈ സത്യസ്ഥിതി മനസ്സിലാക്കി മലയാളത്തിലും ശരച്ചന്ദ്രന്റെ മൎമ്മപ്രധാനങ്ങളായ നോവലുകളിൽനിന്നു് 'ഗൃഹദാഹം' വിവൎത്തനം ചെയ്യപ്പെട്ടിരിക്കയാണു്. വിവൎത്തകയായ ശ്രീമതി വത്സലാരാമചന്ദ്രന്റെ രണ്ടാമത്തെ പുസ്തകമാണിതു്.

കഥ ഒരു നവയുവതിയുടേതാണു്—ഒരേസമയം രണ്ടു യുവാക്കന്മാരെ രണ്ടുതരത്തിൽ സ്നേഹിക്കുന്ന നിഷ്കളങ്കയും, നിസ്സഹായയുമായ അചലയുടെ കഥ—വായനക്കാരുടെ ഹൃദയത്തെ ദ്രവിപ്പിക്കാതിരിക്കില്ല. മൂലകഥയിലെ ആശയങ്ങളും ഉദ്ദേശങ്ങളും ചോൎന്നുപോകാത്തവിധം എത്രയും തന്മയത്വത്തോടുകൂടി തന്റെ പ്രതിഭ ലേഖിക തെളിച്ചുകാട്ടിയിട്ടുണ്ടു്.

ശ്രീകൃഷ്ണവിലാസം ബുക്കു് ഡിപ്പോ, ആലപ്പുഴ.

ഗൃഹദാഹം (നോവൽ)
ശരത്ചന്ദ്ര ചാറ്റർജി

894.8133
SAR